കണ്ണപുരം ഗ്രാമ പഞ്ചായത്ത്



ജനകീയ സൂത്രണം

വികസന റിപ്പോർട്ട്

അധികാരം ജനങ്ങളിലേക്ക്

കണ്ണൂർ ജില്ല
കർണാടക
വയനാട്
കോഴിക്കോട്

കണ്ണപുരം ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണം

വികസന റിപ്പോർട്ട് - 96

കണ്ണപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതി
പ്രസിദ്ധീകരിക്കുന്നത്

കണ്ണപുരം ഗ്രാമപഞ്ചായത്ത്
ഭരണസമിതി അംഗങ്ങൾ

പി. ശ്രീമതി	(പ്രസിഡന്റ്)
കെ.വി. നാരായണൻ	(വൈസ് പ്രസിഡന്റ്)
ടി.വി. ലക്ഷ്മണൻ	(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)
കന്നൂൽ ഭവാനി	(മെമ്പർ)
ആർ. ഗോപാലൻ മാസ്റ്റർ	"
സി. രമേശൻ	
എ. മാധവി	
പി. അമ്പുനായർ	"
എ.വി. കുഞ്ഞിരാമൻ മാസ്റ്റർ	"

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയവർ

1. ടി.വി. ചന്ദ്രൻ
2. സി. നാരായണൻ
3. കെ. ഗോവിന്ദൻ മാസ്റ്റർ
4. കെ.വി. സുമിത്രൻ മാസ്റ്റർ
5. സി.വി. സത്യാനന്ദൻ
6. ബി. ഒതേനൻ മാസ്റ്റർ
7. പി.വി. ജിതേഷ്
8. പി.പി. ബാലകൃഷ്ണൻ മാസ്റ്റർ
9. ഇ. രമേശൻ
10. വി. രാജൻ മാസ്റ്റർ
11. സി.കെ. സജീവൻ
12. കെ.വി. രമേശൻ
13. എം.വി. നിഷി
14. വി.സി. വിജയൻ മാസ്റ്റർ
15. സി.വി. സുരേഷ് ബാബു മാസ്റ്റർ
16. കെ.വി. പ്രദീപ് കുമാർ
17. പി. നാരായണൻ
18. വി. സുരേന്ദ്രൻ
19. എ.കെ. കുഞ്ഞിക്കണ്ണൻ
20. പി.വി. രമേശൻ
21. എ.വി. ജയചന്ദ്രൻ മാസ്റ്റർ
22. കെ.വി. രാമകൃഷ്ണൻ
23. സി.വി. ദാമോദരൻ
24. എം. ലക്ഷ്മണൻ മാസ്റ്റർ
25. പി.വി. മോഹൻദാസ്
26. ഡോ. പി.വി. മോഹനൻ
27. പി.ആർ.കെ. നായർ
28. വി.സി. പത്മനാഭൻ
29. വി. കൃഷ്ണൻ
30. പി. കൃഷ്ണൻ മാസ്റ്റർ
31. അഡ്വ: കെ.വി. രാധാകൃഷ്ണൻ
32. കെ. മോഹനൻ
33. കെ. നാരായണൻ
34. കെ.വി. ശ്രീധരൻ

Computerised Digital Typesetting : **SREE Computers**
#2. S.N. Bldgs.. Murinjapalam, Trivandrum - 11.
Teletax : 440482. Pager : (0471) 9622790656

വിഷയവിവരം

1. ആമുഖം
2. പൊതുവിതരണം
3. ഭരണപരമായ ചരിത്രം
4. രാഷ്ട്രീയ-സാമൂഹ്യ സാംസ്ക്കാരികചരിത്രം
5. ഭൂപ്രകൃതിയും വിഭവങ്ങളും
6. കൃഷി - ജലസേചനം
7. മൃഗസംരക്ഷണം, മത്സ്യബന്ധനം
8. വിദ്യാഭ്യാസം
9. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
10. വ്യവസായം
11. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
12. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം
13. കല-സംസ്ക്കാരം
14. വനിത
15. സഹകരണം
16. പട്ടികജാതി-പട്ടികവർഗ്ഗം
17. വിഭവസമാഹരണം

കണ്ണപുരം ഗ്രാമ പഞ്ചായത്ത് മേപ്പ്



വാർഡ് മേപ്പ്

ആമുഖം

പുരാതനകാലം മുതൽക്കെ ഭാരതത്തിന്റെ നാനാഭാഗങ്ങളിലും ഗ്രാമപഞ്ചായത്തുകൾ നിലനിന്നിരുന്നു. അഞ്ച് (പഞ്ച) അംഗങ്ങൾ ചേർന്ന ഭരണ സമിതിക്കാണ് പഞ്ചായത്ത് എന്ന പറഞ്ഞുവന്നത്. ചില സംസ്ഥാനങ്ങളിൽ ക്രിമിനൽ നിയമം വരെ നടപ്പാക്കിയിരുന്നത് പഞ്ചായത്തായിരുന്നു.

ബ്രിട്ടിഷ് ഭരണസംവിധാനം നമ്മുടെ മണ്ണിൽ ചൂഷണത്തിന്റെ സർവപദ്ധതികളും ആസൂത്രണം ചെയ്ത് ഭരിക്കുമ്പോൾ തന്നെയാണ് അധികാര വികേന്ദ്രീകരണത്തിനായുള്ള മേയോപ്രഭുവിന്റെ പദ്ധതി 1870-ൽ അംഗീകരിക്കപ്പെടുന്നത്. ഇതോടുകൂടി ലോക്കൽ ബോർഡുകളോടുകൂടിയ ലോക്കൽ ഫണ്ട് സർക്കിളുകൾ നിലവിൽ വന്നു. എന്നാൽ ഗ്രാമങ്ങളിൽ വലിയചലനമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. 1882-ൽ റിപ്പൺ പ്രഭുവിന്റെ കാലത്ത് ഗ്രാമങ്ങളിൽ സ്വയം ഭരണമേർപ്പെടുത്താനുള്ള ചെറിയനീക്കം നടന്നു. 1884-ലെ പഞ്ചായത്ത് നിയമങ്ങളിലൂടെ ഗ്രാമങ്ങളിൽ പഞ്ചായത്ത് യൂണിയനുകളും, ലോക്കൽ ബോർഡുകളും രൂപീകരിച്ചു. പക്ഷേ അവയുടെ മേൽ ഉദ്യോഗസ്ഥഭാരം വച്ചുകൊണ്ടായിരുന്നു നിയമം.

അധികാരം കീഴോട്ടിറങ്ങാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുമ്പോൾപോലും ഭരണാധികാരികൾ ചില വിപരീതകാര്യങ്ങളും ചെയ്യാൻ നിർബന്ധിക്കപ്പെടാറുണ്ട്. 1907-ൽ നിയമപ്പെട്ട 'അധികാരവികേന്ദ്രീകരണ കമ്മീഷൻ' അത്തരത്തിലുള്ള ഒന്നാണ്. ഗ്രാമങ്ങൾതോറും പഞ്ചായത്തുകൾ സ്ഥാപിക്കണമെന്നും, അവയ്ക്ക് ആവശ്യമായ അധികാരങ്ങളും, ചുമതലകളും നൽകണമെന്നും, തെരെഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ ഭൂരിപക്ഷം ഉണ്ടായിരിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്യപ്പെടുകയും, 1915 ആകുമ്പോഴേയ്ക്കും ഗവൺമെന്റ് മിക്കവാറും കാര്യങ്ങൾ അംഗീകരിക്കുകയും ചെയ്തു. 1919-ലെ മൊണ്ടേഗു ചെംസ്ഫോർഡ് ആക്ട് പഞ്ചായത്ത് സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണക്രമത്തെപ്പറ്റി നിയമമുണ്ടാക്കി. ഇതിന്റെ ഭാഗമായി പഞ്ചായത്തുകൾ നിലവിൽ വരാൻ തുടങ്ങി. 1935-ലെ ഗവർമ്മെണ്ട് ഓഫ് ഇന്ത്യാ ആക്ടിലും പഞ്ചായത്തിന്റെ ഭരണപരമായ കാര്യത്തിൽ ജനങ്ങളുടെ പങ്കിനെ സ്പർശിക്കുന്നുണ്ട്. എങ്കിലും കൊളോണിയൽ മേധാവിത്വത്തിൻ കീഴിൽ എല്ലാം തലതിരിഞ്ഞുതന്നെ കിടന്നു.

സ്വതന്ത്രഭാരതം ഉടലെടുത്തുപ്പോഴും ഗ്രാമജനങ്ങൾക്ക് തക്കപ്രാധാന്യം നൽകണമെന്ന മുദ്രാവാക്യം ശക്തമായിത്തന്നെ നിലനിൽക്കുന്നുണ്ടായിരുന്നു. ഗാന്ധിജിയുടെ ഗ്രാമസ്വരാജ്മുദ്രാവാക്യം ജനങ്ങളുടെ മുദ്രാവാക്യമായിരുന്നു. കടുത്ത ജനസമ്മർദ്ദത്തിന്റേയും മറ്റും ഫലമായിരിക്കാം ഒന്നാം പഞ്ചവത്സരപദ്ധതി ജനങ്ങളെ വികസന പരിപാടികളുമായി അടുത്ത ബന്ധപ്പെടുത്തേണ്ടതിന്റെ ആവശ്യകതയ്ക്ക് പ്രാധാന്യം കൽപിച്ചു. രണ്ടാംപഞ്ചവത്സരപദ്ധതിയാകട്ടെ, ഗ്രാമങ്ങളിലെ സ്വയം ഭരണത്തിന്റെ അഭിവൃദ്ധിയിലും ഊന്നിനിന്നു. ഇതിന്റെ ഫലമായി ഇന്ത്യയിലുടനീളം ഗ്രാമപഞ്ചായത്തുകൾ സ്ഥാപിക്കപ്പെട്ടിരുന്നു എങ്കിലും അവയ്ക്ക് ഏകീകൃതരൂപമോ, സ്വഭാവമോ, വേണ്ടത്ര അധികാരങ്ങളോ നൽകാൻ ഭരണാധികാരികൾ തയ്യാറായില്ല. വിഭവങ്ങളുടെ അപര്യാപ്തത പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് വലിയതടസ്സമായി നിലകൊണ്ടു. തെരെഞ്ഞെടുപ്പും യഥാസമയം നടത്തിയിരുന്നില്ല. ഇതിൽ സ്ത്രീകൾക്കും, പിന്നോക്കജാതികൾക്കും അർഹമായ സ്ഥാനം നൽകിയിരുന്നില്ല.

ബംഗാൾ, കേരളം തുടങ്ങിയ ഇടതുപക്ഷ-ജനാധിപത്യ-മതേതര ഗവർമ്മെണ്ടുകൾ സ്ഥാപിതമാകുന്നതോടെ അതാതുഗവർമെണ്ടുകളുടെ നിയമനടപടികൾ സാധാരണജനങ്ങളിൽ വലിയചലനമുണ്ടാക്കി. ജനപങ്കാളിത്തത്തോടെ പദ്ധതികളും, വികസനപ്രവർത്തനങ്ങളും നടത്താൻ തുടങ്ങി. ഇത് ജനങ്ങളിൽ പുതിയ ഉണർവ്വുണ്ടാക്കി. ദേശീയാടിസ്ഥാനത്തിൽതന്നെ അധികാരവികേന്ദ്രീകരണം എന്ന മുദ്രാവാക്യത്തിന് ശക്തികൂടി. പലസംസ്ഥാന ഗവർമെണ്ടുകളേയും ഈ വഴിക്ക് ചിന്തിക്കാൻ പ്രേരിപ്പിക്കപ്പെട്ടു. ഇതിന്റെയൊക്കെഫലമായാണ് 73, 74 ഭരണഘടനാഭേദഗതികളിലൂടെ ഒരു ഏകീകൃതപഞ്ചായത്ത് രാജ് സംവിധാനം ഇന്ത്യയിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഗവർമെന്റ് നിർബന്ധിതമായത്. ഇതോടുകൂടി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ത്രിതലപഞ്ചായത്ത് രാജ് സംവിധാനം വിപുലമായ അധികാരങ്ങളോടുകൂടി നിലവിൽ വന്നു.

എന്നാൽ ലഭ്യമായ അധികാരങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുള്ള ശ്രമം മിക്ക സംസ്ഥാനങ്ങളും ഇനിയും തുടങ്ങിയിട്ടില്ല. ഇവിടെയാണ് കേരളാഗവർമെണ്ടിന്റെ ജനകീയാസൂത്രണപദ്ധതികളുടെ പ്രസക്തി. അധികാരവും. ആസൂത്രണവും മുകളിൽ നിന്ന് അടിച്ചേൽപിച്ചിരുന്ന ഇതുവരെയുള്ള മാമൂൽ ഭരണക്രമം വിട്ട് ജനങ്ങൾ തന്നെ അവരുടെ കാര്യങ്ങൾ തീരുമാനിക്കപ്പെടുന്ന അവസ്ഥ സംജാതമാവുകയാണ്. മറ്റ് പലരംഗത്തും ലോകത്തിന് മാതൃകകൾ പണിതുനൽകിയ കേരളം അധികാരം ജനങ്ങൾക്ക് കൊടുത്തുകൊണ്ട് നിർമ്മലമായ ഒരാശയത്തിന് തിരികൊളുത്തിവെച്ചിരിക്കുന്നു.

ജനകീയാസൂത്രണപദ്ധതികളുടെ തുടക്കം ഗ്രാമസഭകൾ ചേർന്നുകൊണ്ടായിരുന്നു. നമ്മുടെ പഞ്ചായത്തിൽ ഗ്രാമസഭകൾ ചേരുന്നതിന് മുന്നെ തന്നെ 96 സെപ്തംബർ മാസം പത്താം തീയതി ഒന്നാംഘട്ടപരിശീലന ശിൽപശാലനടത്തുകയും. അമ്പതോളം കുടുംബയോഗങ്ങളും. തൊഴിൽശാലകളിലും. അംഗൻവാടികളിലും. മറ്റും കേന്ദ്രീകരിച്ചുകൊണ്ട് പ്രത്യേകയോഗങ്ങളും നടക്കുകയുണ്ടായി. 21.9.96 മുതൽ 2.10.96 വരെ കണ്ണപുരം ഗ്രാമപഞ്ചായത്തിലെ 9 വാർഡുകളിലും ഗ്രാമസഭകൾ നല്ല പങ്കാളിത്തത്തോടെ നടന്നു. ആകെ 2070 പേർ പങ്കെടുത്തു. ഇതിൽ 830 പേർ സ്ത്രീകളായിരുന്നു. അതായത് മൊത്തം പങ്കാളിത്തത്തിൽ 40%, 21% മുതൽ 49% വരെ സ്ത്രീപങ്കാളിത്തം വാർഡുകളിലുണ്ടായിരുന്നു. പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ നാനാവിധമാണ്. അവയെപ്പറ്റി വിശദമായ ചർച്ചനടത്തുകയും. വിലപ്പെട്ട നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞുവരികയും ചെയ്തു.

പൊതുവിവരണം

പേര്	കണ്ണാപുരം ഗ്രാമപഞ്ചായത്ത്
വില്ലേജ്	കണ്ണാപുരം
ബ്ലോക്ക് പഞ്ചായത്ത് മണ്ഡലം	കണ്ണപുരം
ജില്ലാപഞ്ചായത്ത് മണ്ഡലം	ചെറുകുന്ന്
അസംബ്ലി മണ്ഡലം	അഴീക്കോട്
ലോകസഭാ മണ്ഡലം	കണ്ണൂർ
താലൂക്ക്	കണ്ണൂർ
ജില്ല	കണ്ണൂർ
വിസ്തീർണ്ണം	14.39 ച: കി: മീ.
വാർഡുകൾ	9

അതിരുകൾ :

വടക്ക്	-	ചെറുകുന്ന് പഞ്ചായത്ത്
വടക്കു-കിഴക്ക്	-	പട്ടുവം പഞ്ചായത്ത് (കൂറ്റിക്കോൽ പുഴ)
കിഴക്ക്	-	ആന്തൂർ പഞ്ചായത്ത്
തെക്കുകിഴക്ക്	-	കല്പാശ്ശേരി പഞ്ചായത്ത്
പടിഞ്ഞാറ്	-	മാട്ടൂൽ പഞ്ചായത്ത് (തെക്കുമ്പാട് പുഴ)

ജനസംഖ്യ	-	1991-ലെ സെൻസസ് പ്രകാരം ആകെ 18158
സ്ത്രീകൾ	-	9744
പുരുഷന്മാർ	-	8414

വികസനസർവ്വേ പ്രകാരം

ആകെ ജനസംഖ്യ	-	19304
പുരുഷൻ	-	9245
സ്ത്രീകൾ	-	10059

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ

കൃഷിഭവൻ
വില്ലേജാഫീസ്
പി.എച്ച്.സി. ചെറുകുന്ന്, കണ്ണപുരം പി.എച്ച്.സി. (പുഞ്ചവയൽ)
ഗവ: കമ്മേഴ്സൽ ഇൻസ്റ്റിറ്റ്യൂട്ട്
ഗവ: ബോയ്സ് ഹൈസ്ക്കൂൾ
ഗവ: ഗേൾസ് ഹൈസ്ക്കൂൾ
പോസ്റ്റാഫീസ്, ചെറുകുന്ന്, മൊട്ടമ്മൽ
ടെലികോം സബ് ഡിവിഷണൽ ഓഫീസ്
ചെറുകുന്ന് സൗത്ത് ഗവ: എൽ.പി. സ്ക്കൂൾ
വി.ഇ.ഒ. ഓഫീസ്
കണ്ണപുരം പഞ്ചായത്ത് ഓഫീസ്
കുടുംബക്ഷേമകേന്ദ്രങ്ങൾ (കീഴറ, മൊട്ടമ്മൽ, ഇടക്കേപ്പുറം)
കണ്ണപുരം റെയിൽവെ സ്റ്റേഷൻ
ഗവ: വെറ്റിനറി ഹോസ്പിറ്റൽ, കണ്ണപുരം

ഭരണപരമായ ചരിത്രം

പഴയ മദിരാശി സംസ്ഥാനത്തിന്റെ മലബാർ ജില്ലയിലെ ചിറക്കൽ താലൂക്കിൽ പെടുന്ന ഭൂവിഭാഗമായിരുന്നു കണ്ണപുരം. 1950-ലെ മദ്രാസ് വില്ലേജ്-പഞ്ചായത്ത് ആക്ട് പ്രകാരം 1954-ൽ കണ്ണപുരം പഞ്ചായത്ത് രൂപീകൃതമായി. 1960-ലെ പഞ്ചായത്ത് ആക്ട് പ്രകാരമാണ് ഇന്നത്തെ പഞ്ചായത്ത് നിലവിൽ വരുന്നത്. 1953-ൽ ഡിസ്ട്രിക്ട് ബോർഡ് നിലവിലുണ്ടായിരുന്നു.

പഞ്ചായത്ത് ബോർഡ് നിലവിൽ വരുന്നതിനുമുന്നെ അംശാധികാരിയുടെ നേതൃത്വത്തിലാണ് ഭരണനടത്തിപ്പ്. ഗ്രാമമുൻസിഫ്, നികുതിപിരിവ്, പ്രാദേശിക പ്രശ്നങ്ങളിൽ തീർപ്പുകൽപ്പിക്കൽ തുടങ്ങിയ അധികാരങ്ങളൊക്കെ അധികാരിയിൽ നിക്ഷിപ്തമായിരുന്നു. 1954-ൽ പഞ്ചായത്തിനകത്ത് തെരെഞ്ഞെടുപ്പില്ലാതെയാണ് ഇ.പി. കൃഷ്ണൻനമ്പ്യാർ പ്രസിഡന്റും, കടാങ്കോടൻ ഗോപാലൻ നമ്പ്യാർ വൈസ്പ്രസിഡന്റുമായി 13 അംഗ ബോർഡ് നിലവിൽ വരുന്നത്. എസ്. ചന്തു, പി. കോരൻ, എ.സി. കുഞ്ഞമ്പു, കുന്നുൽ കുഞ്ഞിക്കണ്ണൻ, കണ്ണാരത്ത് വളപ്പിൽ കുഞ്ഞിരാമൻ, എ. കണ്ണൻ, ഇ.വി. കുഞ്ഞിരാമൻ നമ്പ്യാർ, സി. ശങ്കരൻ നമ്പ്യാർ, വേലിക്കാത്ത് കുഞ്ഞമ്പു, കുമാർജി, വളാങ്കുളത്ത് കണ്ണൻ എന്നിവരായിരുന്നു അംഗങ്ങൾ. 1964-ലെ പഞ്ചായത്ത് തെരെഞ്ഞെടുപ്പുവരെ ഈ ബോർഡ് നിലനിന്നു.

പ്രാദേശിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് മുന്ന് അംഗങ്ങളടങ്ങിയ ജൂറി കമ്മിറ്റി അന്നു നിലവിലുണ്ടായിരുന്നു. പഞ്ചായത്താഫീസിൽ ഒരു ഗ്രാമക്കോടതി പ്രവർത്തിച്ചിരുന്നു. പ്രസിഡന്റാണ് പ്രശ്നങ്ങൾക്ക് തീർപ്പുകൽപ്പിക്കൽ. 1954-ലെ ബോർഡാണ് ആദ്യമായി വീട്ടുനികുതി ഏർപ്പെടുത്തിയത്. തൊഴിൽ നികുതി, പ്രൊഫഷണൽ നികുതി, വിൽപന നികുതി, ടൂറിംഗ് ടാക്കീസിന്റെമേൽ ചുമത്തിയിരുന്ന വിനോദനികുതി, സൈക്കിൾ നികുതി തുടങ്ങിയവയായിരുന്നു അന്നത്തെ പ്രധാന വരുമാനമാർഗ്ഗങ്ങൾ. തോടിനുകുറുകെ മരപ്പാലം പണിയൽ, പൊതുകിണർ കുഴിക്കൽ, വായനശാലകൾക്ക് പത്ര-മാസികകൾ നൽകൽ, തെരുവുവിളക്കുകൾ സ്ഥാപിക്കൽ തുടങ്ങിയ വികസനപ്രവർത്തനങ്ങളും അന്ന് നടത്തിയിരുന്നു.

1964-ലെ തെരെഞ്ഞെടുപ്പിനെതുടർന്ന് പി.വി. കുഞ്ഞമ്പു പ്രസിഡന്റും, പള്ളേൻ കുഞ്ഞപ്പനായർ വൈസ്പ്രസിഡന്റുമായിക്കൊണ്ടുള്ള ബോർഡ് നിലവിൽവന്നു. ഇത് 1979 വരെ തെരെഞ്ഞെടുപ്പില്ലാതെ നീണ്ടു. 1979-ൽ പി.വി. ചാത്തുക്കുട്ടിനായർ പ്രസിഡന്റും, ടി.ബാലൻ വൈസ്പ്രസിഡന്റുമായിക്കൊണ്ടുള്ള ബോർഡ് നിലവിൽവന്നു. ഈ ബോർഡ് 1984-ൽ കാലാവധി എത്തി. 84 മുതൽ 88 വരെ തെരെഞ്ഞെടുപ്പ് നടന്നില്ല. 88-ൽ തെരെഞ്ഞെടുപ്പ് നടന്നു. വേലിക്കാത്ത് നാരായണൻ പ്രസിഡന്റും, കെ.വി. നാരായണൻ വൈസ്പ്രസിഡന്റുമായിട്ടുള്ള ബോർഡ് വന്നു. പിന്നീട് തെരെഞ്ഞെടുപ്പ് നടന്നത് 1995-ലാണ്.

രാഷ്ട്രീയ-സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

തോരാത്തമഴയും, കൊടുങ്കാറ്റും. ജനങ്ങൾ പരിഭ്രാന്തരായി. കോലത്തിരി രാജാവിനുമുമ്പിൽ ചെന്ന് സങ്കടമുണർത്തിച്ചു. തമ്പുരാന്റെ ഉള്ളം പിടച്ചു. തമ്പുരാൻ കാശീപുരാധീശ്വരിയെ വിളിച്ച് ഉള്ളലിഞ്ഞ് കരഞ്ഞു. ഭക്തന്റെ വിളികേട്ട് ദേവിയുടെ കണ്ണുകളീറനണിഞ്ഞു. തനിക്ക് എത്രയും വേഗം കോലത്തു നാട്ടിലെത്തണമെന്ന് കൽപിച്ചു. യാത്രയ്ക്കുള്ള കപ്പൽ അതിശീഘ്രം തയ്യാറാക്കാൻ ദേവശിൽപിയായ വിശ്വകർമ്മാവിനെ വിളിച്ചറിയിച്ചു. യഥാസമയം കപ്പലൊരുങ്ങി. എവിടെയെറിഞ്ഞാലും വിളകൊയ്യാൻ പറ്റുന്ന ആണ്ടാർപെരിവിത്തും, ചെന്നെല്ല് വിത്തും കുറേക്കോരി കപ്പൽ നിറച്ചു. ആയിരം യോഗിക്കുഞ്ഞുങ്ങളേയും, ആയിരത്തൊന്ന് കൊങ്ങിണി മക്കളേയും വിളിച്ച് കപ്പലിലിരുത്തി. അകമ്പടിസേവിച്ചുകൊണ്ട് കുത്തുവിളക്കെടുത്ത മൂന്നില്ലത്തമ്മമാർ കപ്പലിൽ കയറി. ആയിരം കുറ്റിവെടിക്കാരും, ആയിരത്തൊന്നമരക്കാരും, തണ്ടുവലിക്കാൻ ബൗദ്ധന്മാരും. ചോനകന്മാരും. കപ്പിത്താനായി ഒരു മുസൽമാനും കപ്പലിൽ കയറി. കോലത്തിരിയുടെ അധീനതയിലുള്ള പടിഞ്ഞാറൻ കടലോരത്തെ ആയിരംതെങ്ങ് എന്ന സ്ഥലത്ത് കപ്പലടുത്തു. നായർ സമുദായത്തിൽപ്പെട്ട മുവാര്യന്മാർ ദേവിയെ സ്വാഗതം ചെയ്യാൻ പച്ചോലപ്പന്തൽ വിരിച്ച് അവിടെ നില്പുണ്ടായിരുന്നു. ദേവിയുടെ ആഗമനവാർത്ത സമുദായപ്രമാണിമാരായ മഠത്തിലരയാക്കൽ, പ്രയാങ്കോട്ടം, മാറ്റാങ്കീൽ, കവിണിശ്ശേരി, താവം, മുങ്ങം, പാപ്പിനിശ്ശേരി എന്നീ തറവാട്ടുകാരെ ആളയച്ചറിയിച്ചു. ... .

ചെറുകുന്ന് അന്നപൂർണ്ണേശ്വരിയുടെ ആഗമനവുമായി ബന്ധപ്പെട്ട കഥയുടെ ഒരംശം ഇതാണ്.

മൂഷികവംശമഹാകാവ്യം നൂറ്റിപ്പതിനഞ്ച് രാജാക്കന്മാരുടെ വംശാവലിചരിതമാണ്. ഇവരിൽ രാമഘടമൂഷികൻ, ശതസോമൻ, കേരളൻ, വളഭൻ ഉദയവർമ്മൻ എന്നിവർ പ്രമുഖന്മാർ. ഇതിൽ വളഭൻ കോലത്തിരിയാണ് മാടായി, വളപട്ടണം, കടലായി എന്നീ മൂന്നുനെടുംകോട്ടകളും, കടലായി-ചെറുകുന്ന് മഹാക്ഷേത്രങ്ങളും നിർമ്മിച്ചതെന്ന് പറയപ്പെടുന്നു. അന്നപൂർണ്ണേശ്വരീക്ഷേത്രത്തിന് മുന്നെ വിഷ്ണുക്ഷേത്രമുണ്ടായിരുന്നുവെന്നും അത് 'കണ്ണപുരത്തപ്പൻ' എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്നെന്നും ഒരൈതിഹ്യം നിലവിലുണ്ട്. കണ്ണപുരത്തപ്പന്റെ (ശ്രീകൃഷ്ണന്റെ) പുരമായതിനാൽ കണ്ണപുരം എന്ന പേരുണ്ടായതെന്നും; അതല്ല; തൃക്കോത്ത് ഗുഹയിൽ കണ്വമഹർഷി തപസ്സുചെയ്തിരുന്നതിനാൽ കണ്വന്റെ പുരം കണ്ണപുരമായി പരിണമിച്ചതാണെന്നും ചൊല്ലുണ്ട്. ഏതായാലും കണ്ണപുരത്തിന്റെ സ്ഥലനാമകരണം എങ്ങിനെയുണ്ടായി എന്നത് ചരിത്രാന്വേഷണകുതുകികൾക്ക് തൽക്കാലം വിടുകയേ നിവൃത്തിയുള്ളൂ.

സമ്പന്നമായ ഒര് സാംസ്ക്കാരിക പാരമ്പര്യവും, മതമൈത്രീബോധവും കണ്ണപുരത്തിന് പൈതൃകമായി ലഭിച്ചിട്ടുണ്ട്.

ആര്യന്മാരുടെയും, പിന്നീട് മൈസൂർ സുൽത്താന്മാരുടെയും വരവ് തനതുസംസ്ക്കാരത്തെ മാറ്റിമറിച്ചിട്ടുണ്ട്. മധ്യകാലത്തോടെ ഭൂസ്വത്തുക്കളിൽ സിംഹഭാഗവും ചിറയ്ക്കൽ ദേവസ്വത്തിന് കീഴിൽ വന്നുചേർന്നു. പിന്നീട് വന്ന ബ്രിട്ടീഷ് ഭരണവും, നിലവിലുണ്ടായിരുന്ന ജന്മിത്ത സമ്പ്രദായവും കൂട്ടുചേർന്ന് ജാതീയമായ ചേരിതിരിവുകളെ നിലനിർത്തുകയും, ഭൂസ്വത്തുക്കളിൽ ഒരംശംപോലും കൃഷിക്കാർക്ക് ലഭ്യമല്ലാതാക്കാൻ പഴുതുകൾ സൃഷ്ടിക്കുകയും ചെയ്തു. അങ്ങനെ ഇരട്ടചൂഷണം തദ്ദേശീയരിൽ അടിച്ചേൽപിക്കുകയും കർഷകരേയും, കർഷകതൊഴിലാളികളേയും നിരന്തരം പാപ്പരീകരിക്കുകയും ചെയ്തു. ജന്മിത്തത്തിന് അതു നിൽക്കുന്ന ദേവസ്വത്തിന്റേയും ഉയർന്ന ജാതിക്കാരുടെ കൈകളിലാണ് ഭൂമിയുടെ സിംഹഭാഗവും എന്ന് കൃഷിയും- ജലസേചനവും എന്ന അധ്യായത്തിൽ പട്ടിക 2'-ൽ കൊടുത്തിട്ടുണ്ട്.

ജാതീയമായ ഉച്ചനീചത്വങ്ങൾ അതിശക്തമായിരുന്നു. ഇതിൽ ഏറ്റവും കൂടുതൽപീഢനമനുഭവിച്ചത് താഴ്ന്നജാതിക്കാർ - പ്രത്യേകിച്ച് ഹരിജനങ്ങളായിരുന്നു. ഫാദർ കെയ്റോണിന്റെ വരവോടെ 1940-കളിൽ ഹരിജനങ്ങൾ കുറേപേരെങ്കിലും മതപരിവർത്തനത്തിന് വിധേയമായിട്ടുണ്ടെങ്കിൽ അതിൽ വലിയൊരുശത

മാനവും കടുത്ത ദാരിദ്ര്യത്തിൽ നിന്നും ജാത്യാചാരത്തിൽ നിന്ന് മോചനം ലഭിക്കുന്നതിന് വേണ്ടിയിട്ടായിരിക്കാം. 1930കളോടെ വളർന്നുവന്ന ദേശീയപ്രസ്ഥാനവും. കർഷക പ്രസ്ഥാനവുമാണ് ജനങ്ങളിൽ പുത്തനുണർവ്വിന്റെ അലകളിളക്കിവിട്ടത്. ജന്മിത്തത്തിനും. ജാത്യാചാരങ്ങൾക്കുമെതിരെ പടപൊരുതിയതിന്റെ ചരിത്രമാണ് അവർക്ക് പിന്നീട് പറയാനുള്ളത്.

നമ്മുടെ ഗതകാലം ജന്മിത്തത്തിനും സാമ്രാജ്യത്തിനുമെതിരായ പോരാട്ടത്തിന്റെ വീരഗാഥകൾ നിറഞ്ഞവയാണ്. കൊല്ലും കൊലയും നടത്തി, മദയാനയെപ്പോലെ മസ്തകമിളക്കി നാടുവാണിരുന്ന തമ്പുരാക്കന്മാർ നാട്ടിലെ സമ്പത്തുമുഴുവൻ കൊള്ളയടിച്ചു. വാശി, നൂരി, മുക്കാൽ, ശീലക്കാശ്, കൂറ്റിക്കോണം, കങ്കാണി, വെച്ചുകാണൽ, കള്ളപ്പറ, മേച്ചാർത്ത്, പൊളിച്ചെഴുത്ത്, ഒഴിപ്പിക്കൽ തുടങ്ങിയ അതിക്രമങ്ങൾ കൂടിയാന്മാരിൽ അടിച്ചേൽപിച്ചു. ഭ്രഷ്ട്, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, വണ്ണാത്തി മാറ്റുമുടക്കൽ, ക്ഷൗരം മുടക്കൽ, മുട്ടിനു താഴെ മുണ്ടിറക്കാനും, മുണ്ട് തലയിൽ കെട്ടാനും അനുവദിക്കാത്ത ക്രൂരമായ അനാചാരങ്ങൾ, വിടോണ്ട്, അടിയൻ ഏറാൻ, അമ്മതേത്ത്, നീരാട്ട്, കുപ്പാടം, കരിക്കാടി എഴുന്നെള്ളത്ത്, ചെമ്പുകാശ് തുടങ്ങിയ കൂടിയാൻ ഭാഷ നിർബന്ധം. കൂടിയാന്മാർ ആരെങ്കിലും കല്യാണം കഴിച്ചാൽ പുതിയപെണ്ണിനെ ആദ്യമായി തമ്പുരാന് മുഖം കാണിക്കൽ. മോയൻ എൾമാന്മാരെപ്പോലുള്ളവരുടെ ക്രൂര താണ്ഡവങ്ങൾ ആദ്യമാദ്യ ആരും ചോദ്യം ചെയ്യാൻ ധൈര്യം കിട്ടാതിടത്തുനിന്ന് 1930-കൾക്ക് മുമ്പെതന്നെ അറപ്പയിൽ ഗുരുക്കളെപ്പോലെയുള്ള ധീരന്മാർ ജന്മിത്വത്തിന്റെ മുഖത്ത് ആഞ്ഞടിക്കാൻ തുടങ്ങിയതുമുതൽ കണ്ണപുരത്തിന്റെ പോരാട്ടത്തിന്റെ ചരിത്രം ആരംഭിക്കുകയായി.

ഇന്ന് നമുക്ക് നടുനിവർത്തി നിൽക്കാൻ മണ്ണൊരുക്കിത്തന്നവർ നിരവധിയായിരുന്നു. കെ. അനന്തൻ മാസ്റ്റർ, എ.കെ. അമ്പുക്കുട്ടി മാസ്റ്റർ, T.P. ബാലൻ മാസ്റ്റർ, എസ്. ചന്തു, ടി.വി.കെ., എ. ബാലൻ, ടി. അമ്പുനായർ, പൊന്നൻ അച്ചു, പി.വി. കുഞ്ഞമ്പു, കണിശൻ രാമൻ, വളാങ്കുളത്ത് കണ്ണൻ, കിഴക്കിൽ കണ്ണൻ നായർ, പുഞ്ചവയൽ കണ്ണൻ, ടി.വി.രാമുണ്ണി, പഞ്ചിക്കൽ കുഞ്ഞമ്പു, എം. കരുണാകരൻമാസ്റ്റർ, എൻ.ഒ. ശ്രീധരൻ മാസ്റ്റർ, T.P. കുഞ്ഞിക്കണ്ണൻ മാസ്റ്റർ, തുണോളി ഉണ്ണി, സി. കോരേട്ടൻ, ടി.വി. കേളൻ, പാലങ്ങാടൻ കണ്ണൻ നായർ, കെ.വി. കുഞ്ഞിരാമൻ പട്ടിക ഇനിയും നീട്ടാവുന്നതാണ്.

ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയുമായി ബന്ധപ്പെട്ടാണ് ഇവിടേയും സാമൂഹ്യമാറ്റ പ്രക്രിയയ്ക്ക് തുടക്കം കുറിയ്ക്കുന്നത്. 1930-കളുടെ ആദ്യം കർഷകസംഘത്തിന്റെ പ്രവർത്തനം നാമ്പിടുന്നു. 1933-ൽ മൊട്ടമ്മൽ ദേശപ്രിയവായനശാല രൂപീകരിക്കാൻ കെ. അനന്തൻ മാസ്റ്ററുടെ നേതൃത്വത്തിൽ ചെറുപ്പക്കാർ തയ്യാറാവുകയും കർഷകരുടേയും, അധ്യാപകരുടേയും ദുരിതത്തിനറുതിവരുത്താൻ സംഘം തീരുമാനിക്കുകയും ചെയ്യുന്നു. നിയമലംഘന പ്രസ്ഥാനം നിർത്തിവെച്ചതിൽ പ്രതിഷേധിച്ച് കോൺഗ്രസുകാർ ക്രമേണ ഇടതുപക്ഷ കോൺഗ്രസ്സായും, പിന്നീട് കമ്മ്യൂണിസ്റ്റുകാരായും പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്ന കാലം. 1935ഓടുകൂടി കൊളച്ചേരി കർഷകസംഘം രൂപീകൃതമാകുന്നതോടെ കണ്ണപുരത്തും സംഘം പ്രവർത്തനം വ്യാപകമായി. പട്ടിണിക്കും ദുരിതത്തിനുമെതിരെ 1936-ൽ എ.കെ.ജി.യുടെ നേതൃത്വത്തിൽ നടന്ന പട്ടിണിമാർച്ച് സംഘം പ്രവർത്തകർക്ക് ഉത്തേജനമേകി. 1939-ൽ ബക്കളത്തുനടന്ന KPCC യുടെ പത്താം രാഷ്ട്രീയ സമ്മേളനത്തിൽ കണ്ണപുരത്തുനിന്നും A.K. അമ്പുക്കുട്ടിമാസ്റ്റർ, T. അമ്പുനായർ തുടങ്ങിയവർ വളണ്ടിയർമാരായി പങ്കെടുത്തു. നാട്ടിലെങ്ങും ബ്രിട്ടീഷ് പട്ടാളം സാമൂഹ്യപ്രവർത്തകരെ ക്രൂരമായി വേട്ടയാടുവാൻ തുടങ്ങി. ചെറുത്തുനിൽപിന്റെ വീരഗാഥകളായി മോറാഴസംഭവും, ആറോൺ മിൽസമരവുമൊക്കെ കണ്ണപുരത്തെ ധീരയൗവനങ്ങൾക്ക് ഉശിരും ആവേശവുമായി. അമ്പുക്കുട്ടിമാസ്റ്റർ, എസ്. ചന്തു, ടി. അമ്പുനായർ, ടി.പി. ബാലകൃഷ്ണൻ മാസ്റ്റർ തുടങ്ങിയവർ മോറാഴ സമരത്തിൽ പങ്കെടുക്കുകയുണ്ടായി.

രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലമായി നാട്ടിലെമ്പാടും ഭക്ഷ്യക്ഷാമവും, കോളറയും പടർന്നുപിടിച്ചു. കോളറ വന്നാൽ മരിക്കുകയല്ലാതെ മറ്റ് വഴികളൊന്നുമില്ലാത്ത കാലം. ഒരൊറ്റ രോഗിയേയും പരിചരിക്കുവാൻ ബന്ധുക്കൾ പോലും അറച്ചുനിന്നപ്പോൾ, സ്വന്തം മരണത്തെപ്പോലും വകഞ്ഞുമാറ്റി കോളറരോഗികളെ പരിചരിക്കാനും, മരിച്ചവരെ മറവുചെയ്യാനും ടി. അമ്പുനായർ, അമ്പുക്കുട്ടി മാസ്റ്റർ, ബാലകൃഷ്ണൻ മാസ്റ്റർ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള സാമൂഹ്യപ്രവർത്തകർ കാണിച്ച ധീരത പോയകാലചരിത്രത്തിലെ

തിളങ്ങുന്ന അധ്യായങ്ങളാണ്. ഇടക്കേപ്പുറത്ത് വണ്ണാൻകൊവ്വലിനുസമീപം കോളറബാധിച്ചു മരിച്ച ഒര് ചെറുപ്പക്കാരന്റെ മൃതദേഹം സംസ്ക്കരിക്കുവാൻ അധികാരികൾ അറച്ചുനിന്നപ്പോൾ ടി. അമ്പുനായർ ആ വീട്ടിനുള്ളിൽ കയറി ജഡമെടുത്ത് വാതിൽ പലകയിൽ വച്ച് കൊണ്ടുവന്ന് ഒറ്റക്ക് മറവു ചെയ്ത സംഭവത്തെ ഏത് വാക്കുകൾ കൊണ്ട് വിവരിക്കാനാവും? ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ടിരിക്കുമ്പോൾ ഭക്ഷണക്കമ്മറ്റിയുണ്ടാക്കാനും, അരിവിതരണത്തിന് ചുമന്നകാർഡ് ഏർപ്പെടുത്തിയതിൽ അരിശംപൂണ്ട് സാമുവൽ ആറോൻ നേരിട്ട് വന്ന് അത് പച്ചക്കാർഡാക്കിയതും, സാമുവൽ ആറോന്റെ മുഖത്തുനോക്കി കണക്കുപറയാൻ ചങ്കൂറ്റം കാണിച്ചതുമൊക്കെ അന്നത്തെ കൃഷിക്കാരുടെ പോർവീര്യത്തെ കാണിക്കുന്നവയാണ്. ഇടക്കേപ്പുറം തെക്ക് വായനശാലാപരിസരത്ത് വെച്ച് നെല്ല് കടത്താൻ ശ്രമിച്ചവരിൽ നിന്ന് നെല്ല് പിടിച്ചെടുക്കാൻ കൃഷിക്കാർ മുതിർന്നപ്പോൾ വലിയ ചെറുത്തുനിൽപിനൊന്നും നിൽക്കാതെ അധികാരികൾ പിൻവാങ്ങിയത് കൊണ്ടു മാത്രം ഇവിടെ ഒരു 'കരിവെള്ളൂർ സംഭവം' നടക്കാതെ പോയി എന്നത് നമ്മുടെ ഭാഗ്യം!

ആറോൺ മിൽസമരത്തിൽ പി. കൃഷ്ണപിള്ളയുടെ നേതൃത്വവും, അതിൽ പങ്കെടുത്ത അമ്പുനായരെപ്പോലുള്ളവരുടെ ധീരതയുമൊക്കെ കൃഷിക്കാരോടൊപ്പം ട്രേഡ് യൂണിയൻ പ്രവർത്തനത്തേയും ത്വരിതപ്പെടുത്തി. പി. കൃഷ്ണപിള്ള, സുബ്രഹ്മണ്യഷേണായ്, എ.വി. കുഞ്ഞമ്പു, കേരളീയൻ, വിഷ്ണു ഭാരതീയൻ, കെ.വി. നാരായണൻ നമ്പ്യാർ തുടങ്ങിയ അന്നത്തെ പ്രബല കർഷകനേതാക്കളുടെ നിരന്തരമായ സാമീപ്യം സാമൂഹ്യപ്രവർത്തനത്തിന് ഉത്തേജനമേകി.

1947-48 കാലഘട്ടം പലർക്കുമെന്നപോലെ കണ്ണപുത്തെ സാമൂഹ്യ പ്രവർത്തകർക്കും പീഢനകാലമായിരുന്നു. ഹരിജനങ്ങൾക്കും മറ്റും വഴിനടക്കാൻ പോലും പറ്റാത്ത കാലം. അന്ന് ചുണ്ടയിൽ നമ്പൂതിരിയുടെ സ്ക്കൂളിൽ 12ഓളം ഹരിജൻ കുട്ടികളെ ചേർപിച്ച് പഠിപ്പിക്കാൻ സ്വാമി ആനന്ദതീർത്ഥന്റെ നേതൃത്വത്തിൽ K.G.K. യും, K.V. ബാലകൃഷ്ണൻനായരും ചേർന്ന് തയ്യാറായി. ഒദയമ്മാടു സ്കൂളിലും കുറച്ച് ഹരിജൻ കുട്ടികളെ ചേർപ്പിച്ചു. പ്രമാണിമാർ ഇളകിവശായി അന്നത്തെ സാമൂഹ്യപ്രവർത്തകരാണിതിനുപിന്നിലെന്ന് തമ്പുരാക്കന്മാർ ധരിച്ചു. കെ.എം. കുഞ്ഞികൃഷ്ണൻമാസ്റ്ററെ മൃഗീയമായി മർദ്ദിച്ചുകൊണ്ടായിരുന്നു 1948-ലെ നരനായാട്ടിനും, തീവെട്ടിക്കൊള്ളയ്ക്കും ഉദ്ഘാടനം കുറിച്ചത്. കണ്ണപുരം അക്ഷരാർത്ഥത്തിൽ പോലീസ് രാജിന് കീഴിലായി. ഇരിണാവ് വായനശാലയും മൊട്ടമ്മൽ വായനശാലയും അവർ ചുട്ടുകരിച്ചു. ഇടക്കേപ്പുറം തെക്ക് അമ്പുക്കുട്ടി മാസ്റ്റർ നടത്തിയിരുന്ന ആയുർവ്വേദ മരുന്നുശാല തച്ചുടച്ച് അവിടെത്തന്നെ കുഴിച്ചുമൂടി. കൈയ്യിൽ കിട്ടിയവരെയൊക്കെ മൃഗീയമായി മർദ്ദിച്ചും കണിശൻ രാമൻ തുടങ്ങിയവരുടെ തലയിൽ മോസ്ക്കോ റോഡ് വെട്ടിയും പീഢിപ്പിച്ചു. പീഢനങ്ങളുടെ അഗ്നിവർഷങ്ങളേറ്റ് കത്തിച്ചാമ്പലായ മണ്ണിൽ നിന്ന് ഒരു ഫിനിക്സ് പക്ഷിയെപ്പോലെ കണ്ണപുരവും ഉണർന്നെണീക്കുകയായിരുന്നു പിന്നീട് .....

നമ്മുടെ ഭൂതകാലത്തിന് ഇങ്ങനെയൊരു രക്തവർണമുണ്ടായിരുന്നു എന്ന് സൂചിപ്പിച്ചു എന്ന് മാത്രം. സാമൂഹ്യ രാഷ്ട്രീയ രംഗത്തെന്നപോലെ കലാ- സാംസ്ക്കാരിക രംഗത്തും വളർച്ചനേടാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 1933-ൽ മൊട്ടമ്മൽ ദേശപ്രിയ വായനശാല സ്ഥാപിക്കുവാനും, 37-ൽ ഇടക്കേപ്പുറം വടക്ക് ദേശീയ യുവജനസംഘം വായനശാല സ്ഥാപിക്കുവാനും ഒക്കെ നേതൃത്വം കൊടുത്തത് അന്നത്തെ കർഷക പ്രസ്ഥാനത്തിന്റെ നേതാക്കന്മാരാണ്. ഓ.കെ. മൂൻഷി, സി.കെ. പണിക്കർ തുടങ്ങിയ പ്രഗത്ഭമതികൾ ചെയ്ത സേവനം വിലമതിക്കാനാവാത്തതാണ്. പൂരക്കളി, കോൽക്കളി തുടങ്ങിയവയും, പൂരമഹോത്സവം, ചെറുകുന്ന് അന്നപൂർണേശ്വരീക്ഷേത്ര മഹോത്സവം തുടങ്ങിയവയും കണ്ണപുരത്തിന്റെ പ്രൗഢിയെ വിളംബരംചെയ്യുന്നവയാണ്. ആധുനിക ശാസ്ത്ര സാങ്കേതിക മേന്മയിലെ ചെറിയൊരാനുകൂല്യം പോലും ഇല്ലാതിരുന്ന പൂർവ്വകാലത്ത് ചാത്തുക്കുട്ടി ആശാന്റെ നേതൃത്വത്തിൽ അരങ്ങേറിയ പുരാണ നാടകങ്ങൾ നമ്മുടെ നാടക സംസ്ക്കാരത്തനിമയെ വിളിച്ചറിയിക്കുന്നവയാണ്.

ഭൂപ്രകൃതിയും വിഭവങ്ങളും



14.39 ച.കി.മീ. വിസ്തൃതിയുള്ള കണ്ണപുരം ഗ്രാമപഞ്ചായത്ത് കിഴക്കുനിന്നും പടിഞ്ഞാറോട്ടേക്ക് ചരിഞ്ഞ് കിടക്കുന്നതാണ്. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിരിലൂടെ ഒഴുകുന്ന തെക്കുമ്പാട് പുഴയുടെ തീരപ്രദേശങ്ങൾ വിശാലമായ നെൽവയലുകളാണ്. കുറച്ചുഭാഗം ചതുപ്പുനിലങ്ങളുമുണ്ട്. വടക്ക്-കിഴക്കേ അതിരിലൂടെ പോകുന്ന കുറ്റിക്കോൽ പുഴയുടെ തീരപ്രദേശങ്ങളും ചതുപ്പുനിലങ്ങളുള്ള കൈപ്പാട് പ്രദേശങ്ങളാണ്. പഞ്ചായത്തിന്റെ കിഴക്കുഭാഗത്താണ് പ്രധാന കുന്നിൻ പ്രദേശങ്ങൾ. വ്യക്തമായ ചെരിവ് പ്രദേശങ്ങൾ കീഴറ, ചുണ്ട. മൊട്ടമ്മൽ ഭാഗങ്ങളാണ്.

ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് കണ്ണപുരം പഞ്ചായത്തിനെ നാലായി തരം തിരിക്കാം – കുന്നിൻ മണ്ട, ചെരിവ് പ്രദേ, താഴ്വരകൾ, ചതുപ്പുനിലങ്ങൾ. ഇതിൽ താരതമ്യേന ചെറിയ ഭാഗം മാത്രമാണ് കുന്നിൻ മണ്ട.

പട്ടിക – 1

	വിഭാഗം	വിസ്തീർണ്ണം ഏക്ര.	ശതമാനം
1.	കുന്നിൻ മണ്ട	117.37	3.31
2.	ചെരിവ് പ്രദേശം	957.51	27.02
3.	താഴ്വര	1696.46	47.86
4.	ചതുപ്പുനിലം	773.00	21.81
	ആകെ	3544.34	100.00

(അവലംബം – ദ്വിതീയ വിവര ശേഖരണം)

1. കുന്നിൻ മണ്ടകൾ :

ഏകദേശം 3.31 ശതമാനം വരുന്ന കുന്നിൻ മണ്ടകൾ ഒന്ന്, രണ്ട്, മുന്ന് വാർഡുകളിലായി കിടക്കുന്നു. കുറച്ചുഭാഗത്ത് കശുമാവ് കൃഷിചെയ്യുന്നതൊഴിച്ചാൽ മറ്റ് കാര്യമായ യാതൊന്നും കൃഷിചെയ്തുവരുന്നില്ല. ഇവിടത്തെ പ്രധാന മൺ തരം ലാറ്ററേറ്റ് മണ്ണ് ആണ്. മുകൾഭാഗങ്ങളിൽ ലാറ്ററേറ്റ് പാറകൾ കണ്ടുവരുന്നു. കിഴക്ക് കാരക്കുന്നിൽ നിന്നും തുടങ്ങുന്ന ഈ പ്രദേശം കീഴറക്കുന്ന്. തണ്ണുപ്പാറ തുടങ്ങിയ പേരിൽ ചുണ്ട യിൽ അവസാനിക്കുന്നു.

പട്ടിക -2

പ്രധാനപ്പെട്ട കുന്നുകളും അവയുടെ ഉയരവും.

കുന്നിന്റെ പേര്	ഉയരം (മീറ്റർ)
കാരക്കുന്ന്	60
കീഴറക്കുന്ന്	60
തണ്ണുപ്പാറ	72
അച്ചനാട്ട് കുന്ന്	60

അവലംബം : ദ്വിതീയ വിവരശേഖരം (മേപ്പ് - 2 കാണുക)

എല്ലാ കുന്നിൻ പ്രദേശവും അശാസ്ത്രീയമായ മണ്ണെടുപ്പും, പാറപൊട്ടിക്കലും കാരണം മണ്ണിടിച്ചിൽ ഭീഷണിയെ നേരിടുകയാണ്. ശാസ്ത്രീയമായ രീതിയിൽ കുന്നിൻ മണ്ടകളിൽ പാറപൊട്ടിച്ച് അവിടെ ജലസംഭരണികൾ നിർമ്മിക്കുകയാണെങ്കിൽ കുന്നിൻ ചെരിവുകളിലെ കിണറുകളിൽ ജലവിതരണം ഉയർത്താൻ സാധിക്കും എന്ന് കണ്ടെത്തിയിട്ടുണ്ട്.

2. ചെരിവ് പ്രദേശങ്ങൾ :

ചുണ്ട, മൊട്ടമ്മൽ, ചെമ്മരവയൽക്കര, കീഴറ ഭാഗങ്ങളാണ് പ്രധാന ചെരിവ് പ്രദേശങ്ങൾ. തെങ്ങ്, കമുങ്ങ്, മാവ്, പ്ലാവ്, എന്നിവ പ്രധാനമായും ഇവിടെ കൃഷിചെയ്തുവരുന്നു. താരതമ്യേന ഫലപുഷ്ടിയുള്ള ലാറ്ററേറ്റ് മണ്ണാണ് ഇവിടെ കണ്ടുവരുന്നത്. ഏപ്രിൽ, മെയ് മാസങ്ങളിൽ ഈ പ്രദേശങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്നു. കുന്നിൻ മണ്ടയിൽ അശാസ്ത്രീയമായ മണ്ണെടുപ്പ് കാരണം മഴവെള്ളം കുത്തിയൊലിച്ച് മേൽമണ്ണ് ഒഴുകി ഫലപുഷ്ടി കുറഞ്ഞുവരുന്നുണ്ട്.

3. താഴ്വരകൾ :

ചെമ്മരവയൽ, കീഴറവയൽ, ഇടക്കേപ്പുറം, അയ്യോത്ത് വയൽ എന്നീ ഭാഗങ്ങളാണ് പ്രധാന താഴ്വരകൾ. ഇതിൽ ചെമ്മരവയൽ, പുഞ്ചവയൽ, അയ്യോത്ത് വയൽ എന്നിവയാണ് പ്രധാന പാടശേഖരങ്ങൾ. ഇവിടങ്ങളിലെ പ്രധാനകൃഷി നെല്ല്, തെങ്ങ് മുതലായവയാണ്. ഫലപുഷ്ടികുറഞ്ഞ എക്കൽ മണ്ണും മണൽ മണ്ണും, കളിമണ്ണുമാണ് ഇവിടത്തെ പ്രധാന മൺതരങ്ങൾ. കുന്നിൻ മണ്ടകളിൽ നിന്നും ഇരുമ്പിന്റെ അംശം കലർന്ന മണ്ണ് ചെമ്മരവയൽ, പുഞ്ചവയൽ പ്രദേശങ്ങളിൽ ഒഴുകി പ്രസ്തുത പാടങ്ങളിലെ മണ്ണിന്റെ ക്ഷാരഗുണം കുട്ടാൻ കാരണമാകുന്നു. അയ്യോത്ത്, ഇടക്കേപ്പുറം ഭാഗങ്ങളിൽ ഉപ്പുവെള്ളമാണ് ലഭിക്കുന്നത്. ഈ ഭാഗങ്ങളിൽ താരതമ്യേന വരൾച്ച കുറച്ച് അനുഭവപ്പെടുന്നു.

4. ചതുപ്പുനിലം :

ഒമ്പതാം വാർഡിൽ തെക്കുമ്പാട് പുഴയുടെ തീരങ്ങളിലും ഒന്നാം വാർഡിൽ കുറ്റിക്കോൽ പുഴയുടെ തീരങ്ങളിലും ആയി വ്യാപിച്ചുകിടക്കുന്നതാണ് ചതുപ്പുനിലം. ഇതിൽ ഒന്നാം വാർഡിലുള്ള ചതുപ്പുപ്രദേശത്ത് 500 ഏക്കറിലധികം കൈപ്പാട് കൃഷി ചെയ്തുവരുന്നുണ്ട്. ഒമ്പതാം വാർഡിലുള്ള ചതുപ്പുനിലം ഉപയോഗശൂന്യമായിക്കിടക്കുകയാണ്. ഓരുജലമാണ് ഇവിടങ്ങളിൽ ലഭിക്കുന്നത്.

ജലസമ്പത്ത്

പുഴകൾ

പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള അയ്യോത്ത്, ആയിരം തെങ്ങ് പ്രദേശങ്ങളിലൂടെ ഒഴുകുന്ന അയ്യോത്ത് (തെക്കുമ്പാട്) പുഴയ്ക്ക് പഞ്ചായത്ത് അതിർത്തിയിൽ 9 കി.മീ. നീളമുണ്ട്. കീഴറയുടെ തീരപ്രദേശങ്ങളിലൂടെ ഒഴുകുന്ന കുറ്റിക്കോൽ പുഴയ്ക്ക് പഞ്ചായത്ത് അതിർത്തിയിൽ 2.5 കി.മീ. നീളമുണ്ട്. ഉപ്പുവെള്ളമായതിനാൽ ഈ രണ്ട് പുഴകളേയും ജലസേചനത്തിന് പ്രയോജനപ്പെടുത്തുവാൻ കഴിയുകയില്ല.

തോടുകൾ :

ഈ പഞ്ചായത്തിൽ ചെറുതും വലുതുമായി 17 തോടുകൾ ഒഴുകുന്നുണ്ട്. ഇവയ്ക്ക് ആകെ 24.05 കി.മീ. നീളമുണ്ട്. ഉപ്പുവെള്ളമായതിനാൽ 80% തോടുകളേയും ജലസേചനോപാധി എന്നനിലയിൽ ആശ്രയിക്കുവാൻ കഴിയുന്നില്ല.



പഞ്ചായത്തിലൂടെ ഒഴുകുന്ന തോടുകൾ. പട്ടിക -3

	പേര്	കടന്നുപോകുന്ന വാർഡുകൾ	നീളം കി.മീ.
1.	കണ്ണപുരം തോട്	IV, VII	3.10
2.	പുഞ്ചവയൽ തോട്	II, III	2.40
3.	പെരുമ്പരവയൽ തോട്	II	1.50
4.	കുറുവ തോട്	I	2.50
5.	പുത്തുകോൽ തോട്	I	2.50
6.	എലക്യാൻ തോട്	VI, VIII	1.50
7.	പൊന്നച്ചി തോട്	VII, VI	1.00
8.	തുണ്ടി തോട്	VI	1.00
9.	പുത്തരിത്തോട്	IX	0.75
10.	മീങ്കാൽ തോട്	IX	0.60
11.	പൂട്ടാക്കീൽ തോട്	VII	0.50
12.	ആവിത്തോട്	VIII, IX	1.70
13.	അയ്യോത്ത് തോട്	IX	2.30
14.	ആയിരം തെങ്ങ് തോട്	IX	0.40
15.	പുണക്കെത്തോട്	IX	0.30
16.	ചാപ്പത്തോട്	IX	1.00
17.	താനത്താവുരുത്തി തോട്	IX	1.00
	ആകെ നീളം		24.05

(അവലംബം : ദ്വിതീയ വിവര ശേഖരം)



1. കണ്ണപുരം തോട്	IX	11. കൂടാളിയിൻ തോട്	VII
2. പുഞ്ചവയൽ തോട്	II	12. കുമ്മാനി തോട്	VIII
3. ചെമ്മരവയൽ തോട്	III	13 [illegible]	IX
4 കുറുവ തോട്	I	14. [illegible]	X
5. പുന്നച്ചേരി തോട്	I	15. [illegible]	IX
6. വലിയകുണ്ട് തോട്	IV	16. [illegible]	IX
7. വെള്ളച്ചിറതോട്	V	17. [illegible]	IX
8. [illegible]	IV	18 [illegible]	IX
9. പുത്തനി തോട്	IX	19. തോട്ടുതോട്	IX
10. മീൻചുവടി തോട്	IX	20. കുഴിവയിൽ തോട്	I
		21 [illegible]	IX

കുളം :

പഞ്ചായത്തിൽ ചെറുതും വലുതുമായി 35 കുളങ്ങളുണ്ട്. ഇവയുടെ വിസ്തീർണ്ണം 1.9 ഏക്കർ ആണ്. ഇവയിൽ പത്ത് കുളങ്ങൾ ഒഴികെ മറ്റെല്ലാം ഏപ്രിൽ മാസത്തോടെ വറ്റുന്നവയാണ്.



- കുളങ്ങൾ -

5

V. കുളങ്ങൾ / ശുദ്ധജലപദ്ധതി

1	നമ്പ്യാർ സമുദായ കുളം. കീഴറ	I
2.	കീഴറ കുലോം കുളം	I
3	കോണത്ത്കുളം. കീഴറ	I
4.	കീഴറക്കാവ് കുളം	I
5.	കരക്കാട്ട് കുളം. ചെമ്മരവയൽ	II
6.	കുറുന്തോട്ടിക്കുളം	II
7.	പേറ് കുളം. പുഞ്ചവയൽ	III
8.	ഇല്ലത്തിൽ താഴെ കുളം -- പുതിയ കുളം (ബ്ലോക്ക്)	III
9.	പൂവൻ കുളം	III
10.	മാച്ചി കുളം	III
11.	പ്രയാങ്കോട് ക്ഷേത്ര കുളം	III
12.	തീണ്ടക്കര കുളം	IV
13.	തീണ്ടക്കര കുളം	IV
14.	കണവൻ കോട്ട കുളം	IV
15.	കരിയത്താൻ ക്ഷേത്രകുളം	IV
16.	തൃക്കോത്ത് കുളം	V
17.	കലിക്കോട്ട് കുളം	V
18.	കിഴക്കേക്കാവ് കുളം	V
19.	പൂമാലക്കാവ് കുളം	VI
20.	ആശാരിക്കോട്ടം കുളം	VI
21.	പുത്താലി കുളം	VI
22.	കാരങ്കാവ് കുളം	VII
23.	പഞ്ചിക്കീൽ കുളത്തിന്റടുത്ത് കുളം	VII
24.	മാടായിവീട്ടിൽ കുളം	VII
25.	ഇലക്യവളപ്പിൽ കുളം	VIII
26.	മൊട്ടക്കുളം	VIII
27.	മുച്ചിലോട്ട്കാവ് കുളം	VII
28.	സുബ്രഹ്മണ്യ സ്വാമിക്ഷേത്രക്കുളം	VIII
29.	കുറ്റിക്കര കുളം	VIII
30.	മുള്ളുൽ വീട്ടിൽ കുളം	VIII
31.	പുളിയാങ്കോട് കുളം	VIII
32.	നെടുങ്കള കുളം. ആയിരം തെങ്ങ്	IX
33.	പരദേശികുളം	IX
34.	മുങ്ങത്തമ്പല കുളം	IX
35.	പുത്താലികുളം. അമ്പലപ്പുറം	IX

കാലാവസ്ഥ

കാലാവസ്ഥയുടെ കാര്യത്തിൽ സംസ്ഥാനത്തിന്റേതിൽ നിന്നും ഏറെ ഭിന്നമല്ല ഈ പഞ്ചായത്തിന്റേത്. നമുക്ക് മഴ ലഭിക്കുന്നത് തെക്ക് പടിഞ്ഞാറൻ മൺസൂൺ വഴിയും വടക്ക് കിഴക്കൻ മൺസൂൺ വഴിയുമാണ്. ജൂൺ പകുതി മുതൽ ആഗസ്ത് പകുതി വരെയാണ് സാധാരണനിലയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. കാലാവസ്ഥയിൽ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ പ്രകടമായ മാറ്റം അനുഭവപ്പെടുന്നു. പട്ടിക 4. ചിത്രം കാണുക.

പട്ടിക 4 മഴയുടെ ലഭ്യത

	ജനു	ഫെ	മാർ	ഏപ്രി	മേയ്	ജൂൺ	ജൂലൈ	ആഗസ്	സെപ്	ഒക്	നവം	ഡിസം	വാർഷിക വർഷപാതം
പഞ്ചായത്ത് ശരാശരി	4	4	8	64	244	891	155	570	249	226	99	23	3467
സംസ്ഥാന ശരാശരി	14	17	39	112	256	691	760	439	247	288	163	42	3062

അവലംബം : ദ്വിതീയ വിവരശേഖരം.



ചിത്രം I

അന്തരീക്ഷ ആർദ്രത, അന്തരീക്ഷ ഊഷ്മാവ് എന്നീ കാലാവസ്ഥാ ഘടകങ്ങളിൽ കേരളത്തിന്റെ അവസ്ഥയിൽ നിന്ന് പ്രത്യേകിച്ച് വ്യത്യാസം ഒന്നുമില്ല എന്നാണ് മനസ്സിലാകുന്നത്

മൺതരങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഫലഭൂയിഷ്ഠമായ കറുത്ത ചെളിമണ്ണ്, പശിമരാശി മണ്ണ്, കളിമണ്ണ് കലർന്ന പശിമരാശി മണ്ണ്, മണൽ മണ്ണ് ഇവയാണ് കണ്ടുവരുന്നത്. മേപ്പ് ശ കാണുക



ജൈവ സമ്പത്ത്

കുന്നിൻ മണ്ടകളിൽ ഇന്ന് കശുവാവ് ഒഴികെ മറ്റ് സസ്യജാലങ്ങളൊന്നും തന്നെയില്ല. ഇവിടങ്ങളിൽ തുമ്പ, കാരമുള്ള്, ഓണപ്പൂവ്, ക്ടാരി പുല്ല്, കമ്മ്യൂണിസ്റ്റ് പച്ച്, കാട്ടുചെക്കി, കാട്ടുതുളസി തുടങ്ങിയ സസ്യജാലങ്ങളെ മുൻകാലങ്ങളിൽ കണ്ടുവന്നിരുന്നു. ഇന്ന് ഇവയിൽ മിക്കതും വംശനശഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമെ അപൂർവ്വ സസ്യജനൃമായ `ഡ്രോസിര' എന്ന ചെടി തണ്ണുപ്പാറ ഭാഗങ്ങളിൽ ഉണ്ടായിരുന്നു. ഇതും ഇന്ന് നാമാവിശേഷമായിരിക്കുകയാണ്. ചെരിവ് തലങ്ങളിൽ മാവ്, പ്ലാവ്, തേക്ക്, പുളി കൂറ്റി ച്ചെടികൾ, ആടലോടകം, തകര, കുപ്പച്ചീര തുടങ്ങിയ സസ്യ ഇനങ്ങൾ കണ്ടുവരുന്നുണ്ട്. ഇതിൽ ആടലോടകം, തകര, കടലാവണക്ക്, കുപ്പച്ചീര എന്നീ ഇനം സസ്യങ്ങൾ ഇന്ന് അപൂർവ്വമായേ കണ്ടുവരുന്നുള്ളൂ. താഴ്വരകളിൽ നെൽകൃഷിയാണ് പ്രധാനം. ചതുപ്പുനിലങ്ങളിൽ നെൽകൃഷിചെയ്യാത്ത ഭാഗങ്ങളിൽ പോട്ടപ്പുല്ല് ധാരാളമായി വളരുന്നുണ്ട്.

ഒന്നാം വാർഡിന്റെ വടക്ക് കിഴക്കേ അതിരിലുള്ള കാവുകൾ എന്ന സ്ഥലത്ത് അപൂർവ്വ ദേശാടനപക്ഷികളുടെ സങ്കേതം ഉണ്ട്.

മുൻകാലങ്ങളിൽ ധാരാളമായി വളർത്തിയിരുന്ന എരുമ, ആട്, പോത്ത്, കാള തുടങ്ങിയ കൂട്ടുമൃഗങ്ങളെ ഇന്ന് വളരെ പരിമിതമായതോതിലെ ആളുകൾ വളർത്തുന്നുള്ളൂ. ക്ഷീരവ്യവസായത്തിന്റെ ഭാഗമായി പരിമിതമായെങ്കിലും പശുവളർത്തൽ നടന്നുവരുന്നുണ്ട്.

പാടങ്ങളിൽ സമൃദ്ധമായി കണ്ടുവന്നിരുന്ന തവളകൾ അമിതമായ കീടനാശിനി പ്രയോഗം കാരണം ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ കുറുക്കൻമാരുടെ ശല്യം മുൻകാലങ്ങളെ അപേക്ഷിച്ച് കൂടിവരികയാണ്. വീട്ടുവളപ്പിലെ കോഴിവളർത്തൽ ഇന്ന് ഗണ്യമായ തോതിൽ കുറഞ്ഞുവരുന്നതിന് കാരണങ്ങളിൽ ഒന്നിതാണ്.

ജനസമ്പത്ത്

1981-ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 16900 ആണ്. ഇതിൽ 8046 പുരുഷൻമാരും 8854 സ്ത്രീകളുമാണ് ഉള്ളത്. 12205 ആളുകൾ സാക്ഷരരായിട്ടുണ്ട്.

1991-ലെ സെൻസസ് പ്രകാരം ജനസംഖ്യ 18158 ആണ്. 8414 പുരുഷന്മാരും 9744 സ്ത്രീകളും. മൊത്തം ജനസംഖ്യയിൽ 16714 ആളുകൾ സാക്ഷരരാണ്. ജനസംഖ്യയുടെ വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക - 5

കൊല്ലം	പു.	സ്ത്രീ	ആകെ	പട്ടികജാതി			പട്ടിക വർഗം			സാക്ഷരത		
				പു.	സ്ത്രീ	ആ.	പു.	സ്ത്രീ.	ആ.	പു.	സ്ത്രീ.	ആ.
1981	8046	8854	16900			ലഭ്യമല്ല						12205
1991	8414	9744	18158	594	575	1169	4	-	4	7091	7623	14714
1996	9245	10059	19304			ലഭ്യമല്ല						18724

(അവലംബം : 1981, 1991, സെൻസസ്, 1996 വികസന സർവ്വേ)

താരതമ്യ പഠനം

സെൻസസ് പ്രകാരമുള്ള ജനസാന്ദ്രത താരതമ്യം ചെയ്യുന്നതിന് പട്ടിക കൊടുത്തിരിക്കുന്നു.

പട്ടിക - 6 (ജനസാന്ദ്രത ച. കി.മീ.)

വർഷം	പഞ്ചായത്ത്	ജില്ല
1981	1175	651
1991	1262	759
1996	1341	ലഭ്യമല്ല

(അവലംബം - സെൻസസ് റിപ്പോർട്ട്)

ജനസാന്ദ്രതയിൽ ജില്ലാ ശരാശരിയേക്കാൾ വളരെ കൂടുതലാണ് പഞ്ചായത്ത് ശരാശരി. ജില്ലയിലെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് പൊതുവെ എല്ലാ ഭാഗങ്ങളും ജനവാസയോഗ്യമാണ്. നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസ-ആരോഗ്യമേഖലയിലെ ഉയർന്ന ജീവിത നിലവാരവും, മെച്ചപ്പെട്ട ഭൗതിക സാഹചര്യവുമാണ് ഈ വർദ്ധിച്ച ജനസാന്ദ്രതയ്ക്ക് കാരണം.

ലിംഗാനുപാതം :

1981, 1991, 1996 വർഷങ്ങളിലെ സെൻസസ് പ്രകാരമുള്ള ലിംഗാനുപാതത്തിന്റെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക - 7

വർഷം	പു.	സ്ത്രീ.	സ്ത്രീ. പു. അനുപാതം പഞ്ചായത്ത്
1981	8046	8854	1101
1991	8414	9744	1158
1996	9245	10059	1088

1981-ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 1000 പുരുഷന്മാർക്ക് 1101 സ്ത്രീകൾ എന്ന അനുപാതത്തിലാണ്. എന്നാൽ 1991-ൽ ഇത് 1000-ന് 1158 ആയി വർദ്ധിച്ചു. 1991-ലെ തന്നെ കണക്ക് പ്രകാരം 6 വയസ്സു വരെയുള്ള കുട്ടികളുടെ അനുപാതം 1000 ആൺകുട്ടികൾക്ക് 996 പെൺകുട്ടി എന്ന കണക്കിനാണ്. ഈ ഏറ്റക്കുറവിന് കാരണം ഒന്നുകിൽ സ്ത്രീകളുടെ ആയുർദൈർഘ്യം കൂടുന്നതോ അല്ലെങ്കിൽ പ്രായപൂർത്തി ആകുന്നതോടെ പുരുഷന്മാർ തൊഴിൽ തേടി അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്നതോ ആകാം. ഇതിൽ രണ്ടാമത്തേതിനാണ് കൂടുതൽ സാദ്ധ്യത.

1996-ലെ പഞ്ചായത്ത് വികസന സർവ്വെ പ്രകാരം, ലിംഗാനുപാതം 1000 പുരുഷന്മാർക്ക് 1088 സ്ത്രീകളാണ്. മുൻകാലങ്ങളിലേതിൽ നിന്നും സ്ത്രീകൾ കുറഞ്ഞുവരുന്നതായി കാണുന്നു.

കുടുംബ വലിപ്പം :

പട്ടിക - 8

വർഷം	പഞ്ചായത്ത്	ജില്ല
1981	6.1	ലഭ്യമല്ല
1991	5.71	6.12
1996	5.90	ലഭ്യമല്ല

(അവലംബം : സെൻസസ്)

1981-ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം വീടുകളുടെ എണ്ണം 2769 ആണ്. ഇത് 1991-ൽ 3177 ആയും 1996-ൽ 3271 ആയും വർദ്ധിച്ചു. ഇതിൽ നിന്നും 1991-ൽ വീടുകളുടെ എണ്ണം കൂടുകയും കുടുംബാംഗങ്ങളുടെ എണ്ണം കുറഞ്ഞുവരികയും ചെയ്യുന്നതായി കണ്ടെത്താം. എന്നാൽ 1996-ൽ വീടുകളുടെ എണ്ണം കൂടുകയും കുടുംബാംഗങ്ങൾ താരതമ്യേന വർദ്ധിച്ചതായും കാണാം.

തൊഴിൽ വിഭജനം :

1991-ലെ സെൻസസ് പ്രകാരമുള്ളതും 1996-ലെ പഞ്ചായത്ത് വികസന സർവ്വെ അടിസ്ഥാനമാക്കിയുമുള്ള പഞ്ചായത്തിലെ തൊഴിൽ വിഭജന പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക - 9

തൊഴിൽ	1991-ജനസംഖ്യ 18158		1996 പഞ്ചായത്ത് സർവ്വെ ജനസംഖ്യ - 19304	
	എണ്ണം	ശതമാനം	എണ്ണം	ശതമാനം
കർഷകർ	310	1.70	513	2.65
കർഷകത്തൊഴിലാളികൾ	1035	5.69	681	3.53
മൃഗസംരക്ഷണം (മത്സ്യബന്ധനം)	187	1.02	90	0.47
ഖനനം	79	0.43	-	-
ചെറുകിട കുടിൽ വ്യവസായം	96	0.52	124	0.64
ചെറുകിട വ്യവസായം	899	4.95	-	-
നിർമ്മാണ രംഗം	360	1.98	642	3.33
വ്യാപാരം	7.99	4.29	-	-
ഗതാഗതം				
വാർത്താവിനിമയം	295	1.62	-	-
മറ്റുള്ളവ	599	3.29	421	2.18
സർക്കാർ	-	-	479	2.48
അർദ്ധസർക്കാർ	-	-	312	1.62

(അവലംബം : ദ്വിതീയ വിവര ശേഖരം.)

1991-96 വർഷങ്ങളിലെ തൊഴിൽ വിഭജനം സംബന്ധിച്ച കാര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ പഞ്ചായത്തിലെ കർഷകരുടെ എണ്ണം കഴിഞ്ഞ 5 വർഷത്തിലേതിൽ നിന്നും വർദ്ധിച്ചിരിക്കുകയാണെന്ന് കാണാം. ഇത്തരത്തിലുള്ള വർദ്ധനവിന് കാരണം കൃഷിഭൂമിയുടെ തുണ്ടുവൽക്കരണമാണ്. എന്നാൽ കർഷകത്തൊഴിലാളികളുടെ കാര്യത്തിൽ ഇത് നേരേ മറിച്ചാണ്. 1991-ൽ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 5.69% കർഷകത്തൊഴിലാളികളായിരുന്നത് 1996-ൽ എത്തുമ്പോൾ 3.53%മായി കുറഞ്ഞതായി കാണാം. നിർമ്മാണ രംഗത്ത് തൊഴിൽ ചെയ്യുന്നവരുടെ എണ്ണം വർഷം കഴിയും തോറും കൂടിവരുന്നതായി കാണാം. കാർഷിക മേഖലയിൽ നിന്നും തൊഴിലാളികൾ കൂടുതൽ ആകർഷകമായ സേവന വേതന വ്യവസ്ഥകളുള്ള നിർമ്മാണ തൊഴിൽ രംഗത്തേയ്ക്ക് വഴിമാറുന്നു. കാർഷിക മേഖലയിലുള്ള തൊഴിലാളിക്ഷാമത്തിന്റെ കാരണങ്ങളിൽ ഒന്നിതാണെന്ന് മനസ്സിലാക്കാം.

കൃഷി - ജലസേചനം

ജലസേചനം

ഈ പഞ്ചായത്തിൽ ചെറുകിട വൻകിട ജലസേചനപദ്ധതികളൊന്നും നിലവിലില്ല. കൃഷിക്ക് പ്രധാന മായും ആശ്രയിക്കുന്നത് മഴയെയാണ്. മഴചതിച്ചാൽ ഇവിടെ ഉല്പാദനവും കുറയും.

പ്രധാന നെൽവയലായ പുഞ്ചവയൽ-ചെമ്മരവയൽ പ്രദേശങ്ങളിലെ കൃഷിയുടെ അഭിവൃദ്ധി ലക്ഷ്യ മാക്കിയാണ് ഈ വയലുകളുടെ ഹൃദയഭാഗത്തിലൂടെ 1958-ലെ ജനകീയ പ്രവർത്തനഫലമായി പുഞ്ചവ യൽ-ചെമ്മരവയൽ തോട് നിർമ്മിച്ചത്. വെള്ളിക്കീൽ പുഴയിൽ ചെന്നെത്തുന്ന പ്രസ്തുത തോടിന് 2.4 കി.മീ. നീളമുണ്ട്. ഈ തോടിന്റെ ഇന്നത്തെ സ്ഥിതി വളരെ ദയനീയമാണ്. ഇതിന്റെ ജലസംഭരണശേഷി തീരെ ഇല്ല. അതുകൊണ്ടുതന്നെ രണ്ടാം വിളയ്ക്കും മൂന്നാം വിളയ്ക്കും പ്രസ്തുത തോടിനെ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. പഞ്ചായത്തിലെ മറ്റ് പ്രധാനതോടുകളായ കണ്ണപുരം തോടിന് 3.1 കി. മീറ്ററും, അയ്യോത്ത് തോടിന് 2.3 കി.മീറ്ററും, കുറുവത്തോടിന് 2.5 കി. മീറ്ററും, എലക്യാൻ തോടിന് 1.5 കി. മീറ്ററും നീളം വരും. ചെറുതും വലുതുമായി പഞ്ചായത്തിൽ 17 തോടുകൾ ഉണ്ട്. ഇവയുടെ ആകെ നീളം 24.05 കി. മീറ്റർ വരും.
തോടുകളുടെ വിശദമായ പട്ടിക കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിൽ ധാരാളം തോടുകളുണ്ടെങ്കിലും അവയിൽ 80 ശതമാനവും കൃഷിക്ക് പ്രയോജനപ്പെടു ത്താൻ സാധിക്കുകയില്ല. കാരണം പലതും ഉപ്പുവെള്ളം കയറുന്നവയാണ്. പരിമിതമായ തോതിലെങ്കിലും പ്രയോജനപ്പെടുത്താൻ കഴിയുന്നത് പുഞ്ചവയൽ-ചെമ്മരവയൽ തോടാണ്. ഇതിന്റെ ചെമ്മരവയൽ പാന്തോട്ടം ഭാഗത്ത് ഉപ്പുവെള്ളം കയറുന്ന പ്രശ്നം ഉണ്ട്. തോടുകളിൽ ശുദ്ധജലം തുലാവർഷം കഴിയുന്നതുവരെ മാത്രമേ കിട്ടുകയുള്ളൂ. പിന്നീട് ഉപ്പുവെള്ളമായിരിക്കും. ഈ പ്രശ്നം പരിഹരിക്കുന്നതിന് തോടുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ കാര്യക്ഷമതയുള്ള ക്രോസ്ബാറുകൾ ഇല്ല.

നിലവിലുള്ള ക്രോസ്ബാറുകളുടെ പട്ടിക താഴെകൊടുത്തിരിക്കുന്നു.

പട്ടിക - 1

തോട്	വാർഡ്	സ്വഭാവം
മുക്കുറ്റിത്തോട്	VIII	നിർമ്മാണം പൂർത്തീകരിച്ച് വരുന്നു
പുത്തരിത്തോട്	IX	കൃത്യമായി പലകയിടാറുണ്ട്
മീഞ്ചാൽ തോട്	IX	"
അയ്യോത്ത് തോട്	IX	"
പൊന്നച്ചിൽ തോട്	VII	"
തെങ്ങിൻചാൽ തോട്	VII	താൽക്കാലിക ബണ്ട്
ചൂട്ടാക്കീൽ തോട്	VII	താൽക്കാലിക ബണ്ട്

(അവലംബം : ദ്വിതീയ വിവര ശേഖരം)

തോടുകളിൽ ഉപ്പുവെള്ളം കയറുന്നതിന് പ്രധാന കാരണം കല്യാശ്ശേരി പഞ്ചായത്തിലെ ഇരിണാവ് റഗുലേറ്ററിന്റേയും, ആന്തൂർ പഞ്ചായത്തിലെ വെള്ളിക്കീൽ വി.സി.ബി.യുടേയും കാര്യക്ഷമതയില്ലായ്മയാണ്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ നമ്മുടെ പഞ്ചായത്തിലെ ഉപ്പുവെള്ളത്തിന്റെ പ്രശ്നം വലിയ അളവോളം പരിഹരിക്കപ്പെടുന്നതാണ്.

കുളങ്ങൾ :

പൊതുകുളങ്ങളും സ്വകാര്യ കുളങ്ങളുമായി പഞ്ചായത്തിൽ മുപ്പത്തിനാലോളം കുളങ്ങളുണ്ടെങ്കിലും ജലസേചന സൗകര്യമുള്ളവ ഇവയിൽ വിരലിലെണ്ണാവുന്നവമാത്രമാണ്. ഇവയുടെ മൊത്തം വിസ്തൃതി 1.90 ഏക്കർ വരും. (കുളങ്ങൾ ഭൂപ്രകൃതി മേപ്പ് 5 കാണുക.) ഇവയിൽ പലതിനേയും വേണ്ടവിധത്തിൽ വികസിപ്പിച്ചെടുത്താൽ മൂന്നാംവിള നെൽകൃഷിക്കുപോലും സാധ്യതയുണ്ട്. മാത്രമല്ല തെങ്ങ്, കവുങ്ങ്, പച്ചക്കറി കൃഷികളുടെ വികസനത്തിനും തൃക്കോത്ത് കുളം, പേരക്കുളം, മാച്ചിക്കുളം, പുതിയ കുളം, കരക്കാട്ടെക്കുളം എന്നിവയെ പ്രയോജനപ്പെടുത്താവുന്നതാണ്. ഉപ്പുവെള്ളത്തിന്റെ കയറ്റമുള്ളതുകൊണ്ട് പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിലുള്ള കുളങ്ങൾക്ക് വികസന സാദ്ധ്യത ഇല്ല.

ഭൂഗർഭജലം :

മെച്ചപ്പെട്ടതോതിലുള്ള ഭൂഗർഭജലസമ്പത്ത് പഞ്ചായത്ത് പരിധിയിലുണ്ട്. പരിമിതമായ തോതിലെങ്കിലും ആളുകൾ കിണറുകളെ ജലസേചനത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. കൃഷിഭവന്റെ സഹായത്തോടെയും, സ്വന്തം നിലയിലും മോട്ടോർ വച്ച് കിണറുകളിൽ നിന്നും തെങ്ങ് കൃഷിക്ക് ജലസേചനം നടത്തുന്നുണ്ട്. കുന്നിൻ പ്രദേശങ്ങളിൽ കിണറുകളിൽ ഏപ്രിൽ-മെയ് മാസത്തോടെ ജലക്ഷാമം അനുഭവപ്പെടുന്നു. കുന്നിൻ മുകളിലുള്ള ലാറ്ററേറ്റ് പാറ നീക്കം ചെയ്ത് അവിടെ ജലസംഭരണ സൗകര്യം ഏർപ്പെടുത്തിയാൽ ചെരിവ് പ്രദേശങ്ങളിലേയും താഴ്വരകളിലേയും ഭൂഗർഭജല സമ്പത്ത് വർദ്ധിപ്പിക്കാൻ സാധിക്കും.

കുന്നിൻ പ്രദേശത്തെ കിണറുകളിൽ ജലലഭ്യത 18 മീറ്റർ ആഴത്തിലാണ്, ചെരിവ് പ്രദേശങ്ങളിൽ ഇത് 12 മുതൽ 15 മീറ്റർ ആഴത്തിലും താഴ്വരകളിൽ 10 മീറ്ററിൽ താഴെയുമാണ് ജലത്തിന്റെ ലഭ്യത. തീരപ്രദേശങ്ങളിൽ 5 മീറ്ററിൽ താഴെ ജലം ലഭ്യമാവുമെങ്കിലും അവ ഉപയോഗശൂന്യമാണ്.

പഞ്ചായത്ത് പരിധിയിൽ 6 കുഴൽ കിണറുകൾ ഉണ്ട്. വേനൽക്കാലങ്ങളിൽ ഈ കുഴൽ കിണറുകളിൽ പരിമിതമായ തോതിൽ ജലലഭ്യതയുണ്ട്.

കൃഷി

കൃഷി പ്രധാനമായ ഒരു ഗ്രാമമാണ് കണ്ണപുരം. 1936-ലെ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം മൊത്തം വരുന്ന 3544.34 ഏക്കറിൽ 695.69 ഏക്കർ സ്ഥലത്തുമാത്രമേ കൃഷിചെയ്തിരുന്നുള്ളൂ. ആകെ വിസ്തൃതിയുടെ 19.6% വരും ഇത്. വരണ്ടതും പുറമ്പോക്കുമായ ഭൂമി 30% വരും. ശരിയായ ആസൂത്രണം ഉണ്ടായിരുന്നുവെങ്കിൽ മൊത്തം വിസ്തൃതിയുടെ പകുതിഭാഗമെങ്കിലും കാർഷികാവശ്യത്തിന് ഉപയോഗപ്പെടുത്താമായിരുന്നു. 273 ഏക്കർ വരുന്ന ചതുപ്പുനിലം കൂടി പരിഗണിക്കപ്പെടുമ്പോൾ കാർഷിക വികസന സാദ്ധ്യത കൂടുകയേ ഉള്ളൂ. എന്നാൽ ഭൂവുടമസ്ഥതയിലുള്ള ജൻമിത്ത വ്യവസ്ഥിതി കാരണം ഈ നൂറ്റാണ്ടിന്റെ ആദ്യപകുതി മുതൽ കാർഷിക മേഖല വളരെ പിന്നോട്ട് പോയി.

കാർഷിക ഭൂമിയിൽ ഭൂരിഭാഗവും ചിറക്കൽ രാജാവിന്റെ കൈകളിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കയായിരുന്നു. ആദ്യകാലങ്ങളിൽ, കൃഷിഭൂമി പാട്ടവ്യവസ്ഥയിൽ കുടിയാന്മാർക്ക് കൊടുക്കുകയാണ് ചെയ്തത്. നെല്ലിന്റെ വിളമേനി നോക്കിയാണ് പാട്ടം നിശ്ചയിച്ചിരുന്നത്. എന്നാൽ കുടിയാന് തന്റെ അധ്വാനത്തിന്റെ

ഗുണഫലം പൂർണ്ണമായും അനുഭവിക്കാൻ വേണ്ടി കഴിഞ്ഞിരുന്നില്ല. ഉത്പാദനത്തിന്റെ സിംഹഭാഗവും ജന്മി മാർക്ക് തന്നെ നൽകേണ്ടിവന്നു. മറ്റ് ഭാഗങ്ങളിൽ നിലനിന്നിരുന്ന ആക്രമപിരിവുകൾ ഇവിടെയും നിലനിന്നിരുന്നു. എന്നാൽ കർഷകരും മറ്റ് അധ:സ്ഥിതരും സംഘടിച്ചതിന്റെ ഫലമായി കൃഷിഭൂമിയിൽ മാനവിക വികേന്ദ്രീകരണം സാധ്യമായി.

1936-ലെ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരമുള്ള ഭൂവിതരണ പട്ടിക താഴെക്കൊടുത്തിരിക്കുന്നു.

പട്ടിക - 2

	ദേവസ്വം	നമ്പൂതിരി	നമ്പ്യാർ നായർ	മുസ്ലീം	തീയ്യ	ക്രിസ്ത്യൻ	പട്ടികജാതി	മറ്റുള്ളവർ
ഭൂമി ഏക്കർ	1516.99	490.63	683.32	205.06	124.88	32.58	1.11	83.13
ശതമാനം	48.35	15.64	21.78	6.53	3.98	1.04	0.03	2.65

(അവലംബം : ചിട്ട രജിസ്റ്റർ. കണ്ണപുരം വില്ലേജ്)

1959-ലെ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതിന്റെ ഫലമായി കാർഷികമേഖലയിൽ സമൂലമായ മാറ്റങ്ങൾ ഉണ്ടായി.

ആകെയുള്ള കൃഷിഭൂമിയിൽ 64% ഭൂമിയും പുരയിടമായി മാറി. ബാക്കിയുള്ള 36% ഭൂമിയും കേന്ദ്രീകൃതമല്ല. ഭൂപരിഷ്ക്കരണ നിയമം മൂലം കാർഷിക രംഗത്ത് ഇത്തരത്തിലുള്ള പ്രശ്നമുണ്ടായി. ഭൂവിനിയോഗത്തിലെ വികേന്ദ്രീകരണം സംഘടിത കാർഷിക പരിഷ്ക്കാരങ്ങൾക്ക് തടസ്സം നിൽക്കുന്നു. ഹിന്ദുപിന്തുടർച്ചാവകാശ നിയമത്തിലെ മരുമക്കത്തായ സമ്പ്രദായത്തിൽ നിന്നുള്ള മാറ്റവും കൂട്ടുസ്വത്ത് വിഭജിക്കാം എന്ന നിയമവും ഭൂമിയുടെ തുണ്ടുവത്ക്കരണം ത്വരിതമാക്കുകയും. കൃഷിഭൂമിനികത്തി പറമ്പുകളും പുരയിടങ്ങളും ആക്കിമാറ്റാനുള്ള പ്രവണതയ്ക്ക് ആക്കം കൂടുകയും ചെയ്തു.

ഭൂവുടമസ്ഥതാ സ്വഭാവവും ഭൂവിനിയോഗവും മാറിയപ്പോൾ വിളക്രമത്തിലും മാറ്റം ഉണ്ടായി.

പട്ടിക - 3

ഏക്കറിൽ

വിളയുടെ പേര്	1936		1996	
	ഒന്നാം വിള	രണ്ടാം വിള	ഒന്നാം വിള	രണ്ടാം വിള
നെല്ല്	1979	150	1035	250
തെങ്ങ്	509	-	1500	-
മാവ്	298	-	6	-
കവുങ്ങ്	22	-	50	-
മുത്താറി	10	-		-
മുതിര	10	-	1	-
കുരുമുളക്	50	-	75	-
പയറുവർഗ്ഗം	ലഭ്യമല്ല	-	25	-

(അവലംബം : 1936-ലെ സെറ്റിൽമെന്റ് രേഖ. കൃഷിവേൻ ബേസിക്ക് ഡാറ്റാ)

കൃഷിഭവന്റെ പ്രവർത്തനം :

കൃഷിഭവന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമല്ല. മണ്ണിന്റെ സ്വഭാവം മനസ്സിലാക്കി ആവശ്യമായ വളപ്രയോഗം നടത്തുന്നതിന് കാര്യക്ഷമമായ മണ്ണ് പരിശോധന നടക്കുന്നില്ല. കൃഷിക്കാർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ശരിയായ രീതിയിലുള്ള ഫീൽഡ്വർക്ക് നടക്കുന്നില്ല. നല്ലയിനം നടീൽവ സ്തുക്കൾ ആവശ്യമായ സമയത്ത് കൃഷിക്കാർക്ക് എത്തിക്കുന്നതിൽ കൃഷിഭവൻ പലപ്പോഴും പരാജയപ്പെ ടുന്നു.

ചെമ്മരവയൽ-പുഞ്ചവയൽ, അയ്യോത്ത് വയൽ, കീഴറവയൽ പാടശേഖരസമിതികൾ നിലവിലുണ്ടെ ങ്കിലും ഇവയുടെ പ്രവർത്തനം വളരെ ദുർബലമാണ്. കൃഷിഭവൻ മുഖേനയുള്ള ധനസഹായങ്ങളും മറ്റും യഥാർത്ഥ കർഷകരിൽ എത്തിക്കുന്നതിന് പാടശേഖരസമിതിയ്ക്ക് കഴിയുന്നില്ല.

കാർഷികരംഗത്ത് കാര്യമായി യന്ത്രവൽക്കരണം ഇപ്പോഴും നടന്നിട്ടില്ല. പഞ്ചായത്തിൽ നിലവിലുള്ള കാർഷികയന്ത്രോപകരണത്തിന്റെ പട്ടിക താഴെകൊടുക്കുന്നു.

പട്ടിക - 4

യന്ത്രത്തിന്റെ പേര്	എണ്ണം
ട്രില്ലർ	3
നാടൻ കലപ്പ	15
റോക്ക് സ്പ്രേയർ	4
നാപ്സ്റ്റാക്ക് സ്പ്രേയർ	10
മെതിയന്ത്രം	1
തെങ്ങുകയറ്റ യന്ത്രം	1
ആകെ	34

(അവലംബം : കൃഷിഭവൻ)

യന്ത്രവൽക്കരണം നടക്കാത്തതുകൊണ്ട് കൂടുതൽ മനുഷ്യാധ്വാനത്തെ ആശ്രയിക്കേണ്ടിവരുന്നു. ഇത് കൃഷിച്ചെലവ് കൂട്ടുന്നു. തൊഴിലാളികളെ ആവശ്യസമയത്ത് ലഭ്യമല്ല എന്നതും ഒരു വലിയ പ്രശ്നമാണ്. പുതിയ തലമുറ കാർഷിക രംഗത്തേയ്ക്ക് കടന്നുവരാൻ മടിക്കുന്നതാണ് ഈ ക്ഷാമത്തിന് കാരണം. മറ്റ് തൊഴിൽ രംഗത്തെ കൂലിനിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കർഷകത്തൊഴിലാളികളുടെ കൂലിനിരക്ക് കുറവാണെങ്കിലും അത് കർഷകന്റെ കാർഷികാദായവുമായി തട്ടിച്ചുനോക്കുമ്പോൾ താങ്ങാൻ കഴിയാത്ത താണ്.

പഞ്ചായത്തിലെ ശരാശരി കൂലി നിരക്ക്

	രൂ. പു.	രൂ. സ്ത്രീ
നിലം ഉഴുന്നതിന് ഏക്കറിന്	250	-
നടീൽ കൂലി	80	35
കളപറി	-	35
കൊയ്ത്ത്	15 സേർ	10 സേർ
കിള (വയൽ)	80	-
കിള (പറമ്പ്)	100	-

(അവലംബം : പ്രാഥമിക വിവര ശേഖരം)

ഈ കണക്കുകൾ പ്രകാരം നെൽകൃഷി ലാഭകരമല്ല എന്ന് കർഷകർ മനസ്സിലാക്കുകയും നെൽവയലുകൾ നികത്തി തെങ്ങ് കൃഷിക്ക് സാധ്യത ഏറുകയും ചെയ്തു. മുൻകാലങ്ങളിൽ ഇടവിളയായി ഉഴുന്ന്, പയർ, മുതിര തുടങ്ങിയ കൃഷി ചെയ്തിരുന്നതിൽ നെല്ലിനോടൊപ്പം കൃഷിചെയ്തിരുന്ന മുത്താറി നാമാവിശേഷമാവുകയും ഉഴുന്ന്, മുതിര തുടങ്ങിയവയുടെ കൃഷി വളരെ പരിമിതപ്പെടുത്തുകയും ചെയ്തു. ജനപ്പെരുപ്പം മൂലമുള്ള കൃഷിസ്ഥലങ്ങളിലെ കടന്നാക്രമണവും വിളക്രമത്തിലും സ്വഭാവത്തിലുമുള്ള മാറ്റത്തിന് കാരണമായി.

ഉല്പാദനക്ഷമത :

കൃഷിഭൂമി തുണ്ടുവത്ക്കരിക്കപ്പെടുന്നതിന്റെ ഫലമായി കാർഷികരംഗത്ത് ശാസ്ത്രീയത പാലിക്കാൻ കഴിയാതെ വരുന്നു. ഇത് കൃഷിച്ചെലവ് കൂട്ടാനും കാരണമാകുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയുന്നതും ഉത്പാദനക്ഷമത കുറയുന്നതിന്റെ പ്രധാന കാരണമാണ്.

സംസ്ഥാനത്തിലെ ശരാശരി നെല്ല് ഉത്പാദനക്ഷമത ഹെക്ടറിന് 2018 കിലോ ആണ്. എന്നാൽ പഞ്ചായത്ത് ശരാശരി ഹെക്ടറിന് 1578 കിലോ മാത്രമാണ്. അതുപോലെ തെങ്ങയുടെ ശരാശരി സംസ്ഥാന ഉത്പാദനക്ഷമത 40 ആണെങ്കിൽ പഞ്ചായത്തിന്റേത് വെറും 17 ആണ്.

ലഭ്യമായ തുണ്ടു തുണ്ടു പുരയിടത്തിൽ പരമാവധി തെങ്ങുകൃഷി നടത്തുന്നതുകൊണ്ട് തെങ്ങ് കൃഷിയിലെ ശാസ്ത്രീയത പുലർത്താൻ കഴിയുന്നില്ല. തെങ്ങുകളുടെ ഇടയകലം വളരെ ചുരുക്കേണ്ടിവരുന്നു. പുരയിടം വർദ്ധിച്ചുവരുന്നതുകൊണ്ട് നീർച്ചാലുകൾ കുറയുകയും നീർക്കെട്ട് കൂടുകയും ചെയ്യുന്നു. ഇത് തെങ്ങിന്റെ ഉത്പാദനക്ഷമതയെ സാരമായി ബാധിക്കുന്നു. നല്ലയിനം തെങ്ങിൻ തൈകളുടെ അഭാവവും ജൈവവളങ്ങളുടെ ലഭ്യതക്കുറവും, ജലസേചനത്തിന്റെ അപര്യാപ്തതയും തെങ്ങിന്റെ ഉത്പാദനക്ഷമത കുറയ്ക്കാൻ കാരണമാകുന്നു.

പഞ്ചായത്തിന്റെ പലഭാഗങ്ങളിലും നെൽകൃഷി പഴയ സമ്പ്രദായത്തിലാണ് ഇപ്പോഴും നടത്തിവരുന്നത്. ഉത്പാദനക്ഷമത കുറഞ്ഞവിത്തുകളുടെ ഉപയോഗം, ജനസേചന സൗകര്യത്തിന്റെ അപര്യാപ്തത, ഉത്പാദനച്ചെലവിലുള്ള ഭീമമായ വർദ്ധനവ്, കർഷകരുടെ താഴ്ന്ന കാർഷികാവബോധം തുടങ്ങിയവയാണ് നെൽകൃഷി രംഗം ഇന്നനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഈ കാരണങ്ങൾ തന്നെയാണ് നെല്ലിന്റെ ഉത്പാദനക്ഷമത കുറയ്ക്കാനിടയാക്കിയത്.

വളപ്രയോഗം :

താരതമ്യേന ഫലപുഷ്ടികുറഞ്ഞ മണ്ണാണ് ഇവിടെയുള്ളത്. രാസവളങ്ങളുടെ അമിതമായ പ്രയോഗം ഫലപുഷ്ടി വീണ്ടും കുറയ്ക്കുന്നു. ഇത് ഇടവിളകളെപ്പോലും പ്രതികൂലമായി ബാധിക്കുന്നു. ശാസ്ത്രീയമായ മണ്ണ് പരിശോധനാ രീതി ഇല്ലാത്തതുകാരണം കാര്യക്ഷമമായ വളപ്രയോഗം നടക്കുന്നില്ല. ജൈവവളങ്ങളുടെ ഉത്പാദനവും, ലഭ്യതയും വളരെ കുറഞ്ഞുവരുന്നു. ലഭ്യമായ ജൈവവളങ്ങൾ തന്നെ വേണ്ടവിധത്തിൽ ഉപയോഗിക്കാൻ കർഷകർ മടിക്കുന്നു. മണ്ണിര കമ്പോസ്റ്റ് പോലുള്ള ജൈവവളങ്ങളുടെ വ്യാപകമായ ഉത്പാദനവും ഉപയോഗവും കർഷകരിൽ എത്തിക്കുന്നതിന് കൃഷിഭവൻ കർഷകരെ ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.

രാസവളത്തിന്റെ ഉപയോഗ പട്ടിക

പട്ടിക - 6

നമ്പർ	രാസവളത്തിന്റെ പേര്	രാസവളത്തിന്റെ ഉപയോഗം		
		1993-94	1994-95	1995-96
1.	ഫിഷ് മീൽ	7000 kg.	-	-
2.	മിക്സർ	21000 "	13000 kg.	19000 kg.
3.	പൊട്ടാഷ്	6000 "	5000 "	3000 "
4.	കോംപ്ലക്സ്	4000 "		7000 "
5.	ഫാക്ടംഫോസ്	4000 "		
6.	മഗ്നീഷ്യം സൽഫേറ്റ്	500 "	-	-
7.	സൺഹം സിഡ്	150 "	300 "	150 "
8.	ഐശ്വര്യ കോംപ്ലെക്സ്	-	1000 "	-
9.	യൂറിയ	1000 "	1000 "	70000 "
10.	മസൂരി ഫോസ്	-	1000 "	-
		43650 kg	21300 kg	36150 kg

(അവലംബം : ദ്വിതീയ വിവരശേഖരം - ഠ)

രോഗങ്ങൾ :

നെല്ലിനെ ബാധിക്കുന്ന രോഗങ്ങൾ. തെങ്ങിനെ ബാധിക്കുന്ന കൂമ്പുചീയൽ. കറചാട്ടം. ചെല്ലി ശല്യം, കുരുമുളകിനെ ബാധിക്കുന്ന ദ്രുതവാട്ടം. കവുങ്ങിനെ ബാധിക്കുന്ന മഹാളി എന്നിവയാണ് ഇവിടെ വിളകൾക്ക് കണ്ടുവരുന്ന പ്രധാനരോഗങ്ങൾ. ഇവയെ പ്രതിരോധിക്കാൻ ശാസ്ത്രീയമായ മാർഗ്ഗങ്ങളൊന്നും കർഷകർ പാലിക്കാറില്ല. കൃഷിഭവന്റെ യഥാവസരങ്ങളിലെ നിർദ്ദേശങ്ങളും ലഭിക്കുന്നില്ല. കീടനാശിനികളുടെ അമിത വിലയും. പ്രയോഗരീതിയിലുള്ള ശാസ്ത്രീയമായ അറിവില്ലായ്മയും രോഗം വ്യാപകമായി പെരുകാൻ കാരണമാകുന്നു. ഇൻഷുറൻസ് പദ്ധതി കാര്യക്ഷമമായി ഏർപ്പെടുത്തിയാൽ കർഷകർക്ക് അവരുടെ നഷ്ടത്തിന് ചെറിയൊരു ആശ്വാസം ലഭിക്കുന്നതാണ്. ശാസ്ത്രീയമായ കീടനാശിനിപ്രയോഗത്തിനുള്ള വിജ്ഞാനം കൃഷിഭവൻ മുഖേന ഇപ്പോൾ നാമമാത്രമായി നടക്കുന്നുണ്ടെങ്കിലും വാർഡടിസ്ഥാനത്തിൽ സന്നദ്ധസംഘടനാ സഹായത്തോടെ നടത്തേണ്ടതാണ്.

മറ്റുവിളകൾ :

കവുങ്ങ്: കൃഷി എന്ന രീതിയിൽ കവുങ്ങ് മുഖ്യവിളകളുടെ കൂട്ടത്തിലില്ലെങ്കിലും വളരെ ലാഭകരമായ രീതിയിൽ നടത്താൻ പറ്റുന്ന ഒന്നാണിത്. കവുങ്ങ് കൃഷിയുടെ വ്യാപകമായ പ്രചരണത്തിന് തടസ്സം നിൽക്കുന്നത് ജലസേചനക്കുറവാണ്. വയൽക്കരകളിൽ കവുങ്ങ് ലാഭകരമായി കൃഷിചെയ്യാം എന്ന് കണ്ടെത്തിയിട്ടുണ്ട്. അത്യുത്പാദനശേഷിയുള്ള മംഗള. സുമംഗളം. ശ്രീമംഗള തുടങ്ങിയ വിത്തിനങ്ങൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യേണ്ടതുണ്ട്.

കശുമാവ്: പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ തരിശായിക്കിടക്കുന്ന കുന്നിൻ മണ്ടകളിൽ (കാരക്കുന്ന്. തണ്ണുപ്പാറ. കീഴറക്കുന്ന്) അത്യുത്പാദനശേഷിയുള്ള കശുമാവ് തൈ നടുകയാണെങ്കിൽ നല്ല കാർഷിക വരുമാനം എന്ന രീതിയിൽ ഇത് വികസിപ്പിച്ചെടുക്കാവുന്നതാണ്. തേയില കൊതുകിനെ നശിപ്പിക്കാനുള്ള

ശാസ്ത്രീയമായ മരുന്നുതളി യഥാസമയം നടത്തുകയാണെങ്കിൽ പ്രത്യേക പരിചരണങ്ങളൊന്നും ഇതിന് ആവശ്യമില്ല എന്നതും ശ്രദ്ധേയമാണ്.

ഒരുകാലത്ത് പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ധാരാളമായി നാടൻമാവുകൾ (ചക്കരമാവ്, പുളിമാവ്, കപ്പമാവ്) കണ്ടുവന്നിരുന്നു. ഇന്ന് അവ നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ ഉത്പാദനക്ഷമതയുള്ള കണ്ണപുരം മാവ് (കുറ്റ്യാട്ടൂർ മാവ്) കൃഷിചെയ്യുന്നതായി കണ്ടുവരുന്നു. ഇത്തരം മാവുകളോടൊപ്പം കുന്നിൻ ചെരിവുകളിലും മറ്റും നാടൻ മാവിൻ തൈകളും വച്ച് പിടിപ്പിക്കാവുന്നതാണ്.

പച്ചക്കറി:

മുൻകാലങ്ങളിൽ വയലുകളിൽ ഇടവിളയായി നല്ലരീതിയിൽ പച്ചക്കറികൃഷി നടത്തിവന്നിരുന്നു. കർഷകരുടെ കൂട്ടായ്മയിലാണ് ഇത് നടന്നിരുന്നത്. ഇന്ന് പച്ചക്കറി കൃഷി നാമമാത്രമായേ കണ്ടുവരുന്നുള്ളൂ. വർഷകാലങ്ങളിൽ കരപ്രദേശങ്ങളിലും കാര്യക്ഷമമായി ഇത് നടത്തിയിരുന്നു. ആളുകളുടെ അഭ്യാന മനോഭാവത്തിൽ വന്ന മാറ്റവും, ഉപഭോഗസംസ്ക്കാരത്തിന്റെ ഭാഗമായുള്ള എല്ലാം വിപണിയിൽ ലഭ്യമാകും എന്ന ചിന്തയും, വേനൽക്കാലത്തെ ജലലഭ്യതക്കുറവും, അത്യുത്പാദനക്ഷമതയുള്ള വിത്തുകളുടെ അഭാവവും കീടബാധയുമാണ് ഈ രംഗം ഇന്ന് നേരിടുന്ന പ്രധാനപ്രശ്നങ്ങൾ. സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്താനുള്ള സാഹചര്യം ഉണ്ട്.

നിലവിലുള്ള പദ്ധതികളുടെ അവലോകനം

പഞ്ചായത്തിൽ കാർഷിക വികസനത്തിനുവേണ്ടി ധനസഹായവും മറ്റ് സാങ്കേതിക സഹായവും നൽകുന്ന സ്ഥാപനങ്ങളാണ് കൃഷിഭവനും കണ്ണപുരം സർവ്വീസ് സഹകരണ ബാങ്കും. കാർഷികാവശ്യത്തിന് കണ്ണപുരം സർവ്വീസ് സഹകരണ ബാങ്ക് വായ്പകൾ നൽകിവരുന്നു. വായ്പ മുഴുവനും കൃഷിയാവശ്യത്തിന് ഉപയോഗിക്കുന്നില്ല എന്ന് മനസ്സിലാക്കാൻ കഴിയും. കാർഷിക വായ്പയുടെ വിനിയോഗത്തെ സംബന്ധിച്ചുള്ള വിലയിരുത്തൽ നടക്കുന്നില്ല. പലരും കാർഷികവായ്പ ദുരുപയോഗം ചെയ്യുന്ന പ്രവണത കണ്ടുവരുന്നു.

ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കിണറുകൾ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും ചുരുങ്ങിയ പലിശനിരക്ക് കൃഷിഭവൻ മുഖേന ദീർഘകാല വായ്പ നൽകിവരുന്നുണ്ട്. തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിത്തുകളുടേയും വിതരണം കൃഷിഭവൻ മുഖേന നടക്കുന്നുണ്ട്. പട്ടിക 7 കാണുക.

പട്ടിക - 7

ഇനം	എണ്ണം		
	1993-94	94-95	95-96
തെങ്ങ്	365	530	360
കശുമാവ്	-	-	800
കുറുമുളക്	1500	3000	3500
കവുങ്ങ്	-	100	280
ഒട്ടുമാവ്	30	-	50
മാവ്-കുറ്റ്യാട്ടൂർ	115	-	65
ജാതിക്ക	40	-	65

(അവലംബം : കൃഷിഭവൻ)

വിത്തുകളും കർഷകർക്ക് കൃത്യസമയത്ത് എത്തുന്നില്ല. അതിനാൽ ഇതിന്റെ ഗുണ ഫലം പൂർണ്ണമായും കാർഷികരംഗത്ത് കണ്ടെത്താൻ കഴിയുന്നില്ല. നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് ഹെക്ടറിന് 250 രൂപാ പ്രകാരം ഉൽപാദന ബോണസ്സ് നൽകിവരുന്നുണ്ടെങ്കിലും ഈ പദ്ധതി ചെറുകിട കർഷകർ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. ജൈവവളത്തിന്റെ പ്രോത്സാഹനത്തിന് വളക്കുഴി നിർമ്മാണത്തിന് 25 രൂപ നൽകിവരുന്നുണ്ട്. ഈ പദ്ധതിയും അർഹരായ കർഷകരിൽ എത്തുന്നില്ല. കൃഷിഭവന്റെ പല പദ്ധതികളും യഥാർത്ഥ കർഷകരിൽ പൂർണ്ണമായും എത്തിച്ചേരുന്നില്ല. ശരിയായ രീതിയിലുള്ള പദ്ധതി വിലയിരുത്തലിന്റെ അഭാവമാണ് ഇതിന് കാരണം.

കാർഷിക വികസനം ലക്ഷ്യമാക്കി മൂന്നാം വാർഡിലെ പേർകുളം 4 ലക്ഷം രൂപ ചെലവാക്കി പുതുക്കി പണിതുവെങ്കിലും ആയത് കൃഷിവികസനത്തിനുവേണ്ടി വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല.

പഞ്ചായത്തിന്റെ ജലസേചന പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണുമായിരുന്ന പഴശ്ശി ജലസേചന പദ്ധതി ഇന്നും അന്യമാണ്.

നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള കൂട്ടുകൃഷി സമ്പ്രദായം ഒരിടത്തും നിലവിൽ വന്നിട്ടില്ല. ഇതിന്റെ സുഗമമായ നടത്തിപ്പിനെ ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള പാടശേഖരസമിതികളുടെ പ്രവർത്തനം ഏറെക്കുറെ നിർജ്ജീവാവസ്ഥയിലാണ്. കൂട്ടുകൃഷിക്ക് ഏറെ സാദ്ധ്യതയുള്ളതാണ് അയ്യോത്ത് വയൽ, കീഴറ വയൽ, ചെമ്മര വയൽ, പുഞ്ചവയൽ എന്നിവ.

ശാസ്ത്രീയ രീതിയിൽ തെങ്ങുകൃഷി ചെയ്യാനുള്ള ബോധവത്ക്കരണത്തിനുവേണ്ടിയുള്ള കേരകർഷകസമിതിയുടെ പ്രവർത്തനം തീർത്തും നിലച്ചമട്ടാണ്.

പാടശേഖര സമിതിയുടേയും, കേരകർഷക സമിതിയുടേയും, കൃഷിഭവന്റെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് കാര്യക്ഷമമാക്കുകയാണെങ്കിൽ കാർഷിക രംഗം ഒരു പരിധിവരെ അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

കാർഷിക രംഗത്തെ പ്രശ്നങ്ങൾ

1. പ്രധാന പാടങ്ങളായ പുഞ്ചവയൽ, ചെമ്മരവയൽ, കീഴാറവയൽ എന്നിവിടങ്ങളിൽ കുന്നിൻ ചെരുവിലെ അശാസ്ത്രീയമായ ഖനനം കാരണം ഇരുമ്പിന്റെ അംശം കലർന്ന മണ്ണ് നിക്ഷേപിക്കപ്പെടുന്നു. ഇതിന്റെ ഫലമായി പാടങ്ങളിലെ മണ്ണിന്റെ ക്ഷാരഗുണം കുറഞ്ഞ് അമ്ലഗുണം കൂടാൻ കാരണമാകുന്നു. ഇത് നെൽകൃഷിയുടെ നാശത്തിന് വേഗതകൂട്ടുന്നു.

2. 9-ാം വാർഡിലെ അയ്യോത്ത് വയലിലും, 2,3, വാർഡുകളിലെ ചെമ്മരവയൽ, പുഞ്ചവയൽ പ്രദേശങ്ങളിലും, 4,7,8 വാർഡുകളിലെ നെൽവയലുകളിലും വ്യാപകമായി ഉപ്പുവെള്ളം കയറി കൃഷിനാശം വരുത്തുന്നു. മണ്ണിന്റെ ലവണാംശം കൂടുന്നതിനാൽ വിളപുഷ്ടി കുറയാൻ കാരണമാകുന്നു.

3. ഉപ്പുവെള്ളം കയറുന്നതുകൊണ്ട് 9-ാം വാർഡിലെ അയ്യോത്ത്, ആയിരംതെങ്ങ് വയലുകളിലും, മൂന്നാം വാർഡിലെ പുഞ്ചവയലിന്റെ കിഴക്കൻ ഭാഗത്തും, 2-ാം വാർഡിലെ ചെമ്മരവയലിന്റെ കിഴക്കൻ ഭാഗത്തും കൃഷിസ്ഥലങ്ങൾ തരിശിട്ടിരിക്കുന്നു.

4. മൂന്നാം വാർഡിലെ പുഞ്ചവയലിന്റെ പടിഞ്ഞാറ് ഭാഗം കുന്നിൽ നിന്നും മണ്ണൊഴുകി വയൽ നികന്നുപോകുന്നു.

5. മുൻകാലങ്ങളിൽ മൂന്നുവിള നടത്തിയിരുന്ന ചെമ്മരവയൽ, പുഞ്ചവയൽ ഭാഗങ്ങളും, രണ്ടാം വിള നടത്തിയിരുന്ന കീഴറവയലിലും ജലസേചനസൗകര്യം ഇല്ലാത്തത് കാരണം ഇന്ന് ഒന്നിൽ കൂടുതൽ വിള നടത്താൻ കഴിയുന്നില്ല.

6. പുഞ്ചവയൽ-ചെമ്മരവയൽ ഭാഗത്ത് നെൽവയലുകളിൽ പരിമിതമായ തോതിൽ ജലസേചനത്തിനുതകിയിരുന്ന പുഞ്ചവയൽ തോട് മണ്ണാലിപ്പും കൈയ്യേറ്റവും കാരണം ഉപയോഗശൂന്യമായിരിക്കുന്നു.

7. പ്രധാന വയലുകളിൽ ഒന്നായ കീഴറ കൈപ്പാടി പ്രദേശത്ത് നടീൽ ആവശ്യത്തിനുവേണ്ട ഞാറ്, വളം തുടങ്ങിയവ എത്തിക്കുന്നതിനും കൊയ്ത്ത് കഴിഞ്ഞ് കറ്റകൊണ്ടുപോകുന്നതിനും ആവശ്യമായ ഗതാഗതസൗകര്യം ഇല്ല.

8. 5,6,7,8 വാർഡുകളിലെ കൃഷിയോഗ്യമായ വയൽ നികത്തി തെങ്ങിൻതോട്ടവും പുരയിടവുമാക്കി മാറ്റുന്നു.

9. നെൽകൃഷിയെ തണ്ടുചീയൽ, ഓലചുരുട്ടി പുഴു, മഞ്ഞളിപ്പ് എന്നീ രോഗങ്ങളും തെങ്ങിനെ ചെല്ലിയുടെ ഉപദ്രവം, ചെന്നീരൊലിപ്പ്, കുമ്പുചീയൽ എന്നീ രോഗങ്ങളും, കവുങ്ങിനെ മഹാളി രോഗവും, കുരുമുളകിനെ ദ്രുതവാട്ടം എന്ന രോഗവും ബാധിച്ചിരിക്കുന്നു. ശാസ്ത്രീയമായ പരിഹാരനിർദ്ദേശങ്ങൾ ലഭിക്കുന്നില്ല.

10. അത്യുൽപാദനശേഷിയുള്ള നടീൽ വസ്തുക്കൾ യഥാസമയം കിട്ടുന്നില്ല.

11. 5-ാം വാർഡിലെ പടിഞ്ഞാറ് ഭാഗവും, 6-ാം വാർഡ് മുഴുവനുമായും നീർക്കെട്ട് കാരണം ഒരു വിളയും കാര്യക്ഷമമായി നടക്കുന്നില്ല. അശാസ്ത്രീയമായ രീതിയിലുള്ള മതിൽ നിർമ്മാണവും, തലങ്ങ്-വിലങ്ങ് നിർമ്മിച്ച റോഡുകളും, നിലവിലുള്ള തോട് കൈയ്യേറുന്നത് കാരണവും വാർഡിലെ നീർക്കെട്ട് വർദ്ധിച്ചിരിക്കുന്നു.

12. നെല്ല്, തെങ്ങ്, തുടങ്ങിയ പ്രധാന വിളകളുടെ ഉത്പാദനക്ഷമത വർഷംതോറും കുറഞ്ഞുവരുന്നു.

13. കാർഷികാവശ്യത്തിനുള്ള ജൈവവളം കുറഞ്ഞുവരുന്നു. ഇത് എല്ലാ വിളകളേയും ബാധിക്കുന്നു.

14. ആവശ്യത്തിന് കർഷകത്തൊഴിലാളികളെ ലഭിക്കുന്നില്ല.

15. ആവശ്യമായ പുട്ട് കന്നുകളും, യന്ത്രോപകരണങ്ങളും കിട്ടുന്നില്ല.

16. കൃഷിഭവനിൽ നിന്നും ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും യഥാസമയം ലഭിക്കുന്നില്ല.

17. വൻകിട-ചെറുകിട ജലസേചനപദ്ധതികൾ പഞ്ചായത്തിലില്ല. കണ്ണപുരം പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തിയുള്ള പഴശ്ശി ജലസേചന പദ്ധതിയുടെ പണി ഇതുവരെ തുടങ്ങിയിട്ടില്ല.

18. ജലസേചനോദ്ദേശത്തോടെയുള്ള കുളങ്ങളുടെ പ്രവർത്തനം നടക്കുന്നില്ല.

19. നീർമറി അടിസ്ഥാനത്തിലുള്ള ജലസംരക്ഷണ പ്രവർത്തനം നടക്കുന്നില്ല.

20. ജലസേചനത്തിന്റെ അപര്യാപ്തതമൂലം പച്ചക്കറി കൃഷിക്ക് സാധ്യതയുള്ള 2,3,5,8,9 വാർഡുകളിൽ പച്ചക്കറി നടത്താൻ സാധിക്കുന്നില്ല.

21. നാളികേരവികസനം ലക്ഷ്യമാക്കി കൃഷിഭവൻ മുഖേന നൽകിവരുന്ന പമ്പ്സെറ്റ് വിതരണം നാമ മാത്രമാണ്.

22. കൃഷിഭവൻ മുഖേന നല്കിവരുന്ന അത്യുത്പാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ തക്കസമ യത്ത് വിതരണം ചെയ്യുന്നില്ല.

23. പൂത്തരി തോട്ടിൽ ക്രോസ്ബാർ നിലവിലുണ്ടെങ്കിലും ഉപ്പുവെള്ളം ചിറകവിഞ്ഞ് പാടത്ത് നിറ യുന്നു.

24. ഇരണാവ് റഗുലേറ്റർ കാര്യക്ഷമമല്ലാത്തതിനാൽ കണ്ണപുരം തോടിലും. ആവിത്തോടിലും. അയ്യോത്ത് തോടിലും ഉപ്പുവെള്ളം കയറി നെൽപ്പാടങ്ങൾ ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്നു.

25. വെള്ളിക്കീൽ റഗുലേറ്റർ കാര്യക്ഷമമല്ലാത്തതിനാൽ പുഞ്ചവയൽ. ചെമ്മരവയൽ തോടിൽ ഉപ്പു വെള്ളം കയറി കൃഷിഭൂമി നശിക്കുന്നു.

26. മണ്ണ് പരിശോധന കാര്യക്ഷമമായി നടക്കുന്നില്ല.

27. അശാസ്ത്രീയവും. അമിതവുമായ രാസവള പ്രയോഗംമൂലം മണ്ണിന്റെ ഫലപുഷ്ടി കുറയുന്നു.

28. കീടനാശിനികൾ തളിക്കാനുള്ള സ്പ്രെയറുകൾ ആവശ്യാനുസരണം ലഭിക്കുന്നില്ല.

29. നാളികേര സംഭരണകേന്ദ്രം പഞ്ചായത്തിലില്ലാത്തതിനാൽ ഉല്പന്നത്തിന് ന്യായവില കർഷകന് ലഭിക്കുന്നില്ല.

30. കാർഷിക വായ്പാ വിനിയോഗത്തിന്റെ വിശകലനം കാര്യക്ഷമമല്ലാത്തതിനാൽ അത് ദുർവിനി യോഗം ചെയ്യാനുള്ള പ്രവണത കൂടിവരുന്നു. വായ്പ യഥാർത്ഥ കൃഷിക്കാരന് ലഭിക്കാത്ത അവ സ്ഥയുമുണ്ട്.

31. ദേശസാൽകൃത ബാങ്കുകൾ വഴി നൽകുന്ന കാർഷികവായ്പകൾ കർഷകർക്ക് ലഭ്യമാകുന്നില്ല.

32. പഞ്ചായത്തിൽ നാല് പാടശേഖരസമിതികൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം തീർത്തും നിർജീവമാണ്.

33. കേരവികസന സമിതിയുടെ പ്രവർത്തനം കാര്യമായി നടക്കുന്നില്ല.

34. കൃഷിഭവൻ വഴി നൽകുന്ന കാർഷിക ധനസഹായങ്ങളും മറ്റ് കാർഷിക പദ്ധതികളും കർഷക രിൽ വേണ്ടവിധത്തിൽ എത്തുന്നില്ല.

35. പഞ്ചായത്ത് അടിസ്ഥാനത്തിൽ കൃഷിക്കാരുടെ ശാസ്ത്രീയ പരിജ്ഞാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനം നടക്കുന്നില്ല.

36. ഗ്രൂപ്പ് ഫാമിംഗ സമ്പ്രദായം നടപ്പിലാക്കാൻ ചില നീക്കങ്ങൾ നടത്തിയിരുന്നുവെങ്കിലും ഉദ്ദേശിച്ച രീതിയിൽ നടന്നില്ല.

സാധ്യതകളും നിർദ്ദേശങ്ങളും

1. കുന്നിൻ ചെരിവിലുള്ള അശാസ്ത്രീയ ഖനനം നിരോധിക്കാനുള്ള നിയമം കർശനമായി നടപ്പിലാക്കുക.

2. അമ്ലഗുണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന പാടങ്ങളിൽ കുമ്മായം പ്രയോഗിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകാനുള്ള നടപടി സ്വീകരിക്കുക.

3. ഇരിണാവ് റഗുലേറ്ററിന്റെ പ്രവർത്തനം കുറ്റമറ്റതാക്കുക.

4. വെള്ളിക്കീൽ ക്രോസ്ബാറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

5. പുഞ്ചവയൽ-ചെമ്മവയൽ തോടിന് പഞ്ചായത്ത് അതിർത്തിയിൽ ക്രോസ്ബാർ നിർമ്മിക്കണം.

6. 7-ാം വാർഡിൽ തെങ്ങിൻ ചാൽ, ചൂട്ടാക്കീൽ തോടുകൾക്ക് ക്രോസ്ബാർ നിർമ്മിക്കണം.

7. നിലവിലുള്ള ക്രോസ്ബാറുകളെല്ലാം വാർഷിക അറ്റകുറ്റപണി നടത്തി കാര്യക്ഷമമാക്കണം.

8. പുത്തരിത്തോടിന്റെ നിലവിലുള്ള ക്രോസ്ബാറിന്റെ ചിറ ഉയർത്തി ഉപ്പുവെള്ളം കയറുന്നത് തടയണം.

9. പൂണങ്കെത്തോടിന് (9-ാം വാർഡ്) പുതിയ ക്രോസ് ബാർ നിർമ്മിക്കണം.

10. ഒമ്പതാം വാർഡിലെ മുക്കുറ്റി തോടിന്റേയും മുത്തങ്ങത്തോടിന്റേയും ക്രോസ്ബാറിന്റെ ചിറ ബലപ്പെടുത്തുക.
    ഉപ്പുവെള്ളം കയറുന്ന തോടുകളിൽ കണ്ടൽവനങ്ങൾ വച്ച് പിടിപ്പിക്കണം.

11. പുഞ്ചവയൽ-ചെമ്മരവയൽ തോടിന്റെ ആഴവും വീതിയും കൂട്ടി ആവശ്യമായ സ്ഥലങ്ങളിൽ തടയണകെട്ടി ജലസംരക്ഷണം ഉറപ്പുവരുത്തണം.

12. മേൽപറഞ്ഞ തോടിന്റെ പുറത്തുനിന്നുള്ള കൈയ്യേറ്റം തടയാൻ തോടിന്റെ പുറംഭാഗം കല്ലുകെട്ടി ഉറപ്പാക്കണം. ഉൾഭാഗം കൈതവെച്ച് പിടിപ്പിക്കണം.

13. കീഴറവയലിൽ വള്ളുവൻകടവ്-കാങ്കോൽ-കയറ്റീൽ ഫാം റോഡ്, കൃഷിക്കാർക്ക് നൽകിവരുന്ന ഉല്പാദനബോണസ്സ് തുകയും മാനുഷികാധ്വാനവും ഉപയോഗപ്പെടുത്തി നിർമ്മിക്കണം.

14. നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെ പഞ്ചായത്തിൽ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുക.

15. അത്യുല്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ, പച്ചക്കറി വിത്തുകൾ, കാർഷികോപകരണങ്ങൾ എന്നിവ യഥാസമയത്തും ആവശ്യാനുസരണവും ലഭ്യമാക്കേണ്ടതാണ്.

16. 5,6, വാർഡുകളിലെ നീർക്കെട്ട് പ്രശ്നം പരിഹരിക്കാൻ ആവശ്യമായ ജലനിർഗമനതോടുകൾ നിർമ്മിക്കുക.

17. അശാസ്ത്രീയമായ മതിൽ നിർമ്മാണം തടഞ്ഞ് ജൈവവേലി നിർമ്മാണം പ്രോത്സാഹിപ്പിക്കണം.

18. നെല്ല്, തെങ്ങ്, കവുങ്ങ് തുടങ്ങിയ വിളകളുടെ ഉല്പാദനക്ഷമത കൂട്ടാൻ ആവശ്യമായ ശാസ്ത്രീയ കൃഷിരീതി നടപ്പിലാക്കുക.

19. ശാസ്ത്രീയ കൃഷിരീതിക്കാവശ്യമായ കാർഷിക പരിജ്ഞാനം കർഷകർക്ക് നൽകണം

20. മെഗവളം നിർമ്മിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകണം. മണ്ണിര കമ്പോസ്റ്റ് നിർമ്മാണം പ്രോത്സാഹിപ്പിക്കണം.

21. പാടശേഖരസമിതികളെ പുനരുജ്ജീവിപ്പിച്ച് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കണം.

22. പാടശേഖര സമിതികൾ മുഖേന ആവശ്യമായ കാർഷിക യന്ത്രോപകരണങ്ങൾ വിതരണം ചെയ്യണം.

23. പഴശ്ശി ജലസേചന പദ്ധതിയുടെ പ്രവർത്തനം പഞ്ചായത്തിൽ എത്രയും വേഗം ആരംഭിക്കണം.

24. നിലവിലുള്ള കുളങ്ങൾ നന്നാക്കിയും സാധ്യതയുള്ള സ്ഥലങ്ങളിൽ (കീഴറ, ചെമ്മരവയൽ, പുഞ്ച വയൽ) പുതിയ കുളങ്ങൾ നിർമ്മിച്ചും ജലസേചന സൗകര്യം വിപുലപ്പെടുത്തുക.

25. കാരക്കുന്ന്, തണ്ണുപ്പാറ എന്നിവിടങ്ങളിൽ മുകൾത്തട്ടിൽ ഉള്ള ലാറ്ററേറ്റ് പാറ നീക്കി ജലസംഭരണികൾ നിർമ്മിക്കുക.

26. കാരക്കുന്ന്, തണ്ണുപ്പാറ, ആച്ചനാട്ട്, തൃക്കോത്ത് കുന്നുകളുടെ ചെരിവുകൾ കോണ്ടൂർ ബണ്ടുകളും, കിടങ്ങുകളും നിർമ്മിച്ച് ജലസംഭരണം ഉറപ്പാക്കണം.

27. കാരക്കുന്ന്, തണ്ണുപ്പാറ കുന്നിൻ ചരിവുകളിൽ മേൽ മണ്ണ് ഒഴുകിപോകുന്നത് തടയണം.

28. രണ്ടാം വിള കഴിഞ്ഞാൽ പാടങ്ങൾ സാമൂഹിക പച്ചക്കറി കൃഷിക്കായി ഉപയോഗപ്പെടുത്തുന്നതിന് ജലസേചന സൗകര്യത്തിനായി താൽക്കാലിക വാട്ടർ ടാങ്കുകളും പമ്പുസെറ്റുകളും അനുവദിക്കണം.

29. അടുക്കളത്തോട്ടം പദ്ധതി പ്രോത്സാഹിപ്പിക്കണം.

30. തെങ്ങുകൃഷി വികസനത്തിന് പമ്പുസെറ്റ് നല്കാൻ 30 സെന്റ് പരിധി വെച്ചത് 15 സെന്റായി ചുരുക്കുക.

31. പഞ്ചായത്തിലെ 1,2,3,4,5 വാർഡുകളിൽ ഔഷധ സസ്യകൃഷിയും പൈനാപ്പിൾ കൃഷിയും നടപ്പിലാക്കണം.

32. നൂതനരീതിയിൽ പൂ, കൂൺ കൃഷി പഞ്ചായത്തിൽ നടപ്പിലാക്കാൻ ആവശ്യമായ ബോധവൽക്കരണവും പ്രചരണവും നടത്തണം.

33. ദ്രുതവാട്ടം മൂലം നശിക്കുന്ന കുരുമുളക് വള്ളി വെട്ടിമാറ്റി പുതിയ വള്ളി വെച്ചുപിടിപ്പിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകണം.

34. 1,2,3,4,5 വാർഡുകളിൽ കശുമാവ് കൃഷി വിപുലീകരണത്തിന് പ്രോത്സാഹനം നൽകണം.

35. ശാസ്ത്രീയ മണ്ണ്പരിശോധന നടത്തി ആവശ്യമായ പ്രതിവിധികൾ സ്വീകരിക്കണം. ഇതിന് സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലബോറട്ടറിയുടെ പ്രവർത്തനം പഞ്ചായത്തിൽ ലഭ്യമാക്കണം.

36. 1,2,3,4,5 വാർഡുകളിൽ വാഴകൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം ലഭ്യമാക്കണം.

37. രോഗം വന്ന തെങ്ങിൻതൈകൾ വെട്ടിമാറ്റി പുതിയവ വെയ്ക്കുന്നതിന് ആവശ്യമായ ധനസഹായം കർഷകർക്ക് നൽകണം.

38. സഹകരണാടിസ്ഥാനത്തിൽ കാർഷികോല്പന്നങ്ങളുടെ സംഭരണകേന്ദ്രം സ്ഥാപിക്കണം.

39. സഹകരണ. ദേശസാൽകൃത ബാങ്കുകളുടെ നിലവിലുള്ള കാർഷിക വായ്പാ തുക കയും, അവയുടെ വിനിയോഗം കാർഷിക മേഖലയിലാണ് എന്ന് ഉറപ്പുവരുത്തുക

40. സഹകരണ ബാങ്കുകൾ പ്രാദേശിക തലത്തിൽ കാർഷിക വികസനത്തിനുള്ള ഷ്ക്കരിച്ച് നടപ്പിലാക്കണം.

41. എല്ലാ വാർഡുകളേയും ഉൾപ്പെടുത്തിക്കൊണ്ട് പാടശേഖര സംഘടി. യുടെ പ്രവർത്തനം ശക്തിപ്പെടുത്തണം.

42. കേരവികസനസമിതി പുനഃസംഘടിപ്പിച്ച് പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും നും പ്രവ കളെ ഉൾപ്പെടു ത്തി പ്രവർത്തനം വിപുലപ്പെടുത്തണം.

43. കൃഷിഭവനിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കണം.

44. 9-ാം വാർഡിലെ അയ്യോത്ത് തോടിന്റെ ഇരുകരകളിലും, പഞ്ചായത്തിലെ മറ്റ് പടിഞ്ഞാറൻ മേ കളിലെ മുഴുവൻ ചിറവക്കിലും, തെക്കുമ്പാട് പുഴയുടെ കിഴക്ക് തീരത്തും വ്യാപകമായി കണ്ടൽ വൃക്ഷം വച്ച് പിടിപ്പിക്കാനുള്ള സമഗ്രപദ്ധതി നടപ്പിലാക്കുക.

45. ചുണ്ട ശിശുമന്ദിരത്തിന് തെക്കുവശത്തുകൂടെ ഒഴുകുന്ന വെള്ളം പുതിയേടത്ത് ചിറച്ച് അതു വഴി പുഞ്ചവയൽ തോടിലേയ്ക്ക് ഒഴുക്കിവിടണം.

മൃഗസംരക്ഷണം – മത്സ്യബന്ധനം

കാർഷിക രംഗവുമായി ബന്ധപ്പെട്ടാണ് ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് നമ്മുടെ പഞ്ചായത്തിൽ കന്നുകാലി വളർത്തൽ നടന്നിരുന്നത്. ജൈവവളത്തിനും, വയലുകൾ കാലിപൂട്ടുന്നതിനും, വണ്ടിക്കാളകളുടെ ഉപയോഗത്തിനും, എണ്ണയാട്ടുന്നതിനും, പാൽ ആവശ്യത്തിനുവേണ്ടിയും ആണ് കന്നുകാലികളെ പ്രധാനമായും ഉപയോഗപ്പെടുത്തിയിരുന്നത്. മാംസ ആവശ്യത്തിനും വ്യാപകമായി ഉപയോഗിച്ചിരുന്നു.

ആദ്യകാലത്ത് കണ്ണപുത്തെ കൃഷിഭൂമി ഏതാണ്ട് മുപ്പതോളം വരുന്ന ജന്മിമാരുടെ കൈവശമായിരുന്നു. കാലി പൂട്ടുന്നതിനാവശ്യമായ കാളകളും അവരുടെ കൈവശമുണ്ടായിരുന്നു. വയലുകൾ ഉഴുതുകഴിഞ്ഞാൽ കാളകളെയും പശുക്കളെയും കടന്നപ്പള്ളി, മുയ്യം പ്രദേശങ്ങളിലുള്ള കന്നുകാലി സംരക്ഷകരുടെ അടുത്തെത്തിക്കും. ഇവർക്ക് ഒരു നിശ്ചിത തുക പോറ്റുകൂലിയായി നൽകിയിരുന്നു. ഇരിണാവ് ദേശത്ത് വടക്കൻ കൊയ്ത്ത് കഴിഞ്ഞാൽ, മേൽപറഞ്ഞ സ്ഥലങ്ങളിൽ നിന്നും കാലികളെ ഇരിണാവ് ദേശത്തെ വിശാലമായ കോലത്ത് വയലിൽ എത്തിക്കും. ഈ സമയത്ത് കന്നുകാലികളെ അവിടെ തന്നെ സംരക്ഷിക്കും. ഈ രീതി പ്രയോഗിക്കുന്നതുമൂലം കർഷകർക്ക് ആവശ്യമായ ചാണകം ലഭിക്കുകയും ചെയ്യും. കണ്ണപുരത്തെ ഉഴുന്നു കൃഷി ആരംഭിക്കുന്ന സമയത്ത് കന്നുകാലികളെ ഇരിണാവിൽ നിന്നും ഇവിടെയെത്തിക്കുന്നു.

കാലികളെ ഇളക്കിമേയ്ക്കുന്ന സമ്പ്രദായമായിരുന്നു ആദ്യകാലത്ത് അവലംബിച്ചിരുന്നത്. ഇതിന്റെ ഫലമായി കാലികൾക്ക് യഥേഷ്ടം തീറ്റയും, കൃഷിക്കാർക്ക് ജൈവവളവും ലഭിച്ചിരുന്നു. കൂട്ടമായി മേയുന്നതു കൊണ്ടുതന്നെ പ്രത്യേകം ഇണ ചേർക്കേണ്ട ആവശ്യം വന്നിരുന്നില്ല എന്നതും പ്രത്യേകതയാണ്. ചുരുക്കത്തിൽ ആ കാലഘട്ടത്തിൽ കന്നുകാലി വളർത്തൽ വിഷമകരമായ പ്രവർത്തനമായിരുന്നു.

ഇളക്കിമേയ്ക്കുന്ന സമ്പ്രദായത്തിനെതിരെ 1940-ന്റെ തുടക്കത്തിൽ നിയമം വന്നു. ഇളക്കിമേയ്ക്കുന്ന കാലികളെ പിടിച്ചുകൊണ്ടുവന്ന് കെട്ടുന്ന രീതിയും ഇതോടെ നടപ്പിലായി. ഇവയെ കെട്ടുന്നതിന് റവന്യൂവകുപ്പിൻ കീഴിൽ `അംശാല' എന്ന പേരിൽ ആലയും സ്ഥാപിക്കപ്പെട്ടു. കണ്ണപുരം ചൈനാക്ലേ റോഡിൽ ശ്രീനാരായണ ഗുരു മന്ദിരത്തിന് സമീപത്തായിരുന്നു നമ്മുടെ പ്രദേശത്തെ അംശാല. കന്നുകാലികളെ പിടിച്ചുകൊണ്ടുവരാൻ `കയറ്റുകാരൻ' എന്ന പേരിൽ ജോലിക്കാരനെയും ഏർപ്പെടുത്തിയിരുന്നു. സംരക്ഷണ ചിലവ് നൽകിയാൽ കാലികളെ ഉടമസ്ഥർക്ക് തന്നെ തിരിച്ചുനൽകിയിരുന്നു. തിരികെ സ്വീകരിക്കാൻ ഉടമസ്ഥർ തയ്യാറാകാത്ത സ്ഥിതിയിൽ കാലികളെ ലേലം ചെയ്തുവിൽക്കുകയാണ് ചെയ്തിരുന്നത്.

പട്ടിക 1 - പഞ്ചായത്തിലെ പശുക്കളെ സംബന്ധിച്ച് വിവരം

വാർഡ്	പശുക്കളുടെ എണ്ണം	പ്രതിദിന പാൽ ഉൽപ്പാദനം (ലിറ്റർ)	ഉല്പാദനക്ഷമത ശരാശരി (ലിറ്റർ)
1	132	168	1.27
2	127	233	1.83
3	97	379	3.90
4	62	72	1.16
5	62	187	3.01
6	37	41	1.10
7	57	180	3.15
8	106	205	1.93
9	133	369	2.77
	813	1834	

(അവലംബം : പഞ്ചായത്ത് സാമൂഹ്യ സാമ്പത്തിക സർവ്വേ-96)

സാമൂഹ്യ സാമ്പത്തിക സർവ്വേ അടിസ്ഥാനത്തിൽ 813 പശുക്കളാണ് പഞ്ചായത്തിൽ ആകെയുള്ളത്. I, II, IX വാർഡുകളിൽ പശുക്കളെ കൂടുതൽ കാണാമെങ്കിലും പാൽ ഉല്പാദനം വളരെ കുറവാണ്. വാർഡ് III-ൽ 97 പശുക്കളെ ഉള്ളൂവെങ്കിലും 379 ലിറ്റർ പാൽ പ്രതിദിന ഉല്പാദനമുണ്ട്. (ശരാശരി 3.90 ലിറ്റർ പാൽ) എന്നത് പട്ടിക I ശ്രദ്ധിച്ചാൽ കാണാം. പശുക്കളുടെ ഗുണമേന്മയും, ആവശ്യത്തിനനുസരിച്ച് തീറ്റ ലഭിക്കുന്നതുമാണ് കാരണം.

പട്ടിക 2 -

വാർഡ്	പശു	എരുമ	ആട്	കാള	പോത്ത്	തൊഴുത്ത്	പ്രതിമാസ പാൽ ഉൽപാദനം (ലിറ്ററിൽ)	പ്രതിമാസ പാൽ ഉപഭോഗം (ലിറ്ററിൽ)	കോഴി	പ്രതിമാസ മുട്ട ഉൽപാദനം (എണ്ണം)	ഉ
1	132		9			108	5040	10940	267	2212	3
2	127			4		18	6090	2906	424	1503	5
3	97	2	3	6		38	11370	10752	365	2860	7
4	62		1			12	2160	3880	150	928	3
5	62	5				16	5610	5872	252	2210	4
6	37	2	3			11	1230	6612	90	384	7
7	57			1		16	5400	5956	166	1162	5
8	106	5	1	2		49	6150	4196	150	698	4
9	133	25	1			42	11070	5304	217	1735	4
ആകെ.	813	39	18	13		310	55020	56420	2081	13692	46

പട്ടിക 2 B

വളർത്തുമൃഗങ്ങളും പക്ഷികളും

ഇനം	1987	1996
പശു	1589	813
എരുമ	67	39
ആട്	113	18
കാള	–	13
പോത്ത്	6	-
പന്നി	12	-
കോഴി	3547	2081

(87-ലെ കന്നുകാലി സെൻസസ്
96-ലെ സാമൂഹ്യ സാമ്പത്തിക സർവ്വെ)

എരുമ, ആട് എന്നിവ 1987നെ അപേക്ഷിച്ച് അപൂർവ്വമായി മാത്രമേ ഇപ്പോൾ വളർത്തുന്നുള്ളൂ. പട്ടിക 2B പ്രകാരം 1987-ൽ 1589 പശുക്കളാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്. എന്നാൽ നടപ്പുവർഷം 813 പശുക്കളായി കുറഞ്ഞതായി കാണാം. നെൽ വയലുകളിൽ വന്ന വ്യാപ്തിയിലെ കുറവ്, സങ്കരയിനം നെൽവിത്തുകൾ വ്യാപകമായി ഉപയോഗിക്കുന്നതുമൂലം വന്ന വൈക്കോലിന്റെ കുറവ്, കാലിത്തീറ്റ, പിണ്ണാക്ക് എന്നിവയുടെ അമിതമായ വിലക്കയറ്റം, ഉത്പാദന ചിലവിനനുസരിച്ച് പാലിന് വില ലഭിക്കാത്തത്, പുതിയ തലമുറ ഈ രംഗത്ത് കടന്നുവരാത്തത് എന്നിവയെല്ലാം കന്നുകാലി വളർത്തൽ കുറയാൻ കാരണമാണ്. (കാലിത്തീറ്റയുടെ വിലവർദ്ധന, പാൽവില പട്ടിക താഴെ കൊടുക്കുന്നു.)

പട്ടിക 2C

ഇനം	1986 കി. ഗ്രാമിന്	1996 കി.ഗ്രാമിന്	കർഷകന് കിട്ടുന്ന വില	
			1986 ലിറ്ററിന്	1996 ലിറ്ററിന്
കടലപ്പിണ്ണാക്ക്	3.80	10.90	3.40	8.70
കാലിത്തീറ്റ	1.97	5.95		

(അവലംബം : കണ്ണപുരം KVCS)

പഞ്ചായത്തിലെ പ്രതിമാസ പാൽ ഉല്പാദനം 55,020 ലിറ്ററും ഉപഭോഗം 56420 ലിറ്ററുമാണ് (പട്ടിക 2 നോക്കുക). ആളോഹരി ശരാശരി പ്രതിദിന പാൽ ഉപഭോഗം 97 മി.ലി. മാത്രമാണ്. പാൽ ഉല്പാദനത്തിൽ വന്ന കുറവും, ആളോഹരി പ്രതിദിന ഉപഭോഗം വർദ്ധിപ്പിക്കാനും കഴിയണമെങ്കിൽ, കന്നുകാലി വളർത്തൽ ലാഭകരമാക്കി മാറ്റി ആകർഷകമാക്കാൻ കഴിയണം. കൂടാതെ വിപണനം കാര്യക്ഷമമാക്കാൻ കഴിയണം.

31.3.90-ൽ ആണ്ട് മൃഗാശുപത്രികണ്ണപുരത്ത്സ്ഥാപിതമായത്. അതിനുമുമ്പ് ഐ.സി.ഡി.പി. (ICDP) സബ് സെന്റർ വഴിയായിരുന്നു സേവനം ലഭിച്ചുവന്നത്. കണ്ണപുരത്തിന്റെ ഏകദേശം മധ്യഭാഗത്താണ് ആശുപത്രിയെങ്കിലും എല്ലാഭാഗത്ത് നിന്നുമുള്ള കന്നുകാലി കർഷകർക്ക് ആശുപത്രിയുമായി ബന്ധപ്പെടാൻ വിഷമമുണ്ട്.

പട്ടിക – 3 മൃഗാശുപത്രിയിൽ റിപ്പോർട്ട് ചെയ്ത പശുക്കളുടെ രോഗവിവരണം.

രോഗങ്ങൾ	90-91	95-96
അകിടുവീക്കം	31	161
വയറിളക്കം	-	270
ദഹനസംബന്ധം	5	189
വിരശല്യം	256	549
ആംഫിസ്റ്റോമിയാസീസ് (പാണ്ടൻ പുഴു)	-	244
ബബിസിയോസിസ്	5	-
ഗർഭം അലസൽ	1	109
വന്ധ്യത	8	-
ആകെ	306	1531

(കണ്ണപുരം മൃഗാശുപത്രി രജിസ്റ്ററിനെ ആശ്രയിച്ച്)

2000-ത്തോളം വരുന്ന മൃഗങ്ങളെ ഒരു വർഷം OP ചികിത്സ നടത്തിവരുന്നുണ്ട്. ഡോക്ടർ വീടുകളിൽ പോയാണ് പ്രധാനമായും ചികിത്സയും. ബീജസങ്കലന കുത്തിവയ്പ്പും നടത്തുന്നത്. വിരശല്യം, ദഹന സംബന്ധമായത്, അകിടുവീക്കം എന്നിവയാണ് കന്നുകാലികളെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. ശാസ്ത്രീയമായ തൊഴുത്തില്ലാത്തതും (പട്ടിക 2-ൽ നോക്കുക) പഴകിയ രീതിയിലുള്ള പശുപരിപാലനവും, രോഗപ്രതിരോധത്തെക്കുറിച്ചുള്ള അറിവില്ലായ്മയും രോഗത്തെ ക്ഷണിച്ചുവരുത്തുകയാണ്. വിരയ്ക്കുള്ള മരുന്ന് യഥാവിധി കൊടുക്കാത്തത് വിരശല്യം കൂടിവരുന്നതായി കാണാം. ആധുനിക മരുന്ന് ആശുപത്രിയിൽ നിന്ന് ലഭിക്കാത്തതും ലബോറട്ടറി സൗകര്യം ഇല്ലാത്തതും കർഷകർക്ക് വിഷമമുണ്ടാക്കുന്നു. ബീജസങ്കലനത്തിന് ഉപയോഗിക്കുന്ന ബീജത്തിന്റെ ഗുണക്കുറവും പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ചെറുകുന്ന് പഞ്ചായത്തിലെ കന്നുകാലി കർഷകരും ഈ ആശുപത്രിയെയാണ് ആശ്രയിക്കുന്നത്.

പട്ടിക 3A
കൃത്രിമ ബീജസങ്കലന വിവരങ്ങൾ 95-96

ഇനം	ബീജസങ്കലനം നടത്തിയവ	2-ൽ കൂടുതൽ തവണ ബീജസങ്കലനം നടത്തിയവ	ആകെ
പശു എരുമ	408	20	428

(അവലംബം – മൃഗാശുപത്രി രജിസ്റ്റർ)

പേപ്പട്ടി ശല്യം കുറച്ചു മാസങ്ങൾക്ക് മുൻപ് നമ്മുടെ പ്രദേശത്ത് വ്യാപകമായി ഉണ്ടായിരുന്നു. നിരവധി ആളുകളെയും, മൃഗങ്ങളെയും കടിച്ച് പരിക്കേൽപ്പിക്കുന്ന സ്ഥിതി ഉണ്ടായതിനെ തുടർന്ന്, ഗ്രാമ പഞ്ചായത്തിന്റെയും, മൃഗാശുപത്രിയുടെയും നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ വാർഡുകൾ തോറും ബോധവൽക്കരണം നടത്തി വീട്ടിൽ വളർത്തുന്ന മുഴുവൻ നായ്ക്കൾക്കും കുത്തിവെയ്പ് നടത്താനും, ലൈസൻസ് എടുപ്പിക്കാനും കഴിഞ്ഞു. അലഞ്ഞു തിരിയുന്ന പട്ടികളെയും നശിപ്പിച്ചു. എങ്കിലും അലഞ്ഞുതിരിയുന്ന പട്ടികളുടെ പ്രശ്നം പഞ്ചായത്തിനകത്ത് ഇപ്പോഴുമുണ്ട്. കുറുക്കനും പ്രശ്നമാണ്.

പട്ടിക പേവിഷബാധ പ്രതിരോധവും ചികിത്സയും 95-96

വിവരം	പശു	ആട്	പട്ടി	ആകെ
പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം	-	-	177	177
കടിയേറ്റതിനുശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം	14	16	14	44

പട്ടിക 4A വളർത്തുപട്ടികളുടെ വിവരം

വാർഡ്	പട്ടികളുടെ എണ്ണം
I	8
II	15
III	8
IV	16
V	10
VI	21
VII	11
VIII	18
IX	12
	119

(അവലംബം : വികസന സർവെ - 96)

പാൽ സംഭരണ വിതരണം :

കണ്ണപുരത്ത് പാൽ സംഭരണവിതരണം ചെയ്യുന്ന പ്രധാന സഹകരണ സംഘമാണ് കണ്ണപുരം ക്ഷീര വ്യവസായ സഹകരണ സംഘം. ഇതിന്റെ പ്രവർത്തനം കണ്ണപുരം, ചെറുകുന്ന് പഞ്ചായത്തുകളിലാണ്. 6 സംഭരണകേന്ദ്രമാണ് ഉള്ളത്. സംഘത്തിന്റെ 1992 മുതൽ 96 വരെയുള്ള പാൽ സംഭരണ-വിതരണത്തിന്റെയും കാലിത്തീറ്റ വില്പനയുടെ വിവരണം താഴെ കൊടുക്കുന്നു. (പട്ടിക 5)

പട്ടിക 5

കണ്ണപുരം ക്ഷീരവ്യവസായ സഹകരണസംഘം - പ്രവർത്തനം

വർഷം	സംഭരണം പ്രതിദിനം (ലിറ്റർ)	വില്പന പ്രതിദിനം (ലിറ്റർ)	ഉല്പാദക മെമ്പർമാർ	തീറ്റ വില്പന Rs.	Ps.
1992	1387	1381	264	132355	25
1993	1409	1403	272	148871	25
1994	1510	1493	295	148[illegible]	91
1995	1468	1441	284	174480	80
1996	1555	1540	279	18740	86

(അവലംബം - KVCS)

ഉല്പാദക മെമ്പർമാർ 1992-നെക്കാളും കൂടുതലാണെങ്കിലും 94-നെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായി കാണാം. എന്നാൽ പാലിൽ കുറവുവരുന്നില്ല എന്നുമാത്രമല്ല വർദ്ധനവ് ഉണ്ട് താനും. അതായത് അത്യുത്പാദനശേഷിയുള്ള പശുക്കൾ ഒരു കാരണമാണ്. നടപ്പുവർഷം കണ്ണപുരത്ത് മാത്രമായി 965 ലിറ്റർ പാലാണ് (ഉല്പാദകമെമ്പർമാർ 174) വിതരണം ചെയ്യുന്നത്. പ്രൈവറ്റ് പാൽ വിതരണ ഏജൻസി 130 ലിറ്ററും. മിൽമ 365 ലിറ്ററും വില്പന നടത്തുന്നുണ്ട്. നിരവധിപേർ പാൽപ്പൊടിയെയും ആശ്രയിക്കുന്നുണ്ട് എന്ന് വ്യക്തമാണ്. പശു പരിപാലനം ചിലവുകുറഞ്ഞതും. ലാഭകരവും ആയാൽ മാത്രമേ നമുക്ക് പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടാൻ കഴിയൂ.

കണ്ണപുരത്ത് ഗോബർ ഗ്യാസ് പ്ലാന്റ് ഇല്ല. 2-3 കന്നുകാലികളുള്ള കർഷകർക്ക് ഗോബർ ഗ്യാസ് സ്ഥാപിക്കാവുന്നതാണ്. ആവശ്യമായ ബോധവത്ക്കരണം നടത്തിയാൽ കൂറെ വീടുകളിലെങ്കിലും വെളിച്ചത്തിനും പാചകത്തിനും വേണ്ടുന്ന ഇന്ധനത്തിനും വഴികണ്ടെത്താനാവും. ഗ്യാസ് ഉല്പാദിപ്പിച്ചതിനുശേഷം വരുന്ന ചാണകം ഉപയോഗിച്ച് കമ്പോസ്റ്റ് നിർമ്മിക്കാനും കഴിയും.

കോഴി

മുൻകാലങ്ങളിൽ മിക്കവീടുകളിലും മുട്ടയ്ക്ക് വേണ്ടി കോഴികളെ വളർത്തിയിരുന്നു. സ്ത്രീകൾ കോഴി മുട്ട വിറ്റായിരുന്നു വീട്ടിലെ അടുക്കള ചിലവ് കുറച്ചെങ്കിലും നിർവ്വഹിച്ചത്. 2081 മുട്ട കോഴികളെയാണ് പഞ്ചായത്തിൽ വളർത്തുന്നത് എന്ന് സാമൂഹ്യസാമ്പത്തിക സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട് (പട്ടിക 2). 424 കോഴികളെ വളർത്തി 2-ാം വാർഡ് മുമ്പിൽ നിൽക്കുമ്പോൾ 90 കോഴികളെ മാത്രം പോറ്റി 6-ാം വാർഡ് ഏറ്റവും പിന്നിൽ നിൽക്കുന്നതായും കാണാം. സാമ്പത്തികമായ വളർച്ച, കോൺക്രീറ്റ് വീട്, ആധുനികത എന്നിവ അടുക്കള കോഴിവളർത്തലിൽ നിന്നും പിൻവാങ്ങുന്നതിന് മുഖ്യകാരണങ്ങളാണ്. നമ്മുടെ മുട്ട ഉപഭോഗം പ്രതിമാസം 46076 എണ്ണമാണെങ്കിൽ ഉല്പാദനം നാമമാത്രമാണ് 13692 മുട്ട മാത്രം. നമുക്കാവശ്യമായ മുട്ട നാം തന്നെ ഉണ്ടാക്കാൻ കഴിയണമെങ്കിൽ കോഴിവളർത്തൽ വ്യാപകമാക്കണം.

ഇറച്ചിക്കോഴി വളർത്തൽ വ്യാവസായികമായി നടത്തുന്ന മൂന്ന് യൂണിറ്റുകളാണ് പഞ്ചായത്തിലുള്ളത്. ലാഭകരമായി നടത്താമെങ്കിലും ചില മാസങ്ങളിലെങ്കിലും കർഷകർക്ക് വിപണനപ്രയാസം നേരിടുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കോഴികളെ കൊണ്ടുവരുന്നതിന് നിയന്ത്രണം കർശനമാക്കുകയും, കോഴിക്കുഞ്ഞുങ്ങളെ നമ്മുടെ സംസ്ഥാനത്തിനകത്ത് നിന്ന് ലഭിക്കാനും തീറ്റ സൗജന്യനിരക്കിൽ ലഭിക്കാനും കഴിഞ്ഞാൽ പുതിയ സംരംഭകരെ കണ്ടെത്താൻ കഴിയും. ഇറച്ചി കോഴി വിൽക്കുന്ന 4 സ്ഥാപനങ്ങളാണ് കണ്ണപുരത്തുള്ളത്.

1. പ്രശ്നങ്ങൾ :

1. തീറ്റപ്പുൽ ക്ഷാമം
2. വൈക്കോലിന്റെ വിലക്കയറ്റം
3. കാലിത്തീറ്റ, കോഴിത്തീറ്റ അമിതമായ വിലവർദ്ധനവ്, ഗുണക്കുറവ്
4. ചികിത്സ ചിലവേറുന്നു
5. മൃഗാശുപത്രിയിൽ ആവശ്യത്തിനുള്ള മരുന്ന് ലഭ്യമല്ല.
6. മൃഗാശുപത്രിയിൽ ഫോൺ സൗകര്യം ഇല്ല. ഹത ബീജസങ്കലനം നടത്താൻ ഇടക്കെണിയില്ല.
7. കുത്തിവെയ്ക്കുന്ന ബീജം ഗുണനിലവാരം പുലർത്തുന്നില്ല.
8. കന്നു കുട്ടികൾക്ക് സൗജന്യനിരക്കിലുള്ള തീറ്റ തുടർച്ചയായി ലഭിക്കുന്നില്ല. വിലവർദ്ധനവിനനുസരിച്ച് സബ്സിഡി വർദ്ധിക്കുന്നില്ല.
9. മൃഗാശുപത്രി ഡോക്ടറുടെ സേവനം എല്ലായിപ്പോഴും ലഭ്യമല്ല.
10. വെള്ളക്ഷാമം തീറ്റപ്പുൽ കൃഷിക്ക് തടസ്സമാകുന്നു.
11. ഉദാരവ്യവസ്ഥയിൽ കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം ലഭിക്കുന്നില്ല.
12. ഉൽപാദനചിലവിനനുസരിച്ച് പാലിന് വില ലഭിക്കുന്നില്ല.

13. പാൽ സംഭരണ കേന്ദ്രം വേണ്ടത്ര ഇല്ലാത്തത് വിഷമമുണ്ടാക്കുന്നു.
14. Day O:d ഇറച്ചി കോഴികുഞ്ഞുങ്ങളെ സംസ്ഥാനത്തിനകത്ത് നിന്ന് കിട്ടാത്തത്.
15. പട്ടികൾ അലഞ്ഞുതിരിയുന്നത് പേപ്പട്ടി ശല്യം ഉണ്ടാക്കുന്നു. കുറുക്കനും പ്രശ്നമാണ്.
16. വൈക്കോലിന്റെ വില്പനനികുതി.

സാധ്യതകൾ

1. കാലിത്തീറ്റ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുന്നതിന് പ്രാദേശികമായി ലഭിക്കുന്ന സാധനങ്ങൾ ഉപയോഗിച്ച് ചെറിയ കാലിത്തീറ്റ യൂണിറ്റ് സ്ഥാപിക്കാം (തേങ്ങാ പിണ്ണാക്ക്, ചക്കക്കുരു, കശുമാങ്ങ മുതലായവ). ക്ഷീരസംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നതാണ്.

2. വീട്ടുവളപ്പിൽ തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കാം. തരിശുഭൂമിയും ഉപയോഗിക്കാവുന്നതാണ്. (ഇടക്കേപ്പുറം പൂന്നമ്പികോവ്വൽ etc.)

3. വൈക്കോൽ/പച്ചപ്പുൽ സംഭരിച്ച് വിതരണം നടത്താൻ സംവിധാനം.

4. കന്നുക്കുട്ടികൾക്കുള്ള സൗജന്യനിരക്കിലുള്ള കാലിത്തീറ്റ വിതരണ പദ്ധതി തുടർച്ചയായി ഗുണഭോക്താക്കൾക്ക് കിട്ടുന്നസ്ഥിതി വേണം. (കന്നുക്കുട്ടികളുടെ ജനനം മൃഗാശുപത്രി/ക്ഷീരസംഘം എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്യുകയും രജിസ്റ്റർ ചെയ്തത് മുതൽ പ്രസവിക്കുന്നതുവരെ തീറ്റ കൊടുക്കുന്നത് ആലോചിക്കാം.)

5. അകിടുവീക്കത്തിനെതിരെ എല്ലാ കന്നുകാലി കർഷകർക്കും പകുതി വിലയ്ക്ക് പ്രതിരോധ കിറ്റ് കൊടുക്കാം.

6. മൃഗവിജ്ഞാപനകേന്ദ്രം മൃഗാശുപത്രിയോടനുബന്ധിച്ച് തുടങ്ങി ബോധവത്ക്കരണം കാര്യക്ഷമമാക്കാം.

7. ചെമ്മരവയൽ/മൊട്ടമ്മൽ പ്രദേശത്ത് ICDP സബ്സെന്റർ സാധ്യത പരിശോധിക്കണം.

8. മൃഗാശുപത്രിയിൽ ലബോറട്ടറി സ്ഥാപിക്കാനും, ഫോൺ ഏർപ്പെടുത്താനും കഴിയണം.

9. മൃഗാശുപത്രിയിൽ ഒരു ക്ലാർക്കിനെ നിയമിക്കാം.

10. 24 മണിക്കൂറും ഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം.

11. ആവശ്യമായ മരുന്നുകൾ ആശുപത്രിയിൽ നിന്നും കിട്ടുന്ന സ്ഥിതിയുണ്ടാകണം.

12. കന്നുകാലികളെ മുഴുവനും മാസ്റ്റർ ഇൻഷൂർ ചെയ്യാവുന്നതാണ്. (വിഹിതം = പഞ്ചായത്ത് + ക്ഷീര സംഘം + ഉടമസ്ഥർ)

13. കാലിത്തീറ്റ/കോഴിത്തീറ്റ ഗുണമേന്മ പരിശോധനാ സംവിധാനം നടപ്പിലാക്കാം.

14. വന്ധ്യതാ നിവാരണത്തിന് ബ്ലോക്ക് കേന്ദ്രമായി സഞ്ചരിക്കുന്ന ക്ലിനിക്ക് സ്ഥാപിക്കാം.

15. സാമൂഹ്യ വനവത്ക്കരണ പദ്ധതിയായി ഫോസർ വൃക്ഷങ്ങൾ പ്ലാവ് മുതലായവ റോഡരികിലും തരിശുഭൂമിയിലും വെച്ചുപിടിപ്പിക്കാം.

16. വന്ധ്യതമൂലം ഇറച്ചിവിലയ്ക്ക് കന്നുകാലികളെ വിൽക്കുന്ന ഉടമസ്ഥർക്ക് പ്രതിഫലം കൊടുക്കാവുന്നതാണ്.

17. ഡയറി യൂണിറ്റുകൾ ആരംഭിച്ച് പാൽ ഉൽപാദനം കൂട്ടാവുന്നതാണ്.

18. പഞ്ചായത്തിലെ എല്ലാ ആലകളും സിമന്റിടാൻ സാമ്പത്തികസഹായം അനുവദിക്കാം.

19. ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

20. ഇറച്ചി കോഴി യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കാം.

21. വീട്ടുമുറ്റത്ത് കോഴിവളർത്തൽ പദ്ധതി, ഒരു വീട്ടിൽ 5കോഴി പരിപാടി കാര്യക്ഷമമാക്കാം.

22. ഇറച്ചി കോഴികൾക്ക് ആവശ്യമായ പ്രതിരോധ മരുന്നുകൾ ആശുപത്രിയിൽ ലഭ്യമാക്കാം.

23. അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ വാക്സിനേഷൻ കുത്തിവെയ്പ് പരിശീലനം നടത്തി, മൃഗങ്ങൾക്ക് വീടുകളിൽ ചെന്ന് പ്രതിരോധ കുത്തിവെയ്പ് സംവിധാനം നടപ്പിലാക്കാം. (നിശ്ചിത ഫീസ് നിശ്ചയിക്കാം.)

24. ഇറച്ചിക്കോഴി ഹാച്ചറി സ്ഥാപിക്കാം. (ജില്ലാതലത്തിൽ)

25. കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത പഞ്ചായത്തിൽ ഉറപ്പുവരുത്താൻ മുട്ടക്കോഴികളെ വിതിയിക്കുന്ന സംവിധാനം പഞ്ചായത്തിൽ നടപ്പിലാക്കാം.

26. ഇറച്ചി, മുട്ട, മത്സ്യം വില്പനയ്ക്ക് ശാസ്ത്രീയമായ മീറ്റ് സ്റ്റാൾ തുടങ്ങാം. (മീറ്റ് മാർക്കറ്റിംഗ് സഹകരണ സംഘം രൂപീകരിക്കാം.)

27. ശാസ്ത്രീയമായ അറവുശാല വേണം. വേസ്റ്റ് ഉപയോഗിച്ച് (രക്തം, എല്ല്) ജൈവവസ്തു സംസ്ക്കരണ യൂണിറ്റ് ജില്ലാതലത്തിൽ തുടങ്ങാം.

28. എഗ്ഗർ നഴ്സറി സ്ഥാപിക്കാം.

29. പട്ടികളെ യഥാസമയം കുത്തിവെയ്പ് നടത്തി ലൈസൻസ് നൽകുകയും വേണം.

30. ഇറച്ചി ആട് വളർത്തൽ സ്ഥാപിക്കാം.

31. വർഷകാലത്ത് കൂടുതൽ വരുന്ന പച്ചപ്പുൽ സൈലേജ് ആക്കി സൂക്ഷിക്കാവുന്നതാണ്.

32. കാളക്കുട്ടി പരിപാലന പദ്ധതി ആരംഭിക്കാവുന്നതാണ് (ഇറച്ചിക്കുവേണ്ടി)

33. 'ഒരു കൂട കീഴിൽ' (പശു, ആട്, മുട്ടക്കോഴി, ഇറച്ചിക്കോഴി വളർത്തുക, വിപണനം ചെയ്യുക, പാൽ ഉപോല്പന്നം നിർമ്മിച്ച് വിതരണം ചെയ്യുക) പഞ്ചായത്ത് ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കണം.

മത്സ്യബന്ധനം

മത്സ്യബന്ധനം

കണ്ണപുരം പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് തെക്കുംമ്പാട് പുഴയും കിഴക്ക് കീഴറയുടെ അതിർത്തിയിലൂടെ കുറ്റിക്കോൽ പുഴയും ഒഴുകുന്നു. ചെറുതും വലുതുമായ 19 തോടുകളും 34 സ്വകാര്യ പൊതു ക്ഷേത്രകുളങ്ങളും ഉണ്ട്. ഉൾനാടൻ മത്സ്യബന്ധനത്തിനുള്ള മുഖ്യ സ്രോതസ്സ് ഇവയൊക്കെയാണ്. വല ഉപയോഗിച്ചും ചൂണ്ടയിട്ടും ആണ് ആദ്യകാലത്ത് മത്സ്യം പിടിച്ചിരുന്നത്. ചില പ്രത്യേകവിഭാഗം സ്ത്രീകൾ ചെമ്മീൻ തപ്പി വിറ്റ് ഉപജീവനം കഴിച്ചുവരുന്നുണ്ട്. കാവുമുനമ്പ്, ഇരിണാവ് തോട്, തെക്കുമ്പാട് പുഴ എന്നിവിടങ്ങളിൽ നിന്നും മത്സ്യം പിടിച്ച് വിൽക്കുന്ന രീതിയാണ് ഉണ്ടായിരുന്നത്. എല്ലായിപ്പോഴും യഥേഷ്ടം മത്സ്യം ലഭിക്കായ്മ ഉപജീവനത്തിന് പ്രയാസം നേരിടുന്നു. അതുകൊണ്ട് തന്നെ മത്സ്യം പിടിച്ച് വിറ്റുവന്നിരുന്ന തൊഴിലാളികൾ പുതിയങ്ങാടി, കണ്ണൂർ കടപ്പുറം എന്നിവിടങ്ങളിൽ നിന്ന് കടൽ മത്സ്യം കൊണ്ട് വന്ന് വിപണനം നടത്തുന്ന സ്ഥിതിയുണ്ടായി. ചെമ്മീൻ, പരൽ, ഇരിമീൻ, ചെമ്പല്ലി, കൈച്ചൽ, ഏട്ട മുതലായ ഇനം മത്സ്യങ്ങളും ഞണ്ടുകളുമാണ് പഞ്ചായത്തിൽ കൂടുതലായും കിട്ടിവരുന്നത്. മത്സ്യം പിടിക്കുന്നതും വിൽക്കുന്നതുമായ 189 തൊഴിലാളികളാണ് ഉള്ളത്.

പഞ്ചായത്തിൽ 1773 ഏക്കർ കൈപ്പാട്, നഞ്ച് നിലമാണ് നമുക്ക് ഉള്ളത്. വളരെ കുറച്ച് സ്ഥലമാണ് ചെമ്മീൻ കൃഷിക്ക് ഉപയോഗിക്കുന്നത്. അമ്പലപ്പുറം കേളം കുറിൽ 5 ഏക്കർ സ്വകാര്യ ചെമ്മീൻ കൃഷി ആധുനിക രീതിയിൽ നടത്തുന്നുണ്ട്. ഇനിയും ഒരുപാട് വികസന സാധ്യതയുള്ള പ്രദേശമാണ് കേളം കുർ. കീഴറയിലെ മുക്കോല കണ്ടിയിൽ നിന്നും ചെമ്മീൻ പിടിക്കുന്നുണ്ട്. 1980-ൽ ആണ് മുക്കോലക്കണ്ടി നിലവിൽ വന്നത്. കീഴറ കൈപ്പാട് കർഷകസമിതിയുടെ നേതൃത്വത്തിലാണ് ഇത് ആരംഭിച്ചത്. ചെമ്മീൻ തപ്പുന്ന പ്രത്യേക വിഭാഗം സ്ത്രീകളുടെയും മറ്റും എതിർപ്പ് തുടക്കത്തിൽ ഉണ്ടായി പ്രശ്നം കോടതിയിൽ എത്തുകയും പിന്നീട് പഞ്ചായത്ത് മുൻകൈഎടുത്ത് മധ്യസ്ഥവായി പ്രശ്നം പരിഹരിക്കുകയും ചെയ്തു. കണ്ടി ലേലം ചെയ്ത് കൊടുക്കുന്നതിന്റെ 40% കർഷകർക്കും 40% പഞ്ചായത്തിനും 20% അറ്റകുറ്റപണിക്കും വിഹിതം നിശ്ചയിച്ചത്. പഞ്ചായത്തിന് ലഭിക്കുന്ന വിഹിതത്തിന്റെ 20% പട്ടികജാതിക്കാരുടെ വികസനപ്രവർത്തനത്തിനാണ് വിനിയോഗിക്കുന്നത്. 1996-ൽ കണ്ടി ലേലം 252110 രൂപയും മത്സ്യമാർക്കറ്റ് വഴി 14400 രൂപയും പഞ്ചായത്തിന് വരുമാനം ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിലായി 5 സ്ഥലത്താണ് വില്പന നടത്തുന്നത്. ചെറുകുന്ന് തറക്ക് പഞ്ചായത്ത് മത്സ്യ മാർക്കറ്റും സ്ഥിതി ചെയ്യുന്നു. മഴക്കാലത്ത് വ്യാപാരം നടത്തുന്നതിന് പ്രയാസം നേരിടുന്നുണ്ട്. കെട്ടിടത്തിന്റെ സൗകര്യം വർദ്ധിപ്പിക്കണം. മൃഗങ്ങളെയും മറ്റും ഇവിടെ വച്ചു തന്നെ അറുക്കുന്ന സ്ഥിതിയുണ്ട്. ശാസ്ത്രീയമായ അറവ്ശാല നിർമ്മിച്ച് ഇതിന് പരിഹാരം കാണണം.

പഞ്ചായത്തിൽ തരിശ്ശായിക്കിടക്കുന്ന കൈപ്പാടുകൾ ചെമ്മീൻകൃഷിക്ക് ഉപയോഗിക്കാൻ സാധിക്കണം. അമ്പലപ്പുറത്തുള്ള ആവിതോട് ഇറിഗേഷൻ വകുപ്പിന് കൈമാറിയതാണ്. ആയത് ഏറ്റെടുത്ത് വിപുലമായ രീതിയിൽ ചെമ്മീൻകൃഷി നടത്തണം. അതുവഴി ലഭിക്കുന്ന വരുമാനം പഞ്ചായത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. കൂടാതെ പൊതുകുളങ്ങളിലും ക്ഷേത്രക്കുളങ്ങളിലും ശുദ്ധജല മത്സ്യകൃഷി സാധ്യത പരിശോധിക്കേണ്ടതായുണ്ട്.

പ്രശ്നങ്ങൾ :

1. ചെമ്മീൻ വളർത്തൽ നെൽകൃഷിയെ ബാധിക്കുമോ എന്ന ആശങ്ക.
2. കുടിവെള്ളത്തിന് ഭീഷണിയാകുന്നു.
3. മത്സ്യവിപണകേന്ദ്രത്തിന്റെ ദുർഗന്ധം ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്നു.

4. മത്സ്യമാർക്കറ്റ് സൗകര്യമില്ലായ്മ.

5. മത്സ്യസഹകരണസംഘത്തിന്റെ അഭാവം

സാധ്യതകൾ :

1. മത്സ്യകൃഷിക്ക് അനുയോജ്യമായ കൈപ്പാടുകൾ പഞ്ചായത്തിന്റെ 3 വാർഡുകളിലെങ്കിലും ഉണ്ട്, ഉപയോഗപ്രദമാക്കണം.

2. തോടുകളിൽ തടയണകൾ കെട്ടിനിർത്തിയ ശുദ്ധജലത്തിൽ നാല് അഞ്ച് മാസം കൊണ്ട് വളർച്ചയെത്തുന്ന മത്സ്യങ്ങളെ വളർത്തുന്നത് പരീക്ഷിക്കാവുന്നതാണ്.

3. കൈപ്പാട് നെൽകൃഷിയോടൊപ്പം ആറ്റുകൊഞ്ചിനെ വളർത്തുന്നത് ആലോചിക്കാം.

4. ബണ്ട് കെട്ടി മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കാം.

5. അലങ്കാരമത്സ്യകൃഷി യൂണിറ്റ് സാധ്യത പരിശോധിക്കുക.

6. സ്വകാര്യക്ഷേത്ര-പൊതുകുളങ്ങളിൽ സാമൂഹ്യമത്സ്യകൃഷി പദ്ധതി ജനകീയകമ്മറ്റി രൂപീകരിച്ച് നടപ്പിലാക്കാം.

7. ആമ്പല്ലപ്പുറം ആവിതോടിൽ വിപുലമായി കാരച്ചെമ്മീൻ കൃഷിക്ക് ഉപയോഗപ്പെടുത്താം.

8. സഹകരണ അടിസ്ഥാനത്തിൽ മത്സ്യവിപണന സാധ്യത പരിശോധിക്കാം. (മീറ്റ് മാർക്കറ്റിംഗ് സൊസൈറ്റി)

9. ശാസ്ത്രീയമായി കല്ലുമ്മക്കായ കൃഷി ആരംഭിക്കാവുന്നതാണ്.

10. മത്സ്യത്തൊഴിലാളി സഹകരണസംഘം രൂപീകരിക്കുക.

11. ശാസ്ത്രീയമായ ഞണ്ട് വളർത്തൽ പ്രോത്സാഹിപ്പിക്കുക.

വിദ്യാഭ്യാസം

ചരിത്രപശ്ചാത്തലം :

വിദ്യാഭ്യാസ മേഖലയിൽ തനതായ പാരമ്പര്യം അവകാശപ്പെടാൻ കഴിയുന്ന കണ്ണപുരം പഞ്ചായത്തിൽ 19-ാം നൂറ്റാണ്ടിൽ തന്നെ ഇന്ന് തുടർന്നുവരുന്ന വിദ്യാലയങ്ങളിൽ മുന്നെണ്ണവും സ്ഥാപിക്കപ്പെട്ടിരുന്നു. എഴുത്തച്ഛൻ പള്ളിക്കൂടങ്ങൾ എന്നറിയപ്പെട്ടിരുന്ന അന്നത്തെ എഴുത്തുപള്ളിക്കൂടങ്ങളാണ് പിൽക്കാലത്ത് അംഗീകൃത വിദ്യാലയങ്ങളായി മാറിയത്. എഴുത്തുപള്ളിക്കൂടങ്ങൾ ആരംഭിച്ച വർഷം കൃത്യമായി രേഖപ്പെടുത്താൻ കഴിയുകയില്ല. മാണിക്കോത്ത് രാമൻ എഴുത്തച്ഛൻ കണ്ണപുരം ഈസ്റ്റിൽ (മൊട്ടമ്മൽ) ആരംഭിച്ച പള്ളിക്കൂടമാണ് കണ്ണപുരത്തെ ആദ്യത്തെ ഔപചാരിക വിദ്യാലയം എന്ന് കരുതപ്പെടുന്നു. ഏതാണ്ട് ഇതേകാലഘട്ടത്തിൽ തന്നെ അഴിക്കോട്ടുകാരനായ മുള്ളിക്കോടൻ രാമനെഴുത്തച്ഛൻ ഇടക്കേപ്പുറത്തും മാവിങ്കൽ രാമനെഴുത്തച്ഛൻ അമ്പലപ്പുറത്തും ഗോവിന്ദില്ലത്തുകാരുടെ വക ചുണ്ടയിലും എഴുത്തു പള്ളിക്കൂടം ആരംഭിച്ചു. കണ്ണപുരത്തിന്റെ കിഴക്കേ അതിർത്തിയായ കീഴറയിലും എഴുത്തച്ഛൻ പള്ളിക്കൂടം ആരംഭിച്ചിരുന്നുവെങ്കിലും കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

ഈ പള്ളിക്കൂടങ്ങളിൽ ഹരിജനങ്ങൾ ഒഴികെ മറ്റെല്ലാ വിഭാഗക്കാർക്കും പ്രവേശനം നൽകിയിരുന്നു. ഹരിജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി ഉന്നത ജാതിയിൽ പിറന്നവർ തന്നെഅക്കാലത്ത് പ്രവർത്തനം നടത്തിയിരുന്നു എന്നതിന് ഉത്തമ ഉദാഹരണമായിരുന്നു കീഴറയിൽ പ്രവർത്തിച്ചിരുന്ന 'ആദി ദ്രാവിഢ വിദ്യാലയം'.

എഴുത്തച്ഛൻ പള്ളിക്കൂടങ്ങൾ മലയാള അക്ഷരങ്ങളോടൊപ്പം സംസ്കൃതഭാഷയും സാഹിത്യം, ഗണിതം, ജ്യോതിഷം തുടങ്ങിയ വിഷയങ്ങളും പഠിപ്പിച്ചിരുന്നു. കുട്ടികൾ മണലും എഴുത്തോലയുമായാണ് പള്ളിക്കൂടങ്ങളിൽ പോയിരുന്നത്. മണലടി എന്ന ചടങ്ങിലൂടെ എഴുത്തച്ഛന്മാർ തുച്ഛമായ ദക്ഷിണ വാങ്ങിയിരുന്നു. ഈ പള്ളിക്കൂടങ്ങൾ എഴുത്തച്ഛന്മാർക്ക് തുടർന്ന് കൊണ്ടുപോകാൻ കഴിയാതെ വന്ന സാഹചര്യത്തിൽ പലതും പൗരമുഖ്യന്മാർ ഏറ്റെടുത്തു. അതോടെ സ്വകാര്യ മാനേജ്മെന്റ് സമ്പ്രദായത്തിലേയ്ക്ക് നീങ്ങിയ ഈ പള്ളിക്കൂടങ്ങൾക്ക് പിന്നീട് ഗവണ്മെന്റ് അംഗീകാരവും ഗ്രാന്റും ലഭിച്ചുതുടങ്ങി.

മദ്രാസ് ഗവണ്മെന്റിന്റെ കീഴിൽ ഡിസ്ട്രിക്റ്റ് ബോർഡ് രൂപീകൃതമായശേഷം ബോർഡിന്റെ കീഴിൽ സ്ഥാപിതമായ രണ്ട് വിദ്യാലയങ്ങളാണ് ബോർഡ് എലിമെന്ററിസ്ക്കൂളും ബോഡ് ഹൈസ്ക്കൂളും. പില്ലാത്ത്, ചെറുകുന്ന് സൗത്ത് ഗവ: എൽ.പി. സ്ക്കൂൾ എന്നും ചെറുകുന്ന് ഗവ: ഹൈസ്ക്കൂൾ എന്നും ഇവ പുനർ നാമകരണം ചെയ്യപ്പെട്ടു എങ്കിലും ചെറുകുന്ന് സൗത്ത് ഗവ: എൽ.പി.സ്കൂൾ ഇന്നും 'ബോർഡ് സ്കൂൾ എന്ന് വിളിക്കപ്പെടുന്നു. 1980-ൽ പെൺകുട്ടികൾക്ക് മാത്രമായി ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടതോടെ കണ്ണപുരത്ത് ചെറുകുന്ന് ഗവ: ബോയ്സ് ഹൈസ്കൂൾ, ചെറുകുന്ന് ഗവ: ഗേൾസ് ഹൈസ്കൂൾ എന്നീ രണ്ടു സ്ഥാപനങ്ങൾ പ്രവർത്തിച്ചുതുടങ്ങി. 1994-ൽ ഗേൾസ് ഹൈസ്കൂൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു.

സ്വകാര്യ മാനേജ്മെന്റിന്റെ കീഴിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിച്ചുവരുന്ന 4 വിദ്യാലയങ്ങളാണ് കണ്ണപുരത്ത് ഉണ്ടായിരുന്നത്. ഇവയിൽ അമ്പലപ്പുറത്തും ചുണ്ടയിലും പ്രവർത്തിക്കുന്ന എലിമെന്ററി സ്കൂൾ മാനേജ്മെന്റിന്റെ പ്രവർത്തനം വൈമുഖ്യം കാരണം 1940 കാലഘട്ടത്തിൽ നിർത്തൽ ചെയ്യപ്പെട്ടു. ഇതിനു മുൻപുതന്നെ തച്ചൻ കണ്ടിയാറിന് സമീപം നടത്തിവന്നിരുന്ന വിദ്യാലയവും നിർത്തൽ ചെയ്യുകയും കുട്ടികളെ ബോർഡ് എലിമെന്ററി സ്കൂളിലേയ്ക്ക് മാറ്റുകയും ചെയ്തു. എന്നാൽ അതേ കാലഘട്ടത്തിൽ തന്നെ നാട്ടുകാരുടെ ശ്രമഫലമായി ജനകീയ കമ്മിറ്റിയുടെ കീഴിൽ ഇടക്കേപ്പുറത്ത് ഒരു സ്വകാര്യ യു.പി. സ്കൂൾ സ്ഥാപിക്കുകയുണ്ടായി. ഇന്നും ജനകീയ കമ്മിറ്റി തന്നെയാണ് ഈ സ്കൂൾ നടത്തിവരുന്നത്.

കേരളപ്പിറവിയോടുകൂടി വിദ്യാഭ്യാസരംഗത്തും ഭൂപരിഷ്ക്കരണ രംഗത്തും 1957-ലെ സർക്കാർ കൊണ്ടു വന്ന പരിഷ്ക്കാരങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുകയുണ്ടായി. ഈ കാല ഘട്ടത്തിൽ വിദ്യാലയങ്ങളിൽ കുട്ടികളുടെ പ്രവേശനം ഗണ്യമായി വർദ്ധിച്ചു. ജനകീയ വിദ്യാഭ്യാസ പ്രവർത്ത നത്തിലും സാക്ഷരതാ പ്രവർത്തനത്തിലും വായന ാലകളും മറ്റു ജനകീയ പ്രസ്ഥാനങ്ങളും ഊർജ്ജസ്വല മായി പ്രവർത്തിച്ചു തുടങ്ങി. എങ്കിലും സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചത് 1990-ലെ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തോടെയാണ്.

പഞ്ചായത്തിലെ ഇന്നത്തെ വിദ്യാഭ്യാസ രംഗം വിലയിരുത്തുമ്പോൾ അതിനെ വിവിധ മേഖലകളായി പരിഗണിക്കുന്നത് സൗകര്യപ്രദമായിരിക്കും.



I വിദ്യാഭ്യാസ സ്ഥാപനങ്ങൾ

സ്കൂൾ, ബാലവാടി, അംഗനവാടി, നേഴ്സറിസ്കൂൾ

1. കല്ലുപുറം സൗത്ത് എൽ.പി. സ്കൂൾ കീഴൂർ I
2. കല്ലുപുറം നോർത്ത് യു.പി. സ്കൂൾ മരുതുകൽ II
3. ചെറുകുന്ന് ഗവ: ബോയ്സ് സെക്കൻഡറി സ്കൂൾ കല്ലുപുറം V
4. ചെറുകുന്ന് ഗവ: ഗേൾസ് സെക്കൻഡറി സ്കൂൾ കല്ലുപുറം IV
5. ചെറുകുന്ന് ഗവ. സൗത്ത് എൽ.പി. സ്കൂൾ " IV
6. തുടങ്കാട്ടുപുറം യു.പി. സ്കൂൾ. തുടങ്കാട്ടുപുറം VIII
7. തുടങ്കാട്ടുപുറം എൽ.പി. സ്കൂൾ തുടങ്കാട്ടുപുറം VIII
8. കീഴൂർ അംഗനവാടി കീഴൂർ I
9. ചെമ്മാനവയൽ കുന്നിൽ II
10. പുന്നവയൽ അംഗനവാടി II
11. ശിവമന്ദിരം ചുണ്ട III
12. തുടങ്കാട്ടുപുറം അംഗനവാടി III
13. ബന്നിക്കുന്നേൽ ഗ്രീൻവാലി ഹിന്ദു നേഴ്സറിസ്കൂൾ III
14. മരുതുകൽ അംഗനവാടി VI
15. അമ്പാടിക്കണ്ടി അംഗനവാടി VII
16. കാവുകാവ് അംഗനവാടി VII
17. നേഴ്സറി സ്കൂൾ കല്ലുപുറം VII
18. തുടങ്കാട്ടുപുറം തെക്ക് അംഗനവാടി VIII
19. തുടങ്കാട്ടുപുറം വടക്ക് അംഗനവാടി IX
20. അമ്പലപ്പുറം അംഗനവാടി IX
21. അറയ്ക്കപ്പാടം അംഗനവാടി / നേഴ്സറി XI
22. ഗവ. ആയുർവേദിക് ഡിസ്പെൻസറി, കീഴൂർ V

- വിദ്യാഭ്യാസ സ്ഥാപനങ്ങൾ -
സ്കൂൾ, ബാലവാടികൾ, അംഗനവാടികൾ, നേഴ്സറി സ്കൂളുകൾ

പ്രീ-പ്രൈമറി വിദ്യാഭ്യാസം

പഞ്ചായത്തിലെ മൂന്നു വയസ്സിനും അഞ്ചുവയസ്സിനും ഇടയിലുള്ള 543 കുട്ടികൾക്കായി 14 പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിവിധ പേരുകളിൽ പ്രവർത്തിക്കുന്നുണ്ട്. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 9 അംഗനവാടികളും പ്രൈവറ്റ് മാനേജുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ബാലവാടിയും 2 നഴ്സറികളും പഞ്ചായത്തിന്റെ കീഴിലുള്ള ഒരു ശിശുമന്ദിരവും ശിശുക്ഷേമവകുപ്പിന്റെ സഹായത്തോടെ മൊട്ടമ്മൽ ദേശപ്രിയ വായനശാല നടത്തുന്ന ഒരു ക്രെഷും ആണ് ഈ സ്ഥാപനങ്ങൾ.

പട്ടിക I

പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	പേര്	വാർഡ്	കുട്ടികളുടെ എണ്ണം	ടീച്ചർമാരുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ടീച്ചർക്ക് പരിശീലനം ലഭിച്ചിട്ടുണ്ടോ?	കെട്ടിടം	ഉച്ചഭക്ഷണം	കളിപ്പാട്ടങ്ങൾ	മൂത്രപ്പുര കക്കൂസ്	കുടിവെള്ളം കിണർ	ഉടമസ്ഥത
1	കീഴറ അംഗൻവാടി	1	38	1	1	അതെ	സ്വന്തം	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഗവ:
2	ചെമ്മരവയൽ ക്രഷ്	2	30	1	1	അതെ	വാടക	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഗവ:
3	തൃക്കോത്ത് അംഗൻവാടി	3	27	1	1	അതെ	-	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഗവ:
4	പുഞ്ചവയൽ അംഗൻവാടി	3	32	1	1	അതെ	സ്വന്തം	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഗവ:
5	ശിശുമന്ദിരം, ചൂണ്ട	3		1	1	അതെ	സ്വന്തം	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	പഞ്ചായത്ത്
6	മൊയ്തിക്ക കനോസ്സ	3	വിവരങ്ങൾ ലഭ്യമല്ല									സ്വകാര്യം
7	മൊട്ടമ്മൽ അംഗൻവാടി	4	45	1	1	അതെ	സ്വന്തം	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഗവ:
8	അന്നപൂരണി ബാലവാടി	6	63	2	1	അതെ	സ്വന്തം	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	സ്വകാര്യം
9	കാരങ്കാവ് അംഗൻവാടി	7	23	1	1	അതെ	അല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഗവ:
10	ബേബി നഴ്സറി	7	93			-	വാടക	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	സ്വകാര്യം
11	ഇടക്കേപ്പുറം തെക്ക് അംഗൻവാടി	8	45	1	1	അല്ല	സ്വന്തം	ഉണ്ട്	ഇല്ല		ഉണ്ട്	ഗവ:
12	ഇടക്കേപ്പുറം വടക്ക് അംഗൻവാടി	9	25	1	1	അതെ	സ്വന്തം	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഗവ:
13	അമ്പലപ്പുറം അംഗൻവാടി	9	30	1	1	അതെ	സ്വന്തം	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഗവ:
14	അയ്യോത്ത് അംഗൻവാടി	9	45	1	1	അതെ	സ്വന്തം	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഗവ:

ഇത്രയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രീപ്രൈമറി പ്രായക്കാരായ മുഴുവൻ കുട്ടികളെയും ഈ കേന്ദ്രങ്ങളിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ചെറിയൊരു ശതമാനം കുട്ടികൾ പട്ടണങ്ങളിലെ നഴ്സറികളിൽ പോകുന്നുണ്ട്. അംഗനവാടികളിൽ 7 എണ്ണത്തിന് സ്വന്തമായ കെട്ടിടമുണ്ട്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന അന്നപൂരണി ബാലവാടിയുടെ പ്രവർത്തനം മോശമല്ല. പഞ്ചായത്ത് നടത്തുന്ന ശിശുമന്ദിരത്തിന് നല്ലകെട്ടിടവും സ്ഥലവും ഉണ്ടെങ്കിലും ഉച്ചഭക്ഷണമില്ലാത്തതും കളിപ്പാട്ടങ്ങളുടെ കുറവും പോരായ്മകളാണ്. രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന ബേബി ക്രഷിന് സ്വന്തമായ കെട്ടിടം ഇല്ലെങ്കിലും നന്നായി പ്രവർത്തിക്കുന്നുണ്ട്. ഇംഗ്ലീഷ് മീഡിയത്തിൽ വിദ്യാഭ്യാസം നടത്തുന്ന രണ്ട് നഴ്സറി സ്കൂളുകളാണ് പഞ്ചായത്തിലുള്ളത്. മാതൃഭാഷയിലൂടെയല്ലാത്ത അനഭിലഷണീയമായ വിദ്യാഭ്യാസ രീതിയാണ് ഇവിടെ തുടരുന്നത്.

അംഗനവാടികളുടെ പ്രവർത്തനം മോശമല്ലെങ്കിലും വളരെ മെച്ചപ്പെട്ടതാണെന്ന് കാണാൻ കഴിയുകയില്ല. കെട്ടിടങ്ങളുടെ അപര്യാപ്തത, കളിപ്പാട്ടങ്ങളുടെ കുറവ്, അനാരോഗ്യകരമായ ചുറ്റുപാട് എന്നിവ മിക്ക അംഗനവാടികളെയും അലട്ടുന്നത്. അംഗനവാടിവർക്കർമാർക്കും ആയമാർക്കും തങ്ങളുടെ കൃത്യനിർവഹണത്തിന് ഈ ഭൗതിക ചുറ്റുപാടുകൾ വിഷമം സൃഷ്ടിക്കുന്നുണ്ട്.

അംഗനവാടികൾക്ക് തങ്ങളുടെ മാനസികോല്ലാസത്തിനും ബുദ്ധിവികാസത്തിനും വേണ്ട വിനോദപ്ര വർത്തനങ്ങളാണ് ഈ കേന്ദ്രങ്ങളിൽ നടത്തേണ്ടത്. എന്നാൽ ഈ പ്രവർത്തനങ്ങൾക്കുപുറമെ എഴുത്ത്, വായന തുടങ്ങിയ അനഭിലഷണീയമായ പ്രവർത്തനങ്ങൾ ചില അംഗനവാടികളിൽ നടക്കുന്നുണ്ട്.

പൊതുവിദ്യാഭ്യാസം

5നും 15നും ഇടയിൽ പ്രായമുള്ള 3211 കുട്ടികളാണ് ഈ പഞ്ചായത്തിൽ ഉള്ളത് എന്ന് വികസന സർവേ യിലൂടെ കണ്ടെത്തിയിട്ടുണ്ട്. അവർക്ക് ഔപചാരിക വിദ്യാഭ്യാസം ലഭിക്കുന്നതിനായി ഏഴ് വിദ്യാഭ്യാസസ്ഥാ പനങ്ങൾ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു.

പട്ടിക II
സ്ക്കൂൾ സമ്പന്ധമായ പൊതുവിവരങ്ങൾ

ക്രമനമ്പർ	പേര്	സ്ഥാപിതവർഷം	ഭരണം	ക്ലാസ്	വിദ്യാർത്ഥികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം				ലൈബ്രറി	കമ്പ്യൂട്ടർ
					ആൺ	പെൺ	ആകെ	ഡിവിഷൻ	പുരുഷ	സ്ത്രീ	ആകെ			
1	ഗവ: ബോയ്സ് ഹൈസ്കൂൾ ചെറുകുന്ന്.	V	ഗവ:	V to X	1206	—	1206	30	25	20	45	46	1	—
2.	ഗവ: ഗേൾസ് വൊക്കേഷണൽ ഹയർ സെക്കന്ററിസ്കൂൾ ചെറുകുന്ന്.	VI	ഗവ:	V to XII	—	1370	1370	45	21	27	48	51	3	—
3	ഗവ: ഫ്രീ. പി. സ്കൂൾ ചെറുകുന്ന് സൗത്ത്.	VI	ഗവ:	I to IV	181	165	346	10	2	8	10	10	—	—
4	കണ്ണപുരം നോർത്ത് ഫ്രീ. പി. സ്കൂൾ	I	എയ്ഡഡ്	I to V	62	77	139	5	3	2	5	5	-	-
5	കണ്ണപുരം സൗത്ത് യു. പി. സ്കൂൾ	II	"	I to VII	242	226	468	14	4	15	19	18	—	1
6	ഇടനേപ്പറമ്പ് യു. പി. സ്കൂൾ	VII	"	V to VII	171	140	311	9	5	10	15	13	—	2
7	ഇടനേപ്പറമ്പ് ഫ്രീ. പി. സ്കൂൾ	VIII	"	I to IV	121	126	247	8	3	5	8	8	—	—
8					1983	2104	4087	121	63	87	150	157	4	3

ഇതിനുപുറമെ അംഗീകാരമില്ലാതെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഒരു ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്ക്കൂളും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ കുട്ടികൾക്ക് പുറമെ കല്ല്യാശ്ശേരി, മാട്ടൂൽ, ചെറുകുന്ന് അന്തൂർ എന്നീ പഞ്ചായത്തുകളിൽ നിന്നും വളരെയേറെ കുട്ടികൾ ഈ സ്ഥാപനങ്ങളിൽ എത്തുന്നുണ്ട്. പട്ടണങ്ങ ളിലും മറ്റുമുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളിലേയ്ക്ക് പോകുന്ന കുട്ടികളുടെ എണ്ണവും തീരെ കുറവല്ല. വാർഡ ടിസ്ഥാനത്തിൽ പരിശോധിച്ചാൽ 3,4,9 എന്നീ വാർഡുകളിൽ വിദ്യാലയങ്ങൾ ഇല്ലെങ്കിലും ഒന്നാം വാർഡി ന്റെയും മൂന്നാം വാർഡിന്റെയും ചില ഭാഗങ്ങളിലുള്ള കുട്ടികൾക്ക് മാത്രമെ ലോവർ പ്രൈമറി വിദ്യാലയങ്ങ ളിൽ എത്തിപ്പെടാൻ വിഷമം അനുഭവപ്പെടുന്നുള്ളു.

ഭൗതികസ്ഥിതി:

സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ സംതൃപ്തമായ അവസ്ഥ കാണാൻ കഴിയുകയില്ല. എയിഡഡ് വിദ്യാലയങ്ങളായ K.N.L.P.S., K.E.U.P.S., E.L.P.S. എന്നിവയുടെ കെട്ടിടങ്ങൾ ഒന്നും തന്നെ സുരക്ഷിതമല്ല. കെട്ടിടങ്ങൾക്ക് വേണ്ടത്ര ഉയരവും ക്ലാസ്മുറികൾക്ക് വിസ്തൃതിയുമില്ല. കാറ്റും വെളിച്ചവും കിട്ടാൻ തന്നെ പ്രയാസം അനുഭവപ്പെടുന്നു. പ്രി.കെ.ഇ.ആർ. എന്ന ആനുകൂല്യം വെച്ച് തുടർന്നുപോകുന്ന സ്ഥിതിയാണ് ഉള്ളത്. ഗവ: സ്കൂളുകളായ G.B.H.S., G.G.V.H.S.S., G.L.P.S. എന്നിവയിൽ കെട്ടിടങ്ങൾ താരതമ്യേന ഭദ്രമായതും സൗകര്യപ്രദവുമാണ്. എന്നാൽ G.G.V.H.S.S.-ലെ കോൺക്രീറ്റ് കെട്ടിടം അപകടനിലയിലായിരിക്കുകയാണ്. മാത്രമല്ല വേണ്ടത്ര കെട്ടിടസൗകര്യം ഇല്ലാത്തതിനാൽ അവിടെ ഷിഫ്റ്റ് സമ്പ്രദായത്തിലാണ് ക്ലാസ്സ് നടക്കുന്നത്. G.B.H.S.-ലെ നാല് കെട്ടിടങ്ങൾ അർദ്ധസ്ഥിരാവസ്ഥയിൽ ആയതിനാൽ മഴക്കാലത്ത് വിഷമം അനുഭവപ്പെടുക മാത്രമല്ല ക്ലാസ്സ് മുറികളിൽ കുട്ടികൾക്ക് ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയാത്ത അവസ്ഥയും ഉണ്ട്.

വൈദ്യുതീകരിക്കാത്ത ഒരു വിദ്യാലയം മാത്രമെ പഞ്ചായത്തിൽ ഉള്ളൂ. എല്ലാ വിദ്യാലയത്തിലും മൂത്രപ്പുരകൾ ഉണ്ടെങ്കിലും കുട്ടികളുടെ അംഗസംഖ്യക്കനുസരിച്ച് പര്യാപ്തതയില്ല. E.L.P.S., K.E.U.P.S. എന്നിവിടങ്ങളിൽ മാത്രമാണ് കക്കൂസ് സൗകര്യം ഇല്ലാത്തത്. പ്രൈമറി വിദ്യാലയങ്ങളിൽ ഒന്നിലും ലബോറട്ടറി ഇല്ല. എന്നാൽ രണ്ട് ഹൈസ്ക്കൂളുകളിലും നല്ലനിലയിലുള്ള ലബോറട്ടറി ഉണ്ട്. വിദ്യാലയങ്ങളിലെല്ലാം തന്നെ ലൈബ്രറികൾ ഉണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. രണ്ടു ഹൈസ്ക്കൂളുകളിലും വിപുലമായ പുസ്തശേഖരം തന്നെയുണ്ട്. കൂടാതെ സ്ലൈഡ് പ്രൊജക്ടർ, സിനിമാ പ്രൊജക്ടർ തുടങ്ങി വിലയേറിയ പലതരം പഠനോപകരണങ്ങളും ഹൈസ്ക്കൂളുകളിൽ ഉണ്ട്. ഇവയൊന്നും കുട്ടികൾക്ക് ഉപകാരപ്രദമാക്കാൻ കഴിയുന്നില്ല. എല്ലാ വിദ്യാലയങ്ങളിലും റേഡിയോയും 4 സ്കൂളിൽ ടേപ്പ്റിക്കാർഡും ഉണ്ട്. ഇതും പഠനപ്രവർത്തനത്തിന് വിനിയോഗിക്കപ്പെടുന്നില്ല.

പട്ടിക III

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ

ക്രമനമ്പർ	പേര്			കെട്ടിടം		മുറികൾ/ഹാൾ										
				സ്ഥിരം	അർദ്ധസ്ഥിരം	സ്ഥിരം	അർദ്ധസ്ഥിരം	ഓലഷെഡ്								
1	കെ.എൽ.പി.എസ്	116 ചതു.	311 ചതു.	5	4	33	13	–	ഉണ്ട്	ഉണ്ട്	3	–	2	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	കെ.ഇ.യു.പി.എസ്.വടക്കുമുറി	192 ചതു.	60 ചതു.	4	–	20	–	32	ഉണ്ട്	,,	2	3	2	ഉള്ള	ഉള്ള	,,
3	ഇ.എൽ.പി.എസ്.	89 ചതു.	ഉള്ള	3	–	11	–	–	ഉള്ള	,,	1	2	1	ഉണ്ട്	ഉണ്ട്	,,
4.	കെ.എൻ.എൽ.പി.എസ്	36 ചതു.	ഉള്ള	2	1	2	1	–	ഉള്ള	,,	3	–	1	,,	,,	,,
5.	കെ.ഇ.യു.പി. എസ്.	75 ചതു.	15 ചതു.	2	1	11	5	–	ഉള്ള	,,	2	–	ഉള്ള	ഉള്ള	ഉള്ള	,,
6.	ജി.യു.പി. എസ്.	25.5 ചതു.	ഉള്ള	2	–	6	–	–	ഉള്ള	,,	2	2	1	ഉണ്ട്	ഉണ്ട്	,,
7.	ജി.എൽ.പി.എസ്	15 ചതു	ഉള്ള	1	–	3	–	–	ഉള്ള	,,	2	2	ഉള്ള	ഉള്ള	ഉള്ള	,,

ക്ലാസ്സ്മുറികളിൽ ആവശ്യമായ ബഞ്ച്, ഡസ്ക്ക്, മേശ, കസേര, ബോർഡ് എന്നിവയുടെ കാര്യത്തിലും തൃപ്തികരമായ അവസ്ഥയല്ല ഉള്ളത്. ഓഫീസ് ഫർണിച്ചറുകളും വേണ്ടത്ര ഇല്ല. കുട്ടികൾക്ക് കളിക്കാനാവശ്യമായ ഉപകരണങ്ങൾ ഇല്ല എന്നു തന്നെ പറയാം G.B.H.S.-ന് മാത്രമാണ് കളിസ്ഥലമുള്ളത്. എന്നാൽ വർഷത്തിൽ പകുതിക്കാലവും വെള്ളം കെട്ടിക്കിടക്കുന്നതിനാൽ കളിസ്ഥലം ഇല്ലാത്ത അവസ്ഥതന്നെയാണ് ഫലത്തിൽ അനുഭവപ്പെടുന്നത്. സ്ക്കൂളുകളുടെ കോമ്പൗണ്ടും വേണ്ടത്ര വിസ്തൃതിയില്ല. G.L.P.S.-ൽ 50 സെന്റ് സ്ഥലം ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിലും വെള്ളം കെട്ടിനിൽക്കുന്നതിനാൽ ഉപയുക്തമാക്കാൻ കഴിയുന്നില്ല.

പഠനനിലവാരം :

പൊതുവായ വിദ്യാലയങ്ങളിലെ പഠനനിലവാരം തൃപ്തികരമല്ല. കഴിഞ്ഞ അഞ്ചുവർഷത്തെ S.S.L.C. വിജയശതമാനം പരിഗണിച്ചാൽ നിലവാരത്തകർച്ച ബോധ്യമാകും (പട്ടിക IV കാണുക)

5 വർഷത്തെ S.S.L.C. വിജയശതമാനം

സ്ക്കൂൾ	കുട്ടികൾ	വർഷം				
		1991-92	92-93	93-94	94-95	95-96
G.B.H.S.	ആകെ കുട്ടികൾ	330	330	306	305	295
	ജയിച്ച കുട്ടികൾ	95	90	110	90	75
	വിജയ ശതമാനം	28.78	27.27	35.94	29.5	25.4
G.G.H.S.	ആകെ കുട്ടികൾ	328	360	320	346	326
	ജയിച്ച കുട്ടികൾ	143	159	154	158	156
	വിജയശതമാനം	43.59	44.16	48.12	45.66	47.85

G.B.H.S.-നെ അപേക്ഷിച്ച് G.G.H.S.-ലെ പഠന നിലവാരം അല്പം മെച്ചമാണെന്ന് കാണാൻ കഴിയും. ആൺ-പെൺ വ്യത്യാസം വിജയശതമാനത്തെ ബാധിക്കുന്നുണ്ടെങ്കിലും രണ്ടുഹൈസ്ക്കൂളുകളും തമ്മിലുള്ള ഇത്രയും വലിയ അന്തരത്തിന് കാരണം ലിംഗപരമായ വ്യത്യാസമാണെന്ന്പറയാൻ കഴിയുകയില്ല. ബോയ്സ് ഹൈസ്ക്കൂളിലെ അധ്യാപകരുടെ കുട്ടായ പ്രവർത്തനമില്ലായ്മയാണ് പഠനനിലവാരം താഴ്ന്നുപോകാൻ ഒരു കാരണമായി ഗ്രാമസഭകളിൽ ഉന്നയിക്കപ്പെടുന്നത്.

പ്രൈമറി വിദ്യാലയങ്ങളിലെ പഠനനിലവാരവും മെച്ചപ്പെട്ടതല്ല. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ പ്രൈമറിയിൽ മെരിറ്റ് സ്ക്കോളർഷിപ്പിന് അർഹരായവർ പതിനൊന്നുപേർ മാത്രമാണ്. സ്ക്കൂളിൽ നടക്കുന്ന പരീക്ഷകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയാൽ തന്നെ സ്ഥിതി വ്യക്തമാകും. ഈ പരീക്ഷകൾ തന്നെ കാര്യക്ഷമമായി നടത്തിയതാണെന്ന് പറയാൻ കഴിയുകയില്ല. വാർഷിക പരീക്ഷകളുടെ മാർക്ക് വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിക്കുന്ന വിജയശതമാനം എത്തിക്കുന്നതിന് വേണ്ടി കൂട്ടി എഴുതിയതാണ്. പാദവാർഷിക പരീക്ഷകളുടെ മാർക്ക് പരിശോധിച്ചാൽ താഴ്ന്ന ക്ലാസ്സുകളിൽ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നവർ ഉയർന്ന ക്ലാസ്സുകളിൽ അതേ നിലവാരം പുലർത്തുന്നില്ല എന്ന് കാണാൻ കഴിയും. താഴ്ന്ന ക്ലാസ്സുകളിൽ മുപ്പതുശതനാനത്തിൽ കുറവുമാർക്ക് ലഭിച്ചവർ കുറവും 60%-ത്തിൽ നേടിയവർ കൂടുതലും ആണ്. ഇത് ഉയർന്നക്ലാസ്സുകളിൽ എത്തുമ്പോൾ നേരെ വിപരീതമായി അനുഭവപ്പെടുന്നു. പരീക്ഷാരീതിയിലുള്ള അപാകതയാണ് പ്രധാന കാരണമെന്ന് അനുമാനിക്കാമെങ്കിലും മറ്റുകാരണങ്ങളും പരിശോധിക്കപ്പെടേണ്ടതാണ്.

പട്ടിക V

പഠന നിലവാരം – പാദവാർഷിക പരീക്ഷ 1996-97

ക്ലാസ് മാർക്ക് ശതമാനം	I	II	III	IV	V	VI	VII	VIII	IX	X
30% താഴെ	-	14	23	29	10	96	124	235	121	283
30% മുതൽ 39%വരെ	3	9	22	5	17	44	70	157	158	88
40% " 49% "	19	20	44	39	59	71	76	98	142	57
50 " 59% "	25	40	74	32	79	52	77	65	80	45
60%ന് മുകളിൽ	173	134	94	150	161	148	119	75	72	75
ആകെ പരീക്ഷ എഴുതിയവർ	209	239	251	260	326	411	466	630	573	548

പാഠ്യാനുബന്ധപ്രവർത്തനങ്ങളിലും സ്ഥിതിവ്യത്യസ്ഥമല്ല. കലാകായിക മേളകളിൽ ഉയർന്ന പ്രകടനം കാഴ്ചവെയ്ക്കാൻ ചുരുക്കം ചില വിദ്യാലയങ്ങൾക്കുമാത്രമെ കഴിയുന്നുള്ളൂ. സ്ക്കൂൾ തലത്തിൽ പരിപാടികൾ കൃത്യമായി നടത്തുന്നില്ല. വാർഷികാഘോഷങ്ങൾ എല്ലാവർഷവും നടത്തുന്ന ഒറ്റ വിദ്യാലയവും ഇല്ല എന്നതും ദയനീയമായ അവസ്ഥയാണ്. ദേശീയദിനങ്ങൾ സ്ക്കൂളിൽ സമുചിതമായി ആഘോഷിക്കുന്നില്ല.

അധ്യാപക-വിദ്യാർത്ഥി അനുപാതം :

മുൻവർഷങ്ങളിൽ അധ്യാപകരുടെ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും ഈ വർഷം സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ മൊത്തം 4 തസ്തികകൾ മാത്രമാണ് നികത്താനുള്ളത്. ആകെയുള്ള 150 അധ്യാപകരിൽ 63 പേർ പുരുഷന്മാരും 87 പേർ സ്ത്രീകളും ആണ്. അധ്യാപികമാരാണ് കൂടുതൽ എങ്കിലും G.B.H.S.-ൽ അധ്യാപകരാണ് കൂടുതൽ. പ്രൈമറി സ്ക്കൂളിൽ 57 പേരിൽ 40 പേരും സ്ത്രീകളാണ്.

പട്ടിക VI

അധ്യാപക-വിദ്യാർത്ഥി അനുപാതം

വിഭാഗം	വിദ്യാർത്ഥിക--ളുടെ എണ്ണം	അധ്യാപക -രുടെ എണ്ണം	വിദ്യാർത്ഥി -അധ്യാപക അനുപാതം
VHS	95	10	10:1
HS	1830	67	27:1
UP	1208	48	25:1
LP	954	30	32:1

ഹൈസ്ക്കൂൾ വിഭാഗത്തിൽ 27 കുട്ടികൾക്ക് 1 അധ്യാപകനും യു.പി.വിഭാഗത്തിൽ 25കുട്ടികൾക്ക് 1 അധ്യാപകനും ഉളളപ്പോൾ എൽ.പി. വിഭാഗത്തിൽ 32 കുട്ടികൾക്ക് 1 അധ്യാപകൻ എന്ന നിലയിലാണ് അധ്യാപക-വിദ്യാർത്ഥി അനുപാതം. ലോവർ പ്രൈമറിയിൽ ക്ലാസ്സ് ടീച്ചർ അല്ലാതെ മറ്റ് അധ്യാപക തസ്തികകൾ ഇല്ലാത്തതാണ് ഈ വിഭാഗത്തിലെ അധ്യാപക വിദ്യാർത്ഥി അനുപാതത്തിന് ഈ അന്തരത്തിന് കാരണം. സ്ക്കൂൾ തലത്തിലുള്ള അധ്യാപക വിദ്യാർത്ഥി അനുപാതവും താഴെ കൊടുക്കുന്നു.

G.B.H.S.- 27ന് 1, G.G.V.H.S.S.-29ന് 1, G.L.P.S.-35ന് 1, K.N.L.P.S. 28- ന് 1, E.U.P.S.-24ന് 1, E.L.P.S.-31ന് 1. അധ്യാപക വിദ്യാർത്ഥി അനുപാതം പൊതുവെ തൃപ്തികരമാണെങ്കിലും വ്യക്തിഗതമായ ശ്രദ്ധ അത്യാവശ്യമായ എൽ.പി. സ്ക്കൂളിൽ അനുപാതം ഇനിയും കുറയുന്നത് പഠനനിലവാരം ഉയർത്താൻ സഹായിക്കും. എല്ലാ സ്ക്കൂളുകളിലും പ്രധാന അധ്യാപകർക്ക് ക്ലാസ്സ് ചാർജ്ജുണ്ടെങ്കിലും ലോവർ പ്രൈമറി സ്ക്കൂളിലെ പ്രധാന അധ്യാപകർക്ക് ആഴ്ചയിൽ 35 പീരീഡ്യും ക്ലാസ്സിൽ പോകേണ്ട അവസ്ഥ കാണുന്നുണ്ട്. ഇത് സ്ക്കൂൾ അഡ്മിനിസ്ട്രേഷനെ ബാധിക്കുന്നുണ്ട്. മിക്ക സ്ക്കൂളുകളിലും ഹെഡ്മാസ്റ്റർമാരുടെ ക്ലാസ്സ് സൂപ്പർവിഷൻ കാര്യക്ഷമമായി നടത്താൻ കഴിയുന്നില്ല.

കുട്ടികളുടെ അംഗസംഖ്യ :

ആകെ 4087 കുട്ടികളാണ് ഈ വർഷം പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നത്. ഇതിൽ 1983 ആൺകുട്ടികളും 2104 പെൺകുട്ടികളുമാണ്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കുട്ടികളുടെ എണ്ണത്തിൽ ക്രമാതീതമായ കുറവുകാണുന്നുണ്ട്. ഹൈസ്ക്കൂൾ ക്ലാസ്സുകളിലാണ് ഏറ്റവും കുറവ് അനുഭവപ്പെടുന്നത്. ചെറുകുന്ന് പഞ്ചായത്തിൽ പുതുതായി ഹൈസ്ക്കൂൾ ആരംഭിച്ചതാണ് പ്രധാനകാരണമായി കണ്ടെത്തിയത്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഒന്നാംതരത്തിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിലും കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിലും ഭീമമായ കുറവ് കാണുന്നില്ല.

പട്ടിക VII

സ്ക്കൂളിലെ ആകെ കുട്ടികൾ കഴിഞ്ഞ വർഷത്തിൽ

സ്ക്കൂൾ വർഷം	G.B.H.S.	G.G.V.H.S.	G.L.P.S.	K.N.L.P.S.	K.E.U.P.S.	E.U.P.S.	E.L.P.S.	Total
1992-93	1673	1688	405	180	502	321	315	5084
93-94	1657	1603	400	165	464	316	311	4916
94-95	1573	1534	376	151	474	311	287	4706
95-96	1434	1373	359	137	459	319	242	4323
96-97	1206	1370	346	139	468	311	247	4087

പട്ടിക VIII

ഒന്നാംതരത്തിൽ പ്രവേശനം നേടിയവർ

സ്ക്കൂൾ വർഷം	G.L.P.S.	K.N.L.P.S.	K.E.U.P.S.	E.L.P.S.	Total
1991-92	86	22	61	62	231
92-93	88	31	54	71	241
93-94	86	23	58	54	221
94-95	69	26	56	53	204
95-96	80	26	48	60	214

കൊഴിഞ്ഞുപോക്ക് :

കുട്ടികളുടെ കൊഴിഞ്ഞുപോക്ക് വിശദമായ പഠനത്തിന് വിധേയമാക്കി. ലോവർ പ്രൈമറിതലത്തിൽ കൊഴിഞ്ഞുപോക്ക് തീരെ ഇല്ല എന്നുതന്നെ പറയാം. പഞ്ചായത്തിൽ ആകെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ L.P. വിഭാഗത്തിൽ പഠനം നിർത്തിയവർ 6 പേർ മാത്രമാണ്. ഇതുതന്നെ യഥാർത്ഥത്തിൽ പഠനം നിർത്തിയിട്ടില്ല എന്ന് കാണാൻ കഴിഞ്ഞു. ഇംഗ്ലീഷ് മീഡിയം വിദ്യാലയമായ ബേബി നഴ്സറി & പ്രൈമറിസ്ക്കൂളിൽ 3,4 ക്ലാസ്സുകളിൽ ധാരാളം കുട്ടികൾ പഠനം നിർത്തിയതായികാണുന്നുണ്ട്. ഇവർ അംഗീകാരമുള്ള മറ്റ് സ്ക്കൂളിൽ പഠനം തുടരുന്നതിനാൽ കൊഴിഞ്ഞുപോക്കായി കാണേണ്ടതില്ല. എന്നാൽ ഹൈസ്ക്കൂൾ ക്ലാസ്സിൽ ഗണ്യമായ തോതിൽ കൊഴിഞ്ഞുപോക്ക് കാണപ്പെടുന്നു. 8,9 ക്ലാസ്സുകളിൽ 10%-ത്തോളം കുട്ടികൾ പഠനം നിർത്തിയിട്ടുണ്ട്. അതേ സമയം S.S.L.C. ക്ലാസ്സിലെ കൊഴിഞ്ഞുപോക്ക് നിസ്സാരമാണ്.

പട്ടിക IX

കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ എണ്ണം

വർഷം	93-94			94-95			95-96		
സ്ക്കൂൾ	VIII	IX	X	VIII	IX	X	VIII	IX	X
G.G.V.H.S.S.	19	26	14	23	33	12	22	25	3
G.G.B.H.S.	35	40	5	18	22	5	28	36	12
ആകെ	54	66	19	41	55	17	50	61	15

S.S.L.C. പരീക്ഷയെഴുതി സർട്ടിഫിക്കറ്റെങ്കിലും നേടാമെന്ന ബോധം കുട്ടികൾക്ക് ഉള്ളതുകൊണ്ടാണ് പത്താംതരത്തിൽ കൊഴിഞ്ഞുപോക്ക് കുറയുന്നത്. തോറ്റ കുട്ടികളാണ് കൊഴിഞ്ഞുപോയവരിൽ കൂടുതലും. കുട്ടികളിലെ നിരാശാബോധമാണ് കൊഴിഞ്ഞുപോക്കിന് കാരണം എന്ന് മനസ്സിലാക്കുന്നു.

രക്ഷകർത്തൃസമിതി പ്രവർത്തനം :

എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ. പ്രവർത്തിക്കുന്നുണ്ട്. P.T.A. ഫണ്ട് ഇല്ലാത്ത ഒറ്റ വിദ്യാലയവും പഞ്ചായത്തിൽ ഇല്ല എന്നതും സ്ക്കൂൾ ഉച്ചക്ഷേണപരിപാടി നടത്തിക്കൊണ്ടുപോകുന്നത് പി.ടി.എ. കമ്മറ്റികളാണ് എന്നതും എടുത്തുപറയാവുന്ന കാര്യമാണ്. എന്നാൽ എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ. യോഗത്തിലെ ഹാജർ നില തൃപ്തികരമല്ല. എല്ലാ വിദ്യാലയങ്ങളിലും മാതൃസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അതിന്റെ തുടർപ്രവർത്തനവും നല്ലരീതിയിൽ നടക്കുന്നില്ല.

ജില്ലാ പഞ്ചായത്ത് ആവിഷ്ക്കരിച്ച ഗുരുകുലം പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ അധ്യാപകരിലും രക്ഷിതാക്കളിലും വേണ്ടത്ര എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ പദ്ധതി വിമർശനവിധേയമായിട്ടുണ്ട്. എങ്കിലും പരീക്ഷാ രീതിയിൽ മാറ്റം വരുത്തുന്നതിലും പി.ടി.എ., മാതൃസംഘം എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലും ഈ പദ്ധതി വിജയിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസം :

ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഒരേയൊരു ഗവ: സ്ഥാപനം 1995-ൽ ആരംഭിച്ച G.G.V.H.S.S. ആണ്. ഇവിടെ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ, ക്ലോത്തിംഗ് & എംബ്രോയിഡറി എന്നീ കോഴ്സുകൾ നടത്തുന്നു. ഒരു വർഷം 50 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. വേണ്ടത്ര കെട്ടിടമോ, പഠിപ്പിക്കുന്നതിന് സ്ഥിരമായ അധ്യാപകരോ, പഠനോപകരണങ്ങളോ ഇല്ല. വേണ്ടത്ര ഒരുക്കങ്ങളൊന്നും നടത്താതെ തുടങ്ങിയ സ്ഥാപനമായതിനാൽ അതിന്റെ എല്ലാ ബാലാരിഷ്ടതകളും ഇവിടെ അനുഭവപ്പെടുന്നുണ്ട്. ഇപ്പോൾതന്നെ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന G.G.H.S.-ന്റെ സ്ഥിതി ഇതു കാരണം കൂടുതൽ വിഷമത്തിലായിട്ടുണ്ട്. പുതിയ കെട്ടിടങ്ങളും സൗകര്യങ്ങളും ഒരു വർഷത്തിനുള്ളിൽ ആരംഭിക്കമെന്ന് ഉറപ്പ് ലഭിച്ചിരുന്നുവെങ്കിലും ഇതുവരെ വേണ്ട പ്രവർത്തനങ്ങൾ സർക്കാർ ചെയ്തിട്ടില്ല.

മറ്റ് ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ സർക്കാർ മേഖലയിൽ ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾ കൂടുതലായും സമാന്തര കോളേജുകളെ ആശ്രയിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസം :

1986-ൽ സ്ഥാപിച്ച ഗവ: കമേർസ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ആണ് സർക്കാർ ഉടമസ്ഥതയിലുള്ള ഏക സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം. ഇവിടെ ടൈപ്പ്റൈറ്റിംഗ്, ഷോർട്ട് ഹാന്റ് എന്നീ വിഷയങ്ങളിൽ ഒന്നും രണ്ടും വർഷ കോഴ്സുകൾ നടക്കുന്നു. ആകെ 83 കുട്ടികൾ പഠിക്കുന്നുണ്ട്. ഇവർക്കായി ഒരു പ്രിൻസിപ്പൽ അടക്കം പത്ത് അധ്യാപക–അനധ്യാപകർ പ്രവർത്തിക്കുന്നു. വാടകക്കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. വേണ്ടത്ര പ്രാഥമിക സൗകര്യങ്ങൾ ഇല്ല. പരീക്ഷയിൽ വിജയശതമാനം വളരെ കുറവാണ്. ഇതിനുപുറമെ സ്വകാര്യമേഖലയിലുള്ള ഏഴ് സ്ഥാപനങ്ങൾ കൂടി സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നു. ഇവയുടെ വിശദമായ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക X
സാങ്കേതിക സ്ഥാപനങ്ങൾ

സ്ഥാപനത്തിന്റെ പേര്	ഉടമസ്ഥത	സ്ഥാപിച്ച വർഷം	പഠനവിഷയങ്ങൾ	കുട്ടികളുടെ എണ്ണം	ഭൗതിക സൗകര്യം
1. ഗവ: കമേർസ്യൽ ഇൻസ്റ്റിറ്റ്യൂട്ട്	ഗവ:	1986	ഡിപ്ലോമ ഇൻ ഷോർട്ട്ഹാന്റ് & ടൈപ്പ് റൈറ്റിംഗ്	83	വാടകക്കെട്ടിടം
2. എക്സ്പർട്ട് കമേർസ്യൽ ഇൻസ്റ്റിറ്റ്യൂട്ട്	സ്വകാര്യം	1975	ടൈപ്പ്റൈറ്റിംഗ് & ഷോർട്ട് ഹാന്റ്	41	"
3 ലക്ഷ്മികമേർഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്	സ്വകാര്യം	1981	ടൈപ്പ്റൈറ്റിംഗ് & ഷോർട്ട് ഹാന്റ്	113	"
4 ശാന്തി കമേർസ്യൽ ഇൻസ്റ്റിറ്റ്യൂട്ട്	സ്വകാര്യം	1986	ടൈപ്പ്റൈറ്റിംഗ് & ഷോർട്ട്ഹാന്റ്	10	"
5 അപ്ടെക് കംപ്യൂട്ടർ സെന്റർ	സ്വകാര്യം	1994	കംപ്യൂട്ടർ കോഴ്സ്	76	"
6 മാസ്റ്റർ ടെക് കംപ്യൂട്ടർ സെന്റർ	സ്വകാര്യം	1992	കംപ്യൂട്ടർ കോഴ്സ്	21	"
7 ചെറുകുന്ന് ആർട്സ് സയൻസ് കോളേജ്	സ്വകാര്യം	1996	കംപ്യൂട്ടർ കോഴ്സ്	25	"
8 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേർഴ്സ് കണ്ണപുരം	സ്വകാര്യം	..	ടൈപ്പ്റൈറ്റിംഗ് & ഷോർട്ട്ഹാന്റ്	42	"

ഈ സ്ഥാപനങ്ങൾ കൂടാതെ ശ്രീധർമസ്ഥലമഞ്ചുനാഥേശ്വര എജ്യൂക്കേഷണൽ ട്രസ്റ്റ്, സിന്റിക്കേറ്റ് ബാങ്ക്, കനറാ ബാങ്ക് എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഒരു സ്വയം തൊഴിൽ പരിശീലന കേന്ദ്രവും പഞ്ചായത്തിൽ ഉണ്ട്. കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ തൊഴിലില്ലാത്ത യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഈ കേന്ദ്രം ഉപകരിക്കുന്നു. താമസവും ഭക്ഷണവും ഉൾപ്പടെ പൂർണ്ണമായും സൗജന്യമായി നടത്തുന്ന ഈ ഹ്രസ്വകാല കോഴ്സ് അനേകായിരങ്ങൾക്ക് തന്നെ ഉപകാരപ്രദമാക്കാൻ കഴിഞ്ഞു എന്ന് മനസ്സിലാക്കുന്നു.

സമാന്തര വിദ്യാഭ്യാസം : S.S.L.C. ക്കുശേഷമാണ് സാധാരണ നിലയിൽ സമാന്തരവിദ്യാഭ്യാസം നടക്കുന്നതെങ്കിലും ഇംഗ്ലീഷ് മീഡിയം സ്ക്കൂളായ ബേബി പ്രൈമറിസ്ക്കൂൾ 4-ാം തരം വരെ സമാന്തര വിദ്യാഭ്യാസം നടത്തുന്ന സ്ഥാപനമായി കണക്കാക്കാം. വിദ്യാഭ്യാസ നിയമത്തിലെ പ്രൈവറ്റ് സ്റ്റഡി ആനുകൂല്യം ഇതിന് സഹായകമാകുന്നു.

U.P., H.S. ക്ലാസ്സുകളിൽ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. എന്നാൽ ട്യൂഷൻ സെന്ററുകൾ ധാരാളമായി പ്രവർത്തിക്കുന്നു (പട്ടിക XI കാണുക). ഹൈസ്ക്കൂളിലെ വലിയ വിഭാഗം കുട്ടികൾ ട്യൂഷൻ ക്ലാസ്സുകളിൽ എത്തുന്നുണ്ട്. പൊതുവിദ്യാലയങ്ങളിലെ പഠനപ്രവർത്തനങ്ങളോട് രക്ഷിതാക്കൾക്ക് പൊതുവേയുള്ള

അതൃപ്തിയും വിശ്വാസക്കുറവുമാണ് ട്യൂഷൻ സെന്ററുകളിൽ കുട്ടികളുടെ തള്ളിക്കയറ്റത്തിന് കാരണമെന്ന് അനുമാനിക്കുന്നു. ട്യൂഷൻ ക്ലാസ്സുകൾ കുട്ടികളുടെ സ്വതന്ത്രമായ പഠനത്തിനുള്ള സമയം നഷ്ടപ്പെടുത്തുന്നു എന്ന പരാതിയും ഉയർന്നുവന്നിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് മുന്ന് സമാന്തരസ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. P.D.C.യ്ക്ക് 600 പേരും D.C.-യ്ക്ക് 180 പേരും ഈ സ്ഥാപനങ്ങളിൽ പഠിക്കുന്നു. കൂടുതൽ ആധികാരികവും വസ്തുതാപരവുമായ വിവരങ്ങൾ ലഭിച്ചിട്ടില്ല.

പട്ടിക XI

സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപിച്ച വർഷം	കുട്ടികളുടെ എണ്ണം											
			ട്യൂഷൻ					റഗുലർ.						
			VI	VII	VIII	IX	X	I	II	III	IV	X	PDC	DC
1	ആർ.കെ. ട്യൂട്ടോറിയൽ	1975	31	42	71	74	88	-		-	-	-	73	-
2	കോളേജ് ഓഫ് ഇംഗ്ലീഷ്	1995	-	10	9	12	11	-	-	-	-	-	23	15
3	ചെറുകുന്ന്. ആർട്സ് & സയൻസ് കോളേജ്.	1994	-	-	30	33	33	-	-	-	-	75	225	70
4	വിദ്യാഭവൻ. കണ്ണപുരം	1985	-	-	92	100	106	-	-	-	-	160	108	11
5	കണ്ണപുരം സൊസൈറ്റി കോളേജ്	1984	-	-	-	-	-	-	-	-	-	-	270	100
6	ബേബി നഴ്സറി & പ്രൈമറി സ്കൂൾ	1981	-	-	-	-	-	28	36	19	15	-	-	-

അനൗപചാരിക വിദ്യാഭ്യാസം

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വിവിധ പ്രവർത്തനങ്ങൾ കാഴ്ചവെച്ച പഞ്ചായത്താണ് നമ്മുടേത്. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഭാഗമായി വിവിധ ഭാഗങ്ങളിൽ ഹിന്ദി ക്ലാസുകളും അതോടൊപ്പം തന്നെ ഇംഗ്ലീഷ്, മലയാളം ക്ലാസ്സുകളും നടന്നിരുന്നു. വായനശാലകളും കലാസമിതികളും ജനകീയ സംഘങ്ങളും ഇതിന് നേതൃത്വം കൊടുത്തിരുന്നു. 1990-ൽ നടന്ന സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിന്റെ ഭാഗമായി കണ്ണപുരത്ത് നടത്തിയ പ്രവർത്തനം മാതൃകാപരമായിരുന്നു. എന്നാൽ തുടർ വിദ്യാഭ്യാസ പരിപാടി അക്കാലത്തെ ഗവൺമെന്റിന്റെ ഇച്ഛാശക്തിയില്ലായ്മ കാരണം ദയനീയമായി പരാജയപ്പെട്ടു. തുടർ സാക്ഷരതാ പരിപാടിക്ക് ഔപചാരിക സ്വഭാവം കൈവന്നതും പരാജയകാരണമായി. മുൻകാലത്തെ ജനകീയ മുന്നേറ്റവും പിന്നീട് കാണാൻ കഴിഞ്ഞില്ല. രണ്ട് ജനവിദ്യാകേന്ദ്രങ്ങൾ പഞ്ചായത്തിൽ പേരിനുണ്ടെങ്കിലും കേന്ദ്രങ്ങൾ നിർജ്ജീവമാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വായനശാലകളും ലൈബ്രറികളും ഇന്ന് ജനകീയ വിദ്യാഭ്യാസപ്രവർത്തനത്തിൽ അവരുടേതായ പങ്കുവഹിക്കുകയാണ്. (കൂടുതൽ വിവരങ്ങൾ കലാസാംസ്ക്കാരിക വിഭാഗത്തിൽപെടുത്തിയിരിക്കുന്നു) വായനശാലകളുടെയും ലൈബ്രറികളുടെയും സ്ഥിതി വളരെ മെച്ചമല്ലെങ്കിലും കീഴറ വിജ്ഞാപന പോഷിണി വായനശാലയുടെ പ്രവർത്തനം കണ്ണപുരത്തിന് അഭിമാനകരമാണ്.

വിദ്യാഭ്യാസരംഗത്ത് ഇന്ന് നേരിടുന്ന പ്രശ്നങ്ങളും പരിഹാരത്തിനുള്ള സാധ്യതകളും നിർദ്ദേശങ്ങളും ഇങ്ങനെ സംഗ്രഹിക്കാം.

പ്രശ്നങ്ങൾ

പ്രീപ്രൈമറി:

1. പ്രീപ്രൈമറി വിദ്യാഭ്യാസം ലഭിക്കേണ്ട മുഴുവൻ കുട്ടികളും സ്ഥാപനങ്ങളിൽ വന്നുചേരുന്നില്ല. ചേർന്നവരിൽ തന്നെ പലരും സ്ഥിരമായി പോകുന്നില്ല.

2. കുട്ടികളുടെ ശാരീരികവും മാനസികവും ആയ ആരോഗ്യത്തിനും വളർച്ചയ്ക്കും പര്യാപ്തമായ കെട്ടിടങ്ങളോ പശ്ചാത്തല സൗകര്യങ്ങളോ മിക്ക സ്ഥാപനങ്ങൾക്കും ഇല്ല.

3. വേണ്ടത്ര കളിപ്പാട്ടങ്ങളും കളിക്കുവാനുള്ള സൗകര്യങ്ങളും ഒരു സ്ഥാപനത്തിലും ഇല്ല.

4. കുട്ടികളുടെ പ്രശ്നത്തിന് അനുചിതമായ എഴുത്ത്, വായന തുടങ്ങിയ പ്രവർത്തനങ്ങൾ നടക്കുന്നു.

5. എല്ലാ സ്ഥാപനങ്ങളിലും ഉച്ചഭക്ഷണം ലഭ്യമല്ല.

പൊതുവിദ്യാഭ്യാസം:

1. വിദ്യാലയങ്ങളിലെ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും പൊതുവെ തൃപ്തികരമല്ല. പ്രത്യേകിച്ചും എയിഡഡ് മേഖലയിൽ സ്ഥിതി ശോചനീയമാണ്.

2. കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റ പണികൾ കൃത്യമായി നടക്കുന്നില്ല.

3. പ്രൈമറി സ്ക്കൂളുകൾക്കൊന്നിനും കളിസ്ഥലമോ തൃപ്തികരമായ കോമ്പൗണ്ടോ ഇല്ല.

4. വിദ്യാലയങ്ങളിൽ വേണ്ടത്ര പഠനോപകരണങ്ങൾ ഇല്ല.

5. എല്ലാ വിദ്യാലയങ്ങളിലും ഉച്ചഭക്ഷണ പരിപാടി നടക്കുന്നുണ്ടെങ്കിലും ആവശ്യമുള്ള മുഴുവൻ കുട്ടി

കൾക്കും നല്കാൻ കഴിയുന്നില്ല.

6. പരീക്ഷകളിൽ ലഭിക്കുന്ന മാർക്ക് അടിസ്ഥാനമാക്കി വിദ്യാർത്ഥികളുടെ നിലവാരം കൃത്യമായി നിർണ്ണയിക്കാൻ കഴിയുന്നില്ല.

7. പ്രവർത്തി ദിനങ്ങൾ പലകാരണങ്ങളാലും നഷ്ടപ്പെടുന്നു.

8. അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ആത്മബന്ധം കുറഞ്ഞുവരുന്നു.

9. പാഠപുസ്തകങ്ങളും അധ്യാപകർക്കുള്ള കൈപ്പുസ്തകങ്ങളും യഥാസമയം ലഭിക്കുന്നില്ല.

10. പി.എസ്.സി. നിയമനം യഥാസമയം നടക്കാത്തതും അനവസരത്തിലുള്ള സ്ഥലം മാറ്റവും കാരണം ഗവ:സ്ക്കൂളിൽ അധ്യാപകരുടെ സേവനം കൃത്യമായി ലഭിക്കുന്നില്ല.

11. വ്യത്യസ്ത വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് അതത് വിഷയത്തിൽ പ്രാവീണ്യം നേടിയ അധ്യാപകരെ ലഭിക്കുന്നില്ല.

12. ഹെഡ്മാസ്റ്റർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ പരിശോധന കാര്യക്ഷമമല്ല.

13. എൽ.പി. ക്ലാസ്സുകളിൽ അധ്യാപകർക്ക് ആഴ്ചയിൽ 35 പിരിയഡും ക്ലാസിൽ പോകേണ്ടിവരുന്നതിനാൽ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല.

14. താഴ്ന്ന ക്ലാസ്സുകളിൽ നിന്ന് നിർബന്ധമായും നേടിയിരിക്കേണ്ട അറിവ് ഇല്ലാതെ തന്നെ ഉയർന്ന ക്ലാസ്സുകളിലെത്തുന്നത് കാരണം തുടർന്നുള്ള പഠനത്തിന് കുട്ടികൾക്ക് പ്രയാസം അനുഭവപ്പെടുന്നു.

15. വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ താൽപര്യ കുറവ് എല്ലാ സ്ക്കൂളുകളിലേയും പ്രധാന പ്രശ്നമാണ്. രക്ഷിതാക്കളുടെ ഈ ഉത്തരവാദിത്തബോധമില്ലായ്മ അദ്ധ്യാപകരുടെ പ്രവർത്തനത്തെയും ബാധിക്കുന്നു.

16. പാഠ്യാനുബന്ധപ്രവർത്തനങ്ങൾ സ്ക്കൂളുകളിൽ കാര്യക്ഷമമായി നടക്കുന്നില്ല.

17. ടി.വി. യുടെ അതിപ്രസരം കുട്ടികളുടെ പഠനസമയം നഷ്ടപ്പെടുത്തുന്നു.

18. 3-ാം വാർഡിലെയും 1-ാം വാർഡിലെയും ചില ഭാഗങ്ങളിലെ കുട്ടികൾക്ക് പ്രൈമറി സ്ക്കൂളിലെത്തിച്ചേരാൻ പ്രയാസമനുഭവപ്പെടുന്നു.

19. കലാകായികമേളകളിൽ കൂടുതൽ കുട്ടികൾക്ക് പങ്കെടുക്കാനുള്ള അവസരം ലഭ്യമാകുന്നില്ല.

ഉന്നത വിദ്യാഭ്യാസം:

1. G.G.V.H.S.S.-ൽ വേണ്ടത്ര സ്വന്തം കെട്ടിടം ഇല്ല. പ്രാഥമിക സൗകര്യങ്ങൾ ഇല്ല. വിജയശതമാനം തൃപ്തികരമല്ല.

2. ഭൂരിഭാഗം കുട്ടികളും സ്വകാര്യമേഖലയെ ആശ്രയിക്കുന്നു.

സമാന്തര വിദ്യാഭ്യാസം:

1. മിക്ക സ്ഥാപനങ്ങളിലും പ്രാഥമിക സൗകര്യങ്ങൾ കുറവാണ്.

2. വിദ്യാർത്ഥികളെയും അധ്യാപകരെയും സംബന്ധിച്ച കൃത്യമായ രേഖകൾ ലഭ്യമല്ല.

അനൗപചാരിക വിദ്യാഭ്യാസം:

1. ടി.വി.യുടെ സാർവ്വത്രികത വായനയെ നിരുത്സാഹപ്പെടുത്തുന്നു.
2. നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസം ലഭിക്കുന്നില്ല.
3. സ്ത്രീകൾ വായനശാലകളിൽ പോകുന്നില്ല. നിലവാരമില്ലാത്ത പ്രസിദ്ധീകരണങ്ങൾ വായിക്കാൻ ഇട വരുന്നു.

സാധ്യതകളും നിർദ്ദേശങ്ങളും

പ്രീ പ്രൈമറി വിദ്യാഭ്യാസം

1. സമഗ്രമായ വികസനസർവ്വേയിലൂടെ അഞ്ചുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ കണ്ടെത്തിയിട്ടുണ്ട്. അവർക്ക് എത്തിച്ചേരുവാൻ കഴിയുന്നതരത്തിൽ ഇനിയും പ്രീപ്രൈമറിസ്ഥാപനങ്ങൾ ആരംഭിക്കുക. ഇതിനായി വായനശാലകളും വിദ്യാലയങ്ങളും ഉപയോഗത്തിനായി കണ്ടെത്തുക.
2. നാട്ടുകാരുടെയും സന്നദ്ധസംഘടനകളുടെയും പഞ്ചായത്തിന്റെയും സഹകരണത്തോടുകൂടി അംഗൻവാടികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആകർഷണീയമാക്കുക.
3. സ്വകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം പഞ്ചായത്ത് നിയന്ത്രണത്തിൽ കൊണ്ടുവരികയും അശാസ്ത്രീയവും അനഭിലഷണീയവുമായ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ചെയ്യുക.
4. പ്രീപ്രൈമറി അധ്യാപികമാർക്ക് നിശ്ചിതയോഗ്യത നിർബന്ധമാക്കുക. നിശ്ചിതമായ പ്രവർത്തന രേഖ അനുസരിച്ച് തന്നെ പ്രവർത്തനം നടത്തുന്നു എന്ന് ഉറപ്പുവരുത്തുക.
5. പ്രീപ്രൈമറി അധ്യാപികമാരുടെ വേതനവ്യവസ്ഥ പരിഷ്ക്കരിക്കുക.
6. പ്രീപ്രൈമറികുട്ടികൾക്കായി വാർഡ് അടിസ്ഥാനത്തിലും പഞ്ചായത്ത് അടിസ്ഥാനത്തിലും ആരോഗ്യകരമായ രീതിയിൽ കലാകായിക മത്സരങ്ങൾ നടത്തുക. നാട്ടുകാരുടെ സഹായത്തോടെ മുഴുവൻ കുട്ടികൾക്കും പ്രോത്സാഹനസമ്മാനം നൽകുക.

പൊതുവിദ്യാഭ്യാസം

1. എയിഡഡ് സ്ക്കൂളിൽ പി.ടി.എ.യുടെ സഹകരണത്തോടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. വിദ്യാലയങ്ങൾ ആകർഷകമാക്കുക.
2. ഗവ: സ്ക്കൂളുകളുടെ അറ്റകുറ്റപ്പണികളും മറ്റുസൗകര്യങ്ങളുടെ ലഭ്യതയും യഥാസമയം പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധചെലുത്തുക.
3. G.G.V.H.S.S.-ൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിന് PTA സഹകരണത്തോടെ കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് നേതൃത്വം നൽകുക. സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക.
4. സ്ക്കൂൾ ഫർണിച്ചറുകളും മറ്റുപകരണങ്ങളും സംരക്ഷിക്കുന്നതിന് കുട്ടികളെ ബോധവൽക്കരിക്കുക.
5. സ്ക്കൂൾ ലൈബ്രറി പ്രവർത്തനം ക്ലാസ് ടീച്ചർ മുഖേന കാര്യക്ഷമമാക്കുക.
6. ആവശ്യമായ പഠനോപകരണങ്ങളുമായി തന്നെ അധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തുക. പി.ടി.എ.യുടെ നേതൃത്വത്തിൽ ഓരോ വർഷവും പഠനോപകരണ നിർമ്മാണ ശില്പശാല എല്ലാ സ്ക്കൂളിലും നടത്തുക. ഇതിന് പഞ്ചായത്ത് നേതൃത്വം നല്കുക.
7. എല്ലാ സ്ക്കൂളുകളിലും കളിസ്ഥലം ഉണ്ടാക്കാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്തുക. മറ്റ് സ്ക്കൂളു

കളിലെ കുട്ടികൾക്കുകൂടി സ്പോർട്സ് പരിശീലനത്തിന് പറ്റിയ തരത്തിൽ ചെറുകുന്ന് ഹൈസ്ക്കൂൾ ഗ്രൗണ്ട് ഉയർത്തി എല്ലാ കാലത്തും ഉപയോഗിക്കുവാൻ പറ്റുന്ന അവസ്ഥയിലാക്കുക.

8. പഞ്ചായത്തുതലത്തിൽ സ്ക്കൂൾ കോംപ്ലക്സുകൾ രൂപീകരിച്ച് ഹൈസ്ക്കൂളുകളിൽ ലഭ്യമായ സ്ലൈഡ് പ്രൊജക്ടർ, സിനിമാ പ്രൊജക്ടർ, ലബോറട്ടറി എന്നിവ മറ്റ് പ്രൈമറി സ്ക്കൂളിലെ കുട്ടികൾക്കുകൂടി ലഭ്യമാക്കുക.

9. പഞ്ചായത്തടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കായി കലാ-കായിക- ശൈജ്ഞാനിക മേഖലകളിൽ ആരോഗ്യകരമായ മത്സരങ്ങൾ സംഘടിപ്പിക്കാൻ പഞ്ചായത്ത് നേതൃത്വം നൽകേണ്ടതാണ്. ഇന്ന് നടക്കുന്ന യുവജനോത്സവങ്ങളും കായികമേളകളും പഞ്ചായത്തടിസ്ഥാനത്തിൽ നടത്തി കൂടുതൽ കുട്ടികൾക്ക് പങ്കെടുക്കാനുള്ള അവസരം നൽകേണ്ടതാണ്.

10. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹെഡ്മാസ്റ്റർമാരും ജനപ്രതിനിധികളും പി.ടി.എ. പ്രതിനിധികളും ചേർന്ന കമ്മിറ്റികൾ വർഷത്തിൽ മൂന്ന് പ്രാവശ്യമെങ്കിലും സ്ക്കൂൾ സന്ദർശിച്ച് പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

11. ആവശ്യമായ മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകുന്നതിന് വേണ്ട സാധനങ്ങൾ സർക്കാർ ലഭ്യമാക്കേണ്ടതാണ്. അനുബന്ധ ചെലവുകൾ പഞ്ചായത്തിന്റെയും പി.ടി എ.യുടെയും സഹായത്തോടെ കണ്ടെത്തേണ്ടതാണ്.

12. കുട്ടികളുടെ ബഹുമുഖമായ കഴിവുകൾ പരിശോധിക്കുന്നതും പരിപോഷിപ്പിക്കുന്നതുമായ രീതിയിൽ പരീക്ഷാസമ്പ്രദായം മാറ്റേണ്ടതാണ്.

13. നഷ്ടപ്പെട്ട പ്രവർത്തനദിനങ്ങൾ നികത്തുന്നതിനുവേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ തീരുമാനം എടുക്കേണ്ടതാണ്.

14. പഠനസമയ ക്രമീകരണങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്. രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണിവരെയാക്കാവുന്നതാണ്. പിന്നോക്കം നിൽക്കുന്നവർക്ക് പരിഹാരബോധനം നടത്തുന്നതിന് മൂന്ന്മണിക്ക് ശേഷമുള്ള സമയം ഉപയോഗിക്കാവുന്നതാണ്.

15. പാഠപുസ്തകങ്ങൾ സ്ക്കൂൾ വർഷാരംഭത്തിനുമുമ്പ് തന്നെ ലഭ്യമാക്കണം. അധ്യാപകർക്കുള്ള കൈപ്പുസ്തകം യഥാസമയം എത്തിക്കണം.

16. സ്കൂൾ വാർഷികാരംഭത്തിന് മുൻപ് തന്നെ അധ്യാപകരുടെ സ്ഥലം മാറ്റങ്ങൾ പൂർത്തിയാക്കുകയും ആവശ്യാനുസരണം അധ്യാപകരെ നിയമിക്കേണ്ടതുമാണ്. ഇടക്കാലത്തുള്ള ട്രാൻസ്ഫർ നിരുത്സാഹപ്പെടുത്തേണ്ടതുമാണ്.

17. എല്ലാ വിദ്യാലയങ്ങളിലും ക്ലാസ് അടിസ്ഥാനത്തിൽ തന്നെ മാതൃസംഘങ്ങൾ രൂപീകരിക്കുകയും മാസത്തിലൊരിക്കലെങ്കിലും കൂടിച്ചേരേണ്ടതാണ്.

18. മെയ്മാസത്തിൽ തന്നെ പഞ്ചായത്തുതലത്തിൽ അധ്യാപകയോഗം ചേർന്ന് വരുംവർഷത്തെ മുഴുവൻ പ്രവർത്തനങ്ങൾക്കും രൂപരേഖ തയ്യാറാക്കുകയും എല്ലാ മാസാവസാനവും പ്രവർത്തനം വിലയിരുത്തപ്പെടുകയും ചെയ്യണം. ഇതിന് നേതൃത്വം നൽകുന്നതിന് പഞ്ചായത്ത് വിദ്യാഭ്യാസ സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

19. എല്ലാ വിദ്യാലയങ്ങളിലും സിലബസ് അനുസരിച്ചുള്ള വ്യത്യസ്ത വിഷയങ്ങൾ പഠിപ്പിക്കുന്നതിന് അതതുവിഷയങ്ങളിൽ പ്രാവീണ്യം നേടിയവരെ തന്നെ നിയമിക്കേണ്ടതാണ്. രണ്ടോ മൂന്നോ സ്ക്കൂളുകൾക്ക് ഒരധ്യാപകൻ എന്ന നിലയിലെങ്കിലും ഇതുചെയ്യാവുന്നതാണ്.

20. സ്ക്കൂൾ ഓഫീസുകളിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിച്ച് ഹെഡ്മാസ്റ്റർക്ക് പാഠ്യപ്രവർത്തനത്തിൽ കൂടുതൽ ശ്രദ്ധിക്കുവാനുള്ള അവസരം ഉണ്ടാക്കേണ്ടതാണ്.

21. എല്ലാ ഹെഡ്മാസ്റ്റർമാരെയും ഡ്രോയിംഗ് ഓഫീസർമാരാക്കി ഉയർത്തേണ്ടതാണ്. ശമ്പള ബില്ലുമായി മേലധികാരികളുടെ ഓഫീസിൽ സമയം ചെലവഴിക്കുന്നത് ഒഴിവാക്കാവുന്നതാണ്.

22. വർഷത്തിൽ രണ്ടുപ്രാവശ്യമെങ്കിലും വിദ്യാഭ്യാസ ആഫീസർമാർ ബന്ധപ്പെട്ട സ്ക്കൂൾ സന്ദർശിക്കേണ്ടതാണ്.

23. അധ്യാപകന് ദിവസം ഒരു പീരീഡെങ്കിലും വിശ്രമം ലഭിക്കുന്ന തരത്തിൽ അധ്യാപക തസ്തികകൾ പുനർ നിർണയം ചെയ്യേണ്ടതാണ്.

24. മൂന്നാം വാർഡിലെയും ഒന്നാം വാർഡിലെയും കുട്ടികൾക്ക് എൽ.പി.സ്ക്കൂളിൽ എത്തിപ്പെടാനുള്ള പ്രയാസം പരിഹരിക്കുന്നതിന് മൂന്നാം വാർഡിൽ ഒരു എൽ.പി.സ്ക്കൂൾ സ്ഥാപിക്കാനുള്ള സാധ്യതകൾ പരിശോധിക്കണം.

25. ഹൈസ്ക്കൂളുകളിൽ പ്ലസ് ടു തുടങ്ങുവാൻ നിർദ്ദേശമുള്ള സാഹചര്യത്തിൽ പ്രൈമറി വിഭാഗം ഒഴിവാക്കാവുന്നതാണ്. പെരുകുന്ന് സൗത്ത് ഗവ: എൽ.പി.സ്ക്കൂൾ യു.പി. സ്ക്കൂളായി ഉയർത്തി ഇത് ചെയ്യാവുന്നതുമാണ്.

26. ബോയ്സ്, ഗേൾസ്, ഹൈസ്ക്കൂൾ മിക്സഡ് സ്ക്കൂളായി മാറ്റുന്നത് പഠന നിലവാരവും അച്ചടക്കവും മെച്ചപ്പെടുത്താൻ സഹായിക്കും. ഇക്കാര്യം ബന്ധപ്പെട്ടവർ പരിശോധിക്കേണ്ടതാണ്.

ഉന്നത വിദ്യാഭ്യാസം

1. G.G.V.H.S.S.-ന് ആവശ്യമായ കെട്ടിടം നിർമ്മിക്കണം. അപകടാവസ്ഥയിലുള്ള കോൺക്രീറ്റ് കെട്ടിടം ഭദ്രമാക്കാൻ വേണ്ടത് ചെയ്യണം.

2. V.H.S.S.-ൽ ആവശ്യമായ ഉപകരണങ്ങളും മറ്റും ഏർപ്പെടുത്തണം. അധ്യാപകരെ സ്ഥിരമായി നിയമിക്കണം.

3. G.B.H.S.-ൽ പ്ലസ് ടു കോഴ്സ് തുടങ്ങണം.

4. സഹകരണമേഖലയിൽ ഒരു കോളേജ് തുടങ്ങുവാനുള്ള സാധ്യതകൾ പരിശോധിക്കണം.

സാങ്കേതിക വിദ്യാഭ്യാസം

1. ഗവ: കമേർസ്യൽ ഇൻസ്റ്റിറ്റ്യൂട്ട് G.B.H.S.-ന്റെ ഭാഗമാക്കിയാൽ കെട്ടിട ദൗർലഭ്യം പരിഹരിക്കുകയും ഭരണ ചെലവ് കുറയ്ക്കുകയും ചെയ്യാം.

2. ഗവ: കമേർസ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വിജയശതമാനം ഉയർത്തുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കണം.

3. ഗവ: കമേർസ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ സീറ്റ് വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കണം.

4. സഹകരണമേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുവാൻ വേണ്ടത് ചെയ്യണം.

സമാന്തര വിദ്യാഭ്യാസം

1. സമാന്തര സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകീകരിക്കുക. ഇതിന് പഞ്ചായത്ത് രാജ് നിയമ വ്യവസ്ഥകൾ ഉപയോഗിക്കുക.

2. വേണ്ടത്ര പ്രാഥമികസൗകര്യങ്ങൾ ഏർപ്പെടുത്താൻ മാനേജ്മെന്റിന് പഞ്ചായത്ത് നിർദ്ദേശം നൽകണം.

3. കൃത്യമായ രജിസ്റ്ററുകളും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വിവരങ്ങളും സൂക്ഷിക്കാൻ നിർബന്ധിക്കണം.

4. അമിതമായ ഫീസ് ഈടാക്കുന്നത് നിയന്ത്രിക്കുക.

ഔപചാരിക വിദ്യാഭ്യാസം

1. നവസാക്ഷരർക്ക് വായിക്കാനാവശ്യമായ പ്രത്യേക പുസ്തകങ്ങൾ എത്തിച്ചുകൊടുക്കുക. തുടർവിദ്യാഭ്യാസത്തിന് വായനശാലകൾ നേതൃത്വം നൽകുക.
2. നിലവാരമുള്ള പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും വീടുകളിൽ എത്തിച്ചുകൊടുക്കുക.
3. വായനശാലകളിൽ സ്ത്രീകൾക്കും ഉപയുക്തമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

പൊതുജനാരോഗ്യവും കുടിവെള്ളവും



VII സർക്കാർ ഓഫീസുകൾ/സ്ഥാപനങ്ങൾ/സ്ഥലങ്ങൾ.

1. ഗ്രാമപഞ്ചായത്ത് പോസ്റ്റ് ഓഫീസ് കണ്ണൂക്കര
2. ഗവൺമെന്റ് പോസ്റ്റ് ഓഫീസ്
3. കനറാ പോസ്റ്റ് ഓഫീസ്.
4. കണ്ണൂക്കര സർവ്വീസ് സഹകരണ ബാങ്ക്
5. കുടിവെള്ള കണ്ണൂക്കര.
6. കണ്ണൂക്കര ഗ്രാമപഞ്ചായത്ത് ഓഫീസ്.
7 കണ്ണൂക്കര വില്ലേജ് ഓഫീസ് തന
8. നടപ്പാപ്പാൽ സിവിൽ സപ്ലൈസ് ഓഫീസ്
9. സപ്ലൈസ് സഹകരണബാങ്ക് കണ്ണൂക്കര.
10. " " ശാഖ കനറാ
11. സിൻഡിക്കേറ്റ് ബാങ്ക് കണ്ണൂക്കര
12. മിലാഡി കോ. ഓ. ഗ്രാൻഡ് ബാങ്ക് കണ്ണൂക്കര
13 യൂണിയൻ സഹകരണബാങ്ക് - തന
14. സ്റ്റേറ്റ് ബാങ്ക് ട്രാവൻകൂർ. തന
15. കുടിവെള്ള പദ്ധതി ചുണ്ട.
16. പി.ഡ. ചുണ്ടവയൽ
17 പി.ഡ. നെടുങ്കണ്ട.
18. ഗവൺമെന്റ് ഹൈസ്കൂൾ സ്ഥലം
19. ട്രഷറി ചുണ്ടക്കണ്ണൂക്കര
20 കുടുംബശ്രീ ഓഫീസ് കനറാ
21 " " നെടുങ്കണ്ട.
22 " " മുണ്ടക്കയം

VII/1 VII/2 VII/3 VII/4 VII/5 VII/6 VII/7 VII/8 VII/9 VII/10 VII/11 VII/12 VII/13 VII/14 VII/15 VII/16 VII/17 VII/18 VII/19 VII/20 VII/21 VII/22

സർക്കാർ ഓഫീസുകൾ. ബാങ്കുകൾ ആശുപത്രികൾ

1. ചെറുകുന്ന് പോസ്റ്റാഫീസ് കണ്ണപുരം	6
2. മൊട്ടമ്മ ൽപോസ്റ്റാഫീസ്	4
3. കീഴറ പോസ്റ്റാഫീസ്	1
4. കണ്ണപുരം റയിൽവേസ്റ്റേഷൻ	5
5. കൃഷിഭവൻ കണ്ണപുരം	6
6. കണ്ണപുരം ഗ്രാമപഞ്ചായത്ത് ആഫീസ്	5
7. കണ്ണപുരം വില്ലേജ് ഓഫീസ് തറ	
8. ടെലഫോൺ ഡിവിഷണൽ ഓഫീസ്	5
9. സർവ്വീസ് സഹകരണബാങ്ക് കണ്ണപുരം	7
10. സർവ്വീസ് സഹകരണബാങ്ക് ബ്രാഞ്ച് കീഴറ	11
1.സിൻഡിക്കേറ്റ് ബാങ്ക് കണ്ണപുരം	5
12. മാടായി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് കണ്ണപുരം	5
13. കണ്ണൂർ ജില്ലാ സഹകരണബാങ്ക്	5
14. സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർ തറ	5
15. കുഷ്ഠരോഗാശുപത്രി ചുണ്ട	3
16. PHC പുഞ്ചവയൽ	3
17. PHC ചെറുകുന്ന്	3
18. രാമൻമെമ്മോറിയൽ ആശുപത്രി	61
9. മൃഗാശുപത്രി കണ്ണപുരം	5
20. കുടുംബക്ഷേമകേന്ദ്രം കീഴറ	1
21. കുടുംബക്ഷേമകേന്ദ്രം മൊട്ടമ്മൽ	4
22. കുടുംബക്ഷേമകേന്ദ്രം ഇടക്കേപ്പുറം	8

ഒരു രാജ്യത്തിന്റെ വികസനത്തിന്റെ പ്രധാനമായ മാനദണ്ഡം ആരാജ്യത്തിലെ ജനങ്ങളുടെ ആരോഗ്യമാണ്. ആരോഗ്യരംഗത്ത് നമ്മുടെ സംസ്ഥാനം വളരെ മുൻപന്തിയിലാണെങ്കിലും പഞ്ചായത്തിലെ ആരോഗ്യരംഗത്ത് പല പോരായ്മകളും ഇന്നും നിലനിൽക്കുന്നു. അര നൂറ്റാണ്ടിന് മുമ്പ് അലോപ്പതി ഹോമിയോ ചികിത്സാ സംവിധാനങ്ങൾ വേണ്ടത്ര പ്രചാരത്തിലില്ലാതിരുന്ന കാലഘട്ടത്തിൽ നമ്മുടെ ജനങ്ങളെരോഗങ്ങളിൽ നിന്നും സംരക്ഷിച്ച് നിർത്തിയിരുന്ന പൂർവകാല ആയുർവേദ വൈദ്യന്മാരായ ശ്രീ രാമപെരുവണ്ണാൻ.

വല്യപുരയിൽ കുഞ്ഞിരാമൻ വൈദ്യർ , ചാത്തൂട്ടി വൈദ്യർ, കുമ്മാരൻ വൈദ്യർ പണ്ണേരി കുഞ്ഞിരാമൻവൈദ്യർ, പാഞ്ചാലിവൈദ്യർ , കെ.വി. കുഞ്ഞിരാമവൈദ്യർ, ചിരുകണ്ടു സ്വാമി, കുഞ്ഞപ്പവൈദ്യർ, വാക്കാട്ട് വൈദ്യർ ചെമ്പേൻ രാമൻ, എന്നിവരുടെ സേവനങ്ങൾ സ്മരണീയമാണ്. കൂടാതെ ഇന്നുജീവിച്ചിരിക്കുന്ന പാരമ്പര്യ ആയുർവേദവൈദ്യന്മാരുടെയും വിഷചികിത്സാവൈദ്യന്മാരുടെയും സേവനങ്ങൾ നമ്മുടെ പഞ്ചായത്തിനലഭിക്കുന്നുണ്ട്.

കണ്ണപുരംപഞ്ചായത്തിൽ 1991 ലെ സെൻസസ് അനുസരിച്ച് ആകെ ജനസംഖ്യ 18158 ആണ് ഇതിൽ 8414 പേർ പുരുഷന്മാരും 9747പേർ സ്ത്രീകളുമാണ്. ഇതു കാണിക്കുന്നത് സംസ്ഥാന അനുപാതമെന്നപോലെതന്നെ കണ്ണപുരം പഞ്ചായത്തിൽ സ്ത്രീകൾകൂടുതലാണ്. 1993, 94, 95 വർഷങ്ങളിലെ ജനനമരണ കണക്കുകൾ സൂചിപ്പിക്കുന്നത് ജനനം സംസ്ഥാന ശരാശരി പതിനേഴുശതമാനമായിരിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ അതിനുതാഴെയാണ് അതേസമയം മരണനിരക്ക് സംസ്ഥാന ശരാശരിയായ 5.9 ശതമാനത്തിനടുത്താണ്.

ജനനമരണ ലിസ്റ്റ്

വർഷം	ജനനം	മരണം	ജനനം മരണം		പാപിള്ള
	എണ്ണം	എണ്ണം	ശരാശരി		
1993 94 77 7.6 6.4	129	90	10.75	7.5%	9495 51 79 4.25 6.5 9596 92

1995-96 കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 2184 ദമ്പതിമാരാണ് ഇവരിൽ തന്നെ 2023 പേർ അമ്മമാരാണ്. എന്നാൽ ഇവരിൽ 1313 മാത്രമാണ് കുടുംബാസൂത്രണ മാർഗ്ഗം സ്ഥിരമായിസ്വീകരിച്ചിട്ടുള്ളത്. എങ്കിലും പട്ടിക 1ലെ കണക്കു സൂചിപ്പിക്കുന്നത് ജനസംഖ്യാ നിയന്ത്രണത്തിൽ നാം ജാഗ്രതപാലിക്കുന്നുവെന്നാണ്. നമ്മുടെ 88 പേർ അംഗവൈകല്യം ഉള്ളവരാണ്. അതുപോലെ തന്നേ 37 പേർ ബുദ്ധിമാന്ദ്യം സംഭവിച്ചവരാണ് കണ്ണപുരം പഞ്ചായത്തിൽ 71 വയസ്സിനുതാഴെ പ്രായമുള്ളകുട്ടികൾ 248 വരും 1995 96 വർഷത്തിൽ നമ്മുടെ പഞ്ചായത്തിൽ പ്രതിരോധ കുത്തിവയ്പ് പൂർത്തിയാക്കിയവർ 147 പേരാണ്. നമ്മുടെ പഞ്ചായത്തിൽ റിപ്പോർട്ട് തയ്യാറാക്കുന്ന കാലയളവിൽ 162 ഗർഭിണികൾ ഉള്ളതായി കണക്കുകൾ കാണിക്കുന്നു. ഇവർ മിക്കവാറും പ്രസവസംബന്ധമായ ശുശ്രൂഷയ്ക്ക് ആധുനിക വൈദ്യസഹായം ഉപയോഗപ്പെടുത്തുന്നുണ്ട്. ഈ വർഷത്തിൽ (93-96 ഡിസംബർ) മാതൃമരണം റിപ്പോർട്ട് ചെയ്തിട്ടില്ല. രണ്ടിലെ കണക്കനുസരിച്ച് ആകെ അമ്മമാർ 65 ശതമാനംപേർ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ അമ്മാരുടെ എണ്ണം (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

ഒരുകുട്ടിമാത്രം ഉള്ളവർ	ഇതിൽ കുടുംബാസൂത്രണം സ്വീകരിച്ചവർ	2 കുട്ടികളുള്ള അമ്മമാർ	ഇതിൽ കുടുംബാസൂത്രണം സ്വീകരിച്ചവർ	2ൽകൂടുതൽ കുട്ടികളുള്ളവർ	ഇതിൽ കുടുംബാസൂത്രണം സ്വീകരച്ചവർ
503	126	953	682	667	505

പട്ടിക 3

അംഗവൈകല്യം ബാധിച്ചവർ				
അന്ധർ	ബധിർ	മൂകർ	ബധിരമൂകർ	ചലനവൈകല്യം
17	10	4	11	44

അവലംബം കണ്ണപുരം PHC

പട്ടിക 4

ബുദ്ധിമാന്ദ്യം സംഭവിച്ചവർ (പ്രായാടിസ്ഥാനത്തിൽ)			
0.5 വരെ	6–10 വരെ	11–15 വരെ	16ന് മേൽ
1	3	2	31

പട്ടിക 3.4 കാണിക്കുന്നത് നമ്മുടെ പഞ്ചായത്തിൽ ചലനവൈകല്യംസംഭവിച്ചവരും ബുദ്ധിമാന്ദ്യംസംഭവിച്ചവരും ഏറെയുണ്ടെന്നാണ്. അതുകൊണ്ട് ഈ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു.

കണ്ണപുരം ഗ്രാമപഞ്ചായത്തിൽ രണ്ട് PHC കളും മൂന്ന് കുടുംബക്ഷേമകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു പട്ടിക 5 ൽ മേൽ സൂചിപ്പിച്ചതുപോലെ ഒരു സ്വകാര്യആശുപത്രിയടക്കം 4 അലോപ്പതി ചികിത്സാ കേന്ദ്രങ്ങളും 10 ആയുർവേദ ചികിത്സാ കേന്ദ്രങ്ങളും 4 ഹോമിയോ ചികിത്സാ കേന്ദ്രങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. എങ്കിലും രാത്രികാലങ്ങളിൽ വൈദ്യസഹായം ലഭിക്കാൻ പ്രയാസപ്പെടുന്നുണ്ട്.

പട്ടിക –5

നിലവിലുള്ള ചികിത്സാകേന്ദ്രങ്ങൾ				
ചികിത്സ സമ്പ്രദായം	സർക്കാർ ആശുപത്രി (എണ്ണം)	സ്വകാര്യ ആശുപത്രി (എണ്ണം)	സ്റ്റാഫ്	
			സർക്കാർ	സ്വകാര്യം
അലോപ്പതി	2	4	34	24
ആയുർവേദം	–	10	–	–
ഹോമിയോ	–	4	–	–

പട്ടിക 6

പൊതുജനാരോഗ്യസംവിധാനം		
പ്രൈമറി ഹെൽത്ത് സെന്റർഎണ്ണം	കുടുംബക്ഷേമകേന്ദ്രം എണ്ണം	സ്റ്റാഫ് എണ്ണം
2	3	37

പട്ടിക 6 ൽ സൂചിപ്പിച്ചതുപോലെ നമ്മുടെ പഞ്ചായത്തിൽ രണ്ട് പ്രൈമറി ഹെൽത്ത്സെന്ററുകളും മൂന്നു കുടുംബക്ഷേമകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതൊക്കെയാണ് പഞ്ചായത്തിലെപൊതുജനാരോഗ്യസംവിധാനം. പുഞ്ചവയൽ PHCവാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ഇവിടെ കിടത്തി ചികിത്സയ്ക്ക് ആവശ്യമായ സംവിധാനങ്ങളൊന്നുമില്ല. ഈ PHC പ്രധാനമായും ഉപയോഗപ്പെടുത്തുന്നത് പഞ്ചായത്തിന്റെ കിഴക്കൻഭാഗങ്ങളിലുള്ള ചുരുക്കം ജനങ്ങളാണ്. ഇതിന് പ്രധാന

കാരണം ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തതയാണ്. പഞ്ചായത്തിലെ മറ്റുള്ളവർ ആശ്രയിക്കുന്നത് ചെറുകുന്ന് PHCയാണ് ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായല്ല നടക്കുന്നത്. അവിടെ പണിത പ്രസവവാർഡ് ഗൈനക്കോളജിസ്റ്റിന്റെ അഭാവത്താൽ പ്രവർത്തിക്കുന്നില്ല. കൃത്യമായി മരുന്നുലഭിക്കുന്നില്ല. അതിനാൽ ജനങ്ങൾ സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നു.

പഞ്ചായത്തിലെ മുന്നുകുടുംബക്ഷേമകേന്ദ്രങ്ങളിൽ ഒന്ന് സ്ഥിരംകെട്ടിടത്തിലും മറ്റുരണ്ടെണ്ണം വാടകകെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. ഇതിൽഇടക്കേപ്പുറത്ത് സ്ഥിതിചെയ്യുന്ന കുടുംബക്ഷേമകേന്ദ്രത്തിന്റെ സ്ഥിരം കെട്ടിടത്തിന്റെ പണി നടന്നുവരുന്നു. അതുപോലെ നമ്മുടെ പഞ്ചായത്ത് സർക്കാർ ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ ഇല്ല വൈദ്യസഹായംലഭിക്കുന്നതിന് മുന്നുകിലോമീറ്റർ അധികംസഞ്ചരിക്കേണ്ട പ്രദേശങ്ങൾ പഞ്ചായത്തിനുണ്ട്. അയ്യോത്ത് ആയിരംതെങ്ങ് എന്നിവ ഉദാഹരണം മാത്രം.

പഞ്ചായത്തിലെ 78 ശതമാനംകുടുംബങ്ങൾക്കും സ്വന്തമായി കക്കൂസ് സൗകര്യമുണ്ട് ഇതിൽ തന്നെ 5 മുതൽ 9 വരെ വാർഡുകൾമിക്കവാറും തീരസമതലങ്ങളിൽ ആയതിനാൽ ചെറിയ ചെലവിൽ പണിയാവുന്ന ഇ എസ് പി കക്കൂസുകൾ പ്രായോഗികമല്ല. ഇതിനുപ്രത്യേകസംവിധാനത്തോടുകൂടിയ ചിലവേറിയ കക്കൂസുകൾ തന്നെ വേണ്ടിവരും. നമ്മുടെ പഞ്ചായത്തിലെ 75 ശതമാനം വീടുകളിലും മലിനജലം കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനങ്ങളൊന്നുമില്ല. പലരും ഇത് അലക്ഷ്യമായി ഒഴുക്കിവിടുകയാണ്.ഇതുമൂലം കൂടിവെള്ളപ്രശ്നവും വായു-ജല ജന്യരോഗങ്ങൾക്കും ഇടയാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും വെള്ളം കെട്ടികിടക്കുന്നു. പ്രത്യേകിച്ച് ഇത് 5,6,7 വാർഡുകളിൽ കൂടുതലാണ്. ഇതുകാരണം കൊതുകുകൾ വളരുന്നതിനും മറ്റുമാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതിനും കാരണമാകുന്നുണ്ട്. ഇതുമൂലം പകർച്ചവ്യാധികളും, ആസ്മ, വാതം മുതലായ രോഗങ്ങളും ഈ ഭാഗത്തുനിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രശ്നങ്ങൾ (പൊതുജനാരോഗ്യം)

1. പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അനുവദിച്ച പ്രസവവാർഡ് ഗൈനക്കോളജിസ്റ്റിന്റെ അഭാവം കാരണം പ്രവർത്തിക്കുന്നില്ല.
2. പഞ്ചായത്തിൽ രാത്രികാലങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല.
3. രക്തദാനത്തെകുറിച്ചുള്ള അബദ്ധധാരണകൾ ജനങ്ങളിൽ നിലനിൽക്കുന്നു.
4. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ച പുഞ്ചവയലിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിന് സൗകര്യപ്രദമായ സ്ഥിരം കെട്ടിടത്തിന്റെ അഭാവം പ്രവർത്തനത്തെ ബാധിക്കുന്നു.
5. ജനസംഖ്യാനുപാതികമായി അർഹമായ രീതിയിൽ സബ്സെന്ററുകൾ അനുവദിക്കപ്പെട്ടിട്ടില്ല.
6. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാനുള്ള സംവിധാനം കാര്യക്ഷമമായല്ല നടക്കുന്നത്.
7. സ്കൂൾ- അംഗനവാടികളിലെ ആരോഗ്യപ്രവർത്തനങ്ങൾ നല്ല രീതിയിലല്ല പ്രവർത്തിക്കുന്നത്.
8. കൊതുകു ശല്യംപഞ്ചായത്തിൽ വ്യാപകമായി അനുഭവപ്പെടുന്നു.
9. ചില പ്രത്യേക സീസണിൽ ഈച്ച ശല്യം വ്യാപകമാണ്.
10. പഞ്ചായത്തിൽ ഗവ: ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ ഇല്ല.
11. സ്വാഭാവികഒ ഒഴുക്കുകൾ തടസ്സപ്പെടുത്തുന്ന രീതിയിൽ കെട്ടിടങ്ങളും മതിലുകളും കെട്ടുന്നതിന് അനുമതി നല്കുന്നു.
12. ആരോഗ്യരംഗത്തെ ബോധവൽക്കരണത്തിന്റെ അപര്യാപ്തത.
13. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ശേഖരിച്ചിരിക്കേണ്ട പല അടിസ്ഥാന വിവരങ്ങളും അവിടെ ലഭ്യമല്ല.

നിർദ്ദേശങ്ങൾ

1. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യമായ ഡോക്ടർമാരെ നിയമിച്ച് താമസസൗകര്യത്തിന് കോർട്ടേഴ്സ് അനുവദിക്കുക
2. ആരോഗ്യപ്രവർത്തനം മെച്ചപ്പെടുത്തുവാൻ മൂഴുവൻ വാർഡുകളിലും സബ്സെന്റർ അനുവദിക്കുക.
3. സബ്സെന്ററുകളിൽ ആഴ്ചയിലൊരിക്കലെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുക.
4. മറ്റുപഞ്ചായത്തുകളെ ബന്ധപ്പെടുത്തി മൊബൈൽ മെഡിക്കൽ സെന്ററുകൾ ആരംഭിക്കുക.
5. പരിസരമലിനീകരണം തടയുന്നതിന് ഓരോവീടിനും കക്കുസുനിർമ്മിക്കാൻ ആവശ്യമായസഹായം നല്കുക.
6. വ്യവസായശാലകളിൽ നിന്നുള്ള മാലിന്യങ്ങളുടെ കാഠിന്യം കുറച്ച് സുരക്ഷിതമായ സ്ഥലങ്ങളിൽഎത്തിക്കാനുള്ളസംവിധാന മുണ്ടാക്കുക
7. ആവശ്യമായസ്ഥലത്ത് പൊതുകക്കൂസുകളും മൂത്രപ്പുരകളുംസ്ഥാപിക്കുക
8. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും വീട്ടിൽ വളർത്തുന്ന നായ്ക്കൾക്ക് നിർബന്ധമായും ലൈസൻസും ഏർപ്പെടുത്തുക.
9. സ്കൂൾ അംഗൻവാടികളിലെ ആരോഗ്യപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.
10. കൊതുകു ഉറവിട ശല്യം നിയന്ത്രിക്കേണ്ടതാണ്.
11. സ്ഥിരതാമസമില്ലാത്തതും അന്യ സംസ്ഥാനങ്ങളിൽ നിന്ന് വന്ന് താമസിച്ച് പരിസരമലിനീകരണം നടത്തുന്നു. ഇതുപരിഹരിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം.
12. നിരോധിച്ച മരുന്നുകളുടെ പട്ടിക പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുക.
13. ഗവ: ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കുക.
14. കെട്ടിടങ്ങളും മതിലുകളും കെട്ടുമ്പോൾ സ്വാഭാവിക ഒഴുക്കുകൾ തടസ്സപ്പെടുത്താത്ത രീതിയിൽ ലൈസൻസ് നല്കുക.
15. ഡേകെയർ സെന്ററുകൾ സ്ഥാപിക്കുക.
16. രക്തദാനത്തിന്റെ മഹത്വത്തെകുറിച്ചും പ്രാധാന്യത്തെകുറിച്ചുംബോധവൽക്കരണം നടത്തുക.
17. ആശുപത്രി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മാസത്തിൽ ഒരിക്കലെങ്കിലും വികസന സമിതിവിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ചചെയ്യുക.
18. ആരോഗ്യ വിദ്യാഭ്യാസ പ്രചരണം ബഹുജന സംഘടനകളുടെ പ്രധാന പ്രവർത്തനമായിരിക്കുക
19. O.P സൗകര്യങ്ങൾ രാവിലെ മുതൽ വൈകുന്നേരം വരെ ദീർഘിപ്പിക്കുക
20. ആരോഗ്യവിദ്യാഭ്യാസത്തിന് ദൃശ്യ ശ്രവണമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുക.

കുടിവെള്ളം



VII കുടിവെള്ള കിണറുകൾ

പൊതു കിണറുകൾ

1. കാരമ്പുന്ന് പൊതു കിണർ I
2. കിഴക്ക പൊതു കിണർ I
3. കയറിന്റെ പൊതുകിണർ II
4. പിലാട്ടുമ്മൽ പൊതു കിണർ മേലെ II
5. പാറപ്പുറത്ത് പൊതു കിണർ മദ്ധ്യഭാഗം II
6. ക്ഷേത്രത്തിന് പൊതു കിണർ II
7. ഗവ. ഓഫീസിനടുത്ത് പൊതു കിണർ III
8. പൊതു കിണർ മദ്ധ്യഭാഗം IV
9. തെക്കൻപറമ്പ് പൊതു കിണർ V
10. കല്ലുപുരം ലക്ഷംവീട് പൊതു കിണർ V
11. നടുക്കണ്ടിയിൽ പൊതുകിണർ V
12. മണ്ണുമ്മൽതറ പൊതുകിണർ V
13. പുതിയാപ്പ് പി.സ്കൂൾ പൊതുകിണർ VII
14. തെരുവിലുള്ള പൊതു കിണർ (ഉള്ളത് വെള്ളം) VII
15. പുതിയപ്പാലം നവോദയ വിദ്യാലയ പൊതുകിണർ VIII
16. പുതിയപ്പാലം പരിസരം പൊതുകിണർ. 2 VIII
17. പന്തലായനി കിണർ തെക്കേൻ നടക്ക് IX
18. പന്തലായനി കിണർ തെക്കിനടക്ക് IX

കുഴൽ കിണറുകൾ

19. കാരമ്പുന്ന് കുഴൽ കിണർ I
20. കിഴക്ക കയറിന്റെ ലക്ഷംവീട് കുഴൽ കിണർ I
21. ക്ഷേത്രത്തിന് കുഴൽ കിണർ II
22. ക്ഷേത്രത്തിന് കുഴൽ കിണർ II
23. പുതിയവയൽ സ്വയംസഹായ കുഴൽ കിണർ III
24. തെക്കൻമ്പ് കുഴൽ കിണർ III
25. പാറപ്പുറത്ത് കുഴൽ കിണർ III

കിണർ, പമ്പ്, ടാങ്ക് – ഗുണഭോക്തൃ വിതരണ സമ്പ്രദായം

27. കാരമ്പുന്ന് ഹരിജൻ കോളനി വാട്ടർ ടാങ്ക് I
28. " " കിണർ, പമ്പ് പുതിയവയൽ II
29. പുതിയവയൽ ഹരിജൻ കോളനി വാട്ടർ ടാങ്ക് III
30. " " കിണർ, പമ്പ് പുതിയവയൽ III
31. തെക്കൻമ്പ് വാട്ടർ ടാങ്ക് 8, 9 വാർഡിലേക്ക് IV
32. " " കിണർ, പമ്പ് " " V

നീരുറവ

29 അത്തക്കാട് നീരുറവ I

പൊതു കിണറുകൾ, കുഴൽ കിണറുകൾ, ഗുണഭോക്തൃ കിണറുകൾ

കണ്ണപുരം പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകളാണ്. 3271 വീടുകളിൽ 2365 എണ്ണത്തിന് സ്വന്തമായി കിണറുകൾ ഉണ്ട്. ഇതിൽ 766 കിണറുകൾ സാധാരണ കിണറാണ്. 48.88 ശതമാനം ജനങ്ങളും കുടിവെള്ളത്തിനായി സ്വന്തം വീടുകളെയാണ് ആശ്രയിക്കുന്നത് 9.47 ശതമാനംകുടുംബങ്ങൾ അയൽവീടുകളെയും ആശ്രയിക്കുന്നു.

പട്ടിക 1

പൈപ്പുവെള്ളം	പൊതുകുഴൽകിണർ	പൊതുകിണർ
പൊതുടാപ്പ്(എണ്ണം)	(എണ്ണം)	(എണ്ണം)
24	6	5

കണ്ണപുരം പഞ്ചായത്തിലെഎല്ലാവാർഡുകളിലും കുടിവെള്ളപ്രശ്നം അനുഭവപ്പെടുന്നുണ്ട്. ഇതിൽ 5,6,7 8,9 വാർഡുകളിലാണ് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്. ഇതിൽ 5,6, വാർഡുകളിൽ വെള്ളംകെട്ടിക്കിടക്കുന്നതിന്റെ ഫലമായിട്ടാണ് കുടിവെള്ളക്ഷാമം. 7,8 വാർഡുകളിൽ ചിലഭാഗങ്ങളിലും 9ാം വാർഡിൽ മുഴുവനും ഉപ്പുവെള്ളം നിറഞ്ഞ പ്രദേശമാണ്. പഞ്ചായത്തിലെ കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത് വാർഡ് ഒൻപതിലാണ്. ഭൂമിശാസ്ത്രപരമായി ഈ ഭാഗം ഉപ്പുവെള്ളം നിറഞ്ഞതാണ്. വേനൽക്കാലത്ത് 1,2,3,4 വാർഡുകളിലും കുടിവെള്ളപ്രശ്നമുണ്ട്. 1ാം വാർഡിൽ കാരക്കുന്ന് ഹരിജൻ കോളനിയിൽ കാരക്കുന്ന് ലക്ഷംവീട് കോളനി, പള്ളിപ്രം മൊട്ട, കയറ്റിൽകാവുങ്കൽ അച്ചനാട് എന്നീപ്രദേശങ്ങളിലും രണ്ടാം വാർഡിൽ പഞ്ചായത്ത് ബസ് ഷെൽട്ടറിനും കിഴക്കുഭാഗത്ത് ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമ മനുഭവപ്പെടുന്നു. 3ാം വാർഡിൽ ക്രിസ്തുകുന്ന് തൃക്കോത്ത് എന്നീഭാഗങ്ങളിലും നാലാം വാർഡിൽ കിഴക്കുഭാഗത്തും തെക്കുപടിഞ്ഞാറ്ഭാഗത്തുംകുടിനീർ പ്രശ്നമുണ്ട്. അഞ്ചാം വാർഡിൽ മിക്കഭാഗങ്ങളിലും പ്രത്യേകിച്ച് വയൽ ഭാഗങ്ങളിൽ കുടിനീർക്ഷാമമുണ്ട്. ഇവിടെ വർഷം മുഴുവൻ ലഭിക്കുന്നത് കഠിനജലം ആണ്. അതുകൊണ്ട് കുടിവെള്ളത്തിന് വേണ്ടി കരപ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത് അതുപോലെ തൃക്കോത്ത് കണ്ണപുരം ലക്ഷം വീട്കോളനികളിലെ കിണറുകൾ വേനൽകാലത്ത് വറ്റി വരളുന്നു.തൃക്കോത്തുഭാഗത്തും പ്രശ്നം നിലനിൽക്കുന്നു. ആറാം വാർഡിൽ പൂമലക്കാവിന് കിഴക്കുഭാഗത്ത് പത്തോളംകുടുംബങ്ങൾക്ക് കുടിനീർ പ്രശ്നമുണ്ട്. ഏഴാം വാർഡിന്റെ തെക്കുഭാഗത്ത് ഇരിണാവ് തോടിൽ നിന്നുള്ള ഉപ്പുവെള്ളം കയറുന്നതുമൂലം ഏകദേശം നൂറോളം കുടുംബങ്ങൾ മറ്റുപ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്. അതുപോലെകണ്ണപുരം വീവേഴ്സ് സൊസൈറ്റിയിൽ നിന്ന് മലിനജലം ഒഴുക്കുന്നതിന്റെ ഫലമായി ഏകദേശം പത്തോളംവീടുകളിലെ വെള്ളം ഉപയോഗയോഗ്യമല്ല.എട്ടാം വാർഡിന്റെ തെക്കുഭാഗത്ത് ഗുരുമഠം മുതൽ ഇടക്കേപ്പുറം സ്കൂളിന് പടിഞ്ഞാറുഭാഗത്തുള്ള കോട്ടം വരെയും അതിനു വടക്കുഭാഗത്ത് മുത്തച്ചിപീടിക വരെയും ഉപ്പുവെള്ളമായതുകൊണ്ട് കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. നടേ സൂചിപ്പിച്ചതുപോലെ നമ്മുടെ പഞ്ചായത്തിൽ വർഷം മുഴുവൻ ഉപ്പുവെള്ളംലഭിക്കുന്ന വാർഡാണ് ഒൻപത് . ഇടക്കേപ്പുറം പടിഞ്ഞാറ് ഇടക്കേപ്പുറം വടക്ക് അമ്പലപ്പുറം കേളംകൂർ അയ്യോത്ത് ആയിരംതെങ്ങ്എന്നീപ്രദേശങ്ങൾ ഈ വാർഡിൽ ഉൾപ്പെടുന്നു. ഇതിൽ ആയിരംതെങ്ങുഭാഗങ്ങളിലെ ജനങ്ങൾ കുടിവെള്ളത്തിന് വേണ്ടി മൂന്നുകിലോമീറ്റർ അകലെയുള്ള ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രകിണറിനെയാണ് ആശ്രയിക്കുന്നത്. അതുപോലെ ഒന്നാം വാർഡിലെ കാവുങ്കൽ എന്ന പ്രദേശം ഈ ഗണത്തിൽ പെടുന്നു.

നമ്മുടെ പഞ്ചായത്തിൽ മൂന്ന് ശുദ്ധജല വിതരണ പദ്ധതികളാണ് നിലവിലുള്ളത്. തൃക്കോത്ത് ശുദ്ധജലവിതരണപദ്ധതിയിൻ കീഴിൽ 24 ടാപ്പുകളാണ് ഉള്ളത് ഈ പദ്ധതിവഴിക്കുള്ള വെള്ളം പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്താണ് ഉപയോഗപ്പെടുത്തുന്നത്. അതുപോലെ പട്ടിക രണ്ടിൽ സൂചിപ്പിച്ചതുപോലെ കാരക്കുന്ന് ഹരിജൻ കോളനി പദ്ധതി കോളനിയിൽ ശുദ്ധജലവിതരണം നടത്തുന്നു. ഈപദ്ധതിയുടെ കീഴിൽ എട്ടു ടാപ്പുകളാണ് ഉള്ളത്. മാമിച്ചൽ ഹരിജൻ കോളനി ശുദ്ധജലവിതരണ പദ്ധതി അതുപോലെ പുഞ്ചവയൽ ഹരിജൻ കോളനിയെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് മൂന്നാമതായി സൂചിപ്പിച്ചത്. ഇതിൻ കീഴിൽ 11 ടാപ്പുകളാണ് ഉള്ളത്. മേൽ സൂചിപ്പിച്ച പട്ടികപ്രകാരം 50 കുടുംബങ്ങളാണ് ഉപയോഗിക്കുന്നത് ഇതുവളരെ പരിമിതമാണ്. അതുകൊണ്ട് നിലവിലുള്ള പദ്ധതികൾകൊണ്ട് കണ്ണപുരം പഞ്ചായത്തിലെകുടിവെള്ള പ്രശ്നം പരിഹരിക്കാൻ

കഴിയുകയില്ല എന്നാണ് കണക്കുകൾ നമ്മെ ബോധ്യപ്പെടുത്തുന്നത്. കൂടാതെ ജനസംഖ്യാവരദ്ധനവിന്റെ ആനുപാതം നോക്കുകയാണെങ്കിൽ കുടിവെള്ളപ്രശ്നം ' ഭാവിയിൽ ഇതിനെക്കാൾ ഭയാനകമാകാനാണ് സാധ്യത.

പട്ടിക രണ്ട്

പൊതു ശുദ്ധജലവിതരണ പദ്ധതി

പേര്	ടാപ്പ് എണ്ണം	ഉപഭോഗം ശരാശരി
1. തൃക്കോത്ത്	24	30
2. കാരക്കുന്ന്	8	5
3. മായിച്ചാൽ	11	5

പഞ്ചായത്തിൽ ഒന്നുമുതൽ അഞ്ചുവരെയുള്ള വാർഡുകളിൽ പൊതുവെ നല്ലവെള്ളം ലഭിക്കും. അഞ്ചാംവാർഡിൽ തന്നെ പടിഞ്ഞാറ് വയൽഭാഗത്ത് കഠിനജലം ആണുള്ളത്. 6,7 വാർഡുകളിൽ ഭൂരിഭാഗവുംനല്ലവെള്ളവും 8,9 വാർഡുകളിൽ ഉപ്പുരസത്തോടുകൂടിയ വെള്ളവുമാണ് ലഭിക്കുന്നത്.

പ്രശ്നങ്ങൾ കുടിവെള്ളം

1. അയ്യോത്ത് ആയിരം തെങ്ങ് കേളംകൂർ അമ്പലപ്പുറം, ഇടക്കേപ്പുറം, പടിഞ്ഞാറ് കാവുങ്കൽ, ചുണ്ട വയൽഭാഗം എന്നീപ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളപ്രശ്നമുണ്ട്.

2. നിലവിലുള്ള കുഴൽ കിണറുകളും പൊതുകിണറുകളും മിക്കതും ഉപയോഗശൂന്യമാണ്.

3 നിലവിലുള്ള പൈപ്പ്ലെയ്ൻ നീട്ടുവാനും കാര്യക്ഷമമാക്കുവാനും ഉള്ള ആവശ്യം പരിഗണിക്കപ്പെടുന്നില്ല.

4 നിലവിലുള്ള പൈപ്പെലെയ്ൻ കൊണ്ട് മഴക്കാലത്തുപോലും ആവശ്യമായ വെളളം കൃത്യമായി ലഭിക്കുന്നില്ല.

5. പൈപ്പെലെയ്ൻ അനാവശ്യമായ സ്ഥലങ്ങളിലേക്ക് നീട്ടി ദുരുപയോഗം ചെയ്യുന്നു.

6 തൃക്കോത്തുള്ള വാട്ടർടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടുന്നില്ല.

7. പുതിയ കിണറുകളും ജല സംഭരണികളും നിർമ്മിക്കാനുള്ള ആവശ്യം പരിഗണിക്കപ്പെടുന്നില്ല.

8. വേനൽക്കാലത്ത് കുടിവെള്ള പ്രശ്നമുള്ള സ്ഥലങ്ങളിൽ കുടിവെള്ളത്തിന്റെ വിതരണം കാര്യക്ഷമമായി നടക്കുന്നില്ല.

9 നിലവിലുള്ള പൈപ്പുകൾ കാലഹരണപ്പെട്ടതാണ്.

നിർദ്ദേശങ്ങൾ

1 പട്ടുവം അഡ്ജോയിനിംഗ് പഴശ്ശിപദ്ധതികൾ കണ്ണപുരംപഞ്ചായത്തിലേക്ക് അടിയന്തിരമായി [illegible]

2 ശുദ്ധജല വിതരണത്തിന് രണ്ടോമൂന്നോ വലിയ കിണറുകൾ കുഴിക്കുക

3 പൊതു കിണറുകളുടെ ആഴവും വലിപ്പവും കൂട്ടുക

4 ആവശ്യമായ സ്ഥലങ്ങളിൽ പൊതുകിണറുകളും കുഴൽ കിണറുകളും ഉണ്ടാക്കുക.

5 ഉപയോഗശൂന്യമായപൈപ്പ്മാറ്റി സ്ഥാപിക്കുകയും ആവശ്യമായ ഭാഗങ്ങളിലേക്ക് നീട്ടുകയും ചെയ്യുക.

6 ഉപ്പുവെള്ളംകയറുന്നിടത്ത് ബണ്ടുകെട്ടി തടയുക.

7 ചെറുകിട ജല പദ്ധതികൾക്ക് ഊന്നൽനല്കുക നിശ്ചിത വീടുകൾക്ക് ഒരു പദ്ധതി എന്ന രീതിയിൽ അതിന്റെ സാങ്കേതികമേന്മ ഗവ: ഉറപ്പുവരുത്തുക.

8 ജലവിതരണത്തിനായ വാട്ടർടാങ്കുകൾ ആവശ്യമുള്ളപ്രദേശങ്ങളിൽ സ്ഥാപിക്കുകയും. അവിടെ നിന്ന് വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുക.

9 കല്ലുവെട്ടുകുഴികൾ ജലസംഭരണികളാക്കി മാറ്റുക.

10 കുന്നിൽ മുകളിലും ചരിവുപ്രദേശങ്ങളിലും വെള്ളംകെട്ടി നിർത്തുക

11 ജലമാനേജ്മെന്റിൽ സംവിധാനമുണ്ടാക്കുക.

12 വ്യക്തിഗത കിണറുകളുടെയും പൊതുകിണറുകളുടെയും സംരക്ഷണത്തിനും മാനേജുമെന്റിനും പദ്ധതിയുണ്ടാക്കണം.

13 തണ്ണീർ തടപദ്ധതികൾക്ക് പ്രാധാന്യം നൽകുക

14 കണ്ടൽ വനങ്ങളെ സംരക്ഷിക്കുകയും തീരപ്രദേശങ്ങളിൽ വച്ചുപിടിപ്പിക്കുകയും ചെയ്യുക.

15 പരമ്പരാഗത ജലസ്രോതസ്സുകളെ സംരക്ഷിക്കുക (കീഴറയിലെ അച്ചനാട്ട് നീരുറവ)

16 ഇരിണാവു റഗുലേറ്റർ മൂലം പടിഞ്ഞാറൻമേഖലകളിൽ ഉപ്പുവെള്ളംകയറുന്നത് തടഞ്ഞുനിർത്താൻ സംവിധാനമുണ്ടാകണം.

17 മാറ്റാങ്കിൽ നിലവിലുള്ള ധർമ്മകിണർമാറ്റി അതിന്റെതൊട്ടടുത്ത് റോഡിന് എതിർവശത്ത് സ്ഥാപിക്കണം. നിലവിലുള്ള കിണർ പൊട്ടി പൊതു കിണർ പൊട്ടിപൊളിഞ്ഞതുകൊണ്ട് നന്നാക്കാൻ സാധ്യതയില്ലാത്താണ് കാരണം. കൂടാതെ വേനൽക്കാലത്ത് വെള്ളംവറ്റുന്നതും പ്രശ്നമാണ്.

പരിസര ശുചിത്വം



I ശുചിത്വസമിതി

1. തീര സമുദായ ശുചിത്വം ചെയർ	I
2. ഫിഷിംഗ് ശുചിത്വം കോർഡിനേറ്റർ	I
3. തീര സമുദായ ശുചിത്വം കൺവീനർ	I
4. നസ്യാർ സമുദായ ശുചിത്വം കൺവീനർ	I
5. നസ്യാർ സമുദായ സംഘം ഓഫീസ് ബിയറർ	I
6. തീര സമുദായ സംഘടന ഓഫീസ് കൺവീനർ	I
7. ക്രിസ്ത്യൻ സെമിത്തേരി ചുമതല	III
8. പൊതു ശുചിത്വം ക്രിസ്ത്യാനി	III
9. തീര സമുദായ ശുചിത്വം	III
10. നായർ (മണിയാണി) സമുദായ ശുചിത്വം	III
11. ഫിഷിംഗ് ശുചിത്വം (കൂടാതെ)	III
12. പൊതുവഴി പൊതു ശുചിത്വം ഏകോപനം	III
13. നമ്പൂതിരി പൊതുശുചിത്വം	IV
14 തീര സമുദായ ശുചിത്വം പൊതുകക്കൂസ്	VII
15. നായർ സമുദായ ശുചിത്വം പൊതുകക്കൂസ്	VII
16. തീര സമുദായ ശുചിത്വം കക്കൂസ്	II
17. ഫിഷിംഗ് ശുചിത്വം കക്കൂസ്	II
18. നായർ സമുദായ സംഘം കുടിവെള്ളം വക	VI

കേരള സംസ്ഥാനത്തിലെ ശരാശരിയോട് കിടപിടിക്കത്തക്ക രീതിയിലോ അല്ലെങ്കിൽ ഒരുപടിമുന്നിലോ ആണ് നമ്മുടെപഞ്ചായത്തിലെ സാംസ്കാരികബോധവും സാക്ഷരതാ നിരക്കും ആയുർ ദൈർഘ്യവും ആരോഗ്യപരിപാലനത്തിലെ മെച്ചപ്പെട്ട പ്രവർത്തനങ്ങളും എങ്കിലും പരിസരശുചിത്വമെന്നാൽ സ്വന്തം വീടും പരിസരവും മാത്രം ശുചിയാക്കുക എന്നസങ്കുചിതമായ ബോധം നമ്മളിൽ ഓരോരുത്തരിലും രൂഢമൂലമായിക്കിടക്കുകയാണ്. പരിസരശുചിത്വമെന്നാൽ നമ്മുടെ സമൂഹത്തിന്റെയും പ്രദേശത്തിന്റെയും മൊത്തത്തിലുള്ള. ശുചീകരണമാണെന്നുള്ള ബോധംവളർത്തിയെടുക്കാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ 715 കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസ് സൗകര്യമില്ല.

2 ചപ്പുചവറുകളും മാലിന്യങ്ങളും പൊതുസ്ഥലങ്ങളിലും വീട്ടുവളപ്പിലും അലക്ഷ്യമായിവലിച്ചെറിയുന്നു.(ഇത് ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത് ജനസാന്ദ്രതകൂടിയ കോളനിഭാഗങ്ങളിലാണ്.

3 ഭൂരിഭാഗം വീടുകളിലും കമ്പോസ്റ്റുകുഴികളില്ല.

4 ഹോട്ടലുകളിലെശുചിത്വമില്ലായ്മയും മലിനജലത്തിന്റെ അലക്ഷ്യമായ ഒഴുക്കിവിടലും പരിസര മലിനീകരണത്തിന്കാരണമാകുന്നു.

5 കണ്ണപുരം വീവേഴ്സ് സൊസൈറ്റിയിലെ മലിനജലത്തിന്റെ അശാസ്ത്രീയമായ ഒഴുക്കിവിടൽ ആപ്രദേശത്തിന്റെ മൊത്തം പരിസരമലിനീകരണത്തിന് കാരണമാകുന്നു.

6 പഞ്ചായത്തിലെ ഠൗൺപ്രദേശങ്ങളിലും ജനങ്ങൾ കൂടുതൽ കേന്ദ്രീകരിക്കുന്ന പ്രദേശങ്ങളിലും പൊതുകക്കൂസുകളും മൂത്രപ്പുരകളും ഇല്ലാത്തത് പരിസരമലിനീകരണത്തിന് കാരണമാകുന്നു.

7. മാർക്കറ്റിനെ കേന്ദ്രീകരിച്ചും പഞ്ചായത്തിന്റെ തെക്കേ അതിർത്തിയായ കണ്ണപുരം പാത്തിന് സമീപം വച്ചു നടക്കുന്ന അശാസ്ത്രീയമായ അറവു പരിസരമലിനീകരണത്തിന് കാരണമാകുന്നു.

8. കണ്ണപുരം പഞ്ചായത്തിന്റെ കിഴക്കൻഭാഗങ്ങളിൽ അശാസ്ത്രീയമായ രീതിയിലുള്ള മൺപാത്രനിർമ്മാണം പരിസര മലിനീകരണത്തിന് ഇടയാക്കുന്നു. ഈ പ്രദേശം ഏറെ വൈകാതെ തന്നെ ആസ്മാരോഗികളുടെ കേന്ദ്രമാകാൻ സാധ്യതയുണ്ട്.

നിർദ്ദേശങ്ങൾ

1 മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിക്കാനാവശ്യമായ പദ്ധതി തയ്യാറാക്കണം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ധനസഹായം നൽകണം.

2. മുഴുവൻ വീടുകളിലും കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കാനും മലിനജലം ഒഴുക്കുന്നതിന് സംവിധാനം ഉണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തണം.

3. പഞ്ചായത്തിന്റെ ഠൗൺ പ്രദേശങ്ങളിലും വാർഡുകളിലെ പ്രധാന കേന്ദ്രങ്ങളിലും കക്കൂസ് മൂത്രപ്പുകൾ സ്ഥാപിക്കണം.

4. കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കിക്കളയുന്നതിന് അനുയോജ്യമായ പദ്ധതികൾ പരിഗണിക്കണം.

5. കണ്ണപുരം വീവേഴ്സ് സൊസൈറ്റിയിലെ മലിനജലം വീര്യം കുറച്ച് പൈപ്പുവഴി നേരിട്ട് തോട്ടിൽ എത്തിക്കുക.

6 വാടക കെട്ടിടങ്ങൾക്ക് കക്കൂസ് സൗകര്യം നിർബന്ധമാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കണം.

7. ശുചീകരണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പഞ്ചായത്തിന്റെ നേതൃത്വത്തിൽ റോഡിന്റെ ഇരുവശങ്ങളിലും , പൊതുസ്ഥലങ്ങളിലും വേയ്സ്റ്റ് വീപ്പകൾ സ്ഥാപിക്കുക.

വ്യവസായം

ആമുഖം :

ഏതൊരു പ്രദേശത്തിന്റെയും പുരോഗതിയുടെ അടിസ്ഥാനം അവിടെയുള്ള വ്യവസായ വളർച്ചയെ ആശ്രയിച്ചിരിക്കുന്നു. ഗ്രാമീണ ജനതയുടെ പിന്നോക്കാവസ്ഥ ദൂരീകരിക്കാനും, ഗ്രാമങ്ങൾ സ്വയം പര്യാപ്തത കൈവരിക്കാനും വ്യവസായങ്ങൾ അത്യന്താപേക്ഷിതമാണ്. പ്രാദേശിക അസന്തുലിതാവസ്ഥ ലഘൂകരിക്കാനും വരുമാനം, സമ്പത്ത്, ഉപഭോഗ നിവവാരം എന്നിവയിലുള്ള അന്തരം കുറയ്ക്കാനും, ആ പ്രദേശത്തെ വ്യവസായങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. ഒരു പ്രദേശത്ത് ലഭ്യമായ മൂലധനം, വൈദഗ്ധ്യം, മൂതലായ' വിഭവങ്ങളുടെ സമാഹരണവും അനുയോജ്യമായ വിനിയോഗവും വ്യവസായങ്ങൾ ഉറപ്പുവരുത്തുന്നു. ഒരു പ്രദേശത്ത് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കി, ഉൽപാദനവും വരുമാനവും, ജീവിതനിലവാരവും ഉയർത്തി ആ പ്രദേശത്തിന്റെ സർവ്വതോമുഖമായ വളർച്ചയ്ക്കു വ്യവസായങ്ങൾ വഴിയൊരുക്കുന്നു.ഉപഭോഗ കേന്ദ്രങ്ങൾക്ക് സമീപം തന്നെ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നത് വഴി വിതരണത്തിലുള്ള സമ്മർദ്ദത്തിൽ ഗണ്യമായ കുറവ് കൈവരിക്കാൻ വ്യവസായങ്ങൾ സഹായിക്കുന്നു.

അടിസ്ഥാന ആവശ്യങ്ങളിലധിഷ്ഠിതമായ - വ്യവസായങ്ങളിൽ മുഖ്യസ്ഥാനം ചെറുകിട വ്യവസായങ്ങൾക്കാണ്. ഒരു ചെറുകിട വ്യവസായം ആരംഭിച്ച് ഉൽപാദനം തുടങ്ങാൻ വളരെകുറച്ച് സമയം മതിയാകും. അടിസ്ഥാന സൗകര്യങ്ങൾ തീരെ വികസിച്ചിട്ടില്ലാത്ത ഗ്രാമപ്രദേശങ്ങളിൽ അല്പം മാത്രം മൂലധനം കൊണ്ട് തുടങ്ങാൻ കഴിയുന്ന, ചെറിയ വിപണികളെ മൂലധനം കൊണ്ട് തുടങ്ങാൻ കഴിയുന്ന, ചെറിയ വിപണികളെ ലാക്കാക്കിയുള്ള ചെറുകിട വ്യവസായങ്ങളാണ് ഏറ്റവും അനുയോജ്യം.

കണ്ണപുരത്തെ വ്യവസായം അല്പം ചരിത്രം കണ്ണപുരത്തിന്റെ വ്യവസായ ചരിത്രം പരിശോധിക്കുമ്പോൾ ആദ്യകാലങ്ങളിൽ പായ , നെയ്ത്ത്, കൂട്ട നിർമ്മാണം, ചൂടിപിരിക്കൽ, മൺപാത്രനിർമ്മാണം, കള്ള്ചെത്ത്, ചക്കരച്ചെത്ത്, എണ്ണയാട്ട് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളാണ് ഇവിടെ നിലവിലിരുന്നത് എന്ന് മനസ്സിലാക്കാം. ആദ്യത്തെ പരമ്പരാഗത വ്യവസായം കൈത്തറിയാണ്. (കുഴിത്തറയാണ് കൈത്തറിയായി മാറിയത്) സഹകരണാടിസ്ഥാനത്തിൽ ആദ്യത്തെ കൈത്തറി യൂണിറ്റ് ചൂണ്ടയിലാണ് ആരംഭിച്ചത്. ശ്രീ കുന്നുമ്മൽ വീട്ടിൽ ബാലകൃഷ്ണൻ നായരുടെ നേതൃത്വത്തിലാണ് ചൂണ്ടകേന്ദ്രീകരിച്ച് ഒരു കൈത്തറി സഹകരണസംഘം രൂപീകരിച്ചത്.അതിനുശേഷം കണ്ണപുരത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുകിട കൈത്തറി യൂണിറ്റുകൾ ഉണ്ടായി. ഇതിൽ നിന്നും ആദ്യത്തെ വ്യവസായവും സഹകരണമേഖലയിലാണ് തുടങ്ങിയത് എന്ന് കാണാം. ഇന്ന് നിലവിലുള്ള വ്യവസായങ്ങളിൽ ഭൂരിഭാഗവു സഹകരണമേഖലയിലാണ് . ഈ മേഖലയിലെ വ്യവസായ യൂണിറ്റുകളുടെ വിശദവിവരം പട്ടിക-3 ൽ കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾ അവരുടെ പരമ്പരാഗത തൊഴിലായ പായ നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഇടത്തട്ടുകാരിൽ നിന്നുള്ള ചൂഷണം ഈ മേഖലയിൽ നടക്കുന്നുണ്ട്. ഇവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചാൽ ചൂഷണത്തിൽനിന്നും ഒരു പരിധിവരെ മോചിപ്പിക്കാൻ കഴിയും.

ആദ്യത്തെ സംഘടിത വ്യവസായം ചൈനാക്ലേ ഖനന വ്യവസായമാണ്. വ്യവസായ പ്രമുഖനായിരുന്ന ശ്രീ സാമുവൽ ആറോൺ 1938 ൽ പാപ്പിനിശ്ശേരിയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസോടുകൂടി കണ്ണപുരം കേന്ദ്രീകരിച്ച് ചൈനാക്ലേ വ്യവസായം ഹിന്ദുസ്ഥാൻ ചൈനാക്ലേ വർക്സ് എന്ന പേരിൽ ആരംഭിച്ചു. പിൽക്കാലത്ത് സാമ്പത്തിക പരാധീനത നേരിട്ടു. തുടർന്നു 1976 ൽ കേരള സർക്കാർറിലീഫ് അണ്ടർടേക്കിംഗ് എന്ന ഓർഡിനൻസിൽ പ്രസ്തുത സ്ഥാപനം ഏറ്റെടുക്കുകയും മാനേജ്മെന്റ് ചുമതല കേരളസ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിനെ ഏൽപ്പിക്കുകയും ചെയ്തു. 1984 ൽ പാപ്പിനിശ്ശേരിയിൽ രജിസ്ട്രേർഡ് ഓഫീസോടുകൂടി കേരള ഗവൺമെന്റിന്റെ 100 ശതമാനം ഓഹരി മൂലധനത്തിൽ കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രൊഡക്റ്റ്സ് ലിമിറ്റ ഡ് എന്ന പൊതു സ്ഥാപനം രൂപീകൃതമായി.

ആധുനിക വ്യവസായത്തിന്റെ കാര്യത്തിൽ പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം പ്രതികൂല സാഹചര്യം സൃഷ്ടിക്കുന്നു. കാർഷിക രംഗത്തെ മുരടിപ്പും വളർന്നു വരുന്ന തൊഴിലില്ലായ്മയും വ്യവസായവൽക്കരണത്തിന്റെ ആവശ്യകതയെ ഊന്നിപ്പറയുന്നു. സ്വകാര്യമേഖലയിലും സഹകരണ മേഖലയിലും പൊതുമേഖലയിലുമായി 198 ചെറുകിട വ്യവസായ യൂണിറ്റുകൾ കണ്ണപുരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. മൊത്തം ജനസംഖ്യയുടെ 2.81 ശതമാനം ജനങ്ങൾക്കും, മാത്രമേ ഇവിടെ തൊഴിൽ നൽകാൻ സാധിക്കുന്നുള്ളു.



IV വ്യവസായ സ്ഥാപനങ്ങൾ/തൊഴിൽ മേഖല/തിരിച്ചറിയൽ/മാർഗ്ഗം.

1. കളിമൺ വ്യവസായ സഹകരണസംഘം നമ്പർ 1
2. കണ്ണപുരം വിവേകോദയം സെക്കന്ററി സ്കൂൾ
3. ഓയിൽ കേക്ക് ഫാക്ടറി
4. നൈലോൺ - കണ്ണപുരം പോസ്റ്റ് ഓഫീസ്
5. ബീഡി വ്യവസായ സഹകരണസംഘം
6. ഗ്രാനൈറ്റ് ക്വാറീസ് നൈലോൺ
7. കണ്ണപുരം വിവേകോദയം ഹൈസ്കൂൾ
8. ബാറ്റ് നിർമ്മാണം
9. തടിവ്യവസായം (മരമില്ല്) കണ്ണപുരം പോസ്റ്റ് ഓഫീസ്
10. തടിവ്യവസായം
11. ദിനേശ് ബീഡി തൊഴിലാളി കണ്ണപുരം
12. പോളിസെന്റ് ഫോർജ് ഇൻഡസ്ട്രീസ് നാറാത്ത്
13. കയർ വ്യവസായ സഹകരണസംഘം നമ്പർ
14. കണ്ണപുരം കയർ വ്യവസായ സഹകരണസംഘം നാറാത്ത്
15. മിൽസ് ക്വാർട്ടേഴ്സ് നാറാത്ത്
16. ടിമ്പർ ഡിപ്പോ നാറാത്ത്

3. നിലവിലുള്ള വ്യവസായയൂണിറ്റുകൾ പട്ടിക:

ക്രമ നമ്പർ	വ്യവസായ യൂണിറ്റിന്റെ പേര്
1.	പ്രിയ കേബിൾസ്, മൊട്ടമ്മൽ
2.	ഹിന്ദുസ്ഥാൻ മോട്ടോർസ്
3.	ഓറിയന്റൽ ടിമ്പേർസ് ആന്റ് വുഡ്
4.	കണ്ണപുരം സോമിൽ
5.	ബദരിയ്യ-ടിമ്പേർസ്
6.	ജെ.കെ ഇൻഡസ്ട്രീസ്
7.	റൈസ് ഫ്ളവർ മില്ലുകൾ
8.	ഓയിൽ മില്ലുകൾ
9.	ബെയ്ക്കറി (അപ്പപ്പണി)
10.	കള്ള്ചെത്ത്
11.	കണ്ണപുരം വീവേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി
12.	വീവേഴ്സ് ഇൻട്രസ്ട്രിയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തൃക്കാത്ത്
13.	കണ്ണപുരം ക്ഷീരവ്യവസായ സഹകരണസംഘം
14.	കയർവ്യവസായ സഹകരണസംഘം
15.	തെങ്ങ് ചക്കര ഉൽപാദക സഹകരണസംഘം
16	ബീക്കോസ് ബേയ്ക്കറി, കണ്ണപുരം
18.	ബാംബു സൊസൈറ്റി, മൊട്ടമ്മൽ
19	ദിനേശ്ബീഡി ബ്രാഞ്ച്
20.	കെ.എസ്. എച്ച്.ഡി. സി ബ്രാഞ്ച്
21.	ഖാദി കേന്ദ്രം
22.	കേരള ക്ലെയ്സ് ആന്റ് സിറാമിക്സ് പ്രൊഡക്റ്റ്സ് ലിമിറ്റഡ്

* കള്ള്ചെത്ത് വ്യവസായം വന്നതോടുകൂടി ചക്കരച്ചെത്തിന് സാധ്യത ഇല്ലാതായി. അതുകൊണ്ട് ചക്കര നിർമ്മാണം നടക്കുന്നില്ല. പകരം സംഘം നടത്തുന്നത് കുമ്മായച്ചൂളയാണ്.

3.1 വിവിധ മേഖലകളിലെ വ്യവസായ യൂണിറ്റികളുടെ വിശദവിവരം:

3.1 1)സ്വകാര്യമേഖല പട്ടിക. 2

ക്രമ നമ്പർ	വ്യവസായ യൂണിറ്റിന്റെ പേര്	യൂണിറ്റുകളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം പു	സ്ത്രീ	ആകെ
1	പ്രിയ കേബിൾസ്, മൊട്ടമ്മൽ	1	5		5
2.	ഹിന്ദുസ്ഥാൻ മോട്ടോർ ഗ്യാരേജ്	1	5		5
3.	ഓറിയന്റൽ ടിമ്പേർസ് &വുഡ്	1	10		10
4.	ബദരിയ്യ ടിമ്പേഴ്സ്	1			
5.	കണ്ണാപുരം സൊമിൽ	1	5		5
6.	ജെ. കെ ഇൻഡസ്ട്രിസ്	1	4		4
7.	ഓയിൽ മില്ലുകൾ	7			
8.	റൈസ് ഫ്ളവർ മില്ലുകൾ	10			
9.	വിനായാകാ ടയേഴ്സ്	1	3		3
10.	ലക്ഷ്മി ഓട്ടോ ഇലക്ട്രിക്കൽ വർക്സ്	1	2		2 1
1.	എസ്. എൻ. റഫ്രിജറേഷൻ	1	4		4
12.	മെക്സൺ അംബാസിഡർ	1	1		1
13.	മാധവി ഇൻഡസ്ട്രിയസ്	1	2		2
14.	ഹിമ ഐസ് കമ്പനി	1	3	1	4
		29	44	1	45

3.1 2) സഹകരണ മേഖല പട്ടിക 3

ക്രമ നമ്പർ	വ്യവസായ യൂണിറ്റിന്റെ പേര്	യൂണിറ്റു	തൊഴിലാളികളുടെ		
		പു	കളുടെ സ്ത്രീ	എണ്ണം	ആകെ
1	കണ്ണപുരം വീവേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി	1	26	4066	
2.	വിവേഴ്സ് സൊസൈറ്റി തൃക്കോത്ത്	1	15	17	32
3.	കണ്ണപുരം ക്ഷീരവ്യവസായ സഹകരണ സംഘം	1	17	1	18
4.	കയർ വ്യവസായ സഹകരണസംഘം	1	6	141	147
5.	കണ്ണപുരം പോട്ടറീസ് സൊസൈറ്റി	1	37	68	105
6.	തെങ്ങ് ചക്കര ഉത്പാദന സഹകരണ സംഘം	1	2	1	3
7.	ബീക്കോസ് ബേ ഫറി	1	9	1	10
8.	ബാംബു കോർ ൻമൊട്ടമ്മൽ	1	3	2	5
9.	ദിനേശ് ബീഡ ബ്	1	42	10	52
	ആകെ	9	157	281	438

ആകെയുള്ള 9 സഹകരണയൂണിറ്റുകളിൽ ഏറ്റവും അധികം തൊഴിലാളികൾ കയർ മേഖലയിലാണ്. ഈ മേഖല തന്നെയാണ് ഏറ്റവും അധികം വനിതകൾക്ക് തൊഴിൽ നൽകുന്നതും ഇത് സഹകരണ മേഖലയിൽ ജോലി ചെയ്യുന്ന വനിതകളുടെ 50% വരും. കയർമേഖല കഴിഞ്ഞാൽ പോട്ടറീസ് സൊസൈറ്റിയാണ് കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നത്. ഇതിലും വനികൾക്ക് തന്നെയാണ് പ്രാമുഖ്യം. ആകെതൊഴിലാളികളുടെ 65% പേർ വനിതകളാണ്. കണ്ണപുരം വീവേഴ്സ് സൊസൈറ്റിയും , തൃക്കോത്ത് വീവേഴ്സ് സൊസൈറ്റിയും യഥാക്രമം 66 പേർക്കും, 32 പേർക്കും തൊഴിൽ നൽകുന്നു. ഇവ രണ്ടിലും നല്ലൊരു ശതമാനം പേർ വനിതകളാണ്. ദിനേശ് ബീഡി ബ്രാഞ്ച് 10 വനിതകളടക്കം 52 പേർക്ക് തൊഴിൽ നൽകുന്നു. സഹകരണ മേഖലയിൽ വനിതാ തൊഴിലാളികൾക്കാണ് മുൻതൂക്കം. ആകെയുള്ള തൊഴിലാളികളുടെ 65% വനിതകളും 35% പുരുഷന്മാരുമാണ്.

3.1 (3) പൊതുമേഖല

ക്രമനമ്പർ	വ്യവസായയൂണിറ്റിന്റെ പേര്	യൂണിറ്റുകളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം പു	സ്ത്രീ	ആകെ
1	കേരള ക്ലെയ്സ് & സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്	1	8	28	36

3.1 (4) മറ്റു വ്യവസായ മേഖല

1	കെ. എസ്. എച്ച്.ഡി.സി	1	-	1 2.	
2	ബാദിയൂണിറ്റ്	1	-	24	24

കണ്ണപുരം പഞ്ചായത്തിൽ സ്ത്രീ തൊഴിലാളികളാണ് വ്യവസായ മേഖലയിൽ കൂടുതലും. സഹകരണ മേഖലയിലും പൊതു മേഖലയിലും, മറ്റുവ്യവസായ മേഖലകളിലും വനിതകൾക്ക് വ്യക്തമായ മുൻതൂക്കമുള്ളപ്പോൾ സ്വകാര്യമേഖലയിൽ സ്ത്രീതൊഴിലാളികൾ ആരും ഇല്ല എന്നതും ചിന്തോദ്ദീപകമാണ്.

4. പഠന റിപ്പോർട്ട്

4(1) ചൈനാക്ലേ വ്യവസായം.

സ്വകാര്യമേഖലയിൽ ശ്രീ സാമുവൽ ആറോൺ സ്ഥാപിച്ച ഈ സ്ഥാപനം ഇന്ന് പൊതുമേഖലയിലാണ് പ്രവർത്തിക്കുന്നത്. 36 തൊഴിലാളികൾ സ്ഥിരമായും 35 പേർക്ക് താൽക്കാലികമായും തൊഴിലെടുക്കുന്നു. സ്ഥിരതൊഴിലാളികളിൽ 28 സ്ത്രീകളും 8 പുരുഷന്മാരും ആണ്. എല്ലാ ആനുകൂല്യങ്ങളും കിട്ടുന്നുണ്ട്. മിനിമംകൂലി 35 രൂപയാണ്. താൽക്കാലികതൊഴിലാളികളായ 35 പേർക്കും സീസണൽ വർക്ക് ആണ്. ഇവരിൽ 22സ്ത്രീകളും 13 പുരുഷന്മാരും ആണ്. ചൈനാക്ലേ ശുദ്ധീകരിച്ച് സംസ്ഥാനത്തിനകത്തും വെളിയിലും കയറ്റി അയക്കുകയാണ് ചെയ്യുന്നത്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചു കൊണ്ടുതന്നെ വികസന സാധ്യതകൾ ഈ സ്ഥാപനത്തിന് ഏറെയുണ്ട്.അസംസ്കൃത പദാർത്ഥമായ ചൈനാക്ലേ കയറ്റുമതി ചെയ്യാതെ അതുപയോഗിച്ച് അനുബന്ധ വ്യവസായങ്ങൾ ഇവിടെത്തന്നെ ആരംഭിക്കാവുന്നതാണ്. ഗ്ലേഡ്സ്ടൈൽസ്, ക്രോക്കറീസ്, സാനിറ്ററി ഉപകരണങ്ങൾ, റിഫ്രാക്ടറി ബ്രിക്സ്, രാസവളങ്ങൾ, കീടനാശിനികൾ ,റബ്ബർ ഉൽപന്നങ്ങൾ, പെയിന്റ്, ഇലക്ട്രിക് ഉപകരണങ്ങൾ, ഔഷധങ്ങൾ തുടങ്ങി നിരവധി സാധനങ്ങളുടെ നിർമ്മാണത്തിലെ പ്രധാന അസംസ്കൃതപദാർത്ഥമാണ് ചൈനാക്ലേ. ചൈനാക്ലേ വ്യവസായത്തെ ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായമായി മാറ്റാൻകഴിയും. അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. മലിനീകരണ പ്രശ്നങ്ങളൊന്നും തന്നെ നിലവിലില്ല.

4(2) മൺപാത്ര വ്യവസായം

ഒരു പ്രത്യേക സമുദായക്കാരുടെ കുലത്തൊഴിലായ മൺപാത്രനിർമ്മാണം ഇന്ന് 60 വീടുകളിൽമാത്രം കേന്ദ്രീകരിച്ച് പ്രവർത്തനം നടക്കുന്നു. 10 വർഷങ്ങൾക്കുമുമ്പ് 100 ൽ അധികം വീടുകളിൽ ഈ നിർമ്മാണം വ്യാപരിച്ചു കിടന്നിരുന്നു. എന്നാൽ ഇന്ന് പുതുതായി ആരും ഈ തൊഴിൽ ചെയ്യാൻ മുമ്പോട്ടുവരുന്നില്ല എന്ന് പ്രത്യേകം എടുത്തുപറയേണ്ടതാണ്.ഇതിന് ഒട്ടനവധി കാരണങ്ങൾ ഉണ്ട്. ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാലെ ഈ പ്രവൃത്തി ചെയ്യാൻ പറ്റൂ എന്നത് തന്നെ പ്രധാനകാരണം. അസംസ്കൃതപദാർത്ഥമായ കളിമണ്ണ് നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നുതന്നെപറയാം. മറ്റുപഞ്ചായത്തുകളെ ആശ്രയിക്കേണ്ടിവരുന്നു. കളിമണ്ണ് കൊണ്ടുവരുന്ന ഒരു പ്രദേശം മോറാഴയാണ്.

ചെടിച്ചട്ടി, കൂജ,അടുക്കളപാത്രങ്ങൾ എന്നിവയാണ് പ്രധാനമായും നിർമ്മിക്കുന്നത്. മോർഡുപയോഗിച്ച് കളിമണ്ണുകൊണ്ടുള്ള അലങ്കാര വസ്തുക്കളും നിർമ്മിക്കുന്നുണ്ട്. ചെടിച്ചട്ടികളാണ് കൂടുതൽ വിറ്റഴിയുന്നത്. വീടുകളിൽ നിന്നും പാത്രങ്ങളുണ്ടാക്കി സൊസൈറ്റിയിൽ കൊടുക്കുന്നു. എങ്കിലും നേരിട്ട് വില്പന നടത്തുന്നതാണ് ലാഭകരം. മഴക്കാലത്ത് ചെടിച്ചട്ടിക്കാണ് ഡിമാന്റ്. വിഷുപോലുള്ള സീസണിൽ മറ്റുപാത്രങ്ങൾക്കും ഡിമാന്റ് ഉണ്ട്

ഓട്ട് കമ്പനി

ഈ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനമാണ് പോട്ടറി സൊസൈറ്റി. 68 സ്ത്രീകളും 37 പുരഷന്മാരും ഇവിടെ തൊഴിൽ എടുക്കുന്നുണ്ട്. അസംസ്കൃതപദാർത്ഥമായ കളിമണ്ണ് കിട്ടാനില്ല. പട്ടുവം,പയ്യന്നൂർ, വെള്ളാവം, കീച്ചേരി, എന്നീസ്ഥലങ്ങളിൽ നിന്നാണ് മണ്ണ് കൊണ്ടുവരുന്നത്.

പ്രശ്നങ്ങൾ: കളിമണ്ണിന്റെ ലഭ്യതകുറവ്. 2. കൂടിൽ വ്യവസായം കാലഹരണപ്പെടാൻ പോകുന്നു. സാദ്ധ്യതകൾ: കൂട്ടായ പ്രവർത്തനത്തിലൂടെ സ്ഥിതി മെച്ചപ്പെടുത്താൻ കഴിയും. വർക്ക് ഷെഡ്, കിലൻഷെഡ്, വീൽ, അസംസ്കൃത സാധനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് ഖാദിബോർഡിന്റെ നിർദ്ദേശപ്രകാരം 5% സബ്സിഡിയോടുകൂടി ലോൺ അനുവദിക്കുന്നുണ്ട്. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും 4% പലിശയ്ക്ക് വായ്പ ലഭ്യമാകുന്നുണ്ട്.

4.3 കള്ള് ചെത്ത് വ്യവസായം

പരമ്പരാഗത വ്യവസായമായ കള്ള്ചെത്ത് നമ്മുടെ പഞ്ചായത്തിലെ പ്രധാനതൊഴിൽ മേഖലകളിൽ ഒന്നാണ്. 69 തൊഴിലാളികൾ ഈ മേഖലയിൽ തൊഴിലെടുക്കുന്നുണ്ട്. എല്ലാ ക്ഷേമാനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. ചെത്തുന്നതിന് തെങ്ങ് ലഭിക്കാത്ത അവസ്ഥയാണ് പ്രധാനപ്രശ്നമായി എടുത്തുപറയാവുന്നത്. പഞ്ചായത്തുവക പുറംപോക്കിലുള്ള തെങ്ങ് ചെത്തുന്നതിന് പാട്ടത്തിന് കൊടുത്താൽ പഞ്ചായത്തിന് വരുമാനംവർദ്ധിക്കുകയും തൊഴിലാളികളുടെ പ്രശ്നം ഒരളവോളം പരിഹരിക്കപെടുകയും ചെയ്യും.

4.4 മരവ്യവസായം

രണ്ട്മര വ്യവസായങ്ങളാണ് ഉള്ളത്. അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് ഈ വ്യവസായം നിലനിൽക്കുന്നത്. അതുകൊണ്ട്ഭാവിയിൽ പ്രതിസന്ധിയുണ്ടാകാം. വൈദ്യുതിക്ഷാമം പ്രതികൂലമായി ബാധിക്കുന്നു. തടികിട്ടായ്മയും ഒരു പ്രധാന പ്രശ്നമാണ്. തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനുള്ള സാഹചര്യം ഇന്ന് നിലവിലില്ല.

4.5 ഖാദിയൂണിറ്റ്

ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ യൂണിറ്റിന്റെനില വളരെ ശോചനീയമാണ്. 50 പേർക്ക് തൊഴിൽ സാധ്യതയുണ്ടെങ്കിലും24പേർക്ക് മാത്രമേ നിലവിൽ ജോലി ചെയ്യുന്നുള്ളു. പ്രവർത്തനക്ഷമമായ 40 മെഷീനുകൾ ഉണ്ടെങ്കിലും 24 എണ്ണം മാത്രമേ ഇപ്പോൾഉപയോഗിക്കുന്നുള്ളു. തൊഴഇലാളികളുടെ ദൗർലഭ്യമാണ് ഇതിനുകാരണം. വളരെ കുറഞ്ഞ കൂലി നിരക്കാണ് ഈ മേഖലയിലേക്ക് ആളുകളെ കടന്നുചെല്ലാത്തതിന്നു കാരണം. ക്ഷേമാനുകൂല്യങ്ങൾ കിട്ടുന്നില്ല. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും പ്രധാനപ്പെട്ട ഒരുപ്രശ്നമാണ്.

4. 8 അപ്പപ്പണി (ബേക്കറി)

25 കേന്ദ്രങ്ങളിലായി ഏകദേശം 75 ഓളം തൊഴിലാളികൾ ബേക്കറിരംഗത്ത് പ്രവർത്തിക്കുന്നു. ഏതാനും തൊഴിലാളികൾ പഞ്ചായത്തിനു വെളിയിലും തൊഴിലെടുക്കുന്നുണ്ട്. എല്ലാ കേന്ദ്രങ്ങളും വീടുകളോട് അനുബന്ധിച്ചുള്ളതാണ്. തൊഴിലാളികളെല്ലാം പുരുഷന്മാരാണ്. ഈ രംഗത്ത് സ്ത്രീകൾക്ക് നാമമാത്രമായ തൊഴിൽ മാത്രമേ ലഭിക്കുന്നുള്ളു.തൊഴിലാളികൾ അസംഘടിതരാണെന്ന് പറയാം. ശരാശരി 4-5 തൊഴിൽ ദിനങ്ങളാണ് ആഴ്ചയിൽ ലഭിക്കുന്നത്. കൂലിനിരക്ക് 70-80 രൂപ. ആനുകൂല്യങ്ങളോ ക്ഷേമപദ്ധതികളോ ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ലഭ്യമല്ല.

ഉൽപ്പന്നങ്ങളുടെ (മിക്ചർ, മുറുക്ക്, ചിപ്സ്) മാർക്കറ്റ് ഭൂരിഭാഗവും ഈ പഞ്ചായത്തിന് വെളിയിലാണ്. മുൻകാലത്ത് ഈ പ്രദേശത്തെ ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ കുത്തക ഉണ്ടായിരുന്നു. എന്നാൽ മാർക്കറ്റ് രംഗത്ത്കടുത്ത മത്സരം നടക്കുന്നുണ്ട്. ഇത് വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അസംസ്കൃത പദാർത്ഥങ്ങളുടെ അനിയന്ത്രിതമായ വിലക്കയറ്റം, മാർക്കറ്റ് രംഗത്തെ മത്സരം, കാര്യക്ഷമതയില്ലാത്ത മാനേജ്മെന്റ് എന്നിവ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇക്കാരണങ്ങളാൽ ചിലയൂണിറ്റുകൾ പൂട്ടിയതായും, ചിലത് അടച്ചുപൂട്ടൽഭീഷണി നേരിടുന്നതായും മനസ്സിലാക്കാൻ സാധിച്ചു.

പഞ്ചായത്തിനകത്തെ വിപണനസാധ്യതകൾ വർദ്ധിപ്പിക്കാൻ സെയിൽസ് ഷോറും സാധ്യത പരിശോധിക്കാവുന്നതാണ്. മേനേജ്മെന്റുകൾ യോജിച്ച് വിലയിലുംമറ്റും ഏകോപനമുണ്ടാക്കി മാർക്കറ്റ് വിപുലീകരിക്കാൻ കഴിയും. പഞ്ചായത്തിൽ തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു. ഒരു പി. ആന്റ്, എസ്, സൊസൈറ്റിയുടെ സാധ്യത പരിശോധിക്കാവുന്നതാണ്.

5. പ്രശ്നങ്ങളും സാധ്യതകളും

5.1 പ്രശ്നങ്ങൾ

1. കൈത്തറിവ്യവസായ യൂണിറ്റ് ഒഴുക്കിവിടുന്ന മലിനജലം പരിസരമലിനീകരണം സൃഷ്ടിക്കുന്നുണ്ട് (ഉദാ: കണ്ണപുരം വീവേഴ്സ് സൊസൈറ്റിയിൽ നിന്നും ഒഴുക്കിവിടുന്ന മലിനജലം)
2. കൈത്തറി വ്യവസായത്തിലെ ഉല്പാദനചെലവ് അനുദിനം വർദ്ധിക്കുന്നു.
3. കൈത്തറിരംഗത്ത് വിദഗ്ധ തൊഴിലുകളുടെ കുറവ് അനുഭവപ്പെടുന്നു.
4. കൈത്തറി മേഖലയിലെ തൊഴിലാളികളുടെ വരുമാനം മറ്റുമേഖലയിലെ തൊഴിലാളികളുമായി തട്ടിച്ചുനോക്കുമ്പോൾ താരതമ്യേന കുറവാണ്.
5. കൈത്തറിത്തുണിത്തരങ്ങളിൽ പ്രകൃതിദത്തമായ ചായങ്ങൾ ഉപയോഗിക്കണമെന്നുള്ള പാശ്ചാത്യ രാജ്യങ്ങളുടെ കർശനമായ നിയന്ത്രണം
6. പായ നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾ അസംഘടിതരാണ്. അതിനാൽ അവർ ഇടത്തട്ടുകാരുടെ ചൂഷണത്തിന് ഇരയാകുന്നു.
7. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ നിലവിലില്ല.

കൂടാതെ വൈദ്യുതിക്ഷാമം, കണക്ഷൻ കിട്ടാനുള്ള കാലതാമസം, കുറഞ്ഞവോൾട്ടേജ്, അസംസ്കൃതവസ്തുക്കളുടെ ലഭ്യതയില്ലായ്മ, അസംസ്കൃതവസ്തുക്കളുടെ വിലവർദ്ധനവ്,ലൈസൻസ്കിട്ടാനുള്ള കാലതാമസം, സംരംഭകരുടെ അഭാവം, അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, വൈറ്റ്കോളറിസം, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായം യഥാസമയം കിട്ടായ്മ എന്നിവയും പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്.

8. കളിമണ്ണിന്റെലഭ്യത കുറവ് മൺപാത്രനിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുന്നു.
9. കളിമൺകുടിൽവ്യവസായം കാലഹരണപ്പെടാൻപോകുന്ന അവസ്ഥയുണ്ട്.

5.2 സാധ്യതകൾ

1. പഞ്ചായത്തിന്റെ നേതൃത്വത്തിൽ തണ്ണൂപ്പാറമൊട്ടകേന്ദ്രീകരിച്ച് ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിതമാക്കി അടിസ്ഥാനസൗകര്യങ്ങൾ എത്തിക്കുക.

2. ഡൈയിംഗ്, ഡിസൈനിംഗ് മേഖലയിൽ വിദഗ്ധരെ ഉപയോഗിച്ചുള്ള കേന്ദ്രഡൈയിംഗ് യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്.

3. കണ്ണപുരം വീവേഴ്സ് - കൈത്തറി സൊസൈറ്റി തൃക്കോത്ത് എന്നീ യൂണിറ്റുകൾക്ക് ഹാൻഡ്ലൂം ഗാർമെന്റ്സ് യൂണിറ്റ് ആരംഭിക്കാം.

4. ഓയിൽ മില്ലുകളിലെ തേങ്ങാപിണ്ണാക്ക് ഉപയോഗിച്ചുള്ള കാലിത്തീറ്റ നിർമ്മാണയൂണിറ്റ്

5. തെങ്ങ് ഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ യൂണിറ്റ്.

6. പായ നെയ്ത്ത്, കൂട്ട നിർമ്മാണം, എന്നിവസഹകരണഅടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുക.

7. സഹകരണമേഖലയിൽ ഒരു ഫർണീച്ചർ യൂണിറ്റ്

8. സഹകരണമേഖലയിൽ സർവ്വീസിംഗ് സൗകര്യമുള്ള ആധുനിക മോട്ടോർ വർക് ഷോപ്പ്.

9. പഞ്ചായത്തിൽ വിവിധ സീസണുകളിൽ ലഭിക്കുന്ന പഴവർഗ്ഗങ്ങൾ, കൈതച്ചക്ക, ചക്ക, കശുമാങ്ങ,മാമ്പഴം) ഉപയോഗിച്ചുകൊണ്ടുള്ള പഴ സംസ്ക്കരണയൂണിറ്റ്.

   കണ്ണപുരം മാങ്ങയുടെ ഉല്പാദനം വർദ്ധിപ്പിച്ച് സംസ്ഥാനത്തിനകത്തും പുറത്തും വിപണി കണ്ടെത്തുക.

10. പാർപ്പിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന യൂണിറ്റ്.

11. ഇലക്ട്രോണിക് വ്യവസായം (ഉദാഹരണം ഇലക്ട്രോണിക് ചോക്ക്)

12. ചെരുപ്പുനിർമ്മാണം പഞ്ചായത്തിന്റെ ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിൽ നിന്നും റബർ ശേഖരിച്ച് സ്പോഞ്ചിന്റെ ചപ്പൽനിർമ്മിക്കാം.

13. വനിതകൾക്കുവേണ്ടി ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് പരിശീനലം നല്കി തൊഴിൽ സംരംഭങ്ങൾ ഉറപ്പാക്കുക.

14. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുക.

15. പഞ്ചായത്തിലുള്ള ഗൾഫുകാരെകൊണ്ട് വ്യാവസായം തുടങ്ങാൻ പ്രേരിപ്പിക്കുക.

16. കൈത്തറിതുണികൾ, യൂണിഫോം ആവശ്യങ്ങൾക്ക് നിർബന്ധമായും ഉപയോഗിക്കാനുള്ള അവസരമൊരുക്കുക.

17. ഇരുമ്പാണികൾഉണ്ടാക്കുന്ന സാങ്കേതികവിദ്യ ലഭ്യമാണ്. ആണികൾ ഉണ്ടാക്കുന്ന ഒരു ചെറുകിടയൂണിറ്റ് ആരംഭിക്കാവുന്നതാണ്.

18. പഞ്ചായത്തിന്റെ അധീനതയിലുള്ള ഓരു ജലാശയങ്ങളിൽ യുവാക്കൾക്ക് സഹകരണാടിസ്ഥാനത്തിൽ കല്ലുമ്മക്കായകൃഷി വ്യാവസായികമായി നടത്താവുന്നതാണ്. ഇതിനുള്ള സാങ്കേതിക വിദ്യ ലഭ്യമാണ്. (സി. എം. എഫ്. ആർ. ഐ) സ്ഥലം പാട്ടത്തിന് നൽകാനുള്ള കാര്യം ആലോചിക്കാവുന്നതാണ്.

19. വനിതകളെ സംഘടിപ്പിച്ചുകൊണ്ടുള്ള കൂൺകൃഷിയും വിപണനവും സാങ്കേതിക വിദ്യ ലഭ്യമാണ്. ലളിതവുമാണ്. വിത്തിന്റെ ദൗർലഭ്യം പരിഹരിക്കാൻ ചെറിയ മുതൽമുടക്കിൽതന്നെ ഒരു വിത്തുൽപാദനകേന്ദ്രവും ആരംഭിക്കാം.

20. വനിതകളെ സംഘടിപ്പിച്ചുള്ള കുറ്റിമുല്ലകൃഷി ഓരോവീട്ടിലും ഒരു സെന്റ് സ്ഥലമെങ്കിലും മുല്ലകൃഷിചെയ്ത് (തെങ്ങിൻതോപ്പ് ഇടവിളയായി ചെയ്യണം) സംഭരണവും വിപണനവും ആസൂത്രിതമായി നടത്തിയാൽ

ആഭ്യന്തരവിപണിയും മറ്റു പഞ്ചായത്തുകളുടെ വിപണിയും കൈയ്യടക്കാം.

21. ഇറച്ചിക്കോഴി വളർത്തൽ ഒരു വ്യവസായ സംരംഭമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

വ്യക്തികളെയും ഗ്രൂപ്പുകളെയും ഇതു തുടങ്ങാൻ പ്രേരിപ്പിക്കുകയാണെങ്കിൽ ഇത് നല്ലൊരു വരുമാന മാർഗ്ഗമായിരിക്കും. (അന്യസംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്ത് വില്പന നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയാൽമാത്രമേ ഈ സംരംഭം വിജയിക്കൂ.)

22. പ്രാദേശികമായി നിർമ്മിക്കുന്ന വസ്ത്രങ്ങൾക്ക് ആഭ്യന്തരവിപണി കണ്ടെത്തുക(സംസ്ഥാനത്തിനുപുറത്തുനിന്ന് കൊണ്ടുവന്ന് വില്പന നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയാൽമാത്രമേ ഈ സംരംഭം വിജയിക്കുകയുള്ളൂ.

23. പ്ലാസ്റ്റിക്ക് ഉപകരണങ്ങളുടെ നിർമ്മാണ യൂണിറ്റ്. (ബക്കറ്റ്, മഗ്ഗ്,ലഞ്ച്)

ഗതാഗതം, ഊർജ്ജം



III ദേശങ്ങൾ –

1. കണ്ണൂർ വടക്കുമ്പാട് ദേശം
2. കുന്നംവേലം വടുതലയാപ്പ് ദേശം
3. [illegible] ദേശം (നാട്ടുഭാഷ) – [illegible]
4. പരിശവ [illegible] ദേശം (ആദിമ [illegible] ദേശം)
5. കുന്ന മാപ്പിള ദേശം
6. കുന്ന പാലയ്ക്കൽ ദേശം
7. കീഴാറ്റ കിഴക്കേ ദേശം
8. പാലുകാച്ചി മൊട്ടയിൽ ദേശം
9. [illegible] പാലുകാച്ചി ദേശം
10. കണ്ണപുരം വടക്കുഭാഗം – [illegible] ദേശം
11. നമ്പ്യാർ [illegible] [illegible] ദേശം
12. [illegible] ദേശം – [illegible]
13. [illegible] – [illegible] ദേശം
14. [illegible] ദേശം (മാടായി – [illegible] ദേശം)
15. കുന്നിരിക്ക ദേശം
16. [illegible] [illegible]
17. [illegible]
18. [illegible] ദേശം ([illegible])
19. [illegible] – [illegible] ദേശം
20. [illegible] – [illegible] ദേശം
21. [illegible] ദേശം (മാടായി)
22. [illegible] – [illegible]
23. [illegible] – [illegible] ദേശം
24. [illegible] [illegible] ദേശം
25. [illegible] [illegible]
26. [illegible] ദേശം
27. [illegible] ദേശം
28. [illegible]; [illegible]
29. [illegible] ദേശം
30. [illegible]. [illegible] ദേശം
31. [illegible] – [illegible] ദേശം
32. [illegible] ദേശം
33. [illegible] ദേശം
34. [illegible] ദേശം
35. [illegible] – [illegible] ദേശം
36. [illegible] – [illegible]
37. [illegible] – [illegible]
38. [illegible] – [illegible] ദേശം
39. [illegible] – [illegible] ദേശം
40. [illegible] – [illegible] ദേശം
41. [illegible] – [illegible] ദേശം
42. [illegible] ദേശം
43. [illegible] – [illegible] ദേശം
44. [illegible] – [illegible] ദേശം
45. [illegible] – [illegible] ദേശം
46. [illegible] ദേശം
47. [illegible] – [illegible] ദേശം
48. [illegible] – [illegible]
49. [illegible] – [illegible] ദേശം
50. [illegible] – [illegible] ദേശം.

ഗതാഗതം

നമ്മുടെനാട്ടിലെ ജനങ്ങളുടെ വികസന ആവശ്യങ്ങളിൽ പ്രഥമ സ്ഥാനമാണ് ഗതാഗതത്തിന് ഉള്ളത്. പുതിയ റോഡുകളും പാലങ്ങളും വിമാനത്താവളങ്ങളും ഉണ്ടാക്കുന്നതാണ് യഥാർത്ഥ വികസനം എന്ന കാഴ്ചപ്പാട് ഇവിടെ രൂഢമൂലമായിട്ടുണ്ട്. ഈ ധാരണ തന്നെ നാം ഇന്ന് തിരുത്തിക്കുറിക്കുകയാണ്. എങ്കിൽപോലും ഒരു നാട്ടിന്റെ സാമൂഹ്യ വളർച്ചയിൽ ഗതാഗത സംവിധാനങ്ങൾ ഒരു പ്രധാന പങ്കുവഹിക്കുന്നു. ജനകീയ പങ്കാളിത്തത്തോടെ വികസനം ഏറ്റവും സ്വാർത്ഥകമായി പലപ്പോഴും നടപ്പിലാക്കപ്പെട്ടത് നമ്മുടെ പഴയറോഡുകളുടെ നിർമ്മാണത്തിലായിരുന്നു. ഇന്ന് നമുക്ക് അന്യം വന്നുപോയ ശ്രമദാന പരിപാടികളുടെ ഉജ്ജ്വലങ്ങളായ അനേകം കഥകൾ പല റോഡുകളുടേയും നിർമ്മാണത്തിന് പിന്നിൽ നമുക്ക് കേൾക്കാം

കണ്ണപുരം പഞ്ചായത്ത് അതിർത്തിയിലെ ആദ്യത്തെറോഡ് പഴയങ്ങാടി പാപ്പിനിശ്ശേരി റോഡായിരുന്നു ഈറോഡിലൂടെ കരികൊണ്ട് പ്രവർത്തിക്കുന്ന ഒരുബസ് അന്ന് സർവ്വീസ് നടത്തിയിരുന്നു. വടക്ക് പഴയങ്ങാടിപുഴവരെയും തെക്ക് പാപ്പിനിശ്ശേരി വരെയുമായിരുന്നു ഇതിന്റെ സർവ്വീസ് പിന്നീടാണ് ചൈനാക്ലേ-ധർമ്മശാലാറോഡ് നിർമ്മിക്കപ്പെട്ടത്. 1946 ൽ ചൈനാക്ലേ കമ്പനി വരെ ഈ റോഡ്നിർമ്മിച്ചത് പ്രമുഖവ്യവസായി ആയിരുന്ന സാമുവൽആറോണായാരിരുന്നു. പിന്നീട് വികസിപ്പിക്കപ്പെട്ട ഈ റോഡ് 1967 ൽ പി. ഡബ്ളിയു. ഡി. ഏറ്റെടുത്തു. മറ്റൊരു പി. ഡബ്ളിയു. ഡി റോഡായ തറ-കീഴറ റോഡ് 1952 ൽ തന്നെ നിർമ്മിക്കപ്പെട്ടിരുന്നു. പഞ്ചായത്ത് റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നത് ഐക്യകേരള പിറവിക്കു ശേഷമാണ്. പ്രധാനമായും ശ്രമദാനങ്ങളിലൂടെ നിർമ്മിക്കപ്പെട്ട പോസ്റ്റാഫീസ്- ചൂണ്ട-കീഴറ റോഡ് മാറ്റാങ്കീൽ- കോൺവെന്റ് റോഡ്, മുങ്ങമ്പാലം- അമ്പലറോഡ്, അമ്പലം ആയിരം തെങ്ങ് റോഡ്, മോയൻ റോഡ് മുതലായവയാണ് ആദ്യകാലത്തെ പ്രധാന റോഡുകൾ

ഗതാഗതം – പൊതുവിവരങ്ങൾ

കണ്ണപുരം പഞ്ചായത്തിലെ ആകെ റോഡിന്റെ നീളം 55.550 കിലോമീറ്റാണ്. ഇതിൽ 42.050 കിലോമീറ്റർ പഞ്ചായത്ത്റോഡും 13.500 കിലോമീറ്റർ പി. ഡബ്ളിയു.ഡി റോഡുമാണ്. ആകെ താർ ചെയ്ത പഞ്ചായത്ത് റോഡിന്റെനീളം 6.600 കിലോമീറ്റാണ്. (പട്ടിക I II) മൊത്തംറോഡിന്റെ 31.7 % ടാർ ചെയ്തിട്ടുണ്ട്.ചതുരശ്ര കിലോമീറ്ററിന് 3.88 കിലോമീറ്റർ റോഡ് നമ്മുടെ പഞ്ചായത്തിലുണ്ട്. സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. പഞ്ചായത്തിന്റെമൊത്തം വരവിന്റെ 33.55% തുക കഴിഞ്ഞരണ്ടുവർഷം കൊണ്ട് റോഡുവികസനത്തിന് ചെലവഴിച്ചിട്ടുണ്ട്. (പട്ടിക III)

ഷൊർണ്ണൂർ- മംഗലാപുരംറയിൽപാത കണ്ണപുരത്തെ മുറിച്ച് കടന്നുപോകുന്നു. തളിപ്പറമ്പ് പ്രദേശത്തടക്കമുള്ളവർ റെയിൽവേഗതാഗതത്തിന് ഏറ്റവും അധികം ആശ്രയിക്കുന്നത് ഈ റയിൽവേസ്റ്റേഷനാണ്. ഇരിണാവ് പവർ പ്രൊജക്ടുമായിബന്ധപ്പെട്ട് വന്നിച്ച സാധ്യതകളുള്ള ഈ റയിൽവെ സ്റ്റേഷന്റെ വിപുലമായ വികസനം നടക്കുന്നു എന്നത് നമ്മെ സംബന്ധിച്ചിടത്തോളം ആശാവഹമാണ്. പരശുറാം, വെസ്റ്റ്കോസ്റ്റ്, കൂർള, മുതലായ വണ്ടികൾ കണ്ണപുരത്ത് നിർത്തുന്നതോടുകൂടി ഇവിടെനിന്നുള്ളയാത്രക്കാരുടെ എണ്ണം വളരെ യേറെ വർദ്ധിച്ചിട്ടുണ്ട്. 1992 ൽ ദിവസേന മൊത്തം ശരാശരി 200 യാത്രക്കാരാണ് ഇവിടെ ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അത് ശരാശരി 500 ആയി വർദ്ധിച്ചിരിക്കുന്നു. ഇപ്പോൾ 16 വണ്ടികൾക്ക് കണ്ണപുരത്ത് സ്റ്റോപ്പുണ്ട്. (പട്ടികIV) കൂടാതെ പതിനഞ്ചോളം വണ്ടികളിൽ ബർത്തുകൾ റിസർവ് ചെയ്യാനുള്ള സൗകര്യവും യാത്രക്കാർക്ക് ലഭിക്കുന്നു. (പട്ടികV) എന്നാൽമുൻകാലങ്ങളിൽ ചരക്കു ഗതാഗതം ഇവിടെ നിന്ന് കാര്യമായി നടത്തിയിരുന്നുവെങ്കിൽ ഇന്ന് ഈ രംഗത്ത് വരുമാനം തീരെ കുറവാണെന്ന വസ്തുത ഇവിടെചൂണ്ടിക്കാട്ടുകയാണ്. നമ്മുടെപഞ്ചായത്ത് അതിർത്തിയിൽ രണ്ട് റയിൽവേഗേറ്റുകളാണ് ഉള്ളത്. റെയിൽ മുറിച്ച് കടന്നുപോകുന്ന പോസ്റ്റാഫീസ്-ചൂണ്ട റോഡിൽ ഗേറ്റ് നിലവിലില്ല. ഈ ഗേറ്റിന്റെ നിർമ്മാണത്തിന് ഔദ്യോഗികമായ അംഗീകാരം ലഭിച്ചെങ്കിലും ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥമൂലം പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ലഎന്ന് മനസ്സിലാക്കുന്നു.

ഇവിടെ ഒരു പഞ്ചായത്ത് ടാക്സിസ്റ്റാൻഡ്നിലവിലുണ്ട്. 1989 ലാണ് ഇത് ഉണ്ടാക്കപ്പെട്ടത് കാറുകളും ജീപ്പുകളുമടക്കം 66 വാഹനങ്ങൾ ഇവിടെപാർക്ക് ചെയ്യുന്നു. തറ, ചൈനാക്ലേ റോഡ് പ്രദേശങ്ങളിൽ റോഡരുകിലായി 25 ഓളം ടെമ്പോകൾ പാർക്കുചെയ്യുന്നു. തറ, റയിൽവേസ്റ്റേഷൻ പരിസരം , ചൈനാക്ലേ

റോഡ് എന്നിവിടങ്ങളിലായി 100 ഓളം ഓട്ടോറിക്ഷകൾ ഉണ്ട്.

പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് സ്ഥിതിചെയ്യുന്ന തെക്കുമ്പാട് പുഴയിൽ കടത്തു നിലവിലുണ്ടെങ്കിലും ഇതിൽ നിന്നുള്ള യാതൊരു വരുമാനവും കണ്ണപുരം പഞ്ചായത്തിന് ലഭിക്കുന്നില്ല.

പട്ടിക1

ക്രമനമ്പർ	ഉടമസ്ഥത	റോഡുകളുടെ എണ്ണം	ടാർചെയ്യാത്തനീളം (കി.മി)	ടാർചെയ്തനീളം (കി.മി)	ആകെനീളം
1	പഞ്ചായത്ത്	57	35.450	6.600	42.050
2.	PWD	5	2.500	11.000	13.500
	ആകെ	62	37.950	17.600	55.500

പട്ടിക II **ടാർചെയ്തറോഡുകളുടെ വിശദവിവരങ്ങൾ**

ക്രമ നമ്പർ	റോഡുകളുടെ പേര്	വാർഡ്	ഉടമസ്ഥത	നീളം (കി.മി)	വീതി (മി)	ബസ് സൗകര്യം	ബസ്ഷെൽട്ടറു എണ്ണം
1.	കതിരുവെക്കുംതറ-കണ്ണപുരം പാലം	5,6	PWD	2	13	ഉണ്ട്	2
2.	തറ-കീഴററോഡ്	1,3,5	PWD	3.5	8	ഉണ്ട്	2
3.	ചൈനാക്ലേ-വള്ളിത്തോട് റോഡ്	2,4,5	PWD	3	8	ഉണ്ട്	5
4.	അമ്പലം-മൂങ്ങമ്പാലംറോഡ്	6,7,8,9	PWD	2.5	8	ഉണ്ട്	–
5.	കയറ്റിൽലക്ഷംവീട്-ഹരിജൻ കോളനി റോഡ്	1	പഞ്ചായത്ത്	1.2007	7മീറ്റർ	ഇല്ല	
6.	സ്വാമിമഠം-പുഞ്ചവയൽ ഹരിജൻ കോളനി റോഡ്	3	പഞ്ചായത്ത്	1	8	ഇല്ല	
7.	മൊയോൺ റോഡ്	6,7	പഞ്ചായത്ത്	1	6	ഇല്ല	
8.	ചൈനാക്ലേ-നവോദയം വായനശാലാറോഡ്	7	പഞ്ചായത്ത്	1	7	ഇല്ല	
9.	മാറ്റാങ്കിൽ-കോൺവെന്റ് റോഡ്	3,5,	പഞ്ചായത്ത്	2.400	7	ഇല്ല	

പട്ടിക111 **(കഴിഞ്ഞരണ്ടുവർഷമായിറോഡുഗതാഗതത്തിന് പഞ്ചായത്ത് ചിലവഴിച്ച തുക)**

ക്രമനമ്പർ	വർഷം	മൊത്തംവരവ്	റോഡിന് ചെലവാക്കിയ തുക	ശതമാനം
1	1994-96	18,42,234	6,35,710	34.50
2	1995-96	15,83,340	5,17,192	32.66

പട്ടികV

കണ്ണപുരത്ത് നിർത്തുന്ന വണ്ടികൾ വടക്കോട്ട്

ക്രമനമ്പർ	വണ്ടി നമ്പർ	വണ്ടിയുടെ പേര്
1.	6627	മദ്രാസ് -മംഗലാപുരം വെസ്റ്റ്കോസ്റ്റ് എക്സ്പ്രസ്
2.	6329	തിരുവനന്തപുരം-മംഗലാപുരംമലബാർ എക്സ്പ്രസ്
3.	523	കണ്ണൂർ- മംഗലാപുരം പാസഞ്ചർ
4.	525	കോയമ്പത്തൂർ- മംഗലാപുരംഫാസ്റ്റ് പാസഞ്ചർ
5.	527	കണ്ണൂർ - മംഗലാപുരം പാസഞ്ചർ
6.	6344	തിരുവനന്തപുരം- മംഗലാപുരം പരശുറാം എക്സ്പ്രസ്
7.	6683	പാലക്കാട് - മംഗലാപുരം ലിങ്ക് എക്സ്പ്രസ്
8.	6635	കുർള- മംഗലാപുരം നേത്രാവതി എക്സ്പ്രസ്

തെക്കോട്ട്

1.	6350	മംഗലാപുരം-തിരുവനന്തപുരംപരശുറാം എക്സ്പ്രസ്
2.	524	മംഗലാപുരം -കണ്ണൂർ പാസഞ്ചർ
3.	6684	മംഗലപുരം-പാലക്കാട് ലിങ്ക് എക്സ്പ്രസ്
4.	526	മംഗലപുരം- കോയമ്പത്തൂർ ഫാസ്റ്റ് പാസഞ്ചർ
5.	528	മംഗലപുരം-കണ്ണൂർ പാസഞ്ചർ
6.	6330	മംഗലപുരം-തിരുവനന്തപുരം മലബാർ എക്സ്പ്രസ്
7.	6608	മംഗലപുരം-മദ്രാസ് വെസ്റ്റ്കോസ്റ്റ് എക്സ്പ്രസ്
8.	6636	മംഗലപുരം-കുർള നേത്രാവതി എക്സ്പ്രസ്

പട്ടികV

കണ്ണപുരത്തെ റിസർവേഷൻ സൗകര്യങ്ങൾ

ക്രമനമ്പർ	വണ്ടി നമ്പർ	വണ്ടിയുടെ പേര്	ബർത്തുകൾ	ദിവസങ്ങൾ
1.	6628	മംഗലാപുരം-മദ്രാസ് വെസ്റ്റ്കോസ്റ്റ് എക്സ്പ്രസ്	5	ദിവസവും
2.	6348	മംഗലപുരം-തിരുവനന്തപുരം മലബാർ എക്സ്പ്രസ്	5	ദിവസവും
3.	6350	മംഗലപുരം-തിരുവനന്തപുരംപരശുറാം എക്സ്പ്രസ്	2AC Carseats	ദിവസവും
4.	6636	മംഗലാപുരം – കുർള നേത്രാവതി എക്സ്പ്രസ്	5	

5.	2617	മംഗള-മംഗലാപുരം നിസാമുദ്ദീൻ എക്സ്പ്രസ്	5	ദിവസവും
6.	7489	കൊച്ചി- വാരണാസി	5	ശനിമാത്രം.
7.	6315	കൊച്ചി-ഹൗറ	5	ബുധൻ
8.	6321	തിരുവനന്തപുരം -ഗോഹട്ടി	5	വ്യാഴം
9.	7057	കൊച്ചിൻ- ബിലാസ്പൂർ	5	ബുധൻ, ശനി
10.	7029	കൊച്ചിൻ - ഹൈദ്രാബാദ്	5	തിങ്കൾ വ്യാഴം, ശനി
11.	6687	മംഗലാപുരം-ജമ്മുതാവി നവയുഗ	5	തിങ്കൾ
12.	6334	തിരുവനന്തപുരം-രാജ്കോട്ട്	5	ബുധൻ
13.	7081	കൊച്ചിൻ - ഇൻഡോർ	5	തിങ്കൾ
14.	6338	കൊച്ചിൻ- രാജ്കോട്ട്	5	വെള്ളി
15.	6348	കണ്ണൂർ-തിരുവനന്തപുരം	5	ദിവസവും

ഗതാഗതം(പ്രശ്നങ്ങൾ)

1. റോഡുകളുടെ പൊതുസ്ഥിതിവളരെമോശമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാത്തതുമൂലമാണ് ഇത്.

2. കണ്ണൂർ- പഴയങ്ങാടി റോഡ് വളരെ ശോചനീയാവസ്ഥയിലാണ് പലയിടത്തും. വീതികുറവും ഓവുചാലുകൾ ഉപയോഗശൂന്യവും.

3. ചൈനാക്ലേ റോഡ്, ചെറുകുന്ന്, കതിരുവയ്ക്കും തറ സ്റ്റോപ്പുകളിൽ ബസ് ഷെൽട്ടർഇല്ല. ചെറുകുന്ന് ടൗൺ സ്ഥലപരിമിതിമൂലം ഗതാഗത കുരുക്ക് നിത്യസംഭവം, ട്രാഫിക് ചിഹ്നങ്ങളും നിലവിലില്ല.

4. ചെറുകുന്നു തറയുടെ ഗതാഗതകുരുക്ക് ഒഴിവാക്കാൻ ചെറുകുന്നു തറ, അമ്പലം- മുങ്ങംറോഡ്, ബൈപാസായി ഉപയോഗപ്പെടുത്തുന്നില്ല.

5. എലയ്ക്കാൻ പാലത്തിന്റെ വീതികുറവും കാലപ്പഴക്കം കൊണ്ടുള്ള ശോചനീയാവസ്ഥയും

6. ചെറുകുന്ന് അമ്പലത്തിന് മുന്നിൽ റോഡരുകിലെ ട്രാൻസ്ഫോർമർ അപകടകരമാണ്.

7. വീതികുറവും നീർകെട്ടും പഞ്ചായത്ത് റോഡുകളുടെയും പ്രശ്നമാണ്.

8. റോഡ്രുകിലെ ഇലക്ട്രിക് പോസ്റ്റുകളും വൃക്ഷങ്ങളും പലയിടത്തും ഗതാഗതതടസ്സമുണ്ടാക്കുന്നു.

9. പഞ്ചായത്ത് നിയമം ലംഘിച്ച് സ്ഥലമുടമകൾ റോഡിലേക്ക് മതിൽകെട്ടുന്നതിനാൽ റോഡരുകിലെ നീർകെട്ട് വർദ്ധിച്ചുവരുന്നു.

10. സ്വകാര്യവ്യക്തികൾ കൈയാലകൾ ഇടിച്ച് പൊതുവഴിയിലേക്ക് കടന്നുകയറുന്നത് പലപ്പോഴും തർക്കങ്ങൾക്ക് വഴിവയ്ക്കുന്നു.

11. വീടുനിർമ്മാണത്തിനുള്ള സാധനങ്ങൾ റോഡരുകിൽ ഇറക്കി വർഷങ്ങളോളം നീക്കം ചെയ്യാതിരിക്കുന്നത് ഗതാഗതതടസ്സമുണ്ടാക്കുന്നു.

12. കണ്ണപുരം റയിൽവേസ്റ്റേഷന്റെ വിപുല വികസനത്തിന് അനുസരിച്ച് കണ്ണപുരം ടൗൺവികസിക്കാത്തത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

13. നിലവിലുള്ള പഞ്ചായത്ത ടാക്സി സ്റ്റാൻഡ് ഇപ്പോൾവർദ്ധിച്ചുവരുന്ന വാഹനങ്ങളെ ഉൾക്കൊള്ളാൻതീരെ

പര്യാപ്തമല്ല. ടാക്സിസ്റ്റാന്റിൽ കക്കൂസ്, മൂത്രപ്പുര ഇവ ഇല്ല.

14 റോഡുകളിൽ വാഹനങ്ങൾ നിർത്തിയിടുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

സാധ്യതകൾ

റോഡുകളുടെ ഇന്നത്തെ നില മെച്ചപ്പെടുത്തുന്നതിനുള്ള ധാരാളം നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഈ നിർദ്ദേശങ്ങളോടൊപ്പംതന്നെ ശ്രമദാനത്തിനുള്ള അനേകം വാഗ്ദാനങ്ങളും ജനങ്ങളിൽ നിന്ന് ഉണ്ടായിട്ടുണ്ട്. ലഭ്യമാകുന്ന ഫണ്ടിനോടൊപ്പം ഈ വാഗാദാനങ്ങൾ ഏറ്റവും ശരിയായി ഉപയോഗിക്കപ്പെടുന്ന റോഡ് വികസനപദ്ധതിക്കാണ് രൂപം നൽകേണ്ടത് ഇത്തരമൊരു വികസന കാഴ്ചപ്പാടിൽ പ്രാവർത്തികമാക്കാവുന്ന ഏതാനും സാധ്യതകളും നിർദ്ദേശങ്ങളുമാണ് ചുവടെകൊടുക്കുന്നത്.

1. വാർഡുകളിൽ ഏറ്റവുംഅധികം ഉപയോഗിക്കപ്പെടുന്ന മൺറോഡുകൾ ഘട്ടം ഘട്ടമായി ടാർചെയ്യണം.
2. റോഡുകളുടെ സ്ഥിതി ഏറ്റവും ദയനീയമാക്കുന്ന നീർക്കെട്ട് പരിഹരിക്കാൻ പ്രധാന റോഡുകളിലെങ്കിലും ഡ്രെയിനേജ്സംവിധാനമുണ്ടാക്കണം.
3. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും പുതിയ റോഡുകളുടെയും ഫുട്പാത്തുകളുടെയും നിർമ്മാണത്തിനും പഞ്ചായത്ത്ഫണ്ടിനെക്കാൾ ഉപരി ശ്രമദാന സാധ്യതകൾ ഉപയോഗിക്കണം.
4. പി. ഡബ്ളിയു. ഡി. റോഡുകൾ വീതികൂട്ടുകയും റോഡുകളിൽ ഡ്രെയിനേജ് ഇല്ലാത്ത ഭാഗത്ത് അത് നിർമ്മിച്ച് സംരക്ഷിക്കുകയും വേണം. ചൈനാക്ലേ റോഡ് ട്രെയിനേജ് നിർമ്മിച്ച് കണ്ണപുരംറോഡിലേക്ക് വെള്ളമൊഴുക്കണം.
5. പാലംമുതൽ തറവരെ ട്രാഫിക് ചിഹ്നങ്ങൾകാണിക്കുന്ന ബോർഡ് നിർബന്ധമായും സ്ഥാപിക്കണം.
6. ടെലഫോൺ കേബിളുകൾക്കായി കുഴിക്കുന്ന ചാലുകൾ യഥാസമയം നികത്തണം.
7. ഓടംതായൽ -ചാപ്പത്തോട് റോഡ്, ഇടത്തട്ട റോഡ് എന്നീ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി ബൈപ്പാസ്റോഡുകളാക്കി മാറ്റണം.
8. തറക്ക് നിലവിലുള്ള ബസ് സ്റ്റോപ്പുകളുടെ സ്ഥാനം മാറ്റി ഗതാഗതക്കുരുക്ക് പരിഹരിക്കണം.
9. വ്യക്തികൾ മതിലുകളും കെട്ടിടങ്ങളും നിർമ്മിക്കുമ്പോൾ പഞ്ചായത്ത നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. മതിലുകൾ, നീർക്കെട്ടിന് കാരണമാകാതിരിക്കാൻ വേണ്ട ഡ്രെയിനേജ് ഉണ്ടാകണം.
10. കണ്ണപുരം റയിൽവേസ്റ്റേഷന്റെ വൻ വികസനം നമുക്കുമുമ്പിൽ വലിയ സാധ്യതകൾ തുറന്നുതരുന്നു. ഇതുപരിശോധിച്ച് കണ്ണപുരത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് പഞ്ചായത്ത് നേതൃത്വത്തിൽ ആരംഭിക്കണം.
11. പോസ്റ്റാഫീസ് ചുണ്ട റോഡിൽ അനുവദിക്കപ്പെട്ടിരിക്കുന്ന റയിൽവെക്രോസിംഗ് ചുണ്ട, പുഞ്ചവയൽ പ്രദേശങ്ങളുടെ വികസനത്തെ ത്വരിതപ്പെടുത്തുന്നു. അടുത്തുള്ള കേബിനുമായി ബന്ധപ്പെട്ട് പ്രവർത്തനം നിയന്ത്രിക്കാമെന്നതുകൊണ്ട് പുതിയ ജോലിക്കാർ ആവശ്യമായി വരുന്നില്ല. ഇത് നിർമ്മിക്കാനാവശ്യമായ ഇടപെടൽ പഞ്ചായത്തിൽനിന്ന് ഉണ്ടാകണം.
12. വെള്ളിക്കീൽ പാലം വരികയാണെങ്കിൽ കണ്ണപുരത്തിന്റെ സമഗ്രമായ പുരോഗതിക്ക് കാരണമാകും.
13. തെക്കുംപാട് കടവിൽ നിന്നും ലഭിക്കുന്ന കടത്തുലേലത്തിൽനിന്ന് ഒരു വിഹിതം നമ്മുടെ പഞ്ചായത്തിന് ലഭിക്കേണ്ടതാണ്. ഇത് ലഭിക്കാൻ ആവശ്യമായ സമ്മർദ്ദം അധിതൃതരിൽ നിന്ന് ഉണ്ടാകണം.
14. പഞ്ചായത്ത് ടാക്സിസ്റ്റാന്റിന് സമീപമുള്ള സ്ഥലം അക്വയർ ചെയ്ത് ടാക്സിസ്റ്റാൻഡ് വീതികൂട്ടണം. ഇവിടെ കക്കൂസ്,മൂത്രപ്പുര എന്നിവ ഉണ്ടാക്കണം.
15. ചെറുകുന്ന് അമ്പലത്തിന് മുന്നിലെ ട്രാൻസ്ഫോർമർ ഗതാഗതത്തിന് വൻഭീഷണിയാണ് . ഇത് പരിഹരിക്കാൻ റോഡിന്റെ അശാസ്ത്രീയമായ വളവ് നികത്തണം.

പട്ടികVI

പുതുതായി ടാർചെയ്യുന്ന മൺറോഡുകൾ(ജനങ്ങൾ ഏറ്റവും അധികം ഉപയോഗിക്കുന്ന മൺറോഡുകൾ)

ക്രമനമ്പർ	റോഡിന്റെ പേര്	വാർഡ്
1.	കീഴറ-കുലോംപുഞ്ചവയൽ റോഡ്	1
2.	മൊട്ട- ചെമ്മരവയൽ കുളിച്ചാൽറോഡ്	2
3.	ചുണ്ട - പുഞ്ചവയൽ ഹരിജൻ കോളനി, പാന്തോടംറോഡ്	3
4.	മൊട്ട- ഒടിപ്പുറംറോഡ്	4
5.	പോസ്റ്റാഫീസ്- ചുണ്ടറോഡ്	5
6.	പൊട്ടിബ്സാർ-തുണ്ടിത്തോട് റയിൽവേസ്റ്റേഷൻ റോഡ്	7
7.	കർഷകവായനശാല- പൊന്നച്ചിക്കൊവ്വൽറോഡ്	7
8.	ദേശീയ യുവജന സംഘം വായനശാല-മന്ദിവെപ്പ് പാലം റോഡ്	8
9.	നവോദയം വായനശാല- മുത്തങ്ങ പാലം റോഡ്	8
10.	ആയിരംതെങ്ങ്- അയ്യോത്ത് റോഡ്	9

പട്ടിക7

അത്യാവശ്യറിപ്പയറിംഗ് ആവശ്യമായ റോഡുകൾ (വാർഡുകളിലെ മുൻഗണനക്രമത്തിൽ)

ക്രമനമ്പർ	വാർഡ്	റോഡിന്റെ പേര്
1	1	കീഴറ വള്ളുവൻകടവ് റോഡ്
2	1	കാരക്കുന്ന് ഹരിജൻ കോളനി റോഡ്
3	2	ദേശ പ്രിയവായനശാല-പുഞ്ചവയൽറോഡ്
4	2	പെരുന്തോട്ടംക്ഷേത്രം -പുഞ്ചവയൽ റോഡ്
5	2	ചെമ്മരവയൽ- കരക്കാട്ടുകുളം റോഡ്
6	2	മൊട്ട യു. പി- പുഞ്ചവയൽ റോഡ്
7	2	ചെമ്മരവയൽ - പാളിയം റോഡ്
8	3	ചുണ്ട പ്രയാംകോട്ടം കീഴററോഡ്
9	3	കുറുവക്കാവ്-പുഞ്ചവയൽ റോഡ്
10	3	കൂസ്തുക്കുന്ന് ഹരിജൻകോളനി റോഡ്
11	3	ചുണ്ട ശ്മശാന റോഡ്
12	5	റയിൽവേസ്റ്റേഷൻ- ചുണ്ടറോഡ്
13.	5	മാർക്കറ്റ്- ചുണ്ടറോഡ്

14	5	കുറുവക്കാവ്-ലക്ഷം വീട് റോഡ്
15	5	തൃക്കോത്തുകുളം- ചുണ്ടറോഡ്
16	6	തച്ചപ്പാടിറോഡ്
17	6	പൂമാലക്കാവ് റോഡ്
18	8	ഗുരുമഠം റോഡ്
19	8	ജനകീയ വായനശാലാ റോഡ്
20	9	മുങ്ങം അമ്പലം-കാക്കാടിത്തോട് റോഡ്

പട്ടിക 8

റീ ടാർ ചെയ്യേണ്ടറോഡുകൾ

1. കോൺവെന്റ് റോഡ്- കീഴറ (PWD റോഡ)
2. തറ - അമ്പലം (PWD റോഡ്)
3. ലക്ഷം വീട്-കയറ്റിയിൽ റോഡ്(പഞ്ചായത്ത്)
4. സ്വാമിമഠം-പുഞ്ചവയൽറോഡ്(')
5. ഇടത്തെക്ക്- ചൈനാക്ലേ റോഡ്(കൾവർട്ടിന് സൈഡ്കെട്ടണം)

പട്ടിക 9 **പുതിയ റോഡുകൾ**

ക്രമനമ്പർ	വാർഡ്	റോഡിന്റെ പേര്
1	1	വേന്തിയിൽ -കീഴറ കള്ളുഷാപ്പ്
2	1	മെയിൻ റോഡ്- ആച്ചനാട്ട് അമ്പലം- പാൽവയൽ മെയിൻ റോഡ്
3	1	കീഴറ വായനശാല- കീഴറ കള്ളുഷാപ്പ്
4	1	കയറ്റിൽ-വള്ളുവൻകടവ് റോഡ്
5	1	വെള്ളിക്കീഴ് പാലം- അപ്രോച്ച് റോഡ്
6	2	വാർഡിന്റെ അതിർത്തിയിൽ കൂടി പുഞ്ചവയൽ കരയിലൂടെ റോഡ്
7	2	കുളിച്ചൽ -ഇടപ്പാറ റോഡ്
7	2	ദേശപ്രിയ പുഞ്ചവയൽറോഡ്-പെരുന്തോട്ടം പുഞ്ചവയൽ റോഡ്
8	3	ചുണ്ട നേതാജിവായനശാല റോഡ്
9	3	സ്വാമിമഠം -പുഞ്ചവയൽറോഡ്
10	3	ബാലകൃഷ്ണൻ മാസ്റ്ററുടെ വീട് -പുഞ്ചവയൽ പള്ളി
11	4	മുതലമുക്ക്- കണ്ണപുരംപാലം
12	4	പൊട്ടൻതറ-ഉമ്മിണിക്കുന്ന്
13	4	കണവത്ത് കുന്ന്-ശ്മശാന റോഡ്
14	5	കിഴക്കേക്കാവ്-ചുണ്ട പോസ്റ്റാഫീസ്റോഡ്

15	6	മാടായിക്കുളം- റയിൽവേസ്റ്റേഷൻ റോഡ്
16	6	മെയിൻ റോഡ്- പൊട്ടിബസാർ (അന്നപൂരണി ബാലവാടി)
17	8	ചാലിൽ റോഡ്
18	8	മന്തിവെപ്പ് പാലം-ജനകീയ വായനശാലാ റോഡ്
19	8	പഞ്ചായത്ത് മിനിസ്റ്റേഡിയം റോഡ്
20	9	ജനകീയ വായനശാല-ഗ്രാമീണവായനശാലാ റോഡ്

പട്ടിക 10 **പുതിയ നടപ്പാതകൾ, പാലങ്ങൾ, സ്ളാബുകൾ**

ക്രമനമ്പർ	വാർഡ്	
1	1	മെയിൻ റോഡ്-കീഴറ എൽ. പി. എസ്
2	2	ചെമ്മരവയൽ കരക്കാട്ട് റോഡ് -പുഞ്ചവയൽ റോഡ്
3	2	പട്ടേരിബാലന്റെ വീടിനടുത്തുനിന്ന് പുഞ്ചവയൽ തോടിന്(പാലം)
4	2	മൊട്ടപ്പേർകുളം റോഡ് പുഞ്ചവയൽഹരിജൻ കോളനി
5	6	പുമലക്കാവ്-പൊട്ടിബസാർ
6	6	വടക്കേടത്ത് ക്ഷേത്രം-മെയിൻ റോഡ് ഫുഡ്പാത്ത്
7	6	പുമാലക്കാവ് - തച്ചപ്പാടിറോഡ്
8	6	പാൽ സൊസൈറ്റിക്ക് സമീപം -ഓടയ്ക്ക്(സ്ളാബ്)
9	10	ഇടതെക്ക്- നണിയിൽ കാവ്
10	7	ശ്മശാനം-കളത്തിലെകുളം
11	8	ഇട എൽപി സ്കൂൾ-ചാലിൽറോഡ്
12	8	ഇട വടക്കു കള്ളുഷാപ്പിനു മുമ്പിലൂടെ ഫുട്പാത്ത്
13	9	ജനകീയ വായനശാല അയ്യോത്ത്
14	8	ഇടഃ എൽ പി സ്കൂൾ-കൊലഞ്ഞാടിപ്പാലം
15	9	ജനകീയ വായനശാലയിൽ നിന്ന് കിഴക്കോട്ട സ്ളാബ്
16	9	വടക്കിൽ തോട്ടിലേക്ക് ഫുട്പാത്ത്
17	9	പുത്തരിതോടിന് (സ്ലാബ്)
18	9	ഓടന്തായൽ ചാപ്പത്തോട്ട റോഡ്-മുത്താച്ചിപീടിക
19	9	ആണിത്തോടിന് സ്ലാബ്

ഊർജ്ജം

നാടിന്റെ വികസന പ്രക്രീയയെ ത്വരിതപ്പെടുത്തുന്നതിന് അത്യാവശ്യമായ വിഭവമാണ് ഊർജ്ജം,ആളോഹരി പ്രതിശീർഷ ഊർജ്ജവിനിയോഗം ഒരു രാജ്യത്തിന്റെ പുരോഗതിയുടെ മാനദണ്ഡമായി പരിഗണിക്കാറുണ്ട്. ഇന്ത്യയുടെ പ്രതിശീർഷ ഊർജ്ജ് ഉപഭോഗം 0.2 മെട്രിക്ക് ടൺ ആണെങ്കിൽ, അമേരിക്കയുടെത് 10 മെട്രിക് ടൺ ആണ്. നമ്മുടെ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്ന പ്രധാന ഊർജ്ജസ്രോതസ്സുകൾ വിറക്, വൈദ്യുതി മണ്ണെണ്ണ, പാചകവാതകം എന്നിവയാണ്. പ്രധാനമായും ഗാർഹിക ഇന്ധനമായാണ് വിറക് ഉപയോഗിക്കപ്പെടുന്നത്. നിലവിലുള്ള വിറക് ഉപഭോക്താക്കളിൽ 95 ശതമാനവുംദക്ഷത കുറഞ്ഞ വിറകടുപ്പുകളാണ് ഉപയോഗിക്കുന്നത് അതിന്റെ ഫലമായിത്തന്നെ ഉപയോഗിക്കപ്പെടുന്ന വിറകിന്റെ 10-15 ശതമാനം ഗുണം മാത്രമെ ഉപഭോക്താവിന് ലഭിക്കുന്നുള്ളു. വിറകിന്റെ അമിതമായ ഉപഭോഗത്തിനും ഒരു പരിധിയോളം വന നശീകരണത്തിനും ഇടവരുത്തുന്നുണ്ട്. ഒരു കുടുംബത്തിന് പ്രതിദിനം ശരാശരി 8 കിലോഗ്രാം വിറക് വച്ച് ഒരുദിവസം പഞ്ചായത്തിൽ 40 ടൺ ഓളം വിറക് ഉപയോഗപ്പെടുത്തുന്നുണ്ട്. മുൻകാലങ്ങളിൽ വീടുകളിൽവ്യാപകമായി പ്രയോജനപ്പെടുത്തിയിരുന്ന ചാണക വറളിയും കരിയിലയും പോലുള്ള ഇന്ധനങ്ങൾഇന്ന് ഏറെക്കുറെ അപ്രത്യക്ഷമായിരിക്കുകയാണ് പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് തെങ്ങുല്പന്നങ്ങൾ പ്രധാന ഇന്ധനമാണ്. ഈർച്ചപ്പൊടിയും ചെറിയ തോതിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. വ്യവസായ രംഗത്ത് പോട്ടറി സൊസൈറ്റി, ചൈനാക്ലേ, വീവേഴ്സ് സൊസൈറ്റി എന്നിവിടങ്ങളിൽ വിറക് വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്.

ബേക്കറി വ്യവസായത്തിന് ചിരട്ട പ്രധാന ഇന്ധനമാണ്. വ്യവസായരംഗത്ത് വിറക് ചിരട്ട ഇവയുടെ പ്രതിദിന ഉപയോഗത്തിന്റെ കണക്ക് ചുവടെ കൊടുക്കുന്നു.

പട്ടിക 1

ക്രമനമ്പർ	വ്യവസായത്തിന്റെ പേര്	വിറക് കിലോഗ്രാം ശരാശരി	ചിരട്ട എണ്ണം	വില ശരാശരി
1	കണ്ണപുരം പോട്ടറി സൊസൈറ്റി	3500		2800
2.	ചൈനാക്ലേ കമ്പനി	2000		1600
3.	വീവേഴ്സ് സൊസൈറ്റി	65		60
4	ബിക്കോസ് ബെയ്ക്കറി	-	1000	160

(അവലംബം സെക്കണ്ടറി ഡാറ്റ)

മുൻകാലങ്ങളിൽ വെളിച്ചത്തിനാണ് മണ്ണെണ്ണ പ്രധാനമായും ഉപയോഗപ്പെടുത്തിയതെങ്കിൽ ഇന്ന് പാചക ആവശ്യത്തിനാണ് കൂടുതൽ ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ ഏതാണ്ട് 18 ശതമാനം വീടുകളിൽ മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നുണ്ട്. കാർഷിക ആവശ്യത്തിന് മണ്ണെണ്ണ ഉപയോഗിച്ചുള്ള പമ്പുസെറ്റുകൾ നാമമാത്രമായി ഉപയോഗത്തിലുണ്ട്. ദക്ഷത കുറഞ്ഞ സ്റ്റൗ മണ്ണെണ്ണയുടെ അമിതമായ ഉപയോഗത്തിന് കാരണമാകുന്നുണ്ട്. പാചകവാതകം പഞ്ചായത്തിലെ 10 ശതമാനം വീടുകളിൽ ഇന്ധനമായി ഉപയോഗിക്കുന്നുണ്ട്.

പട്ടിക 2

മണ്ണെണ്ണയുടെ ഉപയോഗം

വർഷം	കാർഡ് വഴി	പെർമിറ്റുവഴി	ആകെ
1991-92	90800	39515	1,30315
92-93	95258	68317	1,63575
93-94	90501	53880	1,443281
94-95	1,15861	61918	1,77779
96-96	1,25469	46068	1,71537
ആകെ	5,17,889	2,69,698	7,87,587

(അവലംബം സെക്കണ്ടറി ഡാറ്റ)

പട്ടിക 3 കണ്ണപുരം പഞ്ചായത്തിലെ പാചക ഇന്ധന സ്രോതസ്സ്

ഊർജ്ജസ്രോതസ്സുകൾ	ഉപയോഗിക്കപ്പെടുന്ന വീടുകളുടെ എണ്ണം
വിറകടുപ്പ്	2104
ചിമ്മിനി	1139
പുകയില്ലാത്ത അടുപ്പ്	107
ഗ്യാസ്	432
സ്റ്റൗ	729

(അവലംബം വികസന സർവെ 96)

വൈദ്യുതി ഒരെത്തിനോട്ടം

കേരള പിറവിക്കുമുമ്പ്, മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ വൈദ്യുതിയുടെ കാര്യത്തിൽതീരെ അവഗണിക്കപ്പെട്ട ഒരു പ്രദേശമായിരുന്നു. 1957 ൽ നിലവിൽവന്ന ഗവൺമെന്റിന്റെകാലത്താണ് മലബാർ മേഖലയിൽ വൈദ്യുതോർജ്ജം വ്യാപകമായി എത്തിച്ചേർന്നത്. രണ്ടുവർഷംകൊണ്ട് ഇവിടുത്തെ മിക്ക ഗ്രാമങ്ങളിലും വൈദ്യുതി എത്തിക്കാൻ സാധിച്ചു. നമ്മുടെ പഞ്ചായത്തിൽ അപ്പോഴാണ് വൈദ്യുതി കടന്നുവന്നത്

മങ്ങാട്ട് സ്ഥിതിചെയ്യുന്ന 110 കെ. വി സബ്സ്റ്റേഷനിൽ നിന്നാണ് കണ്ണപുരത്ത് വൈദ്യുതി എത്തിക്കുന്നത്. സബ്സ്റ്റേഷനിൽ ഇപ്പോൾ നാലു ട്രാൻസ്ഫോർമറുകൾ ഉണ്ട്. കണ്ണപുരത്തേക്ക് അവിടെ നിന്ന് രണ്ടു ഫീഡറുകൾ വരുന്നുണ്ട്.

1. സബ്സ്റ്റേഷന്റെ പുതിയ യാർഡിലെ 12.5 MVA ട്രാൻസ്ഫോർമറിൽ നിന്നു വരുന്ന കണ്ണപുരം ഫീഡർ

2. പഴയ യാർഡിലെ 10 MVA ട്രാൻസ്ഫോർമറിൽ നിന്നുവരുന്ന മാടായി ഫീഡർ

കണ്ണപുരം ഫീഡറും മാടായി ഫീഡറും ഒരു ലൈനിൽ ചൈനാക്ലേക്ക് സമീപം വരെ എത്തുന്നു അവിടെ നിന്ന് മാടായിഫീഡർ ചൈനാക്ലേ , ചൂണ്ട കോൺവെന്റ് വഴി റയിൽവെ ക്രോസ്സിൽ വന്ന് കണ്ണപുരം പോലീസ് സ്റ്റേഷന്റെ മുന്നിൽ കൂടി കുന്നരുപ്പുഴവരെ എത്തുന്നു.


തൃശ്ശൂർ പട്ടണത്തിന്റെ
11 KV ഫീഡറും
ട്രാൻസ്ഫോർമറുകളും
വാർഡ് 1
വാർഡ് 2
വാർഡ് 3
വാർഡ് 4
വാർഡ് 5
വാർഡ് 6
വാർഡ് 7
വാർഡ് 8
വാർഡ് 9
FROM 110 KV SUB STATION MANNAD
സൂചിക
കണ്ണൂരം 11 KV ഫീഡർ
ഓവായി 11 KV ഫീഡർ
നിർദ്ദേശിച്ച 11 KV ഫീഡർ
നിലവിലുള്ള ട്രാൻസ്ഫോർമർ
നിർദ്ദേശിച്ച ട്രാൻസ്ഫോർമർ

കണ്ണപുരം ഫീഡറാകട്ടെ ചൈനാക്ലേ കമ്പനിക്ക് സമീപത്തു നിന്ന് റയിൽവെക്രോസ് കഴിഞ്ഞ ചൈനാ ക്ലൈ ജംഗ്ഷൻ മടക്കര മാട്ടുൽ വഴി കുന്നരുപുഴവരെ നീണ്ടുനില്ക്കുന്നു.

പഞ്ചായത്തിലെ 3271 വീടുകളിൽ 2554 വീടുകളാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. വൈദ്യുതീകരിക്കാത്തതിന് പ്രധാനമായും മൂന്നു കാരണമാണ് ഉള്ളത്. 1) സാമ്പത്തിക വിഷമം 2 വൈദ്യുതി ലയ്ൻ ഇല്ലാത്തത് 3) സ്ഥലം ഉടമകളുടെ അനുവാദപത്രം ലഭിക്കായ്മ.

വളരെ കുറഞ്ഞ വോൾട്ടേജ്. ഇടയ്ക്കിടെ ഉണ്ടാകുന്ന വൈദ്യുതിവിച്ഛേദനം മുതലായ പ്രശ്നങ്ങൾ കണ്ണപുരത്തും രൂക്ഷമായി നിലവിലുണ്ട്.(പഞ്ചായത്തിലെ വൈദ്യുതി സംബന്ധിച്ചി ചില വിവരങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1)നിലവിലുള്ള ഉപഭോക്താക്കൾ

1) ഗാർഹികം	2554
2) വ്യാപാരം	815
[illegible]	56
4) കാർഷികം	144

(അവലംബം വൈദ്യുത ആഫീസ് രേഖകൾ)

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

1) ഓർഡിനറി	382
2) O.T.P	8
3) O.Y.E.C	1

3. അവസാനം നല്കിയ കണ്ക്ഷന്റെ അപേക്ഷാതീയതി.

O.T.P	3-6-95
O.Y.E.C	27-9-95

3. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ-5

4. തൻവർഷത്തെ കണക്ഷൻ

1) ഓർഡിനറി - 83

5. പഞ്ചായത്തിലെ പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന നിലവിലുള്ള L.T ട്രാൻസ്ഫോമറുകളുടെ പേരുകൾ (മാപ്പുകാണുക)

കണ്ണപുരം ഫീഡർ

1. മൊട്ടമ്മൽ	100KVA
2. ചെമ്മരവയൽ	100KVA
3.മായിച്ചൽ	63KVA

4. കീഴറ	63 KVA
5. ചൈനാക്ലേ	100KVA
6.ചൈനാക്ലേ ജംഗ്ഷൻ	63KVA
7. സോമിൽ	250KVA
8. ഉടക്കേപ്പുറം തെക്ക്	100KVA
9. മൊയൻ റോഡ്	100KVA
10. ഹൈസ്കൂൾ	100KVA
11. തറ	100KVA
12. അമ്പലം	63KVA
13. അമ്പലപ്പുറം	100KVA

മാടായി ഫീഡർ

1. ചുണ്ട	63ഗKVA
2. കോൺവെന്റ്	250 KVA

6.നിലവിലുള്ള ഘ.ഠ ലൈനിന്റെ നീളം

1.3.ഫെയ്സ്	76.723 KM
2.1. ഫെയ്സ്	115.092 KM

തെരുവുവിളക്കുകൾ

ആദ്യകാലത്ത് വീടുകളിലെ മണ്ണെണ്ണ വിളക്കുകൾ പോലെ മണ്ണെണ്ണ ഉപയോഗിച്ചുള്ള തെരുവുവിളക്കുകൾ (പഞ്ചായത്ത് വിളക്കുകൾ) നമ്മുടെ പഞ്ചായത്തിലും ഉണ്ടായിരുന്നു. ഇന്ന് പഞ്ചായത്തിലുള്ള തെരുവുവിളക്കുകളിൽ 329 ബൾബുകളും 13 ട്യൂബുകളും 5 സോഡിയം വേപ്പർ ലാമ്പുകളും ഉൾപ്പെടുന്നു. ഇവയിൽ മിക്കതും കത്തുന്നില്ല. എന്നതാണ് വസ്തുത. പ്രതിവർഷം 47640 രൂ പഞ്ചായത്ത് ഈ ഇനത്തിൽ ചാർജ്ജ് അടക്കുന്നുമുണ്ട്.

പ്രശ്നങ്ങൾ

1. രൂക്ഷമായ വോൾട്ടേജ് പ്രശ്നം പഞ്ചായത്തിലെ 15 ട്രാൻസ്ഫോമറുകളും അധികഭാരം വഹിക്കുന്നവയാണ്. പീക്ക്ലോഡ് സമയത്ത് പലയിടങ്ങളിലും 50V മാത്രമെ ലഭിക്കുന്നുള്ളു.
2. രണ്ട് ഫീഡറുകളുടെയും കമ്പിയുടെ സൈസ് നിലവിലുള്ള വൈദ്യുതഭാരം താങ്ങാൻ അപര്യാപ്തമാണ് എന്നാണ് മനസ്സിലാവുന്നത്. ഇത്കാരണം പീക്ക്ലോഡ് സമയത്ത് കമ്പികൾ വളരെ ചൂടാവുകയും താഴ്ന്നുവരികയും ചെയ്യുന്നു. ഇത് ഷോർട്ട് സർക്യൂട്ടിനും വൈദ്യുതി വിച്ഛേദിക്കപ്പെടുന്നതിനും കാരണമാകുന്നു.
3. രണ്ട്ഫീഡറുകളുടേയും റെയിൽവെ ക്രോസിംഗിന് ഉപയോഗിച്ച കേബിളുകളുടെ സൈസ് താഴ്ന്നതാണ്. LT ലൈനിംഗിന് ഉപയോഗിച്ച കണ്ടക്ടറുകളും വളരെ താഴ്ന്ന സൈസിലുള്ളവയാണ്. ഇത് ലഭ്യമായ താഴ്ന്ന വോൾട്ടേജ് വീണ്ടും കുറയാനും ഇടയാക്കുന്നു.
4. ട്രാൻസ്ഫോമറുകളുടെ L.T സുഷ്മിങ്ങിൽ നിന്ന് ഫ്യൂസ് വരെ നേരിട്ടു കേബിൾ വഴിയാണ് കണക്ഷൻ.

ചെയ്തിരിക്കുന്നത്. സൂഷ്മിങ്ങിന്റെ ലൂസ് കണക്ഷനും സ്പാർക്കിങ്ങിനും ഇത് ഇടവരുത്തുന്നു. കൂടാതെ കുറെ കണക്ഷനുകൾ ഒന്നിച്ചു ഫ്യൂസിൽ നിന്ന് L.T ലൈനിലേക്കും പോകുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നു.

5. തെരുവുവിളക്കുകൾ ഭൂരിഭാഗവും കത്തുന്നില്ല.

6. മരങ്ങളും ചില്ലകളും യഥാസമയം മുറിച്ചുമാറ്റാത്തത് മൂലം പ്രേഷണ- വിതരണരംഗങ്ങളിൽ പ്രസരണ നഷ്ടമടക്കമുള്ള പ്രശ്നങ്ങളുണ്ടാകുന്നു. കൂടാതെ വൈദ്യുതി വിച്ഛേദനത്തിനും ഇത് കാരണമാകുന്നു.

7. അനാവശ്യവും ക്രമീകൃതമല്ലാത്തതുമായ ഉപയോഗം ധാരാളം വൈദ്യുതി നഷ്ടമാകാൻ കാരണമാകുന്നു.

8 ദക്ഷതകുറഞ്ഞ അടുപ്പുകളുടെ ഉപയോഗം വിറകിന്റെ അമിതമായ ഉപയോഗത്തിന് കാരണമാകുന്നു. ഇത് വിറക് ക്ഷാമത്തിനും വനനശീകരണത്തിനും ഇടവരുത്തുന്നു.

9. ദക്ഷത കുറഞ്ഞ മണ്ണെണ്ണ സ്റ്റൗവിന്റെ ഉപയോഗം അമിതോപയോഗത്തിന് കാരണമാകുന്നു. മണ്ണെണ്ണയുടെ ദൗർലഭ്യം മറ്റൊരു പ്രശ്നമാണ്.

10. ഗവൺമെന്റ് ഉടമയിലുള്ള ഗ്യാസ് കണക്ഷനും അപേക്ഷിക്കാൻ ഇന്ന് കണ്ണപുരം പഞ്ചായത്തിലുള്ളവർക്ക് സൗകര്യമില്ല.

സാദ്ധ്യതകൾ വൈദ്യുതി

1. കണ്ണപുരം ഫീഡറിന്റെയും മാടായി ഫീഡറിന്റെയും നിലവിലുള്ള കണ്ടക്ടർ ശേഷി ഉയർത്തണം. അല്ലെങ്കിൽ പുതുതായി മാങ്ങാട്ടുനിന്നും കോൺവെന്റുവരെ പുതിയ ഫീഡർ സ്ഥാപിച്ച് കുറേ ട്രാൻസ്ഫോർമറുകൾ അതിലേക്ക് മാറ്റണം (കെ. എസ്. ഇ. ബി)
2. കണ്ണപുരം ഫീഡറും മാടായി ഫീഡറും റയിൽവെ ലയിൻ ക്രോസ് ചെയ്യുന്ന ഇപ്പോഴത്തെ ശേഷികുറഞ്ഞ കേബിളുകൾ ഉയർന്ന ശേഷിയുള്ളതാക്കി മാറ്റണം. (കെ. എസ്. ഇ. ബി)
3. ചൈനാക്ലേ ജംഗ്ഷൻ ലൈൻ കപ്പാസിറ്റർ സ്ഥാപിക്കണം (കെ. എസ്. ഇ. ബി)

പുതിയ ട്രാൻസ്ഫോർമറുകൾ

1 മൊട്ടമ്മൽ, സ്വാമി മഠത്തിന് സമീപം - 100 KVA (KSEB)
2 ചൂണ്ട വയലിന് സമീപം നേത്തേയുണ്ടായിരുന്ന സ്ഥലത്ത് 100KVA (KSEB)
3. ഇടക്കേപ്പുറം വടക്ക് ദേശീയ യുവജന വായനശാലക്ക് സമീപം 100KVA (KSEB)
4. ജനകീയ വായനശാലയ്ക്ക് സമീപം 100KVA (KSEB) വേണ്ടുന്ന 11 കെ. വി ലെയ്ൻ(500 മീറ്റർ)
5. കീഴറ കുലോം ക്ഷേത്രപരിസരം വേണ്ടുന്ന 11 കെ. വി. ലെയ്ൻ 100KVA (KSEB)

നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടണം

1 കീഴറ വായനശാലക്ക് കിഴക്കുവശത്ത് 63 കെ. വി. എ- 100KVA (KSEB)
2. നവോദയ വായനശാലയ്ക്ക് സമീപം 100KVA-160 (KVA) (KSEB) വേണ്ടുന്നപ്ലിന്ത് (സന്ധ്യസേവനം)
3. മോയൻ റോഡ
4.അമ്പലത്തിനടുത്ത് 63 KVA- 100 KVA (KSEB)
5.എൽ.റ്റി ലെയിനിലെ നിലവിലുള്ള ശേഷി കുറഞ്ഞ കണ്ടക്ടർ ട്രാൻസ്ഫോർമറുകളുടെ ഭാഗത്തുനിന്നും വേണ്ടപ്പെട്ട സ്പാനുകൾ ശേഷികൂടിയവയാക്കിമാറ്റണം.

പുതിയ 3 ലൈൻ :

ഫെയസ്, ലൈൻ, 1 ഫെയ്സ് ലൈൻ
1 ഫെയ്സ് 3 ഫെയ്സാക്കി മാറ്റൽ

1. കീഴറ കുറവാതോടിന് സമീപമുള്ള ഹരിജൻ കോളനിയിലേക്ക് 1ഫെയ്സ്ലെയ്ൻ
2. ചെമ്മരവയൽ വായനശാല പരിസരം
3. ചുണ്ടമുതൽ കീഴക്കോട്ടു പുഞ്ചവയൽ ഹരിജൻ കോളനി വരെ. ഹരിജൻ കോളനിമുതൽ പാന്തോട്ടും വരെ
4. മൊട്ടമ്മൽ ട്രാൻസ്ഫോർമർമുതൽ വള്ളിത്തോട് വരെ
5. റയിൽവെ ബി കേബിൾ മുതൽ മാർക്കറ്റ് ചുണ്ട നടപ്പാതവരെ
6. മൂലക്കിൽ നിന്ന് വടക്കോട്ടു വരുന്ന ലൈൻ
7. പൊന്നച്ചിക്കോവിൽ പരിസര ലൈൻ
8. ഇടക്കേപ്പുറം ദേശീയ വായനശാല പ്രദേശത്തെ ലൈൻ
9. ചൈനാക്ലേ കമ്പനിയിൽ നിന്ന് എച്ചിക്കൊടിയിലെ നാലുവീട്ടുകാർക്ക് നല്കുന്ന ലൈൻ ഏച്ചിക്കൊടിയിലെ ബാക്കി വീടുകൾവരെ നീട്ടണം പുതിയ

സ്ട്രീറ്റ് ലൈറ്റ്

1.കീഴറവള്ളുവൻ കടവ്

2. വള്ളുവൻ കടവ് റോഡ് കാരക്കുന്ന് ലക്ഷം വീട് ഇടവഴി

3.ചെമ്മര വയൽ വായനശാല പരിസരം

4. പുഞ്ചവയൽ-മായിച്ചാൽ റോഡ്. ചുണ്ട പുഞ്ചവയൽ -പാന്തോട്ടം റോഡ്

5. മൊട്ടമ്മൽ കണ്ണപുരം പാലംറോഡ്
6. റെയിൽവെ ബി കാബിൻമുതൽ മാർക്കറ്റ് ചുണ്ട റോഡ് വരെ
7. റെയിൽവെ സ്റ്റേഷനു മുൻവശം ലക്ഷം വീട് പരിസരം
8. തൃക്കോത്ത് കുളം- കോൺവെന്റ് റോഡ് വരെ
9. ചൈനാക്ലേ റോഡിന്റെ O.Pയ്ക്ക് സമീപം
10. പാറയിൽ മുക്ക് ജനകീയ വായനശാല റോഡ്, ദേശീയ യുവജന വായനശാല. മന്ദിവെപ്പ് പാലം. റോഡ്, നവോദയ വായനശാല. മൊത്തങ്ങപ്പാലം റോഡ്, ഓടം തായൽചാപ്പത്തോട് വരെ.
11. ഓട്ടുകമ്പനി - ചെമ്മരവയൽ വള്ളിത്തോട് റോഡ്
12. ചെമ്മരവയൽ വടക്കുഭാഗത്ത് ആനൂർ പഞ്ചായത്ത് അതിർത്തിയിൽ വൈദ്യുതി എത്താൻ നിലവിലുള്ള പോസ്റ്റ് മാറ്റി റോഡിൽ സ്ഥാപിച്ചാൽ സ്ട്രീറ്റ് ലൈറ്റ് ഇടാം. കൂറെ വീടുകൾക്ക് വൈദ്യുതിയും നൽകാം.
13. റെയിൽവെ സ്റ്റേഷന് മുൻവശത്തെ പരിസരത്ത് S.V. lamp സ്ഥാപിക്കണം.
14. മൊട്ടമ്മൽ വായനശാലയ്ക്ക് സമീപം SV lamp സ്ഥാപിക്കണം.
15. മൊട്ടമ്മൽ പൊതു ശ്മശാത്തിനടുത്ത് SV lamp
16 ചൈന ക്ലേ ജംഗ്ഷൻ പഞ്ചായത്ത് ആഫീസSV lamp

മാറ്റേണ്ട പോസ്റ്റുകൾ

1. പുഞ്ചവയൽ കുറവക്കാവ് ലൈൻ
2 വട്ടിത്താൻ വളപ്പ് ഭാഗത്ത് 9 പോസ്റ്റുകൾ
2 മാറ്റാങ്കിൽ തെക്കോട്ടുപോകുന്ന റോഡിന് നടുവിൽനില്ക്കുന്ന പോസ്റ്റ്
4 മാറ്റാങ്കൽ കോൺവെന്റ് റോഡിൽ ചുണ്ട പ്രദേശത്തെ നാലുപോസ്റ്റുകൾ

ടച്ച് വർക്ക്

വൈദ്യുതി ലൈനിൽ മുട്ടുന്ന/മുട്ടാൻ സാദ്ധ്യതയുള്ള മരച്ചില്ലകളും കൊമ്പുകളും വെട്ടിമാറ്റണം VIX വൈദ്യുതിയുടെയും മറ്റു ഊർജ്ജത്തിന്റെയും അമിതവും അനാവശ്യവുമായ ഉപയോഗം ക്രമീകരിക്കാൻ.

1. സി. എഫ് ലാമ്പ് ന്റെ വ്യാപകമായ പ്രചാരം 2. ഇലക്ട്രോണിക് ചോക്കുകളുടെ വ്യാപകമായ പ്രചാരം. 3. ഇസ്തിരിപ്പെട്ടി ഉപയോഗിക്കുമ്പോൾ കുറെശ്ശെ കുറെശ്ശെയായി ഇടുന്നതിനു പകരം ഒന്നിച്ച് ഇട്ടാൽ വൈദ്യുതി നഷ്ടം കുറയ്ക്കാം. ഇതിനുള്ള ബോധവൽക്കരണം.

4. ഇലക്ട്രിക് ഉപകരണങ്ങളുടെ യഥാസമയങ്ങളിലെ അറ്റകുറ്റപ്പണി ചെയ്യാനുള്ള ബോധവൽക്കരണം.

5. പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരം 6. ഇന്ധന ക്ഷമത കൂടിയ മണ്ണെണ്ണ സ്റ്റൗവിന്റെ പ്രചാരം. 7. സൗരോർജ്ജ വിളക്കുകളുടെ പ്രചാരം 8. എല്ലാ സ്കൂളുകളിലും ദക്ഷതകൂടിയ കമ്മ്യൂണിറ്റി അടുപ്പുകൾ ഉപയോഗത്തിൽ വരുത്തണം.

പഴയങ്ങാടി സബ്സ്റ്റേഷന്റെ പ്രവർത്തനം പൂർത്തിയാക്കാമെങ്കിൽ കണ്ണപുരം ഫീഡറിലെയും,മാടായി ഫീഡറിലെയും കൂറെ ട്രാൻസ്ഫോർമറുകൾ പഴയങ്ങാടി സബ്സ്റ്റേഷനിലേക്ക് മാറ്റാൻ കഴിയും. അതുവഴി ഫീഡറുകളുടെ അമിതഭാരം കുറയ്ക്കാൻ കഴിയും കൂടാതെ alternate feeding \pw സാധിക്കും. അതുകൊണ്ട് പഴയങ്ങാടിസബ്സ്റ്റേഷന്റെ പ്രവർത്തനം ,ത്വരിതപ്പെടുത്തണം.

ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

ഭവന നിർമ്മാണം

ഏതുമേഖലയിലും എന്നപോലേ ജനസംഖ്യാ വർദ്ധനവും സാമൂഹികസാമ്പത്തിക മാറ്റങ്ങളും ഭവന നിർമ്മാണ രംഗത്തും വമ്പിച്ച മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. വീടുകളുടെ എണ്ണം, രൂപം, നിർമ്മാണത്തിന ഉപയോഗിക്കുന്ന സാമഗ്രികൾ, അടിസ്ഥാന സൗകര്യങ്ങളുടെ അവസ്ഥ എന്നിവയിലെല്ലാം ഈ മാറ്റങ്ങൾ പ്രകടമായി കാണാം. പഴയകാല കൂട്ടുകുടുംബ വ്യവസ്ഥിതിക്കു പകരം' ചെറിയ കുടുംബം സന്തുഷ്ട കുടുംബം' എന്ന ഇന്നത്തെ മുദ്രാവാക്യം വീടുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ വമ്പിച്ച വർദ്ധനവ് സൃഷ്ടിച്ചിരിക്കുന്നു. ജന സാന്ദ്രത ഏറിയ നമ്മുടെ സംസ്ഥാനത്ത് ഭൂലഭ്യതയുടെ കുറവ്ഭാവിയിൽ ദൂരവ്യാപകമായ പ്രതിസന്ധിക്കിടയാക്കും. വയലുകൾ മണ്ണിട്ടു നികത്തി വിടെടുക്കുന്ന അവസ്ഥ വർദ്ധിക്കുന്നതുമൂലം ഭക്ഷ്യ ഉൽപാദന രംഗത്തും പുതിയ പ്രതിസന്ധികൾ ഉയർന്നു വന്നിരിക്കുകയാണ്.

പുല്ലുമേഞ്ഞ ഓലപ്പുരകളും ചുമരുകളുമായിരുന്നു പണ്ട്കാലത്ത ധാരാളമെങ്കിൽ 1970 കളോടെ ഓടിട്ടതും, കൽച്ചുമരുകളുള്ളതുമായ വീടുകളിലെക്കും ഇപ്പോൾ കോൺക്രീറ്റു വീടുകളിലേക്കും രൂപമാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. പൂജാമുറി, കൊട്ടിലകം, പടിഞ്ഞാറ്റ, അടുക്കള തുടങ്ങിയ പഴയ പേരുകൾ പോയി സ്വീകരണമുറി, സെന്റർ ഹാൾ, വർക്ക് ഏരിയ, തുടങ്ങിയ പേരുകൾ വന്നിരിക്കുന്നു. ചാണകംമെഴുകിയ നിലങ്ങൾ പോയി ഇന്ന് സിമന്റുതറയും, മൊസൈക്കു തറയുംപകരം വന്നിരിക്കുന്നു. ചാണകവരളികളും, ചപ്പും പാചക ഇന്ധനമായി ഉപയോഗിക്കുന്ന വീടുകൾ വിരലിലെണ്ണാവുന്നവ ആയിരിക്കുന്നു. പകരം വിലകൊടുത്തു വാങ്ങിക്കുന്ന വിറകും, മണ്ണെണ്ണയും ഗ്യാസും ഉപയോഗിക്കുന്ന അല്ലെങ്കിൽ ഉപയോഗിക്കേണ്ടുന്ന ആവശ്യകതയും വന്നുചേർന്നുകൊണ്ടിരിക്കുന്നു. വിശാലമായ വെളിപ്രദേശങ്ങളിൽ അത് മിക്കവാറും ഇന്ന് ഇല്ലാതായി എന്നു പറയാം. മലവിസർജ്ജനം നടത്തുന്ന പതിവുരീതി മാറി

ഓരോ വീടിനും ഓരോ കക്കൂസ് എന്ന ആവശ്യകതയിലേക്കും ബോധത്തിലേക്കും മാറ്റങ്ങൾ വന്നിരിക്കുന്നു. മണ്ണെണ്ണ വിളക്കുകൾ മാറി ഇലക്ട്രിക് ബൾബുകൾ പകരം വന്നിരിക്കുന്നു. വീട് വൈദ്യുതീകരിക്കുക ഇന്ന് നമ്മുടെ പ്രധാന ആവശ്യമായി വളർന്നിരിക്കുന്നു. ഓരോ വീടിനും ഓരോ കിണർ എന്ന അവശ്യം വന്നതോടെ ഭൂഗർഭ ജല ലഭ്യതയിലും പ്രശ്നങ്ങൾ സംജാതമായിരിക്കുന്നു. ബാഹ്യ ആഡംബര പ്രേരണകൾക്ക് വിധേയരായി തങ്ങളുടെ സാമ്പത്തിക പരിമിതി കണക്കിലെടുക്കാതെ വീട് നിർമ്മാണം നടത്തി കഷ്ടപ്പെടുന്നവരും കുറവല്ല.

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്നത് ഈ രംഗത്തെ ഗുണപരമായ ഒരു വസ്തുതയാണ്. ഉയർന്ന കൂലി നിരക്കും കൂടി. തൊഴിൽ ദിനങ്ങളും മറ്റു മേഖലയിൽ നിന്നുപോലും ഈ മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കുന്നുണ്ട്.

നാല്പത് വർഷങ്ങൾക്ക് മുമ്പുവരെ വിശാലമായ വയൽ പ്രദേശം ഉണ്ടായിരുന്ന പഞ്ചായത്തിന്റെ ഭൂരിഭാഗവും ഇന്ന് കെട്ടിടങ്ങളാൽ നിറഞ്ഞുകഴിഞ്ഞു. ആദ്യനാളുകളിൽ പ്രദേശത്തും കാലക്രമേണ ഇന്ന് കുന്നിൻ ചരിവുകളിൽ പോലു വീടുകൾ നിർമ്മിച്ചുവരികയാണ്. ചതുപ്പുപ്രദേശങ്ങൾ മാത്രമാണ് ഇന്ന് ഒരു പരിധിവരെ ഈ കടന്നുകയറ്റത്തിന് വിധേയമാകാതായിട്ടുള്ളത്.

രണ്ട് ഓട്ടുകമ്പനികളും രണ്ടു കുമ്മായ ചൂളകളും മൂന്നു മരക്കമ്പനികളും, ഒരു സ്റ്റീൽ ഫർണിച്ചർ ഷോപ്പും, ആറ് മരഫർണീച്ചർഷോപ്പും ഗ്രിൽഡ് നിർമ്മിക്കുന്ന നാലു സ്ഥാപനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഗൃഹനിർമ്മാണ സാമഗ്രികളായ പൂഴി, കല്ല് മുതലായവ അല്പംചില വാർഡുകളിൽ കിട്ടാനുണ്ട്. മറ്റു സാമഗ്രികളൊന്നും ലഭ്യമല്ല. മരപ്പണി, കൽപ്പണി തുടങ്ങിയ തൊഴിലിന് സമയത്തിന് ആളെ കിട്ടാത്ത അവസ്ഥയുണ്ട്. തൊഴിലാളികളുടെ കൂലി നിരക്ക് 1972–73 ൽ എട്ടുരൂപയായിരുന്നത് 1996 ൽ 100–125

ആയി ഉയർന്നിട്ടുണ്ട്. 1988-89 ൽ 100 രൂപ ആയിരുന്ന ഒരു ചാക്ക് സിമന്റിന് 1995-96 ൽ 192 രൂപയും 1988 ൽ ആയിരം കല്ലിന് 1200 രൂപയു ആയിരുന്നത് 1996 ൽ 8000 രൂപയായും വർദ്ധിച്ചിട്ടുണ്ട്. ഭൂവിലയിലും പതിന്മടങ്ങ് വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ആയിരത്തിലധികം ഉള്ള കൺസ്ട്രക്ഷൻ തൊഴിലാളികളിൽ 426 പേർമാത്രമാണ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

വികസനം തന്നെ വികസനത്തിന്റെ ശത്രുവായി മാറുന്നു എന്ന സത്യം നമുക്ക് ഇതിൽ നിന്നൊക്കെ ബോധ്യപ്പെടുന്നു. ഈ മാറ്റങ്ങൾക്കൊക്കെ നിദാനമായിട്ടുള്ള ജനസംഖ്യാവർദ്ധനവും സാമൂഹികമാറ്റങ്ങളും ഗൾഫ് പണത്തിന്റെ സ്വാധീനവും ഉപഭോഗസംസ്കാരത്തിന്റെ പുതിയ പ്രവണതകളും നിലവിലിരിക്കുന്ന ഈ പരിതസ്ഥിതിയിലാണ് നാം ഭവന നിർമ്മാണ രംഗത്ത് പ്രശ്നങ്ങൾ ഏതെന്ന് കണ്ടെത്തുന്നതും പരിഹാരം തേടുന്നതും.

ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് വഴിയും1996 ലെമനുഷ്യവിഭവ സർവെ വഴിയും കണ്ടെത്തിയ ചില സ്ഥിതിവിവരക്കണക്കുകൾ

1991 ലെ സെൻസസ് പ്രകാരം ജനസംഖ്യയുടെയും വീടുകളുടെയും സ്ഥിതി

പട്ടിക-1

വാർഡ്	1	2	3	4	5	6	7	8	9	ആകെ
ആൾതാമസമുള്ള വീടുകൾ	400	284	411	257	352	426	303	325	372	3130
മൊത്തം വീടുകൾ	401	284	412	258	379	442	303	326	372	3177
ആൾതാമസമില്ലാത്ത വീടുകൾ	1	–	1	1	27	16		1		47
ആകെ ജനസംഖ്യ	2236	1535	2475	1510	2237	2338	1877	1927	2023	18158
കുടുംബാംഗങ്ങളുടെ എണ്ണം ശരാശരി	5.59%	5.40%	6.02%	5.87%	6.35%	5.48%	6.19%	5.92%	5.43%	5.71

പട്ടിക 2 **1996 ലെ ജനകീയാസൂത്രണസർവ്വെ പ്രകാരം**

വാർഡ്	1	2	3	4	5	6	7	8	9	ആകെ
ആൾതാമസമുള്ള വീടുകൾ	450	279	451	265	371	407	328	330	390	3271
ആകെ ജനസംഖ്യ	2331	1727	2732	1525	2312	2413	2036	1933	2295	19304
കുടുംബാംഗങ്ങളുടെ എണ്ണം ശരാശരി	5.18	6.18	6.05	5.75	6.23	5.92	6.20	5.855.	885.	90

പട്ടിക 3					1996 ലെ സർവ്വെ പ്രകാരം					
വാർഡ്	1	2	3	4	5	6	7	8	9	ആകെ
ജനസംഖ്യ	2331	1727	2732	1525	2312	2413	2036	1933	2295	19304
വീടുള്ളവർ	450	279	451	265	371	407	328	330	390	3271
വീടില്ലാത്തവർ	6	ഇല്ല	ഇല്ല	1	7	ഇല്ല	ഇല്ല	4	8	2
കുടുംബാംഗങ്ങളുടെ എണ്ണം	5.18	6.18	6.05	5.75	6.23	7.92	6.20	5.85	5.88	5.90
വീടുകളുടെ എണ്ണം	450	279	451	265	371	407	328	330	390	3271
കൂടിൽ	ഇല്ല	1	2	3	7	4	4	1	1	23
ഓലാമേഞ്ഞത്	ഇല്ല	ഇല്ല	ഇല്ല	1	9	ഇല്ല	ഇല്ല	1	ഇല്ല	11
ഓടിട്ടത്	323	257	336	208	232	270	220	239	316	2401
കോൺക്രീറ്റ്	127	34	113	63	123	133	104	189	73	949

6

1996ലെ സർവ്വെ പ്രകാരം അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥിതി

വാർഡ്	1	2	3	4	5	6	7	8	9	ആകെ
ശുദ്ധജലക്കിണർ	155	229	299	192	159	190	185	77	113	1599
സാധരണ കിണർ	12	ഇല്ല	9	24	125	176	103	160	157	766
പൈപ്പ്	26	ഇല്ല	26	ഇല്ല	37	27	ഇല്ല	32	277	425
കുളം	3	ഇല്ല	8	2	ഇല്ല	1	4	1	ഇല്ല	19
കിണറില്ലാത്തത്	112	58	48	47	50	33	21	62	171	602
മറ്റ് ആശ്രയം	142	6	69	ഇല്ല	ഇല്ല	3	7	83	ഇല്ല	310
ഏപ്രിൽമാസം വറ്റുന്ന കിണർ	128	118	169	55	88	32	28	101	46	765
വൈദ്യുതീകരിച്ച വീടുകൾ	312	195	370	202	329	370	262	258	256	2554
വൈദ്യുതീകരിക്കാത്ത വീടുകൾ	138	84	81	63	42	37	66	72	134	717
കക്കൂസ് ഉള്ളവീടുകൾ	329	194	353	215	308	380	274	267	236	2556
കക്കൂസ് ഇല്ലാത്തവീടുകൾ	121	85	98	50	63	27	54	63	54	715

പട്ടിക 5

മൊത്തംകെട്ടിടങ്ങളുടെ എണ്ണം

1982 –83 ൽ	1992 –93 ൽ	1995–96 ൽ
3520	5258	5622

പട്ടിക 6

മൊത്തം കെട്ടിടങ്ങളുടെ എണ്ണം

92 93	93 94	9495	95 96
5258	5339	5514	5622

96–97 ലെ കണക്ക് പൂർണ്ണമല്ലാത്ത ഈ സമയത്ത് 19832 ന്ശേഷമുള്ള 14 വർഷക്കാലയളവിൽ മാത്രം 2100 ൽഅധികംകെട്ടിടങ്ങളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 92–93 ൽ നിന്ന് 93–94 ലേക്ക് എത്തുമ്പോൾ 81 കെട്ടിടങ്ങളുടെ വർദ്ധനവ് ഉണ്ടായപ്പോൾ അടുത്ത 1 വർഷത്തിനുള്ളിൽ 175 കെട്ടിടങ്ങളുടെ വർദ്ധനവ് ഉണ്ടായി 95–96 ൽ ഇതുവരെയായി 108 കെട്ടിടങ്ങളോളം നിർമ്മിക്കപ്പെട്ടുകഴിഞ്ഞു. കെട്ടിടങ്ങളുടെ വർദ്ധിച്ച നിർമ്മാണം ഈ കണക്കുകൾ തരുന്നു.

പട്ടിക മൂന്നിൽ പറഞ്ഞതുപ്രകാരം പഞ്ചായത്തിൽ മൊത്തം ജനസംഖ്യ 19304 ആണ് ഇതിൽ ആകെവീടുകൾ 3271 ആണ് ഇതിൽ വീടില്ലാത്തവർ ഒരുശതമാനത്തിൽ താഴെവരും. ഇതിൽ കൂടിൽ ഓലമേഞ്ഞത് എന്നിവയും ഓരോരോശതമാനത്തിൽ താഴെവരും. വീടുകളിൽ ഭൂരിപക്ഷവും അതായത് 73.4% ഓടിട്ടതാണ്. 29.01 % ശതമാനം കോൺക്രീറ്റ് വീടുകളാണ്. 1991 ലെ സെൻസസ് പ്രകാരം താമസമുള്ളവീടുകൾ 3130 ആണ് (പട്ടികകാണുക)

1996 ലെ വികസന സർവ്വെ പ്രകാരം 3271 ആണ്. 141 വീടുകൾ ഈ കാലയളവിൽ വർദ്ധിച്ചതായി കാണാം. ശരാശരി 24 വീടുകൾ വർദ്ധിച്ചു 91 ന്ശേഷമുള്ള വീടുകളുടെ വർദ്ധനവ് താരതമ്യേന കുറഞ്ഞതായി കാണാം. പൊതുവേ വീടിന്റെ ആവശ്യക്കാർ കൂടുതലാണെങ്കിലും വീടുനിർമ്മാണം കുറവാണ് ഗൾഫ് മാന്ദ്യം ഒരു കാരണമാകാം.

ആകെവീടുകളിൽ 78% വീടുകൾക്ക് കക്കൂസ് ഉണ്ട്. 48.88 % വീടുകളിൽ മാത്രമെ ശുദ്ധജല കിണറുള്ളു. കുടിവെള്ളപ്രശ്നം അതിരൂക്ഷമാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. 12.99 ശതമാനം ആൾക്കാർ പൈപ്പുജലത്തെ ആശ്രയിക്കുന്നു. 38.13 ശതമാനം വീടുകളിൽ കുടിവെള്ളം ലഭ്യതയില്ല.

പട്ടിക7 ഗുണഭോക്താക്കൾക്ക് IRDP നിർമ്മിച്ച വീടുകളുടെ കണക്ക്

വാർഡ്	1	2	3	4	5	6	7	8	9	ആകെ
വിവിധപരിപാടികളിലായി അനുവദിച്ച വീടുകൾ	13	–	7	–	–	–	2	3	3	28
പൂർത്തീകരിച്ച വീടുകൾ	12	–	7	–	–	–	1	2	3	25
അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട്	1	–	–	–	–	–	1	1	–	3

കണ്ണപുരം പഞ്ചായത്തിൽ IRDP സർവേ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് വേണ്ടിനിർമ്മിച്ച വീടുകളുടെ എണ്ണം 28 മാത്രമാണ് അതിൽ മൂന്നെണ്ണം ഇനിയും പൂർത്തീകരിക്കാൻ ബാക്കിയുണ്ട്.

കോളനികൾ

കോളനികളെ കുറിച്ചുള്ള ഗവൺമെന്റ് സർവ്വെപ്രകാരം 5 പട്ടികജാതി കോളനികളാണുള്ളത്. ഇതിൽ വൈദ്യുതീകരിക്കാത്ത കോളനികൾ ഇല്ല. ടിവെള്ളക്ഷാമം അനുഭവിക്കുന്ന കോളനികൾ അയ്യോത്ത്, കയറ്റീൽ എന്നിവയാണ് ഇന്ന് എല്ലാ കോളനികളിലും ഗതാഗതസൗകര്യങ്ങൾ നിലവിലുണ്ട്.

പട്ടിക8 പട്ടികജാതി കോളനികളിലെ പൊതുസ്ഥിതി

കോളനികൾ	ഓല	ഓട്	മറ്റുള്ളവ	ആകെ	ആവശ്യമുള്ളത്	കക്കൂസുകൾ ഉള്ളത്	കക്കൂസുകൾ ഇല്ലാത്ത്	വൈദ്യുത ഉള്ളത്	വൈദ്യുതി ഇല്ലാത്ത്
കാരക്കുന്ന് പുഞ്ച	ഇല്ല	25	ഇല്ല	25	ഇല്ല	10	15	9	16
വയൽ	ഇല്ല	38	ഇല്ല	38	ഇല്ല	22	16	38	ഇല്ല
കയറ്റീൽ കൂസ്തു	ഇല്ല	18	1	19	ഇല്ല	16	3	16	3
ക്കുന്ന്	ഇല്ല	13	1	14	ഇല്ല	5	9	4	10
അയ്യോത്ത്	1	19	ഇല്ല	20	7	3	17	20	ഇല്ല
ആകെ	1	113	2	116	7	56	60	87	29

പട്ടിക 9ൽ നിന്നും മനസ്സിലാക്കാവുന്നത് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയിൽനിന്നും അൽപം മെച്ചപ്പെട്ടിട്ടുണ്ട്. ആകെവീടുകൾ 116 ഇതിൽ 113 എണ്ണവും ഓടിട്ടതാണ്. അയ്യോത്ത് 1 വീട് ഓലമേഞ്ഞതുണ്ട്. അയ്യോത്ത കോളനിയിൽ 7 വീടുകൾ ആവശ്യമുള്ളതായി കാണുന്നു. 60 വീടുകളിൽ കക്കൂസില്ലാത്തത് വലിയ പ്രശ്നം തന്നെയാണ്. അതുപോലേ 29 വീടുകളിൽ വൈദ്യുതിയും ഇല്ല.

പ്രശ്നങ്ങൾ

1. പട്ടികജാതി ലക്ഷം വീടു കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ ഇനിയും ലഭ്യമല്ലാത്ത കുടുബങ്ങൾ ഉണ്ട്.
2. മിക്ക ലക്ഷം വീടുകളും വളരെക്കാലമായി അറ്റകുറ്റപ്പണി നടത്താത്തതിനാൽ തകർച്ചയെ നേരിടുന്നു.
3. വിലക്കയറ്റവും സാമ്പത്തിക പരാധീനതകളും കാരണം പാവപ്പെട്ടവർ മുതൽത ഇടത്തരക്കാർക്കുവരെ വീടു നിർമ്മാണം വമ്പിച്ച ഭാരമായി മാറിയിട്ടുണ്ട്.
4. വീടില്ലാത്തവർ ചില വാർഡുകളിൽ ഉണ്ട്. സുരക്ഷിതത്വം കുറഞ്ഞ വീടുള്ളവരും എല്ലാവാർഡിലും ഉണ്ട്.

   ഏഴുവാർഡുകളിൽ കുടിലുകളിൽ താമസിക്കുന്നവർ ഉണ്ട്. 5) അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത വീടുകൾ ഉള്ളവരിൽ എല്ലാ മത ജാതി വിഭാഗങ്ങളിലും പെട്ടവർ ഉണ്ട്.

6 ഭൂലഭ്യത കുറയുകയും വില രൂക്ഷകരമാവുകയും ചെയ്തിട്ടുണ്ട്. 7 വയലുകൾ നികത്തി വീടുണ്ടാക്കുന്ന പ്രവണതയുണ്ട്. 8 വെള്ളം കെട്ടിനിൽക്കുന്നതിനാൽ വീടെടുക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ചില വാർഡുകളിൽ രൂക്ഷകരമാണ്.

9. ഉപ്പുവെള്ള പ്രദേശമായതിനാൽ കിണർ കുഴിക്കാൻകഴിയാത്ത വാർഡുകൾ ഉണ്ട്.
10. ആശാരിപ്പണി, കൽപ്പണി തുടങ്ങിയ ജോലികൾക്ക് തൊഴിലാളികളെ ആവശ്യത്തിനു കിട്ടാത്തസ്ഥിതിയുണ്ട്.
11. ലക്ഷംവീടുകാരിൽ പട്ടയവും കൂടികിടപ്പവകാശവും കിട്ടാത്തവർ ഉണ്ട്. 12. വീടുകൾക്ക് മുകളിലൂടെ വൈദ്യുതി ലൈൻ കടന്നുപോകുന്ന സ്ഥിതി ചില വീടുകളിൽ ഉണ്ട്.
13. ഗൃഹ നിർമ്മാണ സാമഗ്രികൾപലതും പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ മറ്റു സ്ഥലങ്ങളിൽ നിന്ന് കൊണ്ടുവരേണ്ടുന്ന സ്ഥിതിയുണ്ട്.
14. പഞ്ചായത്തിന്റെയും മറ്റു ഏജൻസികളുടെയും സാമ്പത്തിക സഹായം ലഭിച്ചിട്ടും വീടുനിർമ്മാണം പൂർത്തിയാക്കാത്തവരും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തവരും ഉണ്ട്.
15. അന്യ സംസ്ഥാനങ്ങളിൽ നിന്ന് വന്ന് കടത്തിണ്ണകളിൽ കിടന്നുറങ്ങുന്നവർ ഉണ്ട്.

സാധ്യതകൾ

1. കോളനികളിലെ അറ്റകുറ്റപ്പണികൾ നടത്താനുള്ള സാമ്പത്തിക സഹായം യഥാസമയം ലഭിക്കേണ്ടതുണ്ട്.
2. വീടു നിർമ്മാണത്തിന് നല്കിവരുന്ന വായ്പയും സഹായധനവും യഥാവിധി പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
3. വയറിംഗ് കഴിഞ്ഞിട്ടും കണക്ഷൻ കിട്ടാത്ത കോളനിവാസികൾനേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം.
4. ഗവൺമെന്റ് പരിപാടികളനുസരിച്ച് പട്ടികജാതി, മറ്റ്ദരിദ്ര ജനവിഭാഗങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തണം.
5. സാമ്പത്തിക പിന്നോക്കം നിൽക്കുന്നവർക്ക് കൂടി ഭവന നിർമ്മാണത്തിന് സാമ്പത്തികസഹായം നടപടികൾ സ്വീകരിക്കണം.
6. പുതിയകെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ജല നിർധാരണത്തിന് വഴിയുണ്ടെന്ന് ഉറപ്പുവരുത്തണം.
7. ദുർബല വിഭാഗങ്ങളെ ലാക്കാക്കി ഒരു ഭവനരഹിത നിധി പഞ്ചായത്ത് തലത്തിൽ ആവാം. ഗവൺമെന്റ് സഹകരണ സ്വകാര്യസ്ഥാപനങ്ങൾ, സ്വകാര്യആശുപത്രികൾ തുടങ്ങിയവയിൽ നിന്നും വിഹിതം സ്വീകരിക്കാം.
8 കൃഷിയിടങ്ങൾ നികത്തി വീടുണ്ടാക്കുന്ന പ്രവണത നിയമംമൂലം തടയണം.
9. ചെലവുകുറഞ്ഞ നിർമിതി മോഡൽ ഗൃഹനിർമ്മാണം പ്രോത്സാഹിപ്പിക്കണം.
10. ഭവന നിർമ്മാണത്തിന്റെ ആവശ്യമായ മരംലഭിക്കുന്നതിനും കൂടി ഊർജ്ജിത വനവൽക്കരണം പരിപാടികൾ നടപ്പിലാക്കണം.
11. വാടക ക്വാർട്ടേഴ്സുകൾ പഞ്ചായത്ത് തലത്തിൽ നിർമ്മിക്കാൻ ആലോചിക്കുന്നത്.
12. ഭവന നിർമ്മാണത്തിനടക്കം ഉപയോഗപ്പെടാവുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റി

രൂപീകരിക്കാവുന്നതാണ്.

13. സഹകരണ സംഘങ്ങളിലൂടെ ഭവനനിർമ്മാണത്തിന് കുറഞ്ഞ പരിശനിരക്കിൽ വായ്പ ലഭ്യമാകത്തക്ക നിലയിൽ പദ്ധതികൾ ആസൂത്രണം ചെയ്യണം.
14. കക്കൂസില്ലാത്ത വീടുകൾക്ക് സൗജന്യ നിരക്കിൽ കക്കൂസുണ്ടാക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്യാം.
15. കടത്തിണ്ണകളിൽ താമസിക്കുന്നവരെ പുനരധിവാസത്തിന് സംവിധാനമുണ്ടാക്കണം.
16 തെരുവുകളിൽ ആവശ്യമായ സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തണം.
17. പട്ടയവും, കുടികിടപ്പവകാശവും കിട്ടാനുള്ളവർക്ക് അത് യഥാവിധി ലഭിക്കാൻ നടപടിയുണ്ടാകണം.
18. നമ്മുടെ കാലാവസ്ഥയ്ക്കനുയോജ്യമായ വീടുനിർമ്മാണം പ്രോത്സാഹിപ്പിക്കാവുന്നതാണ് .

വാർഡ്	മൊത്തം വീടുകൾ	ടി.വി	വി.സി.ഡി/ വി.സി.പി	അലങ്കാരം	ഫ്രിഡ്ജ്	സൈക്കിൾ	വാഹനം	മറ്റുള്ളവ
1	450	61	16	-	93	7	9	-
2	279	74	25	7	16	17	4	-
3	451	150	64	20	35	58	21	2
4	265	86	38	15	20	37	8	-
5	371	148	67	29	49	63	9	-
6	407	225	104	37	67	105	30	27
7	328	148	75	19	39	65	12	-
8	330	110	54	9	23	44	11	7
9	390	110	39	13	28	24	12	-
ആകെ	3271	1112	482	149	370	420	116	36

[അവലംബം— ഭവനരഹിത സർവ്വേ—96]

സാമൂഹ്യക്ഷേമം

പ്രകൃതിവിഭവങ്ങളാലും മനുഷ്യവിഭവങ്ങളാലും സമ്പന്നമായ ഇന്ത്യ ഇന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നു.. സമൃദ്ധിയിൽ ദാരിദ്ര്യം എന്ന അവസ്ഥ നിലനിൽക്കുന്നു. നൂറ്റാണ്ടുകളായി തുടർന്നുവന്ന ഫ്യൂഡൽ വ്യവസ്ഥിതിയും വൈദേശിക ആധിപത്യവും ദരിദ്രാവസ്ഥയ്ക്ക് കാരണമായി. കൂടാതെ സ്വാതന്ത്ര്യാനന്തരം നാം തുടർന്നുവന്ന സാമ്പത്തിക വ്യവസ്ഥ ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുന്നതും സമ്പന്നരെ കൂടുതൽ സമ്പന്നരാക്കുന്നതും ആയിരുന്നു. .ഇതിനു പുറമെ വർദ്ധിച്ച ജനസംഖ്യാനിരക്കും.. കുറഞ്ഞതൊഴിലവസരങ്ങളും ഈ അവസ്ഥയെ സങ്കീർണ്ണമാക്കി. സാമൂഹ്യക്ഷേമം ലക്ഷ്യമാക്കി പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി നിരവധി പരിപാടികൾ ഗവൺമെന്റ് തലത്തിൽ ആവിഷ്ക്കരിച്ച് നടപ്പാക്കിയിരുന്നെങ്കിലും അവയ്ക്കൊന്നും തന്നെ ലക്ഷ്യത്തിലെത്താൻ സാധിച്ചിരുന്നില്ല. ഇതാണ് ഇന്ത്യൻ സംസ്ഥാനങ്ങളുടെ പൊതുവിലുള്ള അവസ്ഥയെങ്കിൽ കേരളം ആരോഗ്യ കുടുംബക്ഷേമപ്രവർത്തനങ്ങളിൽ വളരെ മുന്നിട്ട് നിൽക്കുന്നു. ഉയർന്ന സാക്ഷരതാ നിരക്ക് തുടങ്ങിയ ഒട്ടേറേ കാര്യങ്ങളിൽ കേരളം മുന്നിലാണ്.

സാമൂഹ്യക്ഷേമരംഗത്തെ ഏറെ മുന്നോട്ടുപോകാൻ നമ്മുടെ പഞ്ചായത്തിന് സാധിച്ചിട്ടുണ്ടെങ്കിലും ഇനിയും അതിന്റെ പ്രവർത്തന വ്യാപ്തി കൂട്ടേണ്ടതുണ്ട്. ക്ഷേമരംഗത്ത് ഒരു കൂട്ടായ പ്രവർത്തനം നടത്തുന്ന ഘട്ടമാണിത്. സാമൂഹ്യസന്നദ്ധസംഘടനകളുടെയും സാമ്പത്തിക സ്ഥാപനങ്ങളുടെയും സഹായത്തോടെ നിരവധി ക്ഷേമപ്രവർത്തനങ്ങൾ നടന്നുവരുന്നത്. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ കണ്ണപുരം പഞ്ചായത്തിലെ സന്നദ്ധ സംഘടനകളുടെയും വായനശാലകളുടെയും ക്ളബുകളുടെയും പ്രവർത്തനംമാതൃകാപരമാണ്. ഉല്പാദനക്ഷമമല്ലാതിരുന്നിട്ടും മൊത്തം വരുമാനത്തിന്റെ നല്ലൊരു ശതമാനം ഈ മേഖലയിൽ ഉപയോഗിക്കപ്പെടുന്നു ഇതൊരുപുതിയ സാമൂഹ്യ അവബോധം സൃഷ്ടിക്കാൻ സഹായിക്കുന്നുണ്ട്.

ഇവിടെ 9 അംഗൻവാടികളും ശിശുമന്ദിരം, ക്രഷ്, ബാലവാടി തുടങ്ങിയവ ഒന്നുവീതവും ഉണ്ട്. ഒരു വയസ്സിന് താഴെപ്രായമുള്ള കുട്ടികൾ 210 ഉം ഒരു വയസ്സിനും 5 വയസ്സിനും ഇടയിൽ പ്രായമുള്ളവരുടെ എണ്ണം 1014 ആണ്. കുട്ടികളിൽ ചെറിയ തോതിൽ പോഷണക്കുറവ് കണ്ടുവരുന്നുണ ലഘുവായ പോഷണക്കുറവുള്ള കുട്ടികളുടെ എണ്ണം 196ഉം മിതമായ പോഷണക്കുറവുള്ള കുട്ടികളുടെ എണ്ണം 37 ഉം ആണ്. അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം 415 ആണ്. ഇരുമ്പ്/ ഫോളിക്കാസിഡ് ലഭിച്ച കുട്ടികളുടെ എണ്ണം 446, വിറ്റമിൻഅ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം 825 ഉം ആണ്.. പഞ്ചായത്തിലെ മൊത്തം ഗർഭിണികളുടെ എണ്ണം 86 ഉം ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവർ 16 ഉം ആണ്. അനുപൂരക പോഷകാഹാരം ലഭിക്കുന്നവർ ഇരുമ്പ്, ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ചവർ തുടങ്ങിയവരുടെ എണ്ണം യഥാക്രമം, 42 ഉം 152 ഉം ആണ് മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ളവർ) 96 ആണ്. ഇവരിൽ 47 പേർക്ക് അനുപൂരകപോഷകാഹാരം ലഭിക്കുന്നുണ്ട്.

1995-96ൽ പഞ്ചായത്തിൽ മൊത്തം 237 ജനനം നടന്നിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഒരു വയ്സ്സിന് താഴെ പ്രായത്തിൽമരിച്ച കുട്ടികളുടെ എണ്ണം 4 ഉം മറ്റുമരണങ്ങളുടെ എണ്ണം 135 ഉം ആണ്.

ഏറ്റവും അവസാനം നടന്ന IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ എണ്ണം ആകെ 1286 ആണ്. അതിൽ സാമ്പത്തിക സഹായം കുടുംബങ്ങളുടെ എണ്ണം 107 ഉം, സാമ്പത്തിക സഹായം ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 54 ഉം ആണ്. 12 കുടുംബങ്ങൾ സാമ്പത്തിക സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയിട്ടുണ്ട്. ഇവരുടെ വാർഡുതിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

92-93 ലെ IRDP സർവെപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം

വാർഡ്	I	II	III	IV	V	VI	VII	VIII	IX	ആകെ
കുടുംബങ്ങൾ	142	179	153	121	113	167	127	158	126	1286
സാമ്പത്തികസഹായംലഭിച്ചവ	21	13	20	6	9	2	3	8	25	107
സാമ്പത്തികസഹായം ലഭിച്ചവ	16	2	18	-	2	-	2	4	10	54
സാമ്പത്തിക സഹായംവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയവർ	2	1	2	1	1	1	1	1	2	12

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ സാമ്പത്തികാടിസ്ഥാനത്തിലുള്ള തരംതിരിവ് ചുവടെ കൊടുക്കും പ്രകാരമാണ്. 4000 ക. ക്കുള്ളിൽ വാർഷിക വരുമാനമുള്ളവർ 50% ഉം 4001 മുതൽ 6000ക. വരെയുള്ളവർ 38.65% വും 6001 മുതൽ 8500ക. വരെയുള്ളവർ 5.52% വും 8501 മുതൽ 11000 ക. വരെയുള്ളവർ 5.83%വും ആണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്ന (IRDP ടാർജറ്റ്ഗ്രൂപ്പിൽ) കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ച് നൽകേണ്ടതുണ്ട്. ഇതു സംബന്ധമായ ഒരു സർവേയുടെ വിവരം ചുവടെ കൊടുക്കുന്നു.

IRDP സർവ്വെപ്രകാരം കക്കൂസുകൾ സംബന്ധിക്കുന്ന വിവരം ശതമാനക്കണക്കിൽ)

വാർഡ്	1	2	3	4	5	6	7	8	9	ആകെ
സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ	8.7%	9.87%	6.22	5.05%	6.29%	4.43%	6.29%	6.68%	6.259.	56%
1992 ന് ശേഷം വിവിധോപാധികളിലായി അനുവദിച്ച കക്കൂസുകൾ	0.38%	0.46%	0.46%	0.07%	0.23%	0.31%	0.23%	2.17%		
പൂർത്തീകരിച്ചവ	0.38	0.46	0.31			0.07	0.23	0.31	0.23	0 . 0 2
ഇനികക്കൂസുകൾ വേണ്ട കുടുംബങ്ങൾ	0.32	9.40	6.75	5.05	6.29	5.90	4.196.	536.·	0657.54	

വിവിധ സ്കീംപ്രകാരം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെങ്കിലും 4,5 വാർഡുകളിൽ സ്കീമുകൾ പ്രകാരം കക്കൂസുകൾ നിർമ്മിച്ച് നൽകിയിട്ടില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ 5.06 ഉം 6.29 ഉം ശതമാനം ആവശ്യക്കാർ അവിടെയുണ്ട്. ഈ വിഭാഗത്തിൽപെടുന്ന 57.54 ശതമാനം കുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിക്കേണ്ടതുണ്ട്. 59.56% പേർക്ക് അർഹതയുണ്ടായിട്ടും 2.17% പേർക്ക് മാത്രമാണ് കക്കൂസ് നിർമ്മിച്ച് കൊടുത്തിട്ടുള്ളത്.

ട്രൈസം DWCRA തുടങ്ങിയ പരിപാടികൾ നടപ്പാക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ട്. എങ്കിലും അവ കാര്യക്ഷമമായി നടപ്പാക്കുന്നതിൽ ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. DWCRA യുടെ ഒരു യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനും അവർക്ക് തൊഴിൽ ലഭ്യമാകുന്നതിനും കൂടുതൽ ഊന്നൽനല്കേണ്ടതുണ്ട്.

പട്ടിക ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം തൊഴിൽപരിശീലനമേഖല

വാർഡുകൾ	1	2	3	4	5	6	7	8	9	ആകെ
തയ്യൽ	1	1	2	1	1	1	2	6	15	5
വയറിംഗ് (ഇലക്ട്രിക്കൽ)	2						1		3	ഇല്ല
പ്ലാസ്റ്റിക് വർക്	–	1							1	1
ഓട്ടോമൊബൈൽ	–	–	2						2	ഇല്ല
കാർപെന്ററി–	–	1							2	ഇല്ല
സ്പ്രേപെയിന്റിംഗ്	1								1	ഇല്ല
ബുക്ക് ബയന്റിംഗ്	–	–	–	–	–	1			1	ഇല്ല
ടർണർ	–	–	–	–	–	1			1	ഇല്ല

തയ്യൽ പ്ളാസ്റ്റിക്ക് വർക് എന്നിവയിൽ പരിശീലനം നേടിയവരെല്ലാം അതേരംഗത്ത് തൊഴിൽ ചെയ്യുന്നതായി കാണാമെങ്കിലും മറ്റുരംഗങ്ങളിൽ പരിശീലനം നേടിയവർ ആരും തന്നെ അതാത് മേഖലകളിൽ തൊഴിൽ കണ്ടെത്തിയതായി കാണുന്നില്ല. ഇവർക്ക് പരിശീലനം ലഭിച്ചമേഖലകളിൽ തന്നെതൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായം നൽകി കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.

സാമൂഹ്യ ക്ഷേമ പരിപാടിയിൽ പ്രധാനപ്പെട്ട ഒരിനമാണ് അവശജന വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സഹായം.

നമ്മുടെ പഞ്ചായത്തിലെ വിവിധ പെൻഷൻ പറ്റുന്നവരുടെ കണക്ക് ചുവടെ കൊടുക്കുന്നു.

വിധാവ പെൻഷൻ	111
വാർദ്ധക്യകാല പെൻഷൻ	26
സ്വാതന്ത്ര്യസമരപെൻഷൻ	28
വികലാംഗ പെൻഷൻ	57
കർഷകതൊഴിലാളിപെൻഷൻ	495
മത്സ്യതൊഴിലാളിപെൻഷൻ	13
ക്യാൻസർ രോകികൾക്കുള്ള പെൻഷൻ	1
കുഷ്ഠരോഗികൾക്കുള്ള പെൻഷൻ	1
അവശകലാകാരന്മാർക്കുള്ളപെൻഷൻ	13
ആകെ	745

സാമൂഹ്യ വനവൽക്കരണപരിപാടിയിലൂടെ 1994-95 വർഷങ്ങളിൽ വിതരണം ചെയ്ത തൈകളുടെ വിവരം.

തൈകൾ	1994	1995
മാവ്	145	22
തെങ്ങ്	147	82
സപ്പോട്ട	40	13
കറുവപ്പട്ട	20	
പ്ലാവ്	–	11
ചെറി	–	14
മാഞ്ചിയം	–	26
ആകെ	352	168

തൈകളുടെ വിതരണം കാര്യക്ഷമമല്ല. 1994ൽ നിന്ന് 1995 ലെത്തുമ്പോൾ വിതരണം ചെയ്ത തൈകളുടെ എണ്ണം കുറഞ്ഞതായി കാണാം.

പ്രശ്നങ്ങൾ???

1. 1286 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക്താഴെയാണ്
2. 25 പേർക്ക് മാത്രമാണ് ട്രൈസം തൊഴിൽ പരിശീലനം ലഭിച്ചവർ . 16 പേർമാത്രമാണ് ഇതേ തുടർന്ന് സ്വയംതൊഴിൽ കണ്ടെത്തിയവർ.
3. ഒരുലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ പ്രാരംഭ മൂലധാനമായി മുടക്കിയിരുന്ന ഉണർവ് പദ്ധതി പ്രകാരം പത്തുപേർ ചേർന്ന് തുടങ്ങിയ വനിതാ നിറ്റിംഗ് വർക്സ് ഇന്ന് പ്രവർത്തിക്കുന്നില്ല.
4. വിവിധ പെൻഷനുകൾക്ക് അപേക്ഷിക്കാൻ അർഹതപ്പെട്ടവർ നിരവധിയുണ്ട്.
5. പെൻഷൻ വാങ്ങുന്നവർക്ക് അത് ജില്ലാ പഞ്ചായത്ത്മുഖേന വിതരണംചെയ്യാൻ തുടങ്ങിയിട്ടും കൃത്യസമയത്ത് ലഭിക്കുന്നില്ല
6. വിവിധ പെൻഷനുകൾക്ക് അപേക്ഷ നൽകി കാത്തിരിക്കുന്നവർ ഉണ്ട്.
7. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ അലംഭാവം പെൻഷൻ പാസാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്.
8. പെൻഷനുവേണ്ടി ഏതു ഡിപ്പാർട്ടുമെന്റിൽ ഏതു സമയത്ത് അപേക്ഷിക്കണമെന്ന അജ്ഞത നിലനിൽക്കുന്നു.
9. രണ്ടാംവാർഡിൽ അംഗൻവാടികളില്ല. അഞ്ചാംവാർഡിൽ ക്രഷെ , ബാലവാടി, അംഗൻവാടി കുടുംബക്ഷേമകേന്ദ്രം ഇവയിൽ ഒന്നുപോലുമില്ല.
10. ഏഴാം വാർഡൽ അംഗൻവാടിക്ക് സ്വന്തമായി കെട്ടിടമില്ല ഒൻപതാം വാർഡിലെ അംഗൻവാടിക്കും സ്വന്തമായി കെട്ടിടമില്ല.
11. അംഗൻവാടികളുടെ അറ്റകുറ്റപ്പണിക്ക് കിട്ടുന്ന തുക തീരെ പര്യാപ്തമല്ല.
12. ശുദ്ധജലം ലഭിക്കുന്നതിന് അംഗൻവാടികളിൽ പ്രയാസം അനുഭവപ്പെടുന്നു.
13. മിക്കവാറും അംഗൻവാടികളിൽ കക്കൂസുകൾ ഇല്ല.

14. ഒരംഗൻവാടികളിലും ഇലക്ട്രിക്ക് കണക്ഷൻ കിട്ടിയിട്ടില്ല

15 കീഴറ അംഗൻവാടി കെട്ടിടം വിള്ളൽവീണ് അപകടാവസ്ഥയിലുള്ളതാണ്.

16. മഹിളാ സമാജങ്ങൾ മിക്ക അംഗൻവാടികളിലും ബന്ധമായി രജിസ്റ്റർചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഭൂരിഭക്ഷവും പ്രവർത്തന ക്ഷമമല്ല.

17. കളിസ്ഥലങ്ങൾ കളിക്കോപ്പുകൾ തുടങ്ങിയ മിക്ക അംഗൻവാടികളിലും ഇല്ല എന്നുതന്നെ പറയാം.

18. കുടുംബക്ഷേമകേന്ദ്രങ്ങളുടെ പ്രവർത്തനം പലവാർഡുകളിലും തൃപ്തികരമല്ല.

19. വിവിധ ഏജൻസികൾമുഖാന്തിരം നടപ്പിലാക്കിവരുന്ന സാമ്പത്തിക സഹായങ്ങളും തൊഴിൽ പരിശീലനവും ഉദ്ദേശിക്കപ്പെട്ട് രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല.

20. സ്വയം തൊഴിൽ വായ്പയ്ക്ക് ബാങ്കുകളും മറ്റ് ഏജൻസികളും ഏർപ്പെടുത്തിയ നിബന്ധനകൾ ലഘൂകരിക്കണം.

21. IRDP സർവേ കാര്യക്ഷമമല്ല. അതിനാൽ അതിൽ അനർഹർ കയറിപ്പറ്റുകയും അർഹർ ഒഴിവാക്കപ്പെട്ടുപോകുകയും ചെയ്യുന്നുണ്ടെന്ന ആക്ഷേപം നിലനിൽക്കുന്നു.

22. ഗ്രാമവികസന ഓഫീസിന്റെ പ്രവർത്തനം തൃപ്തികരമല്ല.

പരിഹാര നിർദ്ദേശങ്ങൾ

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകിവരുന്ന സാമ്പത്തിക സഹായ പദ്ധതികൾ വിപുലപ്പെടുത്തണം.

2. വിവിധ പദ്ധതികളിലൂടെ തൊഴിൽ പരിശീലനം ലഭിച്ചവർക്ക് അത് പ്രയോജനപ്പെടുത്തുവാൻ നിലവിലുള്ള വായ്പാ തുകകൾ ഉയർത്തുകയും നിബന്ധനകൾ ലഘൂകരിക്കുകയും വേണം.

3. ധനസഹായപദ്ധതികൾ വിതരണം ചെയ്യുമ്പോൾ അവ പ്രയോജനപ്പെടുത്തുന്നുണ്ട് എന്ന് ധനസഹായ ഡിപ്പാർട്ടുമെന്റ് ഉറപ്പുവരുത്തണം.

4. മുടങ്ങികിടക്കുന്ന DWCRA പ്രകാരമുള്ള പദ്ധതി പുനരാരംഭിക്കുവാൻ പഞ്ചായത്ത് തലത്തിൽ ഇടപെടലുകൾ ഉണ്ടാകണം.

5. തൊഴിലാളിപെൻഷനും ക്ഷേമപെൻഷനും അപേക്ഷ സ്വീകരിക്കുന്നതും പരിശോധിക്കുന്നതും വിതരണം ചെയ്യുന്നതും ഗ്രാമപഞ്ചാത്തിലൂടെയാകണം.

6. നടപ്പിലുള്ള വിവിധ പെൻഷനുകൾ അർഹരായവർക്ക് കിട്ടുവാൻ ഉദ്യോഗസ്ഥൻമാരും രാഷ്ട്രീയപ്രവർത്തകരും ശ്രദ്ധിക്കണം- ആവശ്യമായ ബോധവൽക്കരണം നടത്തണം.

7. അംഗൻവാടിയില്ലാത്ത വാർഡുകളിൽ അവ നിർമ്മിക്കണം. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് അടിയന്തിരമായി അവ നിർമിച്ചുകൊടുക്കുവാൻ ആവശ്യമായ പ്രവർത്തനം നടത്തണം.

8. മഹിളാസമാജങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള പദ്ധതിആസൂത്രണം ചെയ്യണം.

9. കളിസ്ഥലങ്ങൾ തീരെ ലഭ്യമല്ലാത്ത അംഗൻവാടികൾ അവർക്ക് അടുത്തുള്ള സ്കൂൾ ഗ്രൗണ്ടുകളോ, പൊതുനിലങ്ങളോ ആഴ്ചയിൽ ചിലദിവസങ്ങളിലെങ്കിലും കുട്ടികളുടെ വിനോദത്തിനുവേണ്ടി പ്രയോജനപ്പെടുത്തണം.

10. അംഗൻവാടികളിൽ ശുദ്ധജല വിതരണം കാര്യക്ഷമമാക്കണം. ഗവൺമെന്റ് പദ്ധതിയിൽ ഇവയെ ഉൾപ്പെടുത്തണം.

11. ഗ്രാമത്തിലുള്ള വീടുകളിൽ നിന്നും കളിക്കോപ്പുകൾ സമാഹരിച്ച് പ്രയോജനപ്പെടുത്തുവാൻ കഴിയണം. ഇതിന് ബന്ധപ്പെട്ടവരിൽ നിന്നുള്ള സഹായം വർദ്ധിപ്പിക്കണം.

12. എല്ലാ അംഗൻവാടികളും വൈദ്യുതീകരിക്കണം.

13. ഗ്രന്ഥശാലകളിലും വീടുകളിലും മറ്റും വരുത്തുന്ന ബാലമാസികകളും മറ്റും പ്രയോജനപ്പെടുത്താൻ ശ്രമിക്കണം. സന്നദ്ധ സാമൂഹ്യപ്രവർകർക്ക് ഈരംഗത്ത് ഇടപെടാൻ കഴിയണം.

14 കുടുംബക്ഷേമകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ വാർഡുതലസംവിധാനങ്ങൾ ആലോചിക്കാവുന്നതാണ്. എല്ലാ വാർഡുകളിലും കുടുംബക്ഷേമകേന്ദ്രങ്ങൾ ഉണ്ടാകണം.

15. അംഗൻവാടി പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ ഉണ്ടാകണം. വെൽഫയർ കമ്മിറ്റി പ്രവർത്തനം മെച്ചപ്പെടുത്തണം.

16 വായ്പാസഹായ ഏജൻസികൾ നിബന്ധനകൾ കഴിയുന്നത്ര ലഘൂകരിക്കണം.

17 രണ്ട് പഞ്ചായത്തുകൾക്കും കൂടി ഒരു വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായതുകൊണ്ട് IRDP സർവെയോ മറ്റു പ്രവർത്തനങ്ങളോ കാര്യക്ഷമമാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഓരോ പഞ്ചായത്തിലും പ്രത്യേകം എക്സ്റ്റൻഷൻ ഓഫീസർമാരെയും ഓഫീസ് സൗകര്യവും നൽകണം. IRDP സർവ്വേക്ക് സന്നദ്ധപ്രവർത്തകരുടെ സഹായം വേണം.

18. തൊഴിൽ പരിശീലനം നേടിയവർക്ക് ആവശ്യമായത്രയും തുക ധനസഹായമായിക്കിട്ടാൻ നടപടിയുണ്ടാകണം.

19. ഗൃഹനിർമ്മാണത്തിനും മറ്റുതൊഴിൽ സംരംഭങ്ങൾക്കും അനുവദിക്കുന്ന തുകയിലും വിതരണം ചെയ്യുന്ന രീതിയിലും കാലാനുസൃതമായ മാറ്റംവരുത്തണം.

കലാ സാംസ്കാരിക രംഗം

കർഷകപ്രസ്ഥാനത്തിന്റെ ആവിർ ാവത്തോടുകൂടിയാണ് പ്രതിബദ്ധതയാർന്ന അ സാംസ്കാരികപ്രവർത്തനംനമ്മുടെ പഞ്ചായത്തിൽ ആരംഭിക്കുന്നത് അന്നത്തെ രാഷ്ട്രീയ കർമ്മവേദികൾ സാംസ്കാരികമായ ഉയർത്തെഴുന്നേൽപ്പിന്റെകൂടി ചരിത്രമാകുന്നു. ജന്മിത്വ -നാടുവാഴിത്വത്തിന് സാമ്രാജ്യത്വത്തിനും എതിരായ പോരാട്ടങ്ങളിൽ വായനശാല- കലാപ്രസ്ഥാനങ്ങളുടെ പങ്ക് അനിഷേധ്യവുമായിരുന്നു.

1933 ശ്രീ കെ. അനന്തൻമാസ്റ്ററുടെ നേതൃത്വത്തിൽ മൊട്ടമ്മൽ ദേശപ്രിയവായനശാല സ്ഥാപിതമായി. കർഷക - കമ്മ്യൂണിസ്റ്റ് അദ്ധ്യാപക പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് നേതൃത്വമേകാൻ ഈ വായനശാല ഉപകരിച്ചിരുന്നു. 1940 കളിൽ സാഹിത്യ പ്രസിദ്ധീകരണ സംരംഭം കൂടി ഈ വായനശാല ഏറ്റെടുത്തിരുന്നതായി കാണാം. കണ്ണപുരത്തെ KGGN എന്നകവിയുടെ ചിരിയിൽ പൊതിഞ്ഞകണ്ണുനീർ എന്ന പുസ്തകം അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

1937 ഓടുകൂടി ഇടക്കേപ്പുറം വടക്ക് ദേശീയ യുവജനസംഘം വായനശാല രൂപീകൃതമായി. T.P ബാലൻമാസ്റ്റർ , അമ്പുക്കുട്ടി മാസ്റ്റർ, ടി. അമ്പുനായർ, അനന്തൻ മാസ്റ്റർ , കെ. എം കുഞ്ഞുകൃഷ്ണൻമാസ്റ്റർ തുടങ്ങിയവരുടെ ശ്രമഫലമായാണ് ഈ വായനശാല ഉടലെടുത്തത്. പി. കൃഷ്ണപിള്ള, ഇ. കെ നായനാർ, തുടങ്ങിയ നേതാക്കൻമാർ അക്കാലത്ത് ഇവിടെ വന്നിരുന്നതായി മനസ്സിലാക്കാം. മങ്ങാട്ട് ശ്രീഹർഷൻ വായനശാലയിൽ പകൽവരുത്തിയ ദിനപത്രം രാത്രിയിൽ ഈ വായനശാലയിൽനിന്നും പതിവായി ഒരാൾപോയി വായിച്ചുകൊണ്ടുവരികയും ആ പത്രം വായിക്കാൻ ജനങ്ങൾ വളരെ ആകാംക്ഷയോടെ എത്രവൈകുന്നതുവരെയും ഇരിക്കുമായിരുന്നു.

1940ന് മുന്നെ ഗ്രാമക്ഷേമ പൊതുജന വായനശാല (ഇന്നത്തെ പഞ്ചായത്തസാംസ്കാരിക കേന്ദ്രത്തിന് സമീപം) സ്ഥാപിച്ചിരുന്നു. വി.സി. സറാപ്പ്, അമ്പുക്കുട്ടിമാസ്റ്റർ , ആർ നാരായണൻ,ശങ്കർജി തുടങ്ങിയവരായിരുന്നു ഇതിന്റെ നേതൃത്വംകൊടുത്തിരുന്നത്. 1960 ഓടുകൂടി ഇതിന്റെ പ്രവർത്തനം നിലച്ചതായി കാണാം.1947 ൽ ചൂണ്ടയിൽ നേതാജി വായനശാലസ്ഥാപിക്കപ്പെട്ടു. 1954 ൽ കീഴറ വിജ്ഞാന പോഷിണിയും ഇടക്കേപ്പുറം തെക്ക് നവോദയം വായനശാലയും സ്ഥാപിക്കപ്പെട്ടു. വയോജന വിദ്യാഭ്യാസം,സാക്ഷരതാ പ്രവർത്തനം തുടങ്ങിയവയ്ക്കും മുൻതൂക്കം കൊടുത്തായിരുന്നു ഇവരുടെ പ്രവർത്തനം. ഇടക്കേപ്പുറംവടക്ക് തെക്ക് മൊട്ടമ്മൽ പ്രദേശങ്ങളിലെ രാഷ്ട്രീയ - സാംസ്കാരിക പ്രവർത്തനങ്ങളുടെ സിരാകേന്ദ്രങ്ങളായിരുന്നു. വായനശാലകൾ. അതുകൊണ്ടുതന്നെ വായനശാലകളെ നശിപ്പിക്കുക എന്ന കുടിലതന്ത്രം അന്നുംസാമൂഹ്യ വിരുദ്ധരുടെ ഒരു ആയുധമായിരുന്നു. 1948 ൽ മൊട്ടമ്മൽ ദേശപ്രിയവായനശാല അഗ്നിക്കിരയാക്കിക്കൊണ്ട് സാംസ്കാരിക ഫാസിസത്തിന്റെ ബാലപാഠങ്ങൾ അവർ ചരിത്രത്തിന് കാണിച്ചുകൊടുക്കുകയുണ്ടായി.

1960 ന് ശേഷം നിരവധി വായനശാലകളും ഗ്രന്ഥാലയങ്ങളും നമ്മുടെ പഞ്ചായത്തിൽ വളർന്നതായി കാണാം. (പട്ടിക 1.2 കാണുക)

വായനശാലകളെ സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	വാർഡ്	പേര്
1	2	പൊതുജന വായനശാല പെമ്മരവയൽ
2	3	എ.കെ. ജി വായനശാല ,പുഞ്ചവയൽ
3.	3	ഖോവ്വത്തിൽ ഇസ്ലാം വായനശാല
4	4	എ.കെ. ജി സ്മാരക വായനശാല വള്ളിത്തോട്
5	7	കർഷക വായശാല ഇടക്കേപ്പുറം
6	9	ദേശാഭിമാനി തീയേറ്റേഴ്സ്, അയ്യോത്ത്
7	9	ജകീയ വായനശാല ഇടക്കേപ്പുറം
8	9	ഗ്രാമീണ വായനശാല ഇടക്കേപ്പുറം



II

പട്ടിക 1

ഗ്രന്ഥാലയങ്ങളെ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	പേര്	വാർഡ്	സ്ഥാപിച്ച വർഷം	ഗ്രേഡ്	വായനക്കാർ പു	വായനക്കാർ സ്ത്രീ	വായനക്കാർ ആകെ	പുസ്തകങ്ങളുടെ എണ്ണം	പ്രതിദിന വിതരണം	ആനുകാലികങ്ങൾ ദിനപത്രം	ആനുകാലികങ്ങൾ വാരിക	ആനുകാലികങ്ങൾ മാസിക	ടെലിവിഷൻ	കെട്ടിടം
1	പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം	5	1990	–	207	27	234	1683	110	5	1	1	ഇല്ല	സ്വന്തം
2	വിജ്ഞാനപോഷിണി വായനശാല, ഗ്രന്ഥാലയം കീഴറ	1	1994	എ	200	10	210	8478	800				ഉണ്ട്	സ്വന്തം
3.	കർഷക വായനശാല, കയറ്റിൽ	1						700	വിതരണം നടക്കുന്നില്ല	1			ഉണ്ട്	സ്വന്തം
4.	ദേശപ്രിയ വായനശാല ഗ്രന്ഥാലയം,ഒാട്ടുമ്മൽ	4	1933	സി	50	10	60	4300	520	5	3	6	ഉണ്ട്	സ്വന്തം
5	നേതാജി വായനശാല ചൂണ്ട.	111	1947					750	വിതരണം നടക്കുന്നില്ല	2	1	–	ഇല്ല	സ്വന്തം
6	നവോദയം വായനശാല ഗ്രന്ഥാലയം ഇടക്കേപ്പുറം തെക്ക്	8	1954	–	42	–	42	1328	98	3	5	6	ഉണ്ട്	സ്വന്തം
7.	ദേശീയ യുവജനസംഘം	8	1937	–	580	100	680	1635	300	4	5	4	ഉണ്ട്	സ്വന്തം
8.	നാഷണൽ ആർട്സ്	9	1965	–	20	12	32	1200	100	3	3	1	ഉണ്ട്	സ്വന്തം

ഗ്രന്ഥാലയങ്ങൾ വായനശാലകൾ: പൊതു അവസ്ഥ

മേൽപ്പറഞ്ഞ പട്ടികയിൽ നിന്നും 8 വായനശാലകൾ മാത്രമേ ഇന്ന് ഗ്രന്ഥാലയങ്ങൾ പ്രവർത്തിക്കുന്നുള്ളൂ. 700 മുതൽ 8478 പുസ്തകങ്ങൾ വരെ അവയിൽ ശേഖരിക്കപ്പെട്ടിട്ടുണ്ട്. പ്രതിമാസ പുസ്തകവിതരണം 98 മുതൽ 800 വരെയാണെന്നുകാണാം. ചില ഗ്രന്ഥാലയങ്ങളിൽ പുസ്തകവിതരണം തന്നെ നിർത്തിവച്ചിരിക്കുന്നു. 1991 സെൻസസ് പ്രകാരം മൊത്തം ജനസംഖ്യ 18158 ആണെങ്കിലും ഗ്രന്ഥാലയങ്ങളിലെ പുസ്തകവായനക്കാരുടെ എണ്ണം വെറും പത്തുശതമാനം മാത്രമെവരൂ. ഇതിൽ തന്നെ സ്ത്രീ വായനക്കാരുടെതോത് 1 ശതമാനത്തിൽ കുറവായിട്ടാണ് കാണുന്നത്. എങ്കിലും ഈ രംഗത്ത് കേരളത്തിൽ തന്നെ മാതൃകയായിപ്രവർത്തിക്കുന്ന ഗ്രന്ഥാലയവു നമ്മുടെ പഞ്ചായത്തിൽ ഉണ്ട് എന്നത് അഭിമാന ജനകമാണ്. കീഴറ വിജ്ഞാനപോഷിണി ഗ്രന്ഥശാലയാണ് ഈ മാതൃകാ സ്ഥാപനം. വനശാസ്ത്ര പുസ്തകംകാർണ്ണർ കൃഷിശാസ്ത്രപുസ്തക കോർണ്ണർ, റഫറൻസ് ബാലവിഭാഗംതുടങ്ങി ഗ്രന്ഥശേഖരത്തെ തരംതിരിച്ചിട്ടുണ്ട്. വീടുകളിൽ പുസ്തകം എത്തിച്ചുകൊടുക്കുന്നതുവഴി സ്ത്രീവായനക്കാരുടെ എണ്ണംകൂട്ടാൻ കഴിയും ഏറ്റവും നല്ല വലിയഗ്രന്ഥലായത്തിനുള്ള എൻ. ഇ ബഷറാം പ്രഥമ സംസ്ഥാന അവാർഡ് ഈ ഗ്രന്ഥലയത്തിനാണ് ലഭിച്ചത്. കൂട്ടായ്മയുടെ ഒരു ഉല്പന്നമാണ് ഈ ഗ്രന്ഥാലയം അതുകൊണ്ടുതന്നെ അനുകരണീയവുമാണ്.

പലഗ്രന്ഥാലയങ്ങൾക്കും വായനശാലകൾക്കും പരിമിതികൾഒട്ടനവധിയുണ്ട്. എങ്കിലും ഭൗതികസാഹചര്യത്തിനൊത്ത് സ്ഥിതിമെച്ചപ്പെടുത്തുവാൻസംവിധാനമുണ്ടാക്കണം.

ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഗ്രന്ഥാലയങ്ങൾക്കുപുറുമെ ചുവടെപ്പറയും പ്രകാരം ആനുകാലിക പ്രസിദ്ധീകരണങ്ങൾ നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടുന്നു. (പട്ടികമൂന്ന് കാണുക)

പഞ്ചായത്തിൽ [illegible] വിതരണം ചെയ്യപ്പെടുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങൾ

ദിനപത്രം

മാതൃഭൂമി	530
മലയാളമനോരമ	200
ദേശാഭിമാനി	350
കേരളകൗമുദി	25
മംഗളം	25
ചന്ദ്രിക	5
മാധ്യമം	2
ഇന്ത്യൻ എക്സ്പ്രസ്	40
ഹിന്ദു	25

വാരിക/മാസിക

മാസിക മാതൃഭൂമി	65
മനോരാജ്യം	60
കലാകൗമുദി	15
കേസരി	10
കേരളശബ്ദം	40
ചിന്ത	40

നാന	40
ചിത്രഭൂമി	35
ബാലഭൂമി	75
പൂമ്പാറ്റ	80
കമ്പ്യൂട്ടർമാഗസിൻ	10
സ്പോർട്സ് മാതൃഭൂമി	5
ബാലരമ	100
ബാലമംഗളം	60
ബോബനും മോളിയും	25
കർഷകശ്രീ	5
ഭാഷാപോഷിണി	10
മാതൃഭൂമി തൊഴിൽവാർത്ത	50
ഗൃഹലക്ഷമി	82
ഇന്ത്യാടുഡേ	85
വനിത	100
യൂറീക്ക ശാസ്ത്രകേരളം	

മേൽപ്പട്ടികയിൽ നിന്നും പതിനാറുപേർക്ക് ഒരു ദിനപത്രം എന്നതോതിൽ പഞ്ചായത്തിൽവിതരണം ചെയ്യപ്പെടുന്നുണ്ടെന്നാണ് പത്രവായനക്കാരുടെ എണ്ണം കഴിഞ്ഞകാലത്തെ അപേക്ഷിച്ച് ഒ ദമാണെന്നേ പറയാൻ പറ്റൂ. നിലവാരമുള്ള പ്രസിദ്ധീകരണങ്ങളുടെ വിതരണം കുറഞ്ഞുവരുന്ന അവസ്ഥയുണ്ട്. ഇലക്ട്രോണിക്മാധ്യമങ്ങളുടെ തള്ളിക്കയറ്റം നമ്മുടെ വായനാസംസ്കാരത്തെ ശിഥിലമാക്കുന്നു.

വായനശാലയുടെ നേതൃത്വത്തിൽ ബോധവൽക്കരണക്ളാസുകൾ സെമിനാറുകൾ പ്ര ാഷണങ്ങൾ കലാപരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ടെങ്കിലും വായനാസംസ്കാരത്തെ പരിപോഷിപ്പിക്കാൻ വേണ്ടത്ര ഉതകുന്നില്ല.

കലാസാംസ്കാരിക കായിക കേന്ദ്രങ്ങൾ

1947 കാലഘട്ടത്തിൽ ചെറുകുന്ന്കണ്ണപുരം പുരോഗമന കലാസമിതിയുടെ അവിർഭാവത്തോടുകൂടിയാണ് സംഘടിതമായ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകുന്നത്. 1940കളിൽ ആദ്യം ഇടക്കേപ്പുറത്തെ ചാത്തുകുട്ടിയാശാന്റെ നേതൃത്വത്തിൽ പുരാണനാടകസംഘം രൂപീകരിക്കുകയും ദേവയാനീ ചരിതം പോലുള്ള പ്രസിദ്ധകഥകൾ തനിമയോടെ വിവിധവേദികളിൽരംഗത്ത് അവതരിപ്പിക്കുകയുണ്ടായി. അതിലെ കഥാപാത്രങ്ങളുടെ പേരിൽതന്നെയാണ് ചില അഭിനേതാക്കളെ ഇന്നും അറിയപ്പെടുന്നത്.(ദേവയാനീചരിതത്തിൽ കാട്ടാളവേഷംകെട്ടി അവതരിപ്പിച്ച ശ്രീ. ടി. വി.കുഞ്ഞപ്പയെ കാട്ടാളൻ കുഞ്ഞപ്പ എന്നപേരിലാണ് ഇപ്പോഴും അറിയുന്നത്.) നേരത്തെസൂചിപ്പിച്ചിരുന്നതുപോലെ തെയ്യംതിറ അനുഷ്ഠാനകലളുടെ നിറപ്പകിട്ടാർന്ന ചരിത്രം നമുക്കുണ്ട്. ഈ പഞ്ചായത്തിൽ 36 കലാകായികസമിതികൾ പ്രവർത്തിക്കുന്നുണ്ട്. പട്ടിക നാല്കാണുക

പട്ടിക 4

കലാ-കായിക സമിതികൾ

നമ്പർ	വാർഡ്	പേര്
1	1	ജ്വാലാ തീയേറ്റേഴ്സ് കീഴറ
2	1	സൃഷ്ടി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കൈയറ്റിൽ
3	1	ചോയ്സ് കലാവേദി, കാരക്കുന്ന്
4	1	യൂത്ത്സെന്റർ, കീഴറ
5	1	ഡ്രീംസ് ഓർക്കസ്ട്ര കീഴറ .
6	1	ഉദയാ ആർട്സ് & സ്പോർട്സ് ക്ലബ് കീഴറ
7	1	വിന്നേഴ്സ് സ്പോർട്സ് ക്ളബ്, കീഴറ
8	1	ഫ്രണ്ട്സ് കലാസമിതി ,ചെറുകുന്ന്
9	1	ഫൈവ്സ്റ്റാർ സ്പോർട്സ് ക്ലബ്, കീഴറ
10	2	കലാസാംസ്കാരിക കേന്ദ്രം , മൊട്ടമ്മൽ
11	3	സാൻഡോസ് സ്പോർട്സ് ക്ളബ്, കൃസ്തുകുന്ന്
12	3	ലോനാഡി ആർട്സ് ക്ളബ്, ക്രിസ്തുകുന്ന്
13	3	യുവവേദി, ചൂണ്ട
14	3	നവജീവൻ,തൃക്കോത്ത്
15	3	യുവധാര, തൃക്കോത്ത്
16	3	മോഡേൺസ്പോർട്സ് & ആർട്സ് സെന്റർ ,ചൂണ്ട
17	4	ദേശപ്രിയ കലാ സാഹിത്യവേദി , മൊട്ടമ്മൽ
18	4	സ്വാതി കലാകേന്ദ്രം , മൊട്ടമ്മൽ
19	4	റഡ്സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ളബ് , പള്ളിത്തോട് ദൃശ്യകല കണ്ണപുരം
20	5	യുവശക്തി കണ്ണപുരം
21	5	യുവധാരാ കണ്ണപുരം
22	6	പ്രസന്ന കലാസമിതി ചെറുകുന്ന്
23	6	രാജരാജേശ്വരി നൃത്ത കലാലയം കണ്ണപുരം
24	6	അക്ഷര ശ്ലോകവേദി , മുച്ചിലോട്ടുകാവ്
25	6	മിനി പാർക്ക് , ചെറുകുന്ന്
26	6	ബേർഡ്സ്, കണ്ണപുരം
27	6	സെലക്ടഡ് സ്പോർട്സ് ക്ളബ്,കണ്ണപുരം
28	7	ബ്രദേഴ്സ് സ്പോർട്സ് ക്ളബ്, കണ്ണപുരം
29	7	ലക്കി ബ്രദേഴ്സ് കണ്ണപുരം
30	8	യുവജന കലാനിലയം, ഇടക്കേപ്പുറം തെക്ക്
31	8	ഉദയാ കലാനിലയം ഇടക്കേപ്പുറം വടക്ക്

32	8	വോയ്സ് ഓഫ് യൂത്ത് ഇടക്കേപ്പുറം
33	8	ഇടക്കേപ്പുറം ബ്രദേഴ്സ് , ഇടക്കേപ്പുറം
34	9	സീസൺ സെവൻ ആർട്സ് & സ്പോർട്സ് , അമ്പലപ്പുറം
35	9	ദേശാഭിമാനി തീയേറ്റേഴ്സ് , അയ്യോത്ത്.

കലാകായിക സമിതികൾ അതാതു പ്രദേശത്തെ കലാ-സാംസ്കാരിക വളർച്ചയിൽ നിസ്തുലമായ പങ്ക് വഹിക്കാൻ ഒരു പരിധിയോളം കലാ-സമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്. ശക്തമായ നാടകങ്ങൾ അവതരിപ്പിക്കുവാൻ കെൽപ്പുള്ള സമിതികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. CKPKS, വാണീനടന സമിതി, തുടർന്ന് പ്രസന്നകലാസമിതി തുടങ്ങിയ കലാപ്രസ്ഥാനങ്ങളിലൂടെ നിരവധി പ്രഗത്ഭകലാകാരന്മാരെ വാർത്തെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എം. പി. നാരായണൻനമ്പ്യാർ, ഒ. കെ.മുൻഷി, സി.കെ ഭാഗവതർ, കെ. എം രാഘവൻ നമ്പ്യാർ, പി. കൃഷ്ണൻ ഭാഗവതർ തുടങ്ങിയ പ്രഗത്ഭമതികളുടെ സേവനം ഈ രംഗത്ത് വിലമതിക്കാനാകാത്തതാണ്.

36കലാസാംസ്കാരിക സമിതികൾ മിക്കതും പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലല്ല. കണക്കുകൾവച്ചുനോക്കുമ്പോൾ 400 ചതുരശ്ര മീറ്ററിനുള്ളിൽ 504 പേർക്ക് ഒരുകലാസമിതി എന്നതോതിൽ പ്രവർത്തിക്കുന്നുണ്ട്.ഗുണപരമായ വളർച്ചയ്ക്ക് ഈ അനുപാതം ഉപയുക്തമാകുന്നുണ്ടോ എന്നത് പരിശോധിക്കപ്പെടണം.

പഞ്ചായത്തിന്റെ നേതൃത്വത്തിൽകേരളോത്സവങ്ങളും മറ്റും സംഘടിപ്പിക്കപ്പെടുന്നുണ്ട്. കലാ സമിതികളുടെ പങ്കാളിത്തം മിക്കപ്പോഴും ഫലപ്രദമാകുന്നില്ല. പഞ്ചായത്ത് സാംസ്കാരികകേന്ദ്രത്തിന്റെ പ്രവർത്തനം വിപുലമാക്കാൻ സാധിക്കേണ്ടതുണ്ട്. കലാസമിതികൾ പഞ്ചായത്ത് തലത്തിൽ കേന്ദ്രീകരിച്ച് പരിപാടികൾ സംഘടിപ്പിക്കുന്ന രീതി ഇന്നില്ല. കീഴറ വിജ്ഞാനപോഷിണി,CKPKAS, പ്രസന്ന കലാസമിതി, മൊട്ടമ്മൽ ദേശപ്രിയ വായനശാല , ഇടക്കേപ്പുറം യുവജന കലാനിലയം, ചെമ്മരവയൽ പൊതുജന വായനശാല തുടങ്ങിയസ്ഥാപനങ്ങൾ സുവനീറുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൈയ്യെഴുത്തു മാസികകൾ പ്രസിദ്ധീകരിക്കാറുണ്ടെങ്കിലും വിരളമാണ്. പ്രാദേശികമായി മറ്റു പ്രസിദ്ധീകരണ സംരം ങ്ങളും നിലവിലില്ല.

കായികരംഗത്ത് തനതായ മുന്നേറ്റമുണ്ടാക്കാൻ നമ്മുടെപഞ്ചായത്തിൽ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 20 വർഷത്തിലെറേയായി നടന്നുകൊണ്ടിരിക്കുന്ന കെ.കരുണാകരൻ സ്മാരകഫുട്ബോൾ ടൂർണമെന്റ് നല്ലൊരു കായികവിരുന്നു തന്നെയാണ്. കൂടാതെ നിരവധി ക്ലബ്ബുകളുടെ നേതൃത്വത്തിൽ ഫുട്ബോൾ , വോളിബോൾ, കബഡി കേരംസ്, ക്രിക്കറ്റ് ചെസ് തുടങ്ങിയഇനങ്ങളിൽ പ്രാദേശികടൂർണമെന്റുകൾ സംഘടിപ്പിക്കാറുണ്ട്.

ആധുനിക നഗരവൽക്കരണത്തിന്റെയും, ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെയും തള്ളിക്കയറ്റത്താൽ അന്യംനിന്നുകൊണ്ടിരിക്കുന്ന ഒട്ടനവധി കലാകായിക വിനോദങ്ങൾ നമുക്കുണ്ട്. കോൽകളി, പൂരക്കളി, തുടങ്ങിയ പ്രൗഢമായ ഇനങ്ങൾ ക്ഷേത്രാഘോഷങ്ങളിൽമാത്രം ഒതുങ്ങി നില്ക്കുന്നു. കേൾക്കുന്ന മാത്രയിൽ തന്നെ നമ്മെ ഗ്രാമീണ ഗൃഹാതുരതയിലെക്ക് നയിക്കാൻ പോന്ന കലാകായിക വിനോദങ്ങൾ നമുക്കുണ്ടായിരുന്നു. തിരുവാതിര, കുമ്മിയടി, ഒപ്പന, ദഫ് മുട്ട്, മാർഗ്ഗം, ചതുരംഗം, കണ്ണേറ്പാട്ട്, കളംപാട്ട്, പേനപ്പാട്ട്,കുറുന്തിരി, കെന്ത്രോൻ , നാട്ടിപ്പാട്ട്, പുലൂവൻപാട്ട്, കോതാമൂരിപ്പാട്ട്, മംഗലപ്പാട്ട്, കല്യാണമംഗളം, ഹരിജനങ്ങളുടെകോലടിപ്പാട്ട്, മാരിത്തെയ്യം, മാരിപ്പാട്ട്, മംഗളപ്പാട്ട്, തൂടിപ്പാട്ട്, പോർപ്പാട്ട് തുടങ്ങിയവയും,കാച്ചിക്കളി, പാണ്ടികളി, ബേരിക്കൂത്ത്, അരിപ്പോതിരിപ്പോ, തട്ടാപ്പൂട്ട് തരിപ്പൂട്ട്, ചെരീക്കോല്, കീച്ചിക്കളി, കൊട്ടാര ചാമ്പ, കൊത്തങ്കല്ല്, നക്കി, കാടകളി, ഉപ്പുവെച്ചുകളി, കാടികളി, നിരകളി ,പകിട, നൂറാംകൊള്ളി, ആഹ്യാല്, ഡപ്പ, കണ്ടേറ്, പച്ചതൊട്ടുകളി,ഒറ്റികൂക്കൽ, തച്ചുംപാത്തും, കള്ളനുംപോലീസും തുടങ്ങിയവയൊക്കെ നമ്മുടെ കലാസാംസ്കാരികത്തിനനുയോജ്യമായവയായിരുന്നു. ഇവയിൽ മിക്കതുംഇന്ന് പ്രചാരത്തിലില്ല.

പഞ്ചായത്ത് ഗ്രൗണ്ട് നിലവിലുണ്ട്. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റിഹാളില്ല.

ജിംനേഷ്യം, കരാട്ടെ, തുടങ്ങിയവപഠിപ്പിക്കുന്ന ഓരോകേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. രണ്ടുനൃത്തവിദ്യാലയങ്ങളും ഒരു സംഗീത വിദ്യാലയവും പ്രവർത്തിക്കുന്നുണ്ട്.


N
E
S
W
1
2
3
4
5
6
7
8
9

ആരാധനാലയങ്ങൾ

III ആരാധനാലയങ്ങൾ ക്ഷേത്രങ്ങൾ , ആശ്രമം , മന്ദിരം

1	കീഴറ കൂലോം കീഴറ	1
2	ആച്ചനാട്ട് ശിവക്ഷേത്രം കീഴറ	1
3	കീഴറക്കാവ്	1
4	പുളിഞ്ഞറമ്മൽ ദേവീക്ഷേത്രം കീഴറ	1
5	മാഞ്ഞറമ്മൽ ഭഗവതിക്ഷേത്രം കീഴറ	1
6	കാരക്കുന്ന് ഗുളികൻ സന്നിധാനം	1
7	നീലിയാർ കോട്ടം മൊട്ടമ്മൽ	2
8	പുറക്കാട്ട് വേട്ടക്കൊരുമകൻ ക്ഷേത്രം	2
9	കുന്നിയാൽ ഭഗവതി ക്ഷേത്രം (ഹരിജൻ വയൽകോട്ടം)	2
10	തച്ചങ്കണ്ടി ആൽക്ഷേത്രം	3
11	പ്രയാങ്കോട്ടം ശിവക്ഷേത്രം തണ്ണൂപ്പാറ	3
12	കുറുവക്കാട് ചുണ്ട	3
13	പറമ്പത്ത് കാരോത്ത് ക്ഷേത്രം മൊട്ടമ്മൽ	3
14	വേട്ടക്കൊരുമകൻക്ഷേത്രം ചുണ്ട	3
15	മഠത്തിലമ്പലം	3
16	സത്യവ്രത ഗുരുകുലാശ്രമം മാറ്റാങ്കീൽ	3
17	ശ്രീനാരായണ ഗുരുമന്ദിരം ചുണ്ട	3
18	കണവത്ത് കോട്ടം ,മൊട്ടമ്മൽ	4
19	മുടിപ്പുര മുത്തപ്പൻക്ഷേത്രം മാറ്റാങ്കീൽ	4
20	കൊട്ടിയൂർ പടിപ്പുര വള്ളിത്തോട്	4
21	അധികാരി അമ്പലം	4
22	തെക്കൻ കാര്യത്താൻ ക്ഷേത്രം ചൈനാക്ലേ	4
23	മൊട്ടൻതീറ ആശ്രാമം.	4
24	കിഴക്കേക്കാവ് മാറ്റാങ്കീൽ	5
25	തൃക്കോത്ത് ഗുഹ	5
26	സമുദായക്കാവ് (കൊല്ലൻ) പഞ്ചായത്തിന് കീഴ്	5
27	അരീക്കുളങ്ങര മുച്ചിലോട്ട്കാവ് കണ്ണപുരം	6
28	ശ്രീപുമാല ഭഗവതിക്ഷേത്രം	6
29	പഞ്ചിക്കീൽ കുറത്തിക്ഷേത്രം	6

30	തൊണ്ടച്ചൻ കാവ് ഗേൾസ് സ്കൂളിന് പടിഞ്ഞാറ്	6
31	ഭൂപാളം കുഴി ചാമുണ്ഡി ക്ഷേത്രം	6
32	ആശാരികോട്ടം ഇടക്കേപ്പുറം വടക്ക്	6
33	കാരകാവ് കണ്ണപുരം	7
34	നണിയിൽ കാവ് ഇടക്കേപ്പുറംതെക്ക്	7
35	ശ്രീനാരായണ ഗുരുമന്ദിരം പൈനാക്കേ	7
36	മുച്ചിലോട്ട് ഭഗവതി ക്ഷേത്രം ഇ. തെക്ക്	8
37	സുബ്രഹ്മണ്യസ്വാമിക്ഷേത്രം	8
38	കോത്തിലക്കോട്ടം ഇടക്കേപ്പുറം പടിഞ്ഞാറ്	8
39	ഓടക [illegible] (മരുപ്പൻകാവ്)	8
40	ചാമുണ [illegible] ി ക്ഷേത്രം ഇടക്കേപ്പുറം വടക്ക്	8
41	കണ്ണക [illegible] ഗുരുകുലാശ്രമം ഇടക്കേപ്പുറം തെക്ക്	8
42	തൊണ്ട [illegible] ക്ഷേത്രം കൽക്കോട്ട് വളപ്പിൽ	8
43	[illegible] പുക്ഷേത്രം അമ്പലപുറം	9
44	[illegible] ുണ്ഡി ഇടക്കേപ്പുറം പടിഞ്ഞാറ്	9
45	അഴീ [illegible] ചാമുണ്ഡിക്ഷേത്രം ആയിരംതെങ്ങ്	9
46	തെക്കും പാടം കോട്ടം അമ്പലപ്പുറം	9
47	ഉക്കുമ്മൽ ഭഗവതിക്ഷേത്രം അമ്പലപ്പുറം	9
48	ഇരിങ്ങാട്ട് ക്ഷേത്രം അമ്പലപ്പുറം	9
49	ഇലക്യാൻകോട്ടം അമ്പലപ്പുറം	9
50	ക്രിസ്ത്യൻപള്ളി കീഴറ	1
51	ക്രിസ്തുക്കുന്ന് തിരുഹൃദയദേവാലയം	3
52	ക്രിസ്ത്യൻ പള്ളി അയ്യോത്ത്	3
53	മുസ്ളിം പള്ളി , പുഞ്ചവയൽ	9
54	മദ്രസ പുഞ്ചവയൽ	3
55	മുസ്ലീം ജുമായത്ത് പള്ളിത്തറ	3
56	മുസ്ലീം പള്ളി പൈനാക്കേ	6
57	റബ്ബാനി മസ്ജിദ് അമ്പലപ്പുറം	5

ഉത്സവങ്ങൾ പെരുന്നാളുകൾ ആഘോഷങ്ങൾ

ഗ്രാമീണ ജീവിതത്തിന്റെ സിരാകേന്ദ്രങ്ങളായിരുന്നു പണ്ട് ആരാധനാലയങ്ങൾ.കലയും സംഗീതവുംസാഹിത്യവും രൂപംകൊണ്ടുവളർന്നുവന്നത് ക്ഷേത്ര പരിസരങ്ങളിലാണ്. അമ്പലങ്ങളുടെ അരയാൽ തറകൾ നാട്ടുകാരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്ന വേദികളായിരുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സരസ്വതിക്ഷേത്രങ്ങളായും, കളിക്കളങ്ങളായും ആരാധനാലയങ്ങൾ വർത്തിച്ചിരുന്നു. ചുരുക്കത്തിൽ, ആത്മീയ കേന്ദ്രങ്ങൾ എന്നതിലുപരി ജനങ്ങളുടെ ഒരുമയുടെ തണൽമരങ്ങളായി പരിലസിക്കാൻ ആരാധനാലയ പരിസരങ്ങൾ പ്രയോജനപ്പെട്ടിട്ടുണ്ട്.

പണ്ടുകാലങ്ങളിൽ കാർഷിക വൃത്തിയോടനുബന്ധിച്ച് ഒട്ടനവധി ആഘോഷങ്ങൾ നിലവിലുണ്ടായിരുന്നു. കൈവിത്തിടൽ, നിറ, പെരുക്കൻ, പുത്തരി തുടങ്ങിയ ഇത്തരംആഘോഷങ്ങൾ ഇന്ന് കുറഞ്ഞു വന്നുകൊണ്ടിരിക്കുകയാണ്.

പെരുകുന്ന് അന്നപൂർണേശ്വരിക്ഷേത്രത്തിലെ വിഷുവിളക്കുത്സവം ഉത്തരകേരളത്തിലെ തന്നെ പ്രധാന ഉത്സവങ്ങളിൽ ഒന്നാണ്. വിഷു സംക്രാന്തിമുതൽ ഏഴാം നാൾവരെ നീണ്ടുനിൽക്കുന്ന ഉത്സവത്തിൽ ജാതിഭേദമെന്യേ ആളുകൾ പങ്കെടുക്കാറുണ്ട്. ഒരു കണക്കിൽ മതസൗഹാർദ്ദത്തിന്റെ സംഗമം കൂടിയാണ് ഈ ഉത്സവം.ഓണം,വിഷു, ബക്രീദ്, നബിദിനം, ക്രിസ്തുമസ്, പെരുനാളുകൾ ഒക്കെ സമർത്ഥമായ ആഘോഷതിമിർപ്പുകൾതന്നെ. നവമി, ശിവരാത്രി തുടങ്ങിയ ആഘോഷങ്ങളും നടക്കുന്നുണ്ട്.

തെയ്യം,തിറ, കളിയാട്ടങ്ങളുടെകേളി രംഗം തന്നെയാണ് കണ്ണപുരം, കീഴറകുഞ്ഞോം, പെരുന്തോട്ടം,നീലിയാർകോട്ടം, കുറുവക്കാട് കാരകാവ്, അരിക്കുളങ്ങര, ഇടക്കെപ്പുറംതെക്ക്, മുച്ചിലോട്ടു കാവുകൾ, പൂമാലക്കാവ്, നണീൽകാവ്,ആയിരംതെങ്ങ് ചാമുണ്ഡേശ്വരീക്ഷേത്രം തുടങ്ങിയ പ്രസിദ്ധങ്ങളായ ക്ഷേത്രങ്ങളിലെ കളിയാട്ടങ്ങൾ സാമൂഹ്യ ആഘോഷങ്ങളായി പരിണമിക്കാറുണ്ട്. കീഴറ കുഞ്ഞോത്തും കിഴക്കേക്കാവും മാപ്പിളപൊറാട്ട് അരങ്ങേറുന്നതും രസാവഹമാണ്. പെരുന്തോട്ടം, നീലിയാർകുത്ത്, മൂന്നൂറ്റാൻമാർ കെട്ടുന്നപള്ളി, വേട്ടക്കൊരുമകൻ , കുട്ടിത്തെയ്യം, കീഴറ പുളിത്തറമ്മൽക്ഷേത്രത്തിലെ തീപൊട്ടൻതെയ്യം തുടങ്ങിയവയും അതിന്റെ വ്യത്യസ്ഥത കൊണ്ട് തനിമയാർന്നതാണ്.

നവംബർ 9 ന് നടക്കുന്ന ക്രിസ്തുകുന്ന് തിരുഹൃദയദേവാലയത്തിലെ പെരുനാളാഘോഷവും ശ്രദ്ധേയമാണ്.

ജാതിഘടന

ഹിന്ദു ഇസ്ലാം ക്രിസ്ത്യൻ മതവിഭാഗങ്ങൾ വളരെ ഐക്യത്തോടെ കഴിയുന്നു. പ്രധാനമതം ഹിന്ദുമതമാണ്. ജാതികളും ഉപജാതികളും നിലവിലുണ്ട്. താഴ്ന്ന ജാതിക്കാർക്ക് താരതമ്യേന ഉയർന്നുവരാൻ കഴിഞ്ഞിട്ടുണ്ട്, അയിത്തം തൊട്ടുകൂടായ്മ തുടങ്ങിയ സാമൂഹ്യഅനാചാരങ്ങൾ ഇന്ന് നിലനിൽക്കുന്നില്ലെങ്കിലും ഉച്ചനീചത്വങ്ങൾ പൂർണ്ണമായി ഒഴിവായി എന്ന് പറഞ്ഞുകൂടാ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മുമ്പത്തെക്കാളും മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. വർഗ്ഗീയചിന്താഗതിക്ക് അതീതമായിചിന്തിക്കുന്ന സാമൂഹ്യപ്രസ്ഥാനങ്ങൾ ശക്തമായതിനാൽ ജാതി മതപരമായ സംഘർഷങ്ങൾ തീരെ ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

പുത്തൻ പണാധിപത്യത്തിന്റെസങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന ജീവിത സങ്കല്പ്പങ്ങളുടെയും ഇടയിൽ ബലി , ചാവ്, തുടങ്ങിയ ചില അനാചാരങ്ങളെങ്കിലും ഉയർത്തെഴുന്നേൽക്കുന്നുണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. കല്യാണം വീട്ടിലെ മറ്റ് ആഘോഷങ്ങൾ എന്നിവയിലെ ധൂർത്ത് നമ്മുടെ ഇടയിൽ ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട് എന്ന് പറയാതെ വയ്യ.

ഇലക്ട്രോണിക് മാധ്യമങ്ങൾ

വികസന സർവെ 96 പ്രകാരം പഞ്ചായത്തിനകത്ത് 1112 ടി. വിയും 482 വി.സി. പി. വി. സി ആറും, രണ്ട് കേബിൾ ടി.വി. നെറ്റ് വർക്ക് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ടി. വി പരിപാടികളുടെ ആധിക്യം കുട്ടികളുടെ മാനസികവും, കായികവുമായ ബോധനിലവാരത്തെയും, മുതിർന്നവരുടെജീവിത വീക്ഷണത്തെയും ഗുണപരമല്ലാത്ത എന്ന നിലയിൽ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. കുട്ടികളുടെ പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഗ്രാമീണമായഭാവിശുദ്ധിയേയും, തനിമയെയും

അവഗണിച്ച് കൃത്രിമ ജീവിതവീക്ഷണം പ്രദാനംചെയ്യുന്നു. ഇതിനിടയിൽ പോലും പ്രൗഢമായ പരിപാടികൾ സംപ്രേഷണം ചെയ്യുന്നത് വേണ്ടത്ര ശ്രദ്ധിക്കാതെ പോകുന്നു. ചിലത് അനവസരങ്ങളിലാവുകയും ചെയ്യുന്നു. പഞ്ചായത്തിൽ ഒരുസിനിമാ ശാല പ്രവർത്തിക്കുന്നുണ്ട്. സൂര്യ എന്ന പേരിൽ ഒരു ഫൈനാർട്സ് സൊസൈറ്റി നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ കമ്മ്യൂണിറ്റിഹാളില്ല.
2. വായനശാലകൾക്ക് സ്വന്തമായി കെട്ടിടമില്ലായ്മ. ഉള്ളവ തന്നെ മിക്കതും പഴയ സ്ഥിതി.
3. വാർഡുകളിൽ പൊതുകളിസ്ഥലം ഇല്ല.
4. ഇലക്ട്രോണിക്ക് മാധ്യമങ്ങൾ വിദ്യാഭ്യാസ പ്രചരണത്തെ സഹായിക്കുന്നില്ല. കുട്ടികളുടെ പഠന സമയം അപഹരിക്കുന്നു.
5. കലാ- സാംസ്കാരിക സ്ഥാപനങ്ങളെ പഞ്ചായത്തടിസ്ഥാനത്തിൽ ഏകോപിപ്പിക്കാൻ സംവിധാനമില്ല.
6. വനിതകളുടെ ഗ്രന്ഥ പാരായണശീലം വളരെ കുറവ്
7. തൃക്കോത്ത് ഗുഹയു ക്ഷേത്രവും നാശത്തെ നേരിടുന്നു.
8. തൃക്കോത്ത് കുറുവക്കാവിൽ ലേഖനം ചെയ്യപ്പെട്ട ലിപി ഇതുവരെ വായിക്കാൻ കഴിഞ്ഞിട്ടില്ല.
9. വിദ്യാർത്ഥികളിൽ കലാ-സാംസ്കാരിക വാസന കുറഞ്ഞുവരുന്നു.
10. പ്രൊഫഷണൽ നാടകങ്ങളുടെ തള്ളിക്കയറ്റംമൂലം അമച്വർ കലാസമിതികൾ തകർച്ച നേരിടുന്നു.
11. ഭാരിച്ച ചെലവ് നിമിത്തം അമച്വർ കലാ സംഘങ്ങൾക്ക് പരിപാടികൾനടത്താൻ കഴിയുന്നില്ല.
12. കായിക പരിശീലനത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
13. പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം വൈദ്യുതീകരിക്കാത്തതുമൂലം വൈകുന്നേരങ്ങളിലെ വായനയും മറ്റും തടസ്സപ്പെടുന്നു.

സാധ്യതകൾ

1. ആധുനിക സൗകര്യങ്ങളോടെ കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കണം.
2. മത്സരപരീക്ഷകൾക്ക് സഹായിക്കുന്ന പുസ്തകങ്ങളും സർക്കാർ ഗസറ്റുകളും എല്ലാ വായനശാലകളിലും എത്തിക്കാം
3. തൊഴിലന്വേഷകർക്ക് കരിയർ ഗൈഡൻസ് യൂണിറ്റുകൾ
4. മുഴുവൻ വാർഡുകളിലും ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കപ്പെടണം. ഉള്ളവ തദ്ദേശീയ സഹായത്തോടെ വികസിപ്പിക്കാം.
5. എല്ലാ കലാ കായിക സാംസ്കാരിക സമിതികളും പഞ്ചായത്തിൽ രജിസ്റ്റർചെയ്യപ്പെടണം. നിശ്ചിത പ്രസിദ്ധീകരണങ്ങൾ സൗജന്യമായി അനുവദിക്കണം.
6. ഗ്രന്ഥാലയങ്ങൾക്ക് പ്രതിവർഷം ഒരു നിശ്ചിത തുക പുസ്തകങ്ങൾ വാങ്ങിക്കുവാൻ വേണ്ടി കൊടുക്കാവുന്നതാണ്
7. സാധ്യമായേടത്തൊക്കെ കളിസ്ഥലങ്ങൾ, ഓഡിറ്റോറിയങ്ങൾ നാട്ടുകാരുടെ സഹായത്തോടെ സ്ഥാപിക്കാവുന്നതാണ്.
8. പ്രചാരത്തിലുള്ള മുഴുവൻ ഐതീഹ്യങ്ങൾ, നാടൻപാട്ടുകൾ, നാട്ടറിവുകൾ എന്നിവ ശേഖരിക്കാൻ സംവിധാനമുണ്ടാക്കണം.

9. സാംസ്കാരിക മുന്നേറ്റത്തിനുതകുന്ന പൊതുപരിപാടിക്ക് സാമ്പത്തിക സഹായം.

10. വനിതകളിൽ പുസ്തകവായനാശീലം വളർത്താൻ പഞ്ചായത്ത് തല പരിപാടികൾ ആസൂത്രണം ചെയ്യാം.

11. പഞ്ചായത്തിൽ ഒരു കലാ സാംസ്കാരിക കായിക കർമ്മസമിതിയാവാം.കലാപ്രസ്ഥാനങ്ങളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് ഇത് ഉപകരിക്കും.

12. തൃക്കോത്ത് ഗുഹയും ക്ഷേത്രവും പുരാവസ്തുഗവേഷകരെക്കൊണ്ട് ഏറ്റെടുപ്പിക്കണം.

13. സ്കൂൾ സാഹിത്യ സമാജങ്ങളെ കാര്യക്ഷമമാക്കാൻ മാർഗനിർദ്ദേശം കൊടുക്കാം.

14. ഹൈസ്കൂൾ മൈതാനം ഓപ്പൺ തീയറ്റർ കം സ്റ്റേഡിയമാക്കി മാറ്റണം. ഷോപ്പിംഗ് കോംപ്ലക്സ് സാധ്യതകൂടി പരിശോധിക്കപ്പെടണം.

15. ഇടക്കേപ്പുറത്ത് പഞ്ചായത്ത് മൈതാനിയുടെ സ്ഥലം വികസിപ്പിക്കുന്നത് ആലോചിക്കാം. സ്റ്റേജും, ഓഡിറ്റോറിയവും ഉണ്ടാക്കണം,

16. കായികപരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

17. ഗ്രന്ഥാലയങ്ങളിൽ റഫറൻസ് സൗകര്യം വർദ്ധിപ്പിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്യാം.

18 നാടൻകലകൾ പരിപോഷിപ്പിക്കാൻ സംവിധാനം.

9.സാംസ്കാരിക മുന്നേറ്റത്തിനുതകുന്ന പൊതുപരിപാടിക്ക് സാമ്പത്തിക സഹായം.

10. വനിതകളിൽ പുസ്തകവായനാശീലം വളർത്താൻ പഞ്ചായത്ത് തല പരിപാടികൾ ആസൂത്രണം ചെയ്യാം.

11. പഞ്ചായത്തിൽ ഒരു കലാ സാംസ്കാരിക കായിക കർമ്മസമിതിയാവാം.കലാപ്രസ്ഥാനങ്ങളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് ഇത് ഉപകരിക്കും.

12. തൃക്കോത്ത് ഗുഹയും ക്ഷേത്രവും പുരാവസ്തുഗവേഷകരെക്കൊണ്ട് ഏറ്റെടുപ്പിക്കണം.

13. സ്കൂൾ സാഹിത്യ സമാജങ്ങളെ കാര്യക്ഷമമാക്കാൻ മാർഗനിർദ്ദേശം കൊടുക്കാം.

14. ഹൈസ്കൂൾ മൈതാനം ഓപ്പൺ തീയറ്റർ കം സ്റ്റേഡിയമാക്കി മാറ്റണം. ഷോപ്പിംഗ് കോംപ്ലക്സ് സാധ്യതകൂടി പരിശോധിക്കപ്പെടണം.

15. ഇടക്കേപ്പുറത്ത് പഞ്ചായത്ത് മൈതാനിയുടെ സ്ഥലം വികസിപ്പിക്കുന്നത് ആലോചിക്കാം. സ്റ്റേജും, ഓഡിറ്റോറിയവും ഉണ്ടാക്കണം,

16. കായികപരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

17. ഗ്രന്ഥാലയങ്ങളിൽ റഫറൻസ് സൗകര്യം വർദ്ധിപ്പിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്യാം.

18 നാടൻകലകൾ പരിപോഷിപ്പിക്കാൻ സംവിധാനം.

വനിതാ ക്ഷേമം

സമൂഹത്തിലെ എല്ലാ ദുരിതങ്ങളും ഏറ്റവും കൂടുതൽ സഹിക്കേണ്ടി വരുന്നത് സ്ത്രീകളാണ്. സാമൂഹ്യപരവും, ആചാരപരവും, കുടുംബപരവുമായ കെട്ടുപാടുകളാൽ എന്നും വരിഞ്ഞു മുറുക്കപ്പെട്ടവർ സ്ത്രീ സമൂഹമാണ്. അതുകൊണ്ടുതന്നെ നമ്മുടെ പൂർവ്വകാലത്ത് ഇവരുടെ ജീവിതം അടിമതുല്യമായിരുന്നു എന്നു വിശേഷിപ്പിക്കുന്നതിൽ തെറ്റുണ്ടാവില്ല. പണ്ട് കാലത്ത് സ്ത്രീകൾക്ക് വിദ്യ അഭ്യസിക്കാനും, മേൽവസ്ത്രം ധരിക്കാൻ പോലും അവകാശമുണ്ടായിരുന്നില്ല. ശൈശവ വിവാഹം, സമൂഹ്യമായ ഉച്ച നീചത്വം തുടങ്ങിയവ കൊടികുത്തിവാണിരുന്നു. അന്ന് സ്ത്രീകളുടെ പ്രധാനതൊഴിൽ കാർഷിക വൃത്തിയായിരുന്നെങ്കിലും കൂലി തുച്ഛമായിരുന്നു. അതും നെല്ലാണ് കൂലി രോഗം വന്നാൽ കാര്യമായ ചികിത്സ നടത്താൻ സാധിക്കാറില്ല. അതുകൊണ്ടുതന്നെ സ്ത്രീകളിലെ മരണനിരക്ക് കൂടുതലായിരുന്നു. വീട്ടു വേല ചെയ്തും മറ്റും ഉപജീവനം കഴിയ്ക്കുക എന്ന ദയനീയ സ്ഥിതി അക്കാലത്ത് വ്യാപകമായിരുന്നു.

എല്ലാ രംഗത്തു നിന്നും പുറന്തള്ളപ്പെട്ടുകൊണ്ടിരുന്ന സ്ത്രീകളുടെ ഇടയിൽ പുരോഗമന കർഷകപ്രസ്ഥാനങ്ങളുടെ ആവിർഭാവത്തോടെ ഉണർവുണ്ടായി. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യുവാനുള്ള അവസരം കൈവന്നു. ജന്മിത്വ-നാടുവാഴിത്ത ദുഷ്ചെയ്തികളിൽ നിന്നും ക്രമേണ മോചിതരായി. പല ആചാരങ്ങളും തല്ലിക്കൊഴിക്കപ്പെട്ടു. എങ്കിലും സാമൂഹ്യമായ പദവിയിൽ പിന്നോക്കോമായിത്തന്നെ നിന്നു.

സ്വാതന്ത്ര്യ സമ്പാദനത്തിനു ശേഷം സ്ത്രീകളെ ഉദ്ധരിക്കാൻ ഒട്ടനവധി പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിരുന്നു. എങ്കിലും ഫലം വേണ്ടത്ര വന്നില്ല. ആ സന്ദർഭത്തിലാണ് സ്ത്രീകൾ സംഘടിച്ച് മഹിളാസമാജങ്ങൾ രൂപീകരിക്കാനും അതുവഴി സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും തയ്യാറായത്.

കണ്ണപുരം പഞ്ചായത്തിൽ ആദ്യമായി ഗോമസ് ടീച്ചറുടെ നേതൃത്വത്തിൽ അന്നപൂരണി മഹിളാസമാജം രൂപീകരിക്കപ്പെട്ടു. 1957 ൽ ശ്രീമതി N.S. തങ്കമ്മയുടെ നേതൃത്വത്തിൽ മഹിളാ സമാജം രൂപീകരിക്കപ്പെട്ടു. സൗജന്യ തുന്നൽ പരിശീലനം, സാക്ഷരതാ ക്ലാസ്, കലാപരിപാടികൾ തുടങ്ങിയവ 64ൽ രൂപീകരിക്കപ്പെട്ട കണ്ണപുരം മഹിളാസമാജത്തിന്റെ പ്രവർത്തനങ്ങളായിരുന്നു. വാർഷികാഘോഷം നടത്താനും "ഒത്തിരി മണ്ണും, ഇത്തിരി മനുഷ്യരും" എന്ന നാടകം പൊതു സ്റ്റേജിൽ അവതരിപ്പിക്കാനും അവർക്ക് കഴിഞ്ഞിരുന്നു.

1960കൾ ആദ്യത്തിൽ കീഴറയിലും ഒരു മഹിളാസമാജം രൂപീകരിച്ച് പ്രവർത്തിക്കുകയുണ്ടായി. ദേവി ടീച്ചറാണ് നേതൃത്വം കൊടുത്തിരുന്നത്. ദേശീയ മഹിളാസമാജം എന്ന പേരിൽ ബ്ലോക്ക് സഹായത്തോടെ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിരുന്നു. എങ്കിലും ഇത് തുടർന്ന് കൊണ്ടുപോകാൻ കഴിഞ്ഞില്ല.

കണ്ണപുരം മഹിളാസമാജത്തിന്റെ നേതൃത്വത്തിൽതന്നെ അന്നത്തെ പഞ്ചായത്ത് പ്രസിഡൻറ് പി.വി. കുഞ്ഞമ്പു മുൻകൈ എടുത്തുകൊണ്ട് കണ്ണപുരത്തിന്റെ വിവിധ ഭാഗങ്ങളിലായി പോഷ കാഹാര വിതരണകേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിന് വേണ്ടി 1961ൽ ബ്ലോക്ക് അടിസ്ഥാനത്തിൽ വനിതാ കുടിൽ വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചു.

ഈ കാലഘട്ടത്തിലാണ് സ്വതന്ത്രമായി പ്രവർത്തിക്കുന്ന സ്ത്രീ സംഘടനയ്ക്ക് കണ്ണപുരം പഞ്ചായത്തിൽ രൂപം കൊടുക്കുന്നത്. മുൻ എം.എൽ.എ ശ്രീമതി പി. ദേവൂട്ടിയും, ഇന്നത്തെ

പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി പി. ശ്രീമതിയുമാണ് ഇതിന് നേതൃത്വം കൊടുത്തത്. കപ്പളളി കല്യാണി, കപ്പച്ചേരികല്യാണി, എം.വി. കുഞ്ഞാതി, പി. കമലാക്ഷി, പി. ചീയ്യയ്ക്കുട്ടി, ശാരദ തുടങ്ങിയവരായിരുന്നു അന്നത്തെ പ്രവർത്തകർ.

മഹിളാ പ്രസ്ഥാനത്തിൻെറയും, സാമൂഹ്യ-രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തന ഫലമായി ഇന്ന് സ്ത്രീകൾ വിദ്യാഭ്യാസ രംഗത്തും സാമൂഹ്യ രംഗത്തും, തൊഴിൽ രംഗത്തും ഒരു പരിധിവരെ വളർച്ച നേടിയിട്ടുണ്ട്.

ചൈനാക്ലേ, ക്ലേ പോട്ട്, നൂൽനൂൽപ് കേന്ദ്രം, കയർ സൊസൈറ്റി, വനിതാ കൂടിൽ വ്യവസായ സഹകരണസംഘം, കൈത്തറി, ബീഡി തുടങ്ങിയ വ്യവസായ മേഖലകളിലും, മറ്റ് സഹകരണ-സർക്കാർ സർവീസ് മേഖലകളിലും സ്ത്രീകൾ ജോലി ചെയ്തു വരുന്നുണ്ട്. എങ്കിലും വേതനം ലഭ്യമാകുന്ന തൊഴിൽ മേഖലയിൽ ഇവർ ഭൂരിപക്ഷവും തൊഴിൽ രഹിതർ തന്നെയാണ്.

1989-90ൽ DWCRA പദ്ധതി പ്രകാരം വനിതാ നിറ്റിംഗ് വർക്സ് എന്ന പേരിൽ ഒരു തൊഴിൽ സ്ഥാപനം കണ്ണപുരത്ത് ആരംഭിച്ചിരുന്നെങ്കിലും ഇന്ന് അതിൻെറ പ്രവർത്തനം നിലച്ചിരിക്കുന്നു.

1991ലെ സെൻസസ് അനുസരിച്ച് മൊത്തം ജനസംഖ്യ 18158 ആണ്. ഇതിൽ 9744 പേർ സ്ത്രീകളാണ്. വികസനസർവെ-96 ലെ കണക്കനുസരിച്ച് 19304 ആകെയുണ്ട്. ഇതിൽ 10059 പേർ സ്ത്രീകളാണ്. 91ൽ 1000 പുരുഷന്മാർക്ക് 1158 സ്ത്രീ എന്ന തോതിലും 96ൽ ഇത് 1088ഉം ആണ്.

രോഗാതുരത കൂടുതൽ സ്ത്രീകളിലാണെന്ന് ആശുപത്രിയിൽ പോകുന്ന രോഗികളുടെ എണ്ണത്തിൽ നിന്നു മനസ്സിലാകുന്നു. അതോടൊപ്പം സ്ത്രീ സാക്ഷരത വർധിച്ചതിനാൽ ആരോഗ്യ ബോധവും വളർന്നിട്ടുണ്ട്. കുടുംബാസൂത്രണത്തെപ്പറ്റി ബോധവതിളാണ്. അംഗൻവാടികളിൽ വെച്ച് ഗർഭിണികൾക്കും കുട്ടികൾക്കും വേണ്ട രോഗ പ്രതിരോധകുത്തിവെപ്പ് നടത്തിവരുന്നുണ്ട്. അതു കൊണ്ടുതന്നെ ഗർഭിണികളുടെയും നവജാത ശിശുക്കളുടെയും മരണനിരക്ക് കുറഞ്ഞുവരുന്നതായും കാണാം.

മദ്യപാനത്തിൻെറ തോത് കുറഞ്ഞതിനാൽ പൊതുവെ വീടുകളിൽ ശാന്തതയുണ്ട്. ചിലരോഗങ്ങളിൽ സ്ത്രീധനത്തിൻെറ പേരിൽ കല്യാണം നടക്കാതെയും സ്ത്രീധന പീഡനം അനുഭവിച്ചവരും ഉണ്ട്. സ്ത്രീകളെ രോശമായി ചിത്രീകരിക്കുന്ന തരത്തിലുളള അശ്ലീല പോസ്റ്ററുകൾ വ്യാപകമായി പതിക്കുക, സ്ത്രീകളെ കടന്നാക്രമിക്കുക തുടങ്ങിയ തരത്തിലുളളതൊന്നും ഇല്ലെന്നു തന്നെ പറയാം.

കണ്ണപുരം പഞ്ചായത്തിൽ ആകെ 9 അംഗൻവാടികളും കൂടാതെ ഓരോന്നു വീതം ബാലവാടിയും, ശിശു മന്ദിരവും ബേബി ക്രഷെയും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ അംഗൻവാടികളിൽ കുട്ടിയുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ആവശ്യമായ കളികോപ്പുകളും കളിസ്ഥലവും ഇല്ല. അംഗൻ വാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും കാര്യമായി ബാധിക്കുന്നു. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നതിന് അവിടെത്തെ ജീവനക്കാർ വളരെ ശ്രദ്ധിക്കേണ്ടതുണ്ട്. എല്ലാ വാർഡിലും അംഗൻവാടികൾ സ്ഥാപിച്ച് സേവനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള ഓരോ അംഗൻവാടിയോടും അനുബന്ധമായി മഹിളാ സമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എങ്കിലും അവയുടെ പ്രവർത്തനം നിർജ്ജീവമാണ്. അതുകൊണ്ട് പഞ്ചായത്തിലെ മറ്റു സന്നദ്ധ പ്രവർത്തനങ്ങളെ പോലെതന്നെ മഹിളാസമാജം പ്രവർത്തനങ്ങളിലും സഹായ നിർദ്ദേശങ്ങൾ ഉണ്ടാകണം തൊഴിൽ പരിശീലനങ്ങളും കലാകായിക പരിശീലനങ്ങളും കലാപരിപാടികളും സംഘടിപ്പിച്ച് മഹിളാസമാജങ്ങളെ പ്രവർത്തന ക്ഷമമാക്കണം. അതുപോലെത്തന്നെ സ്ത്രീകളുടെ ഇടയിൽ ബോധവൽക്കരണം അത്യാവശ്യവുമാണ്.

വിദ്യാലയങ്ങളിൽ എണ്ണത്തിലും പഠനനിലവാരത്തിലും പെൺകുട്ടികൾ തന്നെയാണ് മുൻനിരയിൽ. സാങ്കേതിക വിദ്യാഭ്യാസമൊഴികെ മറ്റു വിദ്യാഭ്യാസ കാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരോടൊപ്പമാണ്. സ്ത്രീകൾ വിദ്യാഭ്യാസത്തിൽ മുൻപിൽ ആണെങ്കിലും തൊഴിൽ മേഖലയിൽ പങ്കാളിത്തം കുറവാണ്- സ്ത്രീകളുടെ തൊഴിൽ മേഖല പ്രധാനമായും കൃഷി കെട്ടിട നിർമ്മാണം എന്നിവയാണ്. കൃഷിമേഖലയിൽ കൂലിനിരക്ക് കുറവായത് കാരണം തൊഴിലാളികൾ കെട്ടിട നിർമ്മാണ രംഗത്തേക്ക് മാറിവരുന്ന പതിവുണ്ട്.

കൂലി നിരക്ക്

ഇനം	ആൺ (രൂപാ)	പെൺ (രൂപ)
കൃഷി	100	35
കെട്ടിടനിർമ്മാണം	120	50

നെയ്ത്ത്, ബീഡി, കളിമൺ എന്നിവ ഒഴികെയുള്ള തൊഴിൽ മേഖലകളിൽ പുരുഷന്മാരെക്കാൾ കൂലിക്കുറവ് സ്ത്രീകൾക്കാണ്.

പ്രശ്നങ്ങൾ

1. സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ രൂക്ഷമാണ്.
2. തൊഴിൽ രംഗത്ത് പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലിക്കുറവ്
3. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം കുറവ്
4. വനിതാ ക്ഷേമത്തിനായുള്ള സർക്കാർ പദ്ധതികളെകുറിച്ച് സ്ത്രീകൾ അറിയുന്നില്ല.
5. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ നിരുത്സാഹപ്പെടുത്തുന്ന അവസ്ഥയുണ്ട്
6. പുരുഷന്മാരുടെ മദ്യപാനം മൂലം സ്ത്രീകൾ കഷ്ടപ്പെടുന്നുണ്ട്
7. അംഗൻവാടികളിൽ ആവശ്യമായി സൗകര്യങ്ങൾ ഇല്ല.
8. മഹിളാ സമാജങ്ങൾ പ്രവർത്തനക്ഷമമല്ല.
9. മഹിളകളുടെ നേതൃത്വപാടവം വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനം വളരെ കുറവാണ്.
10. സ്ത്രീധന സമ്പ്രദായം പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലുണ്ട്.

സാധ്യതകൾ

1. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വനിതകൾക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കുക.
2. വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
3. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റുകൾ കണ്ടെത്തുക.
4. സ്ത്രീകളിൽ വായനാശീലം വളർത്തുന്നതിന് ബോധവൽക്കരണ പദ്ധതി ആവിഷ്ക്കരിക്കുക.
5. അംഗൻ വാടികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
6. അംഗൻ വാടികളുടെ സൗജന്യ വൈദ്യുതീകരണം നടത്തുക.
7. മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
8. കുടുംബക്ഷേമത്തിലെ ആതുരശുശ്രൂഷരംഗം മെച്ചപ്പെടുത്തുക.
9. അർഹതയുള്ള മുഴുവൻ വിധവകൾക്കും പെൻഷൻ ലഭ്യമാക്കുക.
10. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി സ്ത്രീകൾക്ക് തൊഴിൽ അവസരം ഉറപ്പ് വരുത്തുക.
11. കലാകായിക വാസനകൾ പ്രോത്സാഹിപ്പിക്കുക.
12. വ്യാജ മദ്യവിൽപന കർശനമായും തടയുക.
13. സ്ത്രീകളെ പൊതുരംഗത്ത് കൊണ്ടുവരുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുക.

സഹകരണം

കണ്ണപുരം പഞ്ചായത്തിന്റെ സഹകരണചരിത്രം ആരംഭിക്കുന്നത് 1929 ലാണ്. 4-8-1929ൽ ആണ് കണ്ണപുരം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചെറുകുന്ന് ഗവൺമെന്റ് ഹൈസ്ക്കൂൾ സഹകരണ സംഘം [No. F - 912] രജിസ്റ്റർ ചെയ്തത്. പ്രസ്തുത സംഘം 4-10-'29ൽ പ്രവർത്തനം ആരംഭിച്ചു. തൃപ്തികരമായ നിലയിൽ അല്ലെങ്കിലും ഇപ്പോഴും ഈ സംഘം പ്രവർത്തിച്ചു വരുന്നു.

തുടർന്ന് 1935-36 കാലഘട്ടത്തിൽ ശ്രീ. കുന്നുമ്മൽ വീട്ടിൽ ബാലകൃഷ്ണൻ എന്നവരുടെ നേതൃത്വത്തിൽ ചുണ്ട കേന്ദ്രീകരിച്ച് നെയ്ത്തു തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു നെയ്ത്തുതൊഴിലാളി സഹകരണ സംഘം രൂപീകരിക്കപ്പെട്ടു. സഹകരണ തത്വങ്ങളെക്കുറിച്ചോ, സഹകരണ പ്രസ്ഥാനത്തെക്കുറിച്ചോ, വേണ്ടത്ര അവബോധമില്ലാതെ രൂപീകരിച്ച് പ്രവർത്തനം നടത്തിയ സംഘം ഉദ്ദേശ ലക്ഷ്യങ്ങൾ സാധിക്കാതെ നിലച്ചുപോവുകയാണ് ഉണ്ടായത്.

1947ൽ ആരംഭിച്ച കണ്ണപുരം ചക്കര ഉൽപാദക സഹകരണസംഘമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സംഘടിത സഹകരണ സംഘം. ഈ കാലഘട്ടത്തിൽ മദ്രാസ് സംസ്ഥാനത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീമാൻ ഓമന്നൂർ രാമസ്വാമി റെഡ്യാർ മദ്യനിരോധനം ഏർപ്പെടുത്തിയതിന്റെ ഫലമായി ഈ പ്രദേശത്തെ ധാരാളം ചെത്തു തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടായി. ഇങ്ങനെ അവരുടെ ഉപജീവനത്തിന് മാർഗമില്ലാതെ വന്ന സാഹചര്യത്തിൽ ഈ കുടുംബങ്ങളെ സംരക്ഷിക്കുക എന്നത് ഒരു സാമൂഹ്യ ബാദ്ധ്യതയായി മാറി. ഈ പശ്ചാത്തലത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം മുൻകൈ എടുത്താണ് മേൽപറഞ്ഞ സംഘം രൂപികരിച്ചത്. കളള് ഉപയോഗിച്ച് ചക്കരയുണ്ടാക്കി വിപണനം നടത്തുക വഴി ചെത്തു തൊഴിലാളികളെ പുനരധിവസിപ്പിക്കുകയായിരുന്നു സംഘത്തിന്റെ ലക്ഷ്യം. മദ്യനിരോധനം പിൻവലിക്കപ്പെട്ടപ്പോൾ സ്ഥാപിത ലക്ഷ്യത്തിന്റെ പ്രസക്തി നഷ്ടപ്പെടുകയും സംഘം പുതിയ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തു. കുമ്മായ നിർമ്മാണം എന്ന നാമമാത്രപ്രവർത്തനവുമായി ഈ സംഘം ഇന്നും നിലനിൽക്കുന്നു.

1956-58 കാലഘട്ടത്തിൽ സഹകരണ രംഗത്തുണ്ടായ നവോൻമേഷം കണ്ണപുരം പഞ്ചായത്തിലും ചലനങ്ങൾ സൃഷ്ടിച്ചു. കണ്ണപുരം ഐക്യനാണയ സഹകരണസംഘം [11-9-1956], കണ്ണപുരം വീവേഴ്സ് കോ-ഓപ്പ: സൊസൈറ്റി [13-5-1958] കണ്ണപുരം ക്ലേ-പോട്ട് വർക്കേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി [3-9-1958] എന്നിവ ഈ കാലഘട്ടത്തിന്റെ സന്തതികളാണ്.

ഇതിനു ശേഷം 1971-ൽ കണ്ണപുരം ക്ഷീരവ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്യപ്പെടുന്നതുവരെ മറ്റ് സംഘങ്ങൾ ഒന്നും പഞ്ചായത്തിൽ രൂപീകരിച്ചിരുന്നില്ല. അതിനിടയിൽ ബാങ്കിംഗ് രംഗത്ത് പഞ്ചായത്തിലെ ആദ്യസ്ഥാപനം എന്ന നിലയിൽ, 1960ൽ മാടായി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിന്റെ ഒരു ശാഖ കണ്ണപുരത്ത് പ്രവർത്തനമാരംഭിച്ചിരുന്നു. 1975ൽ കണ്ണപുരം പഞ്ചായത്ത് കൺസ്യൂമർ സ്റ്റോറും, 1978ൽ കണ്ണപുരം ബേയ്ക്കറി വർക്കേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റിയും പ്രവർത്തിച്ചു തുടങ്ങി. 1977ൽ കണ്ണപുരം വീവേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി (തൃക്കോത്ത്) എന്ന സംഘം രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും അതിന്റെ പ്രവർത്തനം ആരംഭിച്ചത് 1995ൽ മാത്രമാണ്. പഞ്ചായത്തിൽ വികസനരംഗത്ത് പിന്നോക്കം നിൽക്കുന്ന അയ്യോത്ത് കേന്ദ്രീകരിച്ച് 1980ൽ ഒരു കയർ വ്യവസായ സഹകരണസംഘം [illegible] ചു.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ക്രഡിറ്റ് മേഖലയിൽ ഒരു സഹകരണ ബാങ്കും, [illegible] സഹകരണബാങ്ക്, മാടായി കോ-ഓപ്പറേഷൻ റൂറൽ ബാങ്ക് എന്നിവയുടെ ഓരോ [illegible]ഉം, ഒരു

വനിതാ സഹകരണസംഘവും പ്രവർത്തിക്കുന്നു. കൺസ്യൂമർ മേഖലയിൽ മൂന്ന് സ്കൂൾ സംഘങ്ങളും, ഒരു എംപ്ലോയീസ് സ്റ്റോറും, ഒരു ഉപഭോക്തൃ സംഘവും അടക്കം അഞ്ച് സംഘങ്ങൾ നിലവിലുണ്ട്.

വ്യവസായ മേഖലയിൽ ഒരു വനിതാ കുടിൽ വ്യവസായ സഹകരണ സംഘവും, ഒരു പട്ടിക ജാതി-പട്ടികവർഗ സംഘവും ഉൾപ്പെടെ ഏഴ് സംഘങ്ങളും; ദിനേശ് ബീഡി സംഘത്തിന്റെ ഒരു ബ്രാഞ്ചും പ്രവർത്തിക്കുന്നുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ക്ഷീര സഹകരണസംഘവും പഞ്ചായത്തിലുണ്ട്. അടുത്തകാലത്ത് ഒരു പഴം-പച്ചക്കറി വിപണന സംഘവും പ്രവർത്തിച്ചു വരുന്നുണ്ട്.

എണ്ണയാട്ട് പരസ്പര സഹായ സഹകരണസംഘം, തളിപ്പറമ്പ് ബ്ലോക്ക് കോഴി വളർത്തൽ സഹകരണസംഘം, പഞ്ചായത്ത് സെറികൾച്ചർ സഹകരണസംഘം എന്നീ സ്ഥാപനങ്ങൾ കൂടി പഞ്ചായത്ത് ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്നുവെങ്കിലും ഇന്ന് അവ നിശ്ചലമാണ്.

ക്രെഡിറ്റ് മേഖല

പട്ടിക I – ക്രെഡിറ്റ് മേഖലയിലെ സഹകരണസംഘങ്ങൾ

നമ്പർ	പേര്	രജിസ്റ്റർ ചെയ്ത വർഷം	അംഗങ്ങൾ			മൊത്ത മൂലധനം	പ്രവർത്തന മൂലധനം	വിറ്റുവരവ്	നിക്ഷേപം	വായ്പ	95-96ൽ വിതരണം ചെയ്ത വായ്പ	ജീവനക്കാർ		ലാഭനഷ്ടം
			പു.	സ്ത്രീ	ആകെ	മൂല്യം രൂപയിൽ						പു.	സ്ത്രീ	
1.	കണ്ണപുരം സർവ്വീസ്	1956	1589	2801	4390	18.040	400.00	14.586	379.072	330.100	345.953	10	3	ലാഭം
2.	കണ്ണപുരം വനിതാ സഹകരണ സംഘം	1992	–	347	347	0.305	0.785		6.562	3.600	–		1	നഷ്ടം
3.	മാടായി മേഖലാ കൺസ്യൂമർ സ്റ്റോർ ലിമിറ്റഡ്													

കണ്ണപുരം പഞ്ചായത്തിൽ ക്രെഡിറ്റ് രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരണം പട്ടിക I-ൽ കൊടുത്തിരിക്കുന്നു. ഇവയിൽ കണ്ണപുരം സർവ്വീസ് സഹകരണ ബാങ്കാണ് പ്രമുഖ സ്ഥാനത്തുള്ളത്. 1956ൽ ഐക്യനാണയ സംഘമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച് 9-10 -1979ൽ ബാങ്കായി ഉയർത്തപ്പെട്ടു. 26-8-85 മുതൽ കീഴറയിൽ ഒരു ബ്രാഞ്ച് കൂടി പ്രവർത്തനം ആരംഭിച്ചു. കാർഷിക സഹകരണ ബാങ്ക് എന്ന നിലയിൽ പ്രദേശത്തിന്റെ ആവശ്യാനുസരണം കാർഷിക വായ്പകളും, ഗ്രാമ്യകാല മദ്ധ്യകാല വായ്പകളും നൽകാൻ ബാങ്കിന് സാധിക്കുന്നില്ല. അതുപോലെ ചെറുകിട കച്ചവടക്കാരുടെയും, കൈത്തൊഴിലുകാരുടെയും, ഇതരതരക്കാരുടെയും ആവശ്യങ്ങൾ യഥാസമയം ആവശ്യത്തിനനുസരിച്ച് നൽകാൻ ബാങ്കിന് സാധിക്കുന്നില്ല. കാർഷിക-കാർഷികേതര രംഗങ്ങളിൽ വിവിധതരം വായ്പകൾ ബാങ്കിൽ നിന്നും നൽകിവരുന്നുണ്ട്. കണ്ണപുരം സർവ്വീസ് ബാങ്കിന്റെ കീഴിൽ ഒരു കൺസ്യൂമർ സ്റ്റോർ, മാസവളം വിൽപന ഡിപ്പോ, ഗൃഹോപകരണഷോറും എന്നീ വായ്പേതര പ്രവർത്തനങ്ങളും നടന്നുവരുന്നു.

മാടായി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിന്റെ ഒരു ബ്രാഞ്ചും, തില്ലാ സഹകരണബാങ്കിന്റെ ഒരു ബ്രാഞ്ചും, ഒരു വനിതാ സഹകരണസംഘവും ഈ പ്രദേശത്തെ ജനങ്ങളുടെ വായ്പാ ആവശ്യങ്ങൾ നിർവ്വഹിച്ചു വരുന്നു.

നോൺ ക്രെഡിറ്റ് മേഖല

ക്രമ നമ്പർ	പേര്	രജിസ്റ്റർ ചെയ്ത വർഷം	അംഗങ്ങൾ പു	അംഗങ്ങൾ സ്ത്രീ	അംഗങ്ങൾ ആകെ	പ്രവർത്തന മൂലധനം	പ്രവർത്തന മൂലധനം	വിറ്റുവരവ് (രൂപ ലക്ഷത്തിൽ)	സ്റ്റോക്കിലുള്ള വിറ്റുവരവ്	ജീവനക്കാർ പു	ജീവനക്കാർ സ്ത്രീ	ജീവനക്കാർ ആകെ	ലാഭം പു	ലാഭം സ്ത്രീ	ലാഭം ആകെ	ലാഭം/നഷ്ടം
1.	തളിപ്പറമ്പ് താലൂക്ക് വനിതാ കോപ്പറേറ്റീവ് സ്റ്റോർസ് സഹകരണസംഘം.	1960		345	345	0.116	0.206			-	2	2	-	4	4	നഷ്ടം.
2.	മണ്ടൂർ-പോട്ട "ഗ്രൂപ്പ് സർവ്വീസ് സോപ്പ് ഫാക്ടറിക്കൽ സൊസൈറ്റി.	1968	168	161	329	1.265	-	53.502		6	-	6	31	68	99	ലാഭം.
3.	മണ്ടൂർ പാട്ടിൽ ഖാദി കൈത്തറി സഹകരണസംഘം.	1979	25	43	68	0.233	-	0.423			1	1	2	1	3	നഷ്ടം.
4.	മണ്ടൂർ നീരൊഴുക്ക് കോ-ഓപ്. ഗ്രാഹ്യ സഹകരണസംഘം.	1958	504	78	582	9.095	23.212	29.744		3	-	3	23	20	43	നഷ്ടം
5.	മണ്ടൂർ "സഹോദരൻ"	1978	49	6	55	0.105	0.295	19.312		-	1	1	9	1	10	നഷ്ടം.
6.	നീരൊഴുക്ക് കോ-ഓപ് ഗ്രാഹ്യസഹകരണസംഘം, തളിപ്പറമ്പ്.	1977	-	-	116	2.852	2.740	16.350		1	-	1	-	-	31	നഷ്ടം.
7.	മണ്ടൂർ തൊഴിലുറപ്പു സഹകരണ സംഘം, തളിപ്പറമ്പ്.	1980	181	355	536	4.502	-	3.101		1	1	2	6	44	50	-
8.	മണ്ടൂർ മിനി വ്യവസായ സഹകരണ സംഘം.	1971	487	123	610	0.307	2.670	52.983	0.964	17	1	18				ലാഭം.
9.	മണ്ടൂർ മിനി ഉൽപാദക സഹകരണസംഘം.	1947	-	-	182	0.023	-	0.841	-	1	-	1	2	-	2	ലാഭം.
10.	മണ്ടൂർ പാണ്ഡാനസ് ഉൽപ്പാദന സഹകരണസംഘം.	1975	138	232	370	1.754	4.409	26.820		3	1	4	-	-	-	ലാഭം.
11.	മോറിയൻ GBHS സ്റ്റോർ.	1929	-	-	-	0.111	0.176									നഷ്ടം.
12.	മോറിയൻ GBVHSS സ്റ്റോർ.	1989	-	-	-	-	-	0.639		-	-	-	-	-	-	ലാഭം.
13.	മോറിയൻ GBLPS സ്റ്റോർസ്.															
14.	മണ്ടൂർ പുഴ-പാലക്കൽ വിപണന സഹകരണസംഘം.															
15.	മണ്ടൂർ തൊഴിലാളി ട്രേഡേഴ്സ് സഹകരണ സംഘം ലിമിറ്റഡ്.												42	10	52	

വ്യവസായ സഹകരണസംഘങ്ങൾ

കൈത്തറി രംഗത്ത് കഴിഞ്ഞ 35 വർഷക്കാലമായി പ്രവർത്തിക്കുന്ന കണ്ണപുരം വീവേഴ്സ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. സംഘത്തിന്റെ ഉൽപാദനശേഷിയുടെ 40% മാത്രമാണ് ഇപ്പോൾ ഉപയോഗിച്ചു വരുന്നത്. സാമ്പത്തിക മാനേജ്മെന്റിന്റെ അഭാവം, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാത്തത്. തുടങ്ങിയ ഒട്ടനവധി പ്രശ്നങ്ങൾ ഇതിന്റെ ശോചനീയാവസ്ഥ കാരണങ്ങളാണ്.

അടുത്തകാലത്ത് ഉൽപാദനം ആരംഭിച്ച മറ്റൊരു സ്ഥാപനം തൃക്കോത്ത് വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ് സൊസൈറ്റിയാണ്. ഇത് സാമാന്യം നല്ലരീതിയിൽ തന്നെ പ്രവർത്തിച്ചു വരുന്നു.

ഹരിജൻ-ഗിരിജൻ രംഗത്ത് പ്രവർത്തിക്കുന്ന ഏക സ്ഥാപനമാണ് കണ്ണപുരം പട്ടികജാതി-പട്ടികവർഗ കരകൗശല സഹകരണ സംഘം. സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന ഈ സ്ഥാപനത്തെ വൈവിധ്യവൽക്കരണത്തിലൂടെ മാത്രമേ രക്ഷപ്പെടുത്താൻ സാധിക്കുകയുള്ളു. ഇന്നത്തെ ഇതിന്റെ പ്രവർത്തനമായ കൊട്ടനിർമ്മാണം, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവും, തൊഴിലാളികളുടെ അഭാവവും നിമിത്തം പ്രതിസന്ധിയിലാണ്. സർക്കാർ ആനുകൂല്യങ്ങൾ യഥാവിധി ഉപയോഗപ്പെടുത്തുന്നതിന് സംഘത്തിന് സാധിച്ചിട്ടില്ല.

1960 കളിൽ തന്നെ വനിതാരംഗത്ത് കൂടിൽ വ്യവസായം പരിപോഷിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി തളിപ്പറമ്പ് ബ്ലോക്ക് കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ച വനിതാ കൂടിൽ വ്യവസായ സഹകരണസംഘം ഇന്ന് തുന്നൽ പരിശീലനവും കസേര മെടയലും മാത്രമായി ഒതുങ്ങി നിൽക്കുന്നു. പ്രവർത്തന ഫണ്ടിന്റെ അഭാവം, ഉൽപന്നങ്ങൾക്ക് മാർക്കറ്റ് ഇല്ലാത്ത അവസ്ഥ, അസംസ്കൃത സാധനങ്ങളുടെ വിലക്കയറ്റം എന്നിവ ഇതിന്റെ നല്ലരീതിയിലുള്ള പ്രവർത്തനത്തിന്റെ തടസ്സങ്ങളാണ്. ധാരാളം വനിതകൾ തയ്യൽ പരിശീലനം ലഭിച്ച് തൊഴിലില്ലാതെ നിൽക്കുന്ന സാഹചര്യത്തിൽ ഇവരെക്കൂടി ഉൾക്കൊള്ളാവുന്ന തരത്തിൽ ഇതിന്റെ പ്രവർത്തനം വിപുലീകരിക്കണം.

നമ്മുടെ പഞ്ചായത്തിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഒരു സ്ഥാപനമാണ് അയ്യോത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കയർ വ്യവസായ സഹകരണസംഘം. കയർ ഉൽപന്നങ്ങൾ നിർമ്മിക്കാൻ അനുമതി ഇല്ലാത്തത് ഈ സ്ഥാപനത്തിന്റെ നിലനിൽപിനെയും,വികസന സാദ്ധ്യതകളെയും പ്രതിസന്ധിയിലാക്കുന്നു.

ഓട്, ഇഷ്ടിക, കളിമൺ പാത്രങ്ങൾ എന്നിവ നിർമ്മിച്ച് വിപണനം നടത്തുന്ന സ്ഥാപനമാണ് മെറ്റമ്മൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കണ്ണപുരം ക്ലേ-പോട്ട് വർക്കേഴ്സ് സൊസൈറ്റി. കളിമൺ പാത്രങ്ങൾ നിർമ്മിച്ച് വിൽപന നടത്തുക എന്ന ഉദ്ദേശത്തോടെ 1958ൽ പ്രവർത്തനം ആരംഭിച്ചതാണ് ഈ സ്ഥാപനം. ഇന്ന് കളിമണ്ണ് കൊണ്ടുള്ള എല്ലാ ആധുനിക ഉൽപന്നങ്ങളും മാർക്കറ്റിൽ എത്തിക്കുന്നതിന് സാധിക്കുന്നുവെങ്കിലും വളരെയേറെ സങ്കീർണപ്രശ്നങ്ങൾ ഇതിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്നു. അസംസ്കൃത പദാർത്ഥമായ കളിമണ്ണിന്റെയും, വൈദ്യുതി, വിറക് എന്നിവയുടെയും ദൗർലഭ്യം സംഘത്തെ പ്രതിസന്ധിയിലാക്കുന്നുണ്ട്. തളിപ്പറമ്പ് ഉൾപ്പെടെ രണ്ട് ഉൽപ്പാദക യൂണിറ്റുകൾ ഉണ്ട്.

1978ൽ കണ്ണപുരം കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ച 'ബിസ്കോസ്' ബേക്കറി ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിൽപനയും നടത്തിവരുന്നു.

പഞ്ചായത്തിലെ ഏക പാൽ ഉൽപാദന-വിപണന സംഘമാണ് കണ്ണപുരം ക്ഷീര വ്യവസായ സഹകരണസംഘം. കണ്ണപുരം, ചെറുകുന്ന് പഞ്ചായത്തുകളിലായി 6 ഡിപ്പോകൾ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലെയും പാൽ ശേഖരിക്കുന്നതിനും വിൽപന നടത്തുന്നതിനും സംഘത്തിന് സാധിക്കേണ്ടതുണ്ട്. സംഘത്തിൽ പാൽ ബാക്കി വരുമ്പോൾ തന്നെ പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ പാൽ എത്താത്ത സ്ഥിതിയുമുണ്ട്.

ഉപഭോക്തൃ സഹകരണസംഘങ്ങൾ:

ഒരു എംപ്ലോയീസ് സംഘവും, ഒരു പഴം-പച്ചക്കറി സഹകരണസംഘവും അടക്കം 3 സംഘങ്ങൾ ഈ രംഗത്ത് ഉണ്ട്. കണ്ണപുരം പഞ്ചായത്ത് ഉപഭോക്തൃ സഹകരണ സംഘത്തിന്റെ

കിഴിൽ, കീഴറയിലും ചെറുകുന്നിലുമായി രണ്ട് സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനൊപ്പം, പഴം - പച്ചക്കറിസംഘത്തിനേറയും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. കളിമൺ സംഘവുമായി ബന്ധപ്പെട്ട എംപ്ലോയീസ് സ്റ്റോർ ഇതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

സ്കൂൾ സഹകരണസംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഈ രംഘത്ത് പ്രവർത്തിക്കുന്ന 3 സംഘങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക IIൽ കാണാം. ടെക്സ്റ്റ് ബുക്കുകൾ വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുക എന്നതിലുപരി മറ്റു പ്രവർത്തനങ്ങൾ ഒന്നും തന്നെ ഇപ്പോൾ നടക്കുന്നില്ല. കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങളുമായി ബന്ധപ്പെട്ട എല്ലാ സാധന സാമഗ്രികളും ഈ സ്റ്റോറുകൾ വഴി വിപണനം നടത്താൻ കഴിഞ്ഞാൽ സ്വാകാര്യ കച്ചവടക്കാരുടെ വലിയ ചൂഷണത്തിൽ നിന്നും ഒരു പരിധി വരെ കുട്ടികളെയും രക്ഷിതാക്കളെയും രക്ഷിക്കാൻ സാധിക്കും. അതു പോലെ തന്നെ നോട്ടു ബുക്ക് നിർമ്മാണം സംഘം മുഖേന നടത്താവുന്നതാണ്.

പ്രവർത്തിക്കാത്ത സംഘങ്ങൾ:

1. കണ്ണപുരം പഞ്ചായത്ത് സെറികൾച്ചർ സഹകരണസംഘം.
2. തളിപ്പറമ്പ് ബ്ലോക്ക് കോഴി വളർത്തൽ സഹകരണസംഘം.
3. എണ്ണയാട്ട് പരസ്പര സഹായ സഹകരണസംഘം.

പ്രശ്നങ്ങൾ, സാധ്യതകൾ

I ക്രെഡിറ്റ് മേഖല-പ്രശ്നങ്ങൾ

1. സമാന സ്വഭാവമുള്ള സംഘങ്ങൾ തമ്മിലുള്ള മത്സരം.
2. സർവ്വീസ് സഹകരണ ബാങ്കുകൾക്ക് NRE അക്കൗണ്ട് തുടങ്ങാനുള്ള അനുമതി ഇല്ലായ്മ.
3. വിവിധതരം വായ്പകളെക്കുറിച്ച് വിവരം നൽകാനുള്ള സംവിധാനം ഇല്ലായ്മ.
4. കാർഷിക വായ്പകൾ യഥാസമയം നൽകാതിരിക്കലും, അതിനൊപ്പം ദുരുപയോഗവും.
5. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പര്യാപ്തമായ തോതിൽ വായ്പ ലഭ്യമല്ലാത്ത അവസ്ഥ.

സാധ്യതകൾ

1. സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തന പരിധിയിൽ സമാനസ്വഭാവമുള്ള സംഘങ്ങൾ ശാഖകൾ തുറക്കുന്ന പ്രവണത നിരുൽസാഹപ്പെടുത്തണം.
2. NRE അക്കൗണ്ട് സൗകര്യം ഉള്ള പൊതുമേഖലാ ബാങ്കുകൾ നമ്മുടെ പ്രദേശത്തിന് സഹായകമായ രീതിയിൽ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നില്ല. പഞ്ചായത്തിൽ ഉള്ള നിരവധി ആളുകൾ വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. അവരുടെ നിക്ഷേപങ്ങൾ സർവ്വീസ് ബാങ്കുകളിൽ സ്വരൂപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.
3. വായ്പകൾ സംബന്ധിച്ച വിവരം, ബാങ്കിന്റെ പ്രവർത്തന പരിധിയിൽ യഥാസമയം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.
4. കാർഷിക വായ്പകൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നില്ല എന്ന് ഉറപ്പ് വരുത്താനുള്ള സംവിധാനം ഉണ്ടാകണം.
5. ചുരുങ്ങിയ പലിശ നിരക്കിലും, ഉദാരവ്യവസ്ഥയിലും, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

II വ്യവസായ സഹകരണ സംഘങ്ങൾ

കണ്ണപുരം വീവേഴ്സ് സൊസൈറ്റി- പ്രശ്നങ്ങൾ

1. സാമ്പത്തിക പ്രതിസന്ധി - മാരിച്ച കടം തീർക്കാൻ കഴിയാത്ത അവസ്ഥ.
2. നിലവിലുള്ള തറികൾ മുഴുവൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തൊഴിലാളികളുടെ അഭാവം.
3. ഡൈ ഹൗസിൽ ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം.
4. റിബേറ്റ് തുക യഥാസമയം ലഭിക്കാത്ത അവസ്ഥ.
5. പിരിഞ്ഞു പോകുന്ന തൊഴിലാളികൾക്കും, ജീവനക്കാർക്കും ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാത്തതിനാൽ സംഘത്തിന്റെ വിശ്വാസ്യത തകരുന്നു.
6. അസംസ്കൃത പദാർത്ഥങ്ങളുടെ അമിതമായ വിലക്കയറ്റം.

സാധ്യതകൾ

1. ഗവൺമെൻറ് ഷെയർ വർദ്ധിപ്പിക്കുക.
2. നൂൽ, ചായം എന്നിവ വാങ്ങുന്നതിന് ഹ്രസ്വകാല വായ്പകൾ നൽകുന്നതിന് അപ്പക്സ് സംഘങ്ങൾ തയ്യാറാവുക.
3. പുതിയ തൊഴിലാളികൾക്ക് പരിശീലനം നൽകുക, പരിശീലനം നേടുന്ന തൊഴിലാളികളെ നിലനിർത്താൻ എഗ്രിമെൻറ് ഉണ്ടാക്കുക.
4. ഡൈ ഹൗസിൽ ആവശ്യമായ തൊഴിലാളികളെ നിയമിക്കുക.
5. ഉൽസവ സമയങ്ങളിൽ പ്രത്യേക റിഡക്ഷൻ അനുവദിച്ച് പഴയ സ്റ്റോക്ക് വിൽപന നടത്താൻ സംവിധാനം ഉണ്ടാക്കുക, ഇങ്ങനെ ലഭിക്കുന്ന തുകയുടെ ഒരു ഭാഗം ഗ്രാറ്റുവിറ്റി വിതരണം ചെയ്യുന്നതിനു വേണ്ടി ഉപയോഗിക്കാവുന്നതാണ്.
6. മുഴുവൻ തറികളും എത്രയും പെട്ടെന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
7. റിബേറ്റ് തുക യഥാ സമയം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.

കണ്ണപുരം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ് സൊസൈറ്റി-തൃക്കോത്ത്.

അടുത്ത കാലത്ത് പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന് സ്വന്തമായി ഡൈ ഹൗസ് ഇല്ല. ഇത് സ്ഥാപിച്ച് സംഘത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണം.

കണ്ണപുരം ക്ലേ-പോട്ട് സൊസൈറ്റി - പ്രശ്നങ്ങൾ

1. കളിമണ്ണ്, വിറക്, മണ്ണെണ്ണ എന്നീ അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നതിനുള്ള പ്രയാസം.
2. വൈദ്യുതിയുടെ ദൗർലഭ്യം.

സാധ്യതകൾ

1. ക്ലേ ഫീൽഡ് വ്യാവസായിക ആവശ്യത്തിനുവേണ്ടി മാറ്റിയിടുകയും, മണ്ണ് എടുക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുകയും ചെയ്യുക.
2. ആവശ്യമായ വിറക് കൊണ്ടുവരുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

3. രണ്ടു വർഷം മുമ്പ് നിർത്തലാക്കിയ വ്യവസായിക സ്ഥാപനങ്ങൾക്കുള്ള മണ്ണെണ്ണ പെർമിറ്റ് പുന:സ്ഥാപിക്കുകയും അടുത്തുള്ള പൊതുവിതരണ കേന്ദ്രം വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

4. ജനറേറ്റർ വാങ്ങുന്നതിന് സബ്സിഡി നിരക്കിൽ ഖാദിബോർഡിൽ നിന്നും ലോൺ അനുവദിക്കുക.

കയർ വ്യവസായ സഹകരണ സംഘം പ്രശ്നങ്ങൾ

1. മാർക്കറ്റിംഗ് പ്രയാസം.
2. വൈദ്യുതിയുടെ ദൗർലഭ്യം.
3. വൈവിധ്യവൽക്കരണത്തിനുള്ള സാങ്കേതിക തടസ്സം.

സാധ്യതകൾ

1. സംഘത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ചൂടി വാങ്ങുവാൻ കയർഫെഡ് സംവിധാനം ഉണ്ടാക്കുക.

2. കയർ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക തടസ്സം നീക്കാനുള്ള സംവിധാനം ഉണ്ടാവണം.

3. പ്രാദേശിക ആവശ്യങ്ങൾക്കുള്ള ഉൽപന്നം നിർമ്മിച്ച് ആഭ്യന്തരവിപണി സജീവമാക്കുക.

4. വൈദ്യുതി പ്രശ്നം പരിഹരിക്കാൻ ജനറേറ്റർ ലഭ്യമാക്കണം.

പട്ടികജാതിവർഗ കരകൗശല സഹകരണ സംഘം പ്രശ്നങ്ങൾ.

1. അസംസ്കൃത പദാർത്ഥങ്ങളായ ഓട, മുള എന്നിവയുടെ ലഭ്യതക്കുറവ്.

2. പരിശീലനം ലഭിച്ച തൊഴിലാളികളുടെ അഭാവം.

സാധ്യതകൾ

1. അസംസ്കൃത സാധനങ്ങൾ കൊണ്ടുവരുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിൽ നിന്നും പാസ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

2. മേന്തരം അസംസ്കൃത സാധനങ്ങൾ ബാമ്പൂ കോർപറേഷൻ മുഖേന സൗജന്യ നിരക്കിൽ എത്തിക്കാൻ നടപടി സ്വീകരിക്കണം.

3. തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കാൻ സംവിധാനം.

4. വൈവിദ്ധ്യവൽക്കരണത്തിനുള്ള സാദ്ധ്യതകൾ പരിശോധിക്കുക.

ക്ഷീര വ്യവസായ സഹകരണസംഘംപ്രശ്നങ്ങൾ

1. കന്നുകാലി വളർത്തൽ മേഖലയിൽ പുതിയ തലമുറ ആകർഷിക്കപ്പെടാത്ത അവസ്ഥ.

2. കാലി വളർത്തൽ ലാഭകരമല്ല.

3. ഉൽപാദന ചിലവിലുണ്ടാകുന്ന വർദ്ധനവ്.

സാധ്യതകൾ

1. പശുക്കളെ വാങ്ങുന്നതിനും, കാലിത്തീറ്റക്കും സബ്സിഡി ഏർപ്പെടുത്തുക.

2. പാൽ ഉൽപാദകർക്ക് ക്ഷേമനിധി പെൻഷൻ ഏർപ്പെടുത്തണം.

3. കന്നുകാലികൾക്ക് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുക.

4. മാതൃകാ ഡയറി യൂണിറ്റ് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഏറ്റെടുക്കുക.
5. കന്നുകുട്ടികൾക്ക് DRDA പ്രകാരം കൊടുക്കുന്ന സബ്സിഡി വർഷത്തിൽ രണ്ടു തവണ കൊടുക്കുക.
6. പാൽ ഉൽപന്ന യൂണിറ്റ് നടപ്പിൽ വരുത്തുക.

കൺസ്യൂമർ മേഖല പ്രശ്നങ്ങൾ

1. സെൽഫ് സർവ്വീസ് സെന്ററർ തുടങ്ങാനുള്ള സ്ഥല സൗകര്യത്തിന്റെ കുറവ്.
2. ഉപഭോക്താക്കൾക്ക് ആവശ്യമായ സാധനങ്ങൾ എല്ലാം കൊടുക്കാൻ സാധിക്കുന്നില്ല.
3. ജനങ്ങളുടെ പങ്കാളിത്തക്കുറവ്.
4. സർക്കാർ ഏജൻസികളിൽ നിന്നും ലഭിക്കുന്ന സാധനങ്ങളുടെ മാർജിൻ കുറവ്.

സാധ്യതകൾ

1. ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സംഘങ്ങളിലെ മെമ്പർഷിപ്പ് വിപുലപ്പെടുത്തണം.
2. വിറ്റുവരവിനെ അടിസ്ഥാനപ്പെടുത്തി ഇൻസന്റീവ് ഏർപ്പെടുത്തുക.
3. സെൽഫ് സർവ്വീസ് വിഭാഗം ആരംഭിക്കാൻ പഞ്ചായത്ത് സ്ഥലം അനുവദിക്കുക.
4. ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.
5. കണ്ണപുരം സർവ്വീസ് സഹകരണബാങ്കിന്റെ സ്റ്റോർ സ്വയം സേവന ഡിപ്പോ ആയി ഉയർത്തുക.
6. എംപ്ലോയീസ് സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക

സ്കൂൾ സ്റ്റോറുകൾ- പ്രശ്നങ്ങൾ

1. ടെക്സ്റ്റ് ബുക്കുകൾ മാത്രം വിൽപന നടത്തുന്നു.
2. ബുക്കുകൾ വാങ്ങുന്നതിന് ലോണിന്റെ അഭാവം.
3. പെട്ടെന്ന് ടെക്സ്റ്റ് ബുക്കുകൾ മാറുന്ന അവസ്ഥ.
4. സ്ഥിരം ജീവനക്കാരെ നിർത്താനുള്ള സാഹചര്യം ഇല്ലായ്മ.

സാധ്യതകൾ

1. മൂന്ന് സ്കൂൾ സ്റ്റോറുകളും സംയോജിപ്പിച്ച് ഒരു സ്റ്റോർ ആക്കി ചെറുകുന്ന് കേന്ദ്രീകരിച്ച് പ്രവർത്തിക്കുക.
2. ലോൺ പരിധി വർദ്ധിപ്പിക്കുക.
3. ടെക്സ്റ്റ് ബുക്കുകൾ മാറുന്നത് ഒരു വർഷം മുമ്പെ അറിയിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
4. ടെക്സ്റ്റ് ബുക്കുകൾക്ക് പുറമെ വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ സാധനങ്ങളും വതരണം ചെയ്യുക.
5. സ്ഥിരം ജീവനക്കാരെ നിയമിക്കുക.

6. നോട്ടുബുക്കുകൾ നിർമ്മിച്ച് വിതരണം ചെയ്യാനുള്ള സാദ്ധ്യത ആരായുക.

മറ്റ് നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ച് ലേബർ കോൺട്രാക്ട് സൊസൈറ്റി സ്ഥാപിക്കുക.
2. കാർപെൻററി മേഖലയിൽ സംഘം രൂപീകരിക്കുക.
3. പഴം-പച്ചക്കറി സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക.
4. ഗാർമെൻറ്സ് ഉൾപ്പെടെ തയ്യൽ മേഖലയിൽ പരിശീലന കേന്ദ്രം സഹകരണമേഖലയിൽ തുടങ്ങുക.
5. മത്സ്യത്തൊഴിലാളി സഹകരണസംഘത്തിനുള്ള സാദ്ധ്യത പരിശോധിക്കുക.
6. മരവ്യവസായ രംഗത്ത് സഹകരണസംഘം സ്ഥാപിക്കുക.
7. സഹകരണ രംഗത്ത് ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.
8. കോ-ഓപറേറ്റീവ് ഫൈൻ ആർട്സ് സോസൈറ്റി സ്ഥാപിച്ച് ലളിതകലാ-സംഗീത-നൃത്ത വിദ്യാഭ്യാസത്തിനുള്ള കേന്ദ്രം തുടങ്ങുക.
9. പഞ്ചായത്തിൽ ധാരാളമായി ഉള്ള ബേക്കറി തൊഴിലാളികളെ സംഘടിപ്പിച്ച് സഹകരണ യൂണിറ്റ് സ്ഥാപിക്കുക.
10. വനിതാ സഹകരണസ്റ്റോർ സ്ഥാപിക്കുക.
11. ചെറുകിട മോട്ടോർ എഞ്ചിനീയറിംഗ് സംഘം സ്ഥാപിക്കുക.
12. സഹകരണ മേഖലയിൽ കരിമ്പൗഡർ യൂണിറ്റ് സ്ഥാപിക്കുക.
13. കോ-ഓപറേറ്റീവ് മെഡിക്കൽ സ്റ്റോർ തുടങ്ങുക.
14. നിലവിലുള്ള വനിതാ കുടിൽ വ്യവസായ സംഘവുമായി ബന്ധപ്പെട്ടോ സ്വന്തമായോ, ഫാഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ഗാർമെൻറ്സ് യൂണിറ്റ് സ്ഥാപിച്ച്, സ്വന്തമായ ബ്രാൻഡ് നെയിമിൽ വിപണനം നടത്തുന്ന സൊസൈറ്റി രൂപീകരിക്കുക.

പട്ടിക ജാതി - പട്ടികവർഗക്ഷേമം

കണ്ണപുരം പഞ്ചായത്തിന്റെ 1991ലെ സെൻസസ് അനുസരിച്ച് 173 പട്ടികജാതിയിൽപ്പെട്ടവരും 4 പട്ടികവർഗത്തിൽപ്പെട്ടവരും അധിവസിക്കുന്നു. പട്ടികജാതിയിൽപ്പെട്ടവരിൽ 598 പുരുഷൻമാരും 575 സ്ത്രീകളുമാണ്. പട്ടിക വർഗത്തിൽപ്പെട്ട 4 പേരും പുരുഷൻമാരാണ്.

കേരളത്തിലെ ഇതര ഭാഗങ്ങളിലെന്ന പോലെതന്നെ തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും ഇവിടെയും നിലനിന്നിരുന്നു. ദേശീയ പ്രസ്ഥാനത്തിനു മുമ്പ് പട്ടിക ജാതിയിൽപെട്ടവരെ സവർണർ അകറ്റി നിർത്തിയിരുന്നു. ജന്മിമാരുടെ വയലുകളിൽ പകലന്തിയോളം കഠിനാദ്ധ്വാനം നടത്തി ഇവർ ഉപജീവനം കഴിച്ചു വന്നു. ഭൂപ്രഭുക്കന്മാരുടെയും ജന്മിമാരുടെയും താല്പര്യങ്ങൾക്ക് വേണ്ടി മറ്റുള്ള തൊഴിലുകളിലും ഇവർ ഏർപ്പെടുകയുണ്ടായി. ആദ്യകാലങ്ങളിൽ പുലയ സമുദായക്കാർ കൃഷിപ്പണി, പായനെയ്ത്ത് എന്നിവയിലൂടെയും മലയൻ വണ്ണാൻ വിഭാഗങ്ങൾ മുഖ്യമായും തെയ്യം തുടങ്ങിയ അനുഷ്ഠാനകലകളിൽ നിന്നുള്ള വരുമാനത്തിലൂടെയുമാണ് നിത്യവൃത്തികഴിച്ചു വന്നിരുന്നത്. കാലാന്തരത്തിൽ ഇത് പാരമ്പര്യതൊഴിലായിത്തീർന്നു.

വളരെ ശോചനീയമായ ജീവിതം നയിച്ചു വന്നിരുന്ന ഇവരുടെ പാർപ്പിട രീതിയിലും ജീവിത ക്രമത്തിലും ഇന്ന് സാരമായ മാറ്റം വന്നിട്ടുണ്ട്. വിദ്യാഭ്യാസം ഒരു കാലത്ത് നിഷേധിക്കപ്പെട്ട ഇവരിൽ ഇന്ന് വിദ്യാഭ്യാസം വ്യാപകമായിട്ടുണ്ട്. അതുകൊണ്ട് തന്നെ ഇന്നത്തെ തലമുറയിൽപ്പെട്ടവരിൽ അല്പാല്പം സർക്കാർ അർധസർക്കാർ മേഖലകളിൽ പ്രവേശിച്ചതായികാണാം. ഗൾഫിൽ ജോലി ചെയ്യുന്നവർ ഈ വിഭാഗത്തിൽ വളരെ കുറഞ്ഞതോതിൽ മാത്രമെ കാണുകയുള്ളു. പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ ഇന്നും ജാതിപരമായ ഉച്ച നീചത്വങ്ങൾ നിലവിലുണ്ട്. ചില കുടുംബങ്ങൾ ഉപജീവനത്തിനായി ബുദ്ധിമുട്ടുന്നുണ്ട്. സ്വയം തൊഴിൽ കണ്ടെത്തൽ സംരംഭങ്ങൾ ഇവർക്ക് വിജയപ്രദമായി കാണുന്നില്ല.

സാമൂഹ്യപദവിയിൽ ഈ ജനവിഭാഗങ്ങൾ ഇതര ജനവിഭാഗങ്ങളോടൊപ്പം എത്തി എന്ന് പറയുകവയ്യ. സാമ്പത്തികമായി ഭദ്രത നേടിയവരിൽ പോലും സാമൂഹ്യതുല്യത കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ആരാധനാലയങ്ങൾ, പൊതുസേവനതുറകൾ വിവാഹം തുടങ്ങിയ കാര്യങ്ങളിൽ പ്രകടമായ വിവേചനം നിലനില്ക്കുന്നില്ല എന്ന് പറയാവുന്നതാണ്. ഭൂമിയുടെയും സ്വത്തുക്കളുടെയും കൈവശാവകാശം ഇവരിൽ വളരെ കുറഞ്ഞതോതിലാണ്. സാമൂഹ്യ മുഖ്യധാരയിലേയ്ക്ക് ഇവരെ കൊണ്ടു വരേണ്ടതാണ്.

പട്ടിക

ക്രമ നമ്പർ	കോളനിയുടെ പേര്	വാർഡ്
1	കാരക്കുന്ന്	I
2	കയറ്റിൽ	I
3	കുന്നുക്കുന്ന്	III
4	പുഞ്ചവയൽ	III
5.	അയ്യോത്ത്	IX

അംഗീകൃത 5 ഹരിജൻ കോളനികളിലെ ജനസംഖ്യ 603 ആണ്. ഇതിൽ 297 പുരുഷന്മാരും 306 സ്ത്രീകളുമാണ്. കോളനി നിവാസികളിൽ ഭൂരിഭാഗവും കാർഷികവൃത്തി ചെയ്യുന്നവരാണ്. നിർമ്മാണരംഗത്ത് തൊഴിൽ ചെയ്യുന്നവരുടെ എണ്ണവും കുറവല്ല. കാർഷിക മേഖലയിലെ കൂലിക്കുറവ് കൊണ്ടാണ് ഇവർ നിർമ്മാണ രംഗത്തേയ്ക്ക് മാറിപോയത്. നിരവധി പ്രശ്നങ്ങൾ ഇവർ അഭിമുഖീകരിക്കുന്നുണ്ട്.



VIII കോളനികൾ - ലക്ഷംവീട്/ഹരിജൻ കോളനി/ കോളനികൾ.

1. കയറാടിൻ ലക്ഷംവീട് കോളനി
2. കാരമാൻ ലക്ഷംവീട് കോളനി
3. കിണ്ണപുര S.C ലക്ഷംവീട് കോളനി
4. ഊക്കോൺ ലക്ഷംവീട് കോളനി
5. കയറാടിൻ ഹരിജൻ കോളനി
6. കാരമാൻ ഹരിജൻ കോളനി
7. പുഞ്ചവയൽ ഹരിജൻ കോളനി
8. തിരുമുക്കാൻ ഹരിജൻ കോളനി
9. അമ്പലം ഹരിജൻ കോളനി
10. ഹരിജൻ കമ്മ്യൂണിറ്റി വെൽഫെയർ സെന്റർ
11. ഹരിജൻ കോളനികൾ - പുഞ്ചവയൽ

കോളനികളിലാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ളം പോലും ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ നിലവാരവും മെച്ചപ്പെട്ടതല്ല. ആരോഗ്യരംഗങ്ങളുടെ സ്ഥിതിയും പരിതാപകരമാണ്. കോളനികളിൽ വൈദ്യുതീകരിക്കപ്പെട്ടത് അയ്യോത്ത് കാരക്കുന്ന് എന്നിവയാണ്. ഈ കോളനികളിൽ മിക്ക വീടുകൾക്കും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിലും കോളനികൾ പുറകോട്ടാണ്. റോഡുകൾ ഉണ്ടെങ്കിലും മഴക്കാലത്ത് കാൽനടയാത്രപോലും ബുദ്ധിമുട്ടാണ്. ഭവനരഹിതർ കോളനികളിൽ ഉണ്ട്. ഭവന നിർമ്മാണത്തിനായി ധനസഹായം സർക്കാർ നൽകുന്നുണ്ടെങ്കിലും പരിമിതി നിമിത്തം വീടുകൾ പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥയാണിന്നുള്ളത്.

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഇവരുടെ സാമൂഹ്യ പദവി മെച്ചപ്പെട്ടിട്ടുണ്ട്. ബഹുജന പ്രസ്ഥാനങ്ങളുടെയും സർക്കാരിന്റേയും പ്രവർത്തനഫലമായി പട്ടികജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക പദവിയിൽ മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. ഭൂപരിഷ്കരണ നടപടികൾ ഈ മാറ്റത്തിന് വളരെയേറെ വേഗത കൂട്ടി എന്നു പറയാവുന്നതാണ്.

പ്രശ്നങ്ങൾ

1. കോളനികളിലെ കുടിവെള്ളപ്രശ്നം അതിരൂക്ഷമാണ്.
2. തൊഴിലില്ലായ്മ രൂക്ഷമാണ്.
3. ഏറെക്കാലമായി ആവശ്യപ്പെടുന്ന ശുദ്ധജലവിതരണം ഇന്നും പരിഗണിക്കപ്പെട്ടിട്ടില്ല.
4. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവരുണ്ട്
5. വൈദ്യുതീകരിക്കാത്ത വീടുകൾ ധാരാളം ഉണ്ട്.
6. കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ വേണ്ടത്ര ഇല്ല.
7. പഞ്ചായത്ത് വയറിംഗ് നടത്തിക്കൊടുത്തിട്ടുപോലും സ്ഥലം ഉടമകളുടെ അനുവാദം ലഭ്യമല്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തവരുണ്ട്.
8. കോളനി റോഡുകൾ ഗതാഗത യോഗ്യമല്ല.
9. നടപ്പാതകൾ ഇല്ലാത്ത അവസ്ഥയുണ്ട്.
10. അശുദ്ധ ജലത്തിന്റെ തൊഴിലില്ലായ്മ കുടുംബജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്.
11. പട്ടിക ജാതിക്കാരുടെ ശ്മശാന അതിർത്തിയിലുള്ള സ്ഥലം മറ്റുള്ളവർ കൈയ്യേറുന്നവസ്ഥയുണ്ട്.
12. ജാതിപരമായ ഉച്ചനീചത്വം പഴയത് പോലെ ഇല്ലെങ്കിലും നിലവിലുണ്ട്.
13. ഐ.ആർ.ഡി.പി. പോലുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള കാല താമസം അനുഭവപ്പെടുന്നുണ്ട്.

സാധ്യതകൾ

1. കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സ്ഥിരം സംവിധാനം ഉണ്ടാക്കുക.
2. ശുദ്ധജല വിതരണം കോളനിയുടെ എല്ലാ ഭാഗത്തും വ്യാപിപ്പിക്കുക.
3. പരമ്പരാഗതമായി തൊഴിലിലേർപ്പെട്ടിരിക്കുന്നവർക്ക് തൊഴിൽ നില നിർത്താനും വികസി

പ്പിക്കാനും വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുക.

4. സ്ഥലവും വീടും ഇല്ലാത്തവർക്ക് വേണ്ട സഹായം ചെയ്ത് കൊടുക്കുക.

5. താമസയോഗ്യമല്ലാത്ത വീടുകൾ പുതുക്കിപ്പണിയാൻ വേണ്ട സഹായം ലഭ്യമാക്കുക.

6. കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾക്ക് നിർമ്മിച്ചു കൊടുക്കുക.

7. വനിതകൾക്കായി പ്രത്യേക തൊഴിൽ സ്ഥാപനം ഉണ്ടാക്കുക.

8. കുടിൽ വ്യവസായത്തിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക.

9. പട്ടികജാതി സഹകരണ സ്ഥാപനം വിപുലീകരിക്കുക.

10. പട്ടികജാതിക്കാർക്കായി തൊഴിൽ സ്ഥാപനവും തൊഴിൽ പരിശീലന കേന്ദ്രവും സ്ഥാപിക്കുക.

11. റോഡ് നിർമ്മാണവും സംരക്ഷണവും നടത്തേണ്ടതുണ്ട്

12. ബ്ലോക്ക് മുഖാന്തിരം ലഭ്യമാകുന്ന ധനസഹായത്തിന് അനുവേപ്പെടുന്ന കാലതാമസം, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാണിക്കുന്ന അനാസ്ഥ എന്നിവ ഒഴിവാക്കുക.

വിഭവ സമാഹരണം

ഏതൊരു രാജ്യത്തിന്റെയും പുരോഗതി ആ രാജ്യത്തിന്റെ വിഭവങ്ങളാണ് എന്ന കാര്യത്തിൽ തർക്കമില്ല. അതുപോലെ തന്നെ അതത് പ്രദേശത്തെ ജനങ്ങളുടെ പുരോഗതിക്കും അടിസ്ഥാനമായിട്ടുള്ളത് ആ പ്രദേശത്തെ വിഭവങ്ങൾ തന്നെയാണ്. വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം നമ്മെ പുരോഗതിയിലേക്ക് നയിക്കുന്നു. കാർഷിക പ്രാധാന്യമുള്ള പ്രദേശമായ കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗം കാർഷിക മേഖലയാണ്. നിർമ്മാണ മേഖലയിൽ നിന്നുള്ള വരുമാനവും ഒട്ടും കുറവല്ല.

നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 1194 പേർ കൃഷിയിലും, 642 പേർ നിർമ്മാണതൊഴിലിലും ഏർപ്പെട്ടിരിക്കുന്നു. 825 പേർ വിദേശരാജ്യങ്ങളിലും 481 പേർ അന്യ സംസ്ഥാനങ്ങളിലും തൊഴിലെടുക്കുന്നവരാണ്. ഇവർ സമാഹരിക്കുന്ന സമ്പത്ത് നമ്മുടെ പഞ്ചായത്തിന്റെ പുരോഗതിയിൽ നിർണായകമായ പങ്കു വഹിക്കുന്നു. പക്ഷെ ഈ സമ്പാദ്യം പ്രത്യക്ഷ ഉൽപാദന മേഖലയിൽ വിനിയോഗിക്കപ്പെടുന്നില്ല എന്ന സത്യം നാം മനസ്സിലാക്കേണ്ടതുണ്ട്. കൂറ്റൻ മണിമാളികകൾ പണിയുന്നതിനും അത്യന്താധുനിക ആഡംബരങ്ങൾക്കും, സുഖഭോഗ വസ്തുക്കൾ വാങ്ങുന്നതിനും വേണ്ടി ഈ പണത്തിന്റെ ഏറിയ പങ്കും ചെലവഴിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ നിർമ്മാണ രംഗത്തും മറ്റുമുള്ള തൊഴിലാളികൾക്ക് ജോലി സാദ്ധ്യത ഏറിവരുന്നുണ്ടെങ്കിലും കേരളവികസനത്തിന്റെ പ്രതിസന്ധിയിലായി മാത്രമേ ഇതിനെ കാണാനാവൂ.

[പട്ടിക I, II കാണുക.]

പട്ടിക I ജനങ്ങളുടെ വരുമാന മേഖലകൾ

വാർഡ്	ജനസംഖ്യ	സർക്കാർ	തൊഴിൽ സർക്കാർ	സ്വകാര്യ	സ്വയം തൊഴിൽ	ഗൾഫ്	രാജ്യ/സംസ്ഥാനങ്ങൾ	കർഷിക മേഖല	പ്രവാസ-രാജ്യ സർവ്വീസ്	നിർമ്മാണ പ്രവർത്തനങ്ങൾ	തൊഴിൽ രഹിതർ	വരുമാനമില്ലാത്തവർ	മറ്റുള്ളവർ
1	2331	63	16	72	37	56	74	176	45	81	3	2	26
2	1727	46	61	50	54	53	46	140	85	49	6	1	32
3	2732	88	37	121	66	123	62	290	91	141	-	2	64
4	1525	38	61	46	74	68	49	39	68	30	-	2	7
5	2312	52	33	88	73	98	39	41	92	72	4	2	15
6	2413	75	35	77	58	129	127	18	98	47	-	-	19
7	2036	52	30	85	93	98	28	141	47	41	10	1	66
8	1933	30	17	92	17	122	24	149	96	56	32	9	51
9	2295	35	22	34	4	78	32	200	181	117	14	2	141
ആകെ	19364	479	312	665	475	825	481	1194	803	642	69	21	421

[അവലംബം] ⟶ ജനകീയ രാസ്ത്രണ സർവ്വേ-'96

പട്ടിക III – പഞ്ചായത്തിന്റെ വരവ് സംബന്ധിച്ച വിവരങ്ങൾ

ക്രമനമ്പർ	ഇനം	1991-92	92-93	93-94	94-95	95-96
1	കെട്ടിടനികുതി.	136845.09	139094.68	186240.55	1,95630.47	212827.25
2	തൊഴിൽനികുതി	83959.00	94180-00	108601.00	126630.00	148838.00
3	വിനോദനികുതി.	16677.11	15950.75	15335.57	17751.00	20558.80
4	അധികനികുതി.	10364.46	9860.63	9449.62	10818.00	10856.58
5	ലീസ്/വാടക	1381.00	13952.00	8798.00	14783.00	19886.00
6	മുക്കോലബണ്ട് ലേലം.	301000.00	192000.00	300000.00	391000.00	252110.00
7	മാർക്കറ്റ്.	12600.00	9600.00	8460.00	12410.00	14400.00
8	ടാക്സി സ്റ്റാന്റ്.	5250.00	5300.00	4510.00	5550.00	7000.00
9	ലൈസൻസ് ഫീ.	12041.00	11771.50	12325.00	12074.00	11537.25
10	കെട്ടിട ലൈസൻസ്.	29410.00	25242.00	24400.00	34519.00	23499.00
11	തേങ്ങ/കുഴുവണ്ടിപ്പാട്ടം.	880.00	900.00	1465.00	900.00	1160.00
12	അൺഎടഡ് ഫണ്ട്.	181000.00	195600.08	199000.00	266000.00	277750.00
13.	ഗവ: ഗ്രാന്റ്.	217213.00	196788.00	437842.85	200220.00	233195.00
14.	പലിശ.	2458.65	6626.65	6357.60	10614.35	11320.60
15	നിക്ഷേപം.	20000.00	30000.00	30000.00	200000.00	41200.00
16	ഡെപ്പോസിറ്റ്	137277.65	160127.80	203921.45	2,46850.00	68509.25
17.	ലൈബ്രറി സെസ്സ്.	4031.46	4102.32	5429.53	5805.63	10370.30
18	ഗവ: വിഹിതം.	49880.00	55601.00	50808.00	63964.00	45237.00
19	തൊഴിലുറപ്പ് നികുതി.	–	–	–	–	135625.00
20	പലവക.	17828.10	6054.00	7549.00	26714.48	37461.50
21.	ആകെ.	1240096.52	1172751.33	1620492.15	1842233.93	1583339.53

[അവലംബം – രണ്ടാമിട വിവരശേഖരണം]



നമ്മുടെ പഞ്ചായത്തിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ പരിശോധിച്ചാൽ പ്രധാന ഇനങ്ങളായ കെട്ടിടനികുതി, തൊഴിൽ നികുതി [ചിത്രം 1, കാണുക] എന്നിവയിൽ ക്രമമായ വർദ്ധനവ് കാണാം. എന്നാൽ വിനോദ നികുതിയിനത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. അതിനുള്ള പ്രധാനകാരണം നികുതി ചുമത്താവുന്ന സ്ഥാപനങ്ങൾ ഏതെ ഇല്ല എന്നതാണ്. ഈ പഞ്ചായത്തിൽ ഒരേയൊരു സിനിമാശാല മാത്രമേ പ്രവർത്തിക്കുന്നുള്ളു. സർക്കാർ ഗ്രാന്റുകൾ [ചിത്രം 1 കാണുക] കാലാകാലങ്ങളിൽ ഏറിയും കുറഞ്ഞും ലഭിച്ചു വരുന്നുണ്ട്.

പട്ടിക IV. പഞ്ചായത്തിന്റെ ചെലവ് സംബന്ധിച്ച വിവരങ്ങൾ

നമ്പർ	ഇനം	1991-92	92-93	93-94	94-95	95-96
1	ശമ്പളം	344971	37747798	437717	454657	470890
2	പൊതുഭരണം	443040	507384	559068	1085761	859861
3	വിദ്യാഭ്യാസം	19010	20484	36673	16633	29913
4	ജലവിതരണം, പൊതു ജനാരോഗ്യം, ഓടകൾ	2135	930	2570	2582	79560
5.	തെരുവു വിളക്കുകൾ	48630	508677	47640	51372	48030
6.	മറ്റു ചിലവുകൾ.	238488	211802	429710	178116	85166
7.	ആകെ	1096274	1166265	1513377	1789121	1573420

[അവലംബം - ദ്വിതീയവിവര ശേഖരണം]

ചിത്രം 2.



തനതാം	344,971	374,798	437,717	454,651	470,890
പൊതുമരാമത്ത്	448,040	507,384	559,068	1085,761	859,861

പഞ്ചായത്തിന്റെ വരുമാനത്തിന്റെ പകുതിയിലധികവും പൊതുമരാമത്ത് ജോലികൾക്ക് ഉപയോഗിച്ചതായി കാണാം. കീഴ മുക്കോല ബണ്ട് നിർമ്മാണത്തിനും, റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും ആണ് ഇതു ഉപയോഗിച്ചിരിക്കുന്നത്. മേജർ പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിലാണം ചെയ്തു വരുന്നത്. എന്നാൽ മറ്റു പ്രവൃത്തികൾ ജനകീയ കമ്മറ്റികൾ മുഖാന്തിരം ചെയ്തുവരുന്നു. അതുകൊണ്ട് ഇടത്തട്ടുകാരുടെ ചൂഷണം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട് തനതുചെലവ് പരിശോധിക്കുമ്പോൾ വർദ്ധനവ് കാണിക്കുന്നുണ്ടെങ്കിലും കുറച്ചു കൊണ്ടുവരാൻ സാധിക്കാത്ത അവസ്ഥയിലാണ് ഇന്ന് നിലവിലുള്ളത്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നീ മേഖലകളിലെ ചെലവ് നാമമാത്രമാണ്. തെരുവു വിളക്കുകൾക്ക് 5 വർഷക്കാലം ചെലവഴിച്ചത് പരിശോധിച്ചാൽ ഏതാണ്ട് ഒരേ തുകയാണ് എല്ലാ വർഷവും വിനിയോഗിച്ചത് എന്നു കാണാം. എല്ലാ മേഖലകളിലും തെരുവുവിളക്കുകൾ ആവശ്യത്തിന് സ്ഥാപിക്കപ്പെട്ടിട്ടില്ല. ഉള്ളതു തന്നെ കൃത്യമായ കത്താത്ത അവസ്ഥയും ഉണ്ട്. ഇത് പരിശോധനാർഹമാണ്.

പ്രത്യക്ഷ ഉൽപാദന മേഖലയിൽ കഴിഞ്ഞ 5 വർഷക്കാലത്തെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഒന്നാം വാർഡിൽ ചെമ്മീൻ കൃഷി തുടങ്ങിപ്പെടുത്തുന്നതിനു വേണ്ടി നിർമ്മിച്ച മുക്കോല ബണ്ട് എടുത്തു പറയത്തക്കതാണ്. കാർഷിക പ്രാധാന്യമുള്ള നമ്മുടെ പ്രദേശത്തെ കാർഷികോൽപാദനം മെച്ചപ്പെടുത്താൻ ഗ്രാമ പഞ്ചായത്തിന് കാര്യമായി മുന്നേറാൻ സാധിച്ചിട്ടില്ല.

ധനകാര്യസ്ഥാപനങ്ങൾ

കണ്ണപുരം ഗ്രാമപഞ്ചായത്തിൽ 6 ധനകാര്യസ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. 4 എണ്ണം സഹകരണബാങ്കുകളും 2 എണ്ണം ദേശസാൽകൃത ബാങ്കുകളും ആണ്. '95-96 വർഷത്തിൽ സഹകരണബാങ്കുകൾ ബാക്കിയിരിപ്പ് നിക്ഷേപത്തിന്റെ 67.2% വായ്പയായി നൽകിയപ്പോൾ വാണിജ്യ ബാങ്കുകൾ 8.06% മാത്രമാണ് വായ്പായിനത്തിൽ നൽകിയിരിക്കുന്നത്. ഇത് തീർച്ചയായും മാറ്റിയെടുക്കേണ്ടതാണ്. ഓരോ ബാങ്കും അവരുടെ നിക്ഷേപത്തിന്റെ 60% വായ്പയായി നൽകിയിരിക്കണമെന്നാണ് റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം. കൂടാതെ വായ്പയുടെ 40% മുൻഗണനാ വായ്പയായിരിക്കണമെന്നും, ഇതിൽ തന്നെ 18% കാർഷിക വൃത്തിക്കായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വായ്പയുടെ ഒരു ശതമാനം ദരിദ്രജനവിഭാഗങ്ങൾക്കുള്ള പലിശനിരക്ക് കുറഞ്ഞ വായ്പയായിരിക്കണമെന്നും നിർദ്ദേശമുണ്ട്.

റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിലും, വാണിജ്യബാങ്കുകൾ കേരളത്തിൽ വേണ്ടത്ര വായ്പ നൽകുന്നില്ല എന്നതാണ് വസ്തുത. താഴെ കൊടുത്തിരിക്കുന്ന പട്ടിക ഇക്കാര്യം വ്യക്തമാക്കുന്നു.

പട്ടിക - V — നിക്ഷേപം, വായ്പ — വാണിജ്യ ബാങ്കുകൾ.

നമ്പർ	ബാങ്കിന്റെ പേര്	1991-92			1992-93			1993-94			1994-95			1995-96		
		നിക്ഷേപം		വായ്പ	നിക്ഷേപം		വായ്പ	നിക്ഷേപം		വായ്പ	നിക്ഷേപം		വായ്പ	നിക്ഷേപം		വായ്പ
		Domestic	NRE		Domestic	NRE		Domestic	NRE		Domestic	NRE		Domestic	NRE	
1	SBT - തിരുവനന്തപുരം	212	439	78	445	474	112	530	651	114	419	918	119	347	1070	109
2.	സിൻഡിക്കേറ്റ് ബാങ്ക് - തിരുവനന്തപുരം.	643	484	75	761	634	93	874	798	75	537	1324	96	600	1444	170
3.	ആന്ധ്ര	855	923	153	1206	1108	205	1404	1449	189	956	2242	215	947	2514	279

[അവലംബം — ത്രിതീയ വിവര ശേഖരണം]

(രൂപ ലക്ഷത്തിൽ)

പട്ടിക VI — നിക്ഷേപം, വായ്പ — സഹകരണ ബാങ്കുകൾ.

5

നമ്പർ	ബാങ്കിന്റെ പേര്.	1991-92		1992-93		1993-94		1994-95		1995-96	
		നിക്ഷേപം	വായ്പ	നിക്ഷേപം	വായ്പ	നിക്ഷേപം	വായ്പ	നിക്ഷേപം	വായ്പ	നിക്ഷേപം	വായ്പ
1.	തിരുവനന്തപുരം സർവ്വീസ് കോ-ഓപ്. ബാങ്ക്	167	153	201	167	257	228	320	289	379	347
2.	മിടാഖി കോ-ഓപ് റൂറൽ ബാങ്ക് - ശ്രദ്ധേയം	321	217	365	250	413	272	501	302	588	395
3.	തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് - ശ്രദ്ധേയം	164	325	198	359	230	157	342	172	350	149
4.	വനിതാ സഹകരണ സംഘം.	—	—	7	0.4	1	3	9	3	12	3
5	ആകെ.	652	695	771	776.4	901	660	1172	766	1329	894.

[അവലംബം — ത്രിതീയ വിവര ശേഖരണം]

(രൂപ ലക്ഷത്തിൽ)

വിദേശ നിക്ഷേപത്തിന്റെ സിംഹഭാഗവും രണ്ട് ദേശ സാൽകൃത ബാങ്കുകളിലായി കേന്ദ്രീകരിച്ചിരിക്കുന്നു. അതിന്റെ മൊത്തം നിക്ഷേപത്തിന്റെ 8.06% മാത്രമേ പ്രാദേശികമായി വായ്പയായി നൽകുന്നുള്ളൂ. ബാക്കി തുക മുഴുവനും മറ്റു സംസ്ഥാനങ്ങളിൽ വിവിധ മേഖലകളിൽ തിരിച്ചു വിടുന്നു. വിദേശ നിക്ഷേപം സ്വീകരിക്കാനുള്ള അധികാരം സഹകരണബാങ്കുകൾക്ക് ലഭിക്കുകയാണെങ്കിൽ ഇവിടെ സ്വരൂപിക്കുന്ന നിക്ഷേപങ്ങൾ പ്രാദേശികമായി തന്നെ വിനിയോഗിച്ച് പഞ്ചായത്തിന്റെ സർവ്വതോൻമുഖമായ വികസനത്തെ ത്വരിതപ്പെടുത്താൻ പര്യപ്തമാകും.

വായ്പാനുപാതം സംസ്ഥാനശരാശരി – 45%

പഞ്ചായത്തിൽ സഹ:ബാങ്കുകളുടെ

ശരാശരി വായ്പാനുപാതം (95-96) – 67.2%

ദേശസാൽകൃത ബാങ്കുകളുടെ ശരാശരി

വായ്പാനുപാതം (95-96) – 8.06%

സർക്കാരിന്റെ അംഗീകാരത്തോടു കൂടി പ്രവർത്തിക്കുന്ന ചിട്ടി കമ്പനികളോ, മറ്റു ബാങ്കേതിര സ്വകാര്യ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നില്ല. എങ്കിലും കഴുത്തറുപ്പൻ പലിശയ്ക്ക് പണം കടം കൊടുക്കുന്ന വ്യക്തികളുണ്ട്. നിലവിലുള്ള നിയമങ്ങളെ വെല്ലുവിളിച്ചു കൊണ്ടു നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ നാം ജാഗ്രതയോടുകൂടി കാണേണ്ടതുണ്ട്.

കണ്ണപുരം പഞ്ചായത്ത് വികസന സർവ്വേ-96ൽ നിന്നും ലഭിച്ച വിവരമനുസരിച്ച് 825 പേർ ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരാണ്. 95-96 വർഷത്തെ NRE നിക്ഷേപത്തിന്റെ ബാക്കിയിരിപ്പ് പരിശോധിച്ചാൽ 2514 ലക്ഷം രൂപായാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ഈ തുകയുടെ മുതിരോഗവും പ്രത്യുൽപാദനപരമല്ലാത്ത രീതിയിൽ ചെലവഴിക്കുന്നു. ഇത്രയും വലിയ തുക ഉൽപാദന മേഖലയിൽ പ്രയോജനപ്പെടുത്താനുള്ള മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഗൾഫ് രാജ്യങ്ങളിൽ ഇന്ന് നിലവിലുള്ള കുടിയേറ്റ നിയമപ്രകാരം പലരും നാട്ടിലേക്ക് തിരിച്ചു വരേണ്ടുന്ന അവസ്ഥ സംജാതമായിരിക്കുന്നു. ഇത് നമ്മുടെ സമ്പദ്ഘടനയെ പ്രതികൂലമായി സ്വാധീനിച്ചിട്ടുണ്ട്. ഇവരെ പുനരധിവസിപ്പിക്കേണ്ട കാര്യം ഗൗരവമായി പരിഗണിക്കപ്പെടേണ്ടതാണ്.

കണ്ണപുരം പഞ്ചായത്തിന്റെ പൂർവ്വകാലചരിത്രം പരിശോധിച്ചാൽ ഒട്ടേറെ പ്രവർത്തനങ്ങൾ സന്നദ്ധസംഘടനകൾ ഏറ്റെടുത്ത് നടത്തിയതായി കാണാൻ കഴിയും. ഒട്ടേറെ വായനശാലകളും, ക്ലബ്ബുകളും സന്നദ്ധ സംഘടനകളുടെ പ്രവർത്തനഫലമായി നിർമ്മിച്ചിട്ടുള്ളവയാണ്. പ്രാദേശിക സംഭാവനകളിലൂടെയും, മാനവശേഷി ഉപയോഗപ്പെടുത്തുന്നതിലൂടെയും നിരവധി പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ഏറ്റെടുത്ത് നടത്താൻ സാധിക്കും. ഇത് പരമാവധി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യപ്പെടണം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ സ്വന്തം വരുമാനം ഗണനീയമായി വർദ്ധിക്കുന്നില്ല.
2. തൊഴിൽ നികുതിയിൽ എല്ലാവിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.
3. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ആവശ്യമനുസരിച്ച് ലഭിക്കുന്നില്ല.
4. വിദേശ നിക്ഷേപം സഹകരണ ബാങ്കുകാർക്ക് സ്വീകരിക്കാൻ കഴിയുന്നില്ല.

സാധ്യതകൾ

1. ജനനമരണ വിവാഹ സർട്ടിഫിക്കറ്റുകൾക്ക് ഫീസ് വർദ്ധിപ്പിക്കാവുന്നതാണ്.
2. വിവാഹ രജിസ്ട്രേഷന് ഫീസ് ഈടാക്കുന്നതാണ്.
3. വിനോദ നികുതി പരിശോധന കൂടുതലാക്കുക.
4. അൺഎക്കഗ്നൈസ്ഡ് സ്കൂളുകൾ, പാരലൽ സ്ഥാപനങ്ങൾ എന്നിവ പഞ്ചായത്തിൽ ഫീസൊടു കൂടി രജിസ്റ്റർ ചെയ്യുക.
5. ധനകാര്യസ്ഥാപനങ്ങളിലെ സർപ്ലസ് ഫണ്ട് കുറഞ്ഞ പലിശയ്ക്ക് പഞ്ചായത്തിന് നൽകി വികസനപ്രവർത്തനങ്ങളെ സഹായിക്കുക.
6. കെട്ടിട നികുതി ചുമത്തൽ കാര്യക്ഷമമാക്കുക.
7. വാർഡടിസ്ഥാനത്തിൽ സന്നദ്ധ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം സജീവമാക്കുക.
8. എല്ലാ മേഖലകളിലും ജോലി ചെയ്യുന്നവർക്ക് നികുതി ഈടാക്കുക.
9. സഹകരണബാങ്കുകളിൽ NRE അക്കൗണ്ട് തുടങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തണം
10. വാണിജ്യ ബാങ്കുകളിലെ നിക്ഷേപങ്ങളുടെ 50% പ്രാദേശികമായി വിനിയോഗിക്കുക.
11. റിസർവ്വ് ബാങ്കിന്റെ നിർദ്ദേശമനുസരിച്ചുള്ള വായ്പാനുപാതം കൃത്യമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തുക.
12. കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുക.
13. ഷോപ്പിംഗ് കോംപ്ലക്സ്, കല്യാണമണ്ഡപം എന്നിവ നിർമ്മിക്കുക
14. പരസ്യ നികുതി ചുമത്തുക.

MAP OF KANNAPURAM GRAMA PANCHAYAT 1996